

# ഇതാ ചാവറയച്ചൻ

ഡോ. ജെ. എസ്. തേക്കുങ്കൽ CMI

2020
K 184
CARMEL JYOTHI
ALWAYE
THAIKKATTUKARA

# ഇതാ ചാവറയച്ചൻ

*Edited by*

ഡോ. ജെ. എസ്. തേക്കേങ്കൽ, C. M. I.

Published by
The C.M.I. General Secretariate
for the media of Communications
Prior General's House, Cochin-682 011
1989

Malayalam
**ITHA CHAVARAYACHAN**

*Edited by*
**Dr. J. S. Thekkumkal C M I**
M. Sc. B.D., D. Phil (Oxon.)

Rights Reserved

*Published by*
The C M I General Secretariate
for the media of Communication
Prior General's House,
Cochin - 682 011

*Distributors:*
K.C.M. Press, Cochin
Deepika Book House, Kottayam
Janatha Book Stall, Thevara
Sanjos Book House, Mannanam

March 1989

Printed at : K.C.M. Press
Karikamury, Cochin - 682 011

**Price : Rs. 15.00**

**കേരളസഭയാമാരാമത്തിൽ**

**വിരിയുകയായിരുപുഷ്പങ്ങൾ**

**പരിമളമുതിരും പുണ്യസുമങ്ങൾ**



വാഴ്ത്തപ്പെട്ട

**ചാവറയച്ചൻ**

1805 — 1871



വാഴ്ത്തപ്പെട്ട

**അൽഫോൻസാമ്മ**

1910 — 1946



*Do all the good you can,*
*By all the means you can,*
*In all the ways you can,*
*In all the places you can,*
*To all the people you can,*
*As long as ever you can.*

*—John Wesley*

# ഒരു വാക്കു്

## ചാവറയച്ചൻ

'വലിയ പ്രിയോരച്ചൻ' എന്നും ആളുകൾ
അദ്ദേഹത്തെ വിളിച്ചിരുന്നു.
ഇന്നും വിളിക്കുന്നുണ്ടു്.
ഇങ്ങനെ ഒരാൾ നമുക്കിടയിൽ ജീവിച്ചിരുന്നു.
ഈ കൊച്ചു കേരളത്തിൽ.
പത്തൊമ്പതാം നൂററാണ്ടിൽ.
അദ്ദേഹത്തിന്റേതു് നന്മയുടെ ജന്മമായിരുന്നു.
നന്മപെയ്തു കടന്നുപോയി
എന്നു പറയാൻ പാകത്തിൽ അദ്ദേഹം ജീവിച്ചു.
ആ വലിയ മനുഷ്യന്റെ വ്യക്തിവിലാസവും
ഏറിയ ശോഭയുമാണീ ചെറുഗ്രന്ഥത്തിന്റെ
ഇതിവൃത്തം.

1986 ഫെബ്രുവരി 8-ാം തീയതി നമുക്കു്
പുണ്യദിനമായിരുന്നു.
മാന്നാനത്തെ കുര്യാക്കോസ് ഏലിയാസച്ചനും,
ഭരണങ്ങാനത്തെ അൽഫോൻസാമ്മയും
അന്നു് അൾത്താരവണക്കത്തിനു പ്രതിഷ്ഠിക്കപ്പെട്ടു.
കോട്ടയം പട്ടണത്തിലെ
പാപ്പാവേദിയിലൊഴുകിക്കൂടിയ ജനലക്ഷങ്ങളോടു്
ഉച്ചവെയിൽത്തീനാളങ്ങളെ സാക്ഷിയാക്കി,
ജോൺപോൾ രണ്ടാമൻ പ്രഖ്യാപിച്ചു :

ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ
വാഴ്ത്തപ്പെട്ടവനാണു്.

മുട്ടത്തുപാടത്തു് അൽഫോൻസാമ്മ
വാഴ്ത്തപ്പെട്ടവളാണു്.

ആ ചരിത്ര സംഭവത്തിനു് സാക്ഷികളാവാൻ ചാവറയച്ചന്റെ മക്കൾ — സി. എം. ഐ. — സി. എം. സി. സഭാംഗങ്ങൾ — പ്രത്യേക ഒരുക്കങ്ങൾ നടത്തിയിരുന്നു. അതിനു സഹായമാകുമാറു് തയാറാക്കിയ പഠനങ്ങളാണു് ഈ ഗ്രന്ഥത്തിന്റെ ആദ്യ ഭാഗം. പൂർണ്ണതയ്ക്കുവേണ്ടി ചില ലേഖനങ്ങൾ പുതുതായി ചേർത്തിട്ടുണ്ടു്.

രണ്ടാം ഭാഗത്തു് സുപ്രധാനങ്ങളായ ഏതാനും പ്രമാണരേഖകൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഈ രേഖകൾ അവയുടെ ഉൾക്കാമ്പും ചരിത്ര പ്രാധാന്യവും പരിഗണിച്ച് പുനഃപ്രസിദ്ധീകരിക്കയാണു്.

ഈ ലേഖന സമാഹാരത്തെ അനുഗ്രഹിച്ച അഭിവന്ദ്യ പിതാവു് കർദ്ദിനാൾ മാർ ആന്റണി പടിയറയ്ക്കു് നന്ദിയുടെ കൂപ്പുകൈ. ഒരു അവതരണക്കുറിപ്പിലൂടെ ഈ ചെറുകൃതിയ്ക്കു് തിലകക്കുറി ചാർത്തിയ എന്റെ സുഹൃത്തു് സാനുമാസ്റ്റർക്കു് നന്ദിയുടെ പൂച്ചെണ്ടു. പല വിധത്തിൽ സഹായിച്ച പലരുണ്ടു്. അവരോടെല്ലാം ഞാൻ കടപ്പെട്ടവനാണു്.

ചാവറയച്ചനെന്ന കർമ്മയോഗിയെ അല്പംകൂടെ അടുത്തറിയാൻ ഈ ലേഖന സമാഹാരം ആർക്കെങ്കിലും അല്പമെങ്കിലും ഉതകുമെങ്കിൽ സഫലമീയത്നം എന്നു ഞാൻ കരുതും.

ഡോ. ജെ. എസ്. തേക്കുങ്കൽ. C.M.I.
എഡിറ്റർ

കൊച്ചിൻ
31-1-1989

# താളുകൾ മറിക്കുമ്പോൾ


| | |
|---|---|
| | പേജ് |
| ഒരു വാക്ക് | v |
| ആശംസ — കർദ്ദിനാൾ മാർ ആന്റണി പടിയറ | ix |
| ചാവറയച്ചന്റെ സിദ്ധി<br>— പ്രൊഫ. എം. കെ. സാനു, M.L.A. | xi |
| **ഭാഗം ഒന്ന്** | |
| I. ചാവറയച്ചൻ :<br>ദൈവദാസനായി വളർന്ന മനുഷ്യദാസൻ<br>— ഡോ. ജെ. എസ്. തേക്കേക്കൽ, CMI | 1 |
| II. ദൈവജനത്തിലൂടെ ദൈവാനുഭൂതി<br>— ഡോ. ജെ. ബി. ചെത്തിമറ്റം, CMI | 9 |
| III. കാലത്തിന്റെ ചുവരെഴുത്തുകൾക്ക് പ്രത്യുത്തരിക്കുക<br>— ഡോ. ജോസഫ് കാഞ്ഞിരമറ്റം, CMI | 13 |
| IV. ചാവറ : ദൈവത്തിന്റെ മനുഷ്യൻ<br>— ഫാ. ജോസ് ഫ്രാങ്ക്, CMI | 21 |
| V. ചാവറയച്ചന്റെ ദൈവാനുഭവം<br>— സെബാസ്റ്റ്യൻ മുല്ലപറമ്പിൽ, CMI | 33 |
| VI. ചാവറയച്ചന്റെ യേശു ദർശനവും സ്പർശനവും<br>— ഡോ. വിനീത് വടക്കേത്തല, CMI | 42 |
| VII. പരിശുദ്ധ സിംഹാസനത്തോടുള്ള വിധേയത്വവും വിശ്വസ്തതയും<br>— സി. ബനിക്കാസിയാ, CMC<br>— സി. എലിസബത്ത് വില്യം, CMC | 58 |

പേജ്

VIII. ചാവറയച്ചനും മാർത്തോമ്മാപൈതൃകവും 64
— ജെ. ചിറയിൽ, CMI

IX. ചാവറയച്ചനും തിരുകുടുംബവും 72
— ഡോ. തോമസ് കാടൻകാവിൽ, CMI

X. കേരളം കണ്ട വലിയ മരിയ ഭക്തൻ
— ഡോ. ജെ. എസ്. തേക്കേക്കര, CMI 82

ഭാഗം രണ്ട്

I. ഒരു വിശുദ്ധൻ ജനിക്കുന്നു – ലെയോപ്പോൾഡ് മിഷനറിയുടെ സാക്ഷ്യം 91

II. ധന്യൻ ചാവറയച്ചൻ – തിരുസംഘ ഡിക്രി 93

III. വാഴ്ത്തപ്പെട്ട ചാവറയച്ചൻ – നാമകരണ ഡിക്രി 103

IV. A Heroic Son and a Heroic Daughter of the Church in India 108
— Pope John Paul II

V. Father Chavara Represents Indian Christianity at its Best 116
— R. Venkataraman, President of India

VI. Father Chavara - A Man of Deep Vision 121
— P. Ramachandran, Gevernor of Kerala

ലേഖന കർത്താക്കളെ പരിചയപ്പെടുക 123

# കർദിനാൾ മാർ ആന്റണി പടിയറ




Phone : 352629

**Cardinal's House**
Post Bag No. 2580
Ernakulam, Cochin - 682 031
Kerala, India


## ആശംസ

ക്രിസ്തുമതത്തോളം തന്നെ പഴക്കമുണ്ട് ഭാരതസഭയ്ക്ക്. പക്ഷേ, നമുക്ക് നൂറുശതമാനം ഭാരതീയൻ എന്നു പറയാൻ ഒരു വിശുദ്ധനില്ലായിരുന്നു; ഈ മണ്ണിന്റെ ഒരു വിശുദ്ധ ഇല്ലായിരുന്നു, നാളിതുവരെ. ആ കുറവ് 1986 - ൽ പരിഹൃതമായി. ജോൺപോൾ രണ്ടാമൻ പാപ്പാ കേരളമണ്ണിൽ വച്ചുതന്നെ ഈ നാടിന്റെ ഒരു വീരപുത്രനേയും ഒരു വീരപുത്രിയേയും – ചാവറയച്ചനേയും, അൽഫോൻസാമ്മയേയും – വാഴ്ത്തപ്പെട്ടവരായി പേരുവിളിച്ചു. ആ പുണ്യദിനം കാണാൻ കഴിഞ്ഞ നാം ഭാഗ്യം ചെയ്തവർതന്നെ.

വാഴ്ത്തപ്പെട്ട ചാവറയച്ചൻ ഒരു യുഗപുരുഷനായിരുന്നു. ഒരു പുരുഷായുസ്സിൽ ചെയ്യാവുന്നതിലധികം നല്ല കാര്യങ്ങൾ അദ്ദേഹം ചെയ്തു. അന്നത്തെ തലമുറയേയും വരാനിരിക്കുന്ന തലമുറകളേയും അദ്ദേഹം ധന്യമാക്കി. മനുഷ്യജന്മം സാർത്ഥകമാകുന്നതു് ജനിച്ചതുകൊണ്ടു മാത്രമല്ല, സത്കർമ്മ ജീവി

തംകൊണ്ടു് ജനനത്തെ സാധൂകരിക്കുമ്പോഴാണു്. ആ തോതുവച്ചു നോക്കുമ്പോൾ ചാവറയച്ചന്റെ ജീവിതം എത്രയോ ചൈതന്യധന്യമായിരുന്നു !

ചാവറയച്ചൻ നമ്മുടെ കാലഘട്ടത്തിനു വേണ്ടിയുള്ള ഒരു വിശുദ്ധാത്മാവാണു്, കർമ്മയോഗിയാണു്. ഒരു വശത്തു് ആഴമായ ദൈവാനുഭവം, പ്രാർത്ഥനാ ചൈതന്യം, മരിയഭക്തി, സഭാസ്നേഹം തുടങ്ങിയവയാൽ പൂരിതനായ യോഗീശ്വരനാണു് അദ്ദേഹം. മറുവശത്തു് കർമ്മോത്സുകനായ വലിയൊരു മനുഷ്യസ്നേഹിയെ നമുക്കദ്ദേഹത്തിൽ കണ്ടെത്താം. മുദ്രാലയ പ്രേഷിതൻ, വിദ്യാഭ്യാസ പ്രവർത്തകൻ, സാമൂഹ്യ പരിഷ്ക്കർത്താവു്, സന്ന്യാസ സഭാസ്ഥാപകൻ, ആരാധനക്രമപരിഷ്ക്കർത്താവു് തുടങ്ങിയ തലങ്ങളിലെല്ലാം അദ്ദേഹം ചെയ്ത സേവനം തലമുറകൾക്കു് പ്രചോദനമേകി നിലനില്ക്കും. അതുകൊണ്ടുതന്നെയാണു് കാലത്തെ അതിജീവിച്ചു് അദ്ദേഹം കടന്നുവന്നതും.

വാഴ്ത്തപ്പെട്ട ചാവറ കുരിയാക്കോസ് ഏലിയാസച്ചനെക്കുറിച്ചുള്ള പത്തു് ആധികാരിക ലേഖനങ്ങളുടെയും ഏതാനും സുപ്രധാന രേഖകളുടെയും സമാഹാരമാണു് 'ഇതാ ചാവറയച്ചൻ'. ഈ വിശുദ്ധാത്മാവിന്റെ വ്യക്തിമഹിമാവിലേയ്ക്കും ജീവിതദർശനങ്ങളിലേയ്ക്കും വെളിച്ചം വീശുന്ന ശ്രദ്ധേയമായ പഠനങ്ങളാണിവ ഓരോന്നും. ഇവ ക്രോഡീകരിച്ചു് പ്രസിദ്ധീകരിക്കാൻ പ്രയത്നിച്ച ബ. തേക്കേകലച്ചൻ അഭിനന്ദനമർഹിക്കുന്നു. ലേഖനകർത്താക്കൾക്കും എന്റെ അനുമോദനങ്ങൾ.

ധാരാളമാളുകൾ ഈ ഗ്രന്ഥത്തിലൂടെ ചാവറയച്ചനെ കൂടുതൽ മനസ്സിലാക്കാനും, ആ ധന്യജീവിതത്തിൽനിന്നു് തങ്ങളുടെ ജീവിതത്തിനു് വെളിച്ചവും പ്രചോദനവും പകർന്നെടുക്കാനും ഇടവരട്ടെയെന്നാശംസിക്കുന്നു.

(ഒപ്പ്)

**കർദ്ദിനാൾ മാർ ആന്റണി പടിയറ**

എറണാകുളം
20 - 1 - 1989

# ചാവറയച്ചൻെറ സിദ്ധി



**പ്രൊഫ. എം. കെ. സാനു, M.L.A.**

അനുഗ്രഹീത പദവിയിലേക്കു് ഉയർത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻെറ അനശ്വരമായ പാവനസ്മരണക്കു മുന്നിൽ ആദ്യമായി ഞാൻ പ്രണാമങ്ങളർപ്പിച്ചുകൊള്ളട്ടെ.

1805 മുതൽ 1871 വരെയുള്ള അറുപത്തഞ്ചു വർഷക്കാലം കേരളക്കരയുടെ ഭാഗ്യജാതകംപോലെ ജീവിച്ച ചാവറയച്ചൻ മുഖ്യമായും ആദ്ധ്യാത്മിക ജീവിതത്തിലാണു് അനശ്വരനായിത്തീർന്നിട്ടുള്ളതു്. പത്താം വയസ്സിൽ സെമിനാരിയിൽ ചേർന്നതോടെ ആരംഭിച്ച ആ ആദ്ധ്യാത്മിക ജീവിതം അനുദിനം വികാസമാർന്നു് നവീനമാനങ്ങളാർജ്ജിക്കുന്നതായിട്ടാണു് നാം കാണുന്നതു്. അതങ്ങനെ ആയതിൽ അത്ഭുതപ്പെടാനില്ല. കേവലം തൊഴിലായും, ബുദ്ധിപരമായ ജീവിതവൃത്തിയായും ആദ്ധ്യാത്മിക ജീവിതം സ്വീകരിക്കുന്നവർ മാത്രമേ ആ മേഖലയിൽ ഒതുങ്ങി നിൽക്കുകയുള്ളൂ. എ

ന്നാൽ, ചാവറയച്ചൻ ജനിച്ചതുതന്നെ സന്ന്യാസവൃത്തിയുടെ വിശുദ്ധ വാസനകളോടുകൂടിയായിരുന്നു. കവിയെപ്പോലെയും, ഗായകനെപ്പോലെയും, സന്ന്യാസി ജന്മസിദ്ധമായ വാസനകളാൽ അനുഗ്രഹിക്കപ്പെട്ടവനാണെന്നുള്ളതാണ് വാസ്തവം. അങ്ങനെയല്ലാതുള്ള ഒരു വ്യക്തിക്കും ഒരു യഥാർത്ഥ സന്ന്യാസിയാവുക സാദ്ധ്യമല്ല. അങ്ങനെ നൈസർഗ്ഗിക സിദ്ധികളോടുകൂടി ജന്മമെടുക്കുന്ന സന്ന്യാസിക്ക് സന്ന്യാസത്തിൻെറ രചനാത്മകവൃത്തികളാചരിക്കാതെ ജീവിക്കാൻ കഴിയുകയുമില്ല. ഗാനമാലപിക്കാതെ ജീവിക്കാൻ ഗായകനു കഴിയാത്തതുപോലെ, കാവ്യം രചിക്കാതിരിക്കാൻ കവിക്കു കഴിയാത്തതുപോലെ, സന്ന്യാസവൃത്തിയുടെ ശൈലികൾ സ്വജീവിതത്തിലാവിഷ്കരിക്കാതിരിക്കാൻ അത്തരം ആദ്ധ്യാത്മിക സിദ്ധികളുള്ളവർക്കും കഴിയുകയില്ല. അതുകൊണ്ടാണ് കുടുംബാംഗങ്ങളുടേയും ബന്ധുമിത്രാദികളുടേയുമെല്ലാം സമ്മർദ്ദങ്ങളെയും പ്രേരണകളെയും ചെറുത്തുകൊണ്ട് ആത്മീയ ധർമ്മമാർഗ്ഗത്തിൽ അചഞ്ചല ചിത്തനായി ചരിക്കാൻ ചാവറയച്ചനു കഴിഞ്ഞതു്. ആത്മാംശങ്ങളടങ്ങിയ അദ്ദേഹത്തിൻെറ കൃതികളിൽ ആ സിദ്ധിവിശേഷം തീവ്രമായി സ്പന്ദിച്ചു നിൽക്കുന്നു.

യഥാർത്ഥമായ ആദ്ധ്യാത്മിക ജീവിതം എപ്പോഴും ക്രിയാത്മകമായി പ്രതിഫലിക്കുന്നതു് ഭൗതിക ജീവിതത്തിലാണ്. പലരും കരുതുന്നതുപോലെ ആദ്ധ്യാത്മികവും ഭൗതികവുമായ ജീവിതമേഖലകൾ പരസ്പരം ബന്ധപ്പെടാത്തവയല്ല. അവ പരസ്പരവിരുദ്ധവുമല്ല. അവ പരസ്പര പൂരകമാണെന്നുള്ളതാണ് സത്യം. ഭൗതികജീവിതത്തിൻെറ ചുമരിലല്ലാതെ ആദ്ധ്യാത്മിക മൂല്യങ്ങളുടെ ചിത്രം ആലേഖനം ചെയ്യാൻ കഴിയുകയില്ല. ബുദ്ധൻെറയും ക്രിസ്തുവിൻേറയും ജീവിതങ്ങൾ മാത്രമല്ല, ആധുനിക ഭാരതത്തിൽ സ്വാമി വിവേകാനന്ദൻേറയും

ശ്രീനാരായണന്റെയും ജീവിതങ്ങൾപോലും ഈ സത്യമാണ് വിളംബരം ചെയ്യുന്നത്. അതിനനുസരണമായിട്ടുതന്നെയാണ് ചാവറയച്ചന്റെ കർമ്മങ്ങൾ സംഘടനാരംഗത്തും സാംസ്കാരികരംഗത്തും സാമൂഹ്യരംഗത്തും മററും മൂല്യങ്ങൾ പ്രസരിപ്പിക്കാൻ തുനിഞ്ഞത്. ഭാരതത്തിൽ ആദ്യമായി ഒരു സന്ന്യാസി സഭ സ്ഥാപിക്കുകയും, ആ സന്ന്യാസി സഭയെ നവോത്ഥാനത്തിന്റെ മാദ്ധ്യമമാക്കുകയും ചെയ്തു എന്നുള്ളത് ആ വിശുദ്ധാത്മാവിന്റെ ആത്മീയ ശക്തിക്ക് ഏററവും മികച്ച തെളിവാകുന്നു. നവോത്ഥാനത്തിന്റേതായ ആ പ്രക്രിയയുടെ അന്തർഗർഭമായ ഭാഗമത്രെ അദ്ദേഹം സ്ഥാപിച്ച 'സാധുമന്ദിരം'. അധഃകൃതോദ്ധാരണമെന്ന മുദ്രാവാക്യം, അന്ന് ഭ്രാന്താലയമായിരുന്ന കേരളത്തിന്റെ ചരിത്രപശ്ചാത്തലത്തിൽ നോക്കിയാൽ മാത്രമേ എത്രമാത്രം വിപ്ലവകരമാണെന്നു മനസ്സിലാക്കാൻ കഴിയൂ. ആഴത്തിൽ പ്രവർത്തിക്കുന്ന വിപ്ലവം എപ്പോഴും ആദ്ധ്യാത്മികാനുഭൂതിയിൽ തെളിയുന്ന നാളമാകുന്നു.

ഇപ്രകാരം ആത്മീയ സിദ്ധിവിശേഷങ്ങളുടെ ഊർജ്ജത്താൽ ലൗകീക കർമ്മങ്ങളെയെല്ലാം പ്രദീപ്തമാക്കാൻ കഴിഞ്ഞതുമൂലമാണ് ചാവറയച്ചൻ അനന്തര തലമുറകൾക്ക് പ്രചോദനമരുളുന്നത്. ചരിത്രത്തിന്റെ ചക്രവാളത്തിൽ നിത്യമായ വെളിച്ചത്തിന്റെ നിർഭയമായ വാഗ്ദാനംപോലെ തെളിഞ്ഞുല്ലസിക്കുന്ന ഒരു ഭാസുരനക്ഷത്രമായി ആ പുണ്യാത്മാവ് എക്കാലത്തും തെളിഞ്ഞുല്ലസിക്കുകതന്നെ ചെയ്യും. വഴിയറിയാതലയുന്നവർക്കും, ലക്ഷ്യമറിയാതെ വലയുന്നവർക്കും ആ നക്ഷത്രം വഴിയും ലക്ഷ്യവും കാട്ടിക്കൊടുത്ത് സമാശ്വാസമരുളും.

ചാവറ കുര്യാക്കോസ് ഏലിയാസച്ചന് ചരിത്രത്തിലും ആദ്ധ്യാത്മികമേഖലയിലുമുള്ള സമുന്നതമായ സ്ഥാനമെന്തെന്ന് ഭംഗിയാംവിധം വെളിപ്പെ

ടുത്തുന്ന ലേഖനങ്ങളാണ് ഈ ഗ്രന്ഥം ഉൾക്കൊള്ളുന്നത്. ആ വ്യക്തിവൈശിഷ്ട്യത്തിന്റെ ബഹുമുഖ സിദ്ധികളിലേയ്ക്ക് ഉൾക്കാഴ്ച ലഭിക്കാൻ ഇതു് അനുവാചകരെ സഹായിക്കുന്നു. ഇതിൽ ചേർത്തിരിക്കുന്ന സുപ്രധാനമായ പ്രഖ്യാപനങ്ങൾ ഗവേഷകർക്കു വിലപ്പെട്ട രേഖകളായിരിക്കും.

പ്രഗത്ഭരായ ലേഖകർ കൈകാര്യം ചെയ്യുന്ന ഓരോ പ്രബന്ധവും ആധികാരിക സ്വഭാവമുള്ളതാണ്. കേരളത്തിന്റെ ആദ്ധ്യാത്മിക ജ്യോതിസ്സുകളിലൊന്നായ ചാവറയച്ചനെ ശരിയായ വിധത്തിൽ മനസ്സിലാക്കാൻ സഹായിക്കുന്ന ഈ പഠനഗ്രന്ഥം നമ്മുടെ മുക്തകണ്ഠമായ പ്രശംസ അർഹിക്കുന്നു. അത്യുന്നത കർദ്ദിനാൾ ആൻറണി പടിയറ പിതാവിന്റെ ആശംസ ഈ ഗ്രന്ഥത്തിനു സമാകർഷകവും മാനസികോന്നമനപ്രേരകവുമായ ഒരു തിലകക്കുറിയായി ശോഭിക്കുന്നു.

ആദരപൂർണ്ണമായ സ്വാഗതം പ്രതീക്ഷിച്ചുകൊണ്ടു് ഈ ഗ്രന്ഥം ഞാൻ സഹൃദയ സമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ഒപ്പ്

**എം. കെ. സാനു**

# ഭാഗം ഒന്ന്



നാമകരണത്തിന്റെ അതിധന്യ മുഹൂർത്തം. കോട്ടയത്തെ പാപ്പാവേദി, ഫെബ്രുവരി 8, 1986



നന്ദി ! നന്ദി ! നന്ദി ! — നാമകരണ തിരുക്കർമ്മങ്ങൾക്ക നന്ദിയായി പരിശുദ്ധ പിതാവ്
ജോൺ പോൾ രണ്ടാമന് പ്രിയോർ ജനറൽ ഫാ. വിജയാനന്ദ്, സി.എം.ഐ.,
സുപ്പീരിയർ ജനറൽ സി. [illegible] മരിയ, സി.എം.സി. എന്നിവർ [illegible]




രാഷ്ട്രപതി ആർ. വെങ്കട്ടരാമൻ ചാവറയച്ചന്റെ സ്മാരക സ്റ്റാമ്പ് ആൽബം
പ്രിയോർ ജനറാൾ ഫാ. വിജയാനന്ദ്, സി.എം.ഐ. ക്ക് സമ്മാനിക്കുന്നു




ചാവറയച്ചന്റെ പോസ്റ്റൽ സ്മാരക സ്റ്റാമ്പ് പ്രകാശനം ചെയ്തുകൊണ്ട് രാഷ്ട്രപതി ആർ. വെങ്കട്ടരാമൻ പ്രസംഗിക്കുന്നു. (1987 ഡിസംബർ 20. തിരുവനന്തപുരം രാജ്ഭവൻ ഹാൾ)

I

# ചാവറയച്ചൻ

## ദൈവദാസനായി വളർന്ന മനുഷ്യദാസൻ

ഡോ. ജെ. എസ്. തേക്കുങ്കൽ C.M.I.

[ചുററുപാടുമുള്ള ജനജീവിതവുമായി സമ്പർക്കമററ സന്ന്യാസമായിരുന്നില്ല ചാവറയച്ചൻേറതു്. ഏലിയാ നിവ്യയെപ്പോലെ സൈന്യങ്ങളുടെ കർത്താവിനെക്കുറിച്ചു് അദ്ദേഹവും ജ്വലിച്ചു. ആ തീക്ഷ്ണത മനുഷ്യസ്നേഹ പ്രവർത്തന മേഖലകളിൽ കർമ്മകാണ്ഡം വിരചിച്ചു.]

ദൈവദാസൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ 1805 ഫെബ്രുവരി 10-ാം തീയതി കൈനകരിയിൽ ജനിച്ചു 1871 ജനുവരി 3-ാം തീയതി കൂനമ്മാവിൽ മരിച്ചു.

ജനിച്ചു.

മരിച്ചു.

അതൊരു വലിയ കാര്യമല്ല.

ജനന മരണങ്ങൾക്കിടയിൽ 66 സംവത്സരത്തെ അതി ധന്യമായൊരു ജീവിതമുണ്ടു്. മനുഷ്യദാസ്യത്തിലൂടെ ദൈവദാസ്യത്തിലേക്കു വളർന്ന, ദൈവദാസ്യത്തിൽ നിന്നും മനുഷ്യദാസനായി മാറിയ ഒരു മഹാത്മാവിന്റെ ചരിത്രം. [illegible] നൂററാണ്ടു കഴിഞ്ഞു. കൃത്യം പറഞ്ഞാൽ 115 സംവത്സരങ്ങൾ. ചാവറയച്ചൻ ഇരുപതാം നൂററാണ്ടിന്റെ ഈ അവസാന പാദത്തിലേക്കു കടന്നു വന്നിരിക്കുന്നു—വലിയൊരു വഴികാട്ടിയായി, പ്രചോദനമായി, വാഴ്ത്തപ്പെട്ടവനായി.

'പത്തൊൻപതാം നൂററാണ്ടിൽ ജീവിച്ചിരുന്നവരിൽ കേരളത്തിൽ ഇന്നനുസ്മരിക്കപ്പെടുന്നവരുണ്ടെങ്കിൽ, 19-ാം നൂററാണ്ടു മാത്രമല്ല, 20-ാം നൂററാണ്ടുകൂടെയും സൃഷ്ടിച്ചവരാണ് അവരെന്നു നാമോർക്കണം. ചാവറയച്ചൻ അത്തരം പൂർവ്വയുഗകർത്താക്കളായ മഹാൻമാരിൽ ഒരാളാണ്. ജീവിതത്തിന്റെ സമഗ്രതയുടെ, പരിപൂർണ്ണതയുടെ ആചാര്യൻ എന്നനിലക്ക് ദിവ്യനാണ് അദ്ദേഹം'. — സുകുമാർ അഴീക്കോടിന്റേതാണീ വാക്കുകൾ.[1] ഒന്നര നൂററാണ്ടു മുമ്പേതന്നെ കേരള സഭാ ചരിത്രത്തിലെ നിർണായകവും സമ്പന്നവുമായ ഒരു കാലഘട്ടത്തിന്റെ ഉദയകാഹളമൂതിയവരിൽ അഗ്രഗണ്യനായിരുന്നു ചാവറയച്ചൻ എന്നർത്ഥം. ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷനായിരുന്ന ദിവംഗതനായ മാർ മാത്യു കാവുകാട്ട് തിരുമേനിയുടെ അവിസ്മരണീയങ്ങളായ വാക്കുകൾകൂടെ ഇവിടെ പകർത്തട്ടെ:

'ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ മഹാനായ ഒരു ക്രിസ്ത്യാനി ആയിരുന്നു. വളരെ വിശുദ്ധനായ ഒരു സന്ന്യാസി, അനേകം സംഘടനകളെ വിജയകരമായി സ്ഥാപിച്ചു വളർത്തി പുഷ്ടിപ്പെടുത്തിയ ഒരു മഹാത്മാവ്. അദ്ദേഹം ദൈവത്തെ സ്നേഹിക്കാനും സേവിക്കാനും സ്വയം സമർപ്പിച്ച ഒരു സന്ന്യാസ വൈദികനായിരിക്കെത്തന്നെ, മനുഷ്യസഹോദരങ്ങളെയെല്ലാം ആ ദിവ്യ സ്നേഹത്തിന്റെതന്നെ ചൈതന്യത്തിൽ സ്നേഹിക്കുവാനും പരിചരിക്കുവാനും മുന്നോട്ടു വന്നു. തന്നെക്കൊണ്ട് ഇക്കാര്യത്തിൽ എന്തെല്ലാം ചെയ്യുവാൻ കഴിയുമായിരുന്നോ അതെല്ലാം അദ്ദേഹം ചെയ്തു. സുദീർഘവും പ്രശംസാർഹവുമായ അദ്ദേഹത്തിന്റെ പ്രവർത്തനരംഗം ബഹുമുഖങ്ങളായിരുന്നു. സന്ന്യാസ വൈദികരുടെ ജീവിതത്തിൽ വിവിധങ്ങളായ പരിഷ്ക്കാരങ്ങളും പ്രവർത്തനങ്ങളും നടപ്പാക്കുക, സഹ ജീവികളുടെ സാമൂഹ്യവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുക, ഇങ്ങനെ പലതും. അനിതരസാധാരണമായ വിശുദ്ധി നിറഞ്ഞ ആ സന്ന്യാസി വൈദികന്റെ ജീവിതം, ചലനാത്മകമായ വ്യക്തിത്വവും വിശാലമായ വീക്ഷണവും ശക്തമായ പുരോഗമന സ്വഭാവവും, ഒരിക്കലും ക്ഷീണിക്കുകയോ പരാജയ ഭീതിനിഴലിക്കുകയോ ചെയ്യാത്ത പ്രത്യാശയുംകൊണ്ട് മററുള്ളവർക്ക് എന്നും അനുപമമായ മാതൃകാ പ്രചോദനം നൽകുന്ന ഒന്നായിരുന്നു.'[2]

## ധ്യാനയോഗി

കുര്യാക്കോസ് ഏലിയാസച്ചന്റെ വ്യക്തി ജീവിതത്തിന്റെ സമ്പന്നവശങ്ങളിലൊന്ന് അദ്ദേഹത്തിന്റെ ഈശ്വരോ

മായിരുന്നു. എല്ലാററിനുമുപരി ഒരു ദൈവ മനുഷ്യനായിരുന്നു അദ്ദേഹം. ദൈവത്തെ സ്നേഹമയനായ ഒരു പിതാവായി കണ്ടറിഞ്ഞു", ആ 'അപ്പ'ന്റെ മുമ്പിൽ നിൽക്കുന്ന മകന്റെ ചിത്രമാണ് ചാവറയച്ചന്റേത്. അദ്ദേഹത്തിന്റെ സാഹിത്യ കൃതികൾ, പ്രത്യേകിച്ച് ധ്യാന സല്ലാപങ്ങളും ആത്മാനുതാപവും അത്തരം മിസ്ററിക്കനുഭവത്തിന്റെ അനുഭവങ്ങളാൽ സമ്പന്നമാണ്.

'ഞാൻ ഇതാ ... എന്റെ അപ്പന്റെ തിരുമുമ്പിൽ വരുന്നു. ധ്യാന മുറിയിൽ ഇതാ എന്റെ മനഗുണ അപ്പൻ ഈശോമിശിഹാ അനുഗ്രഹത്തിന്റെ സിംഹാസനത്തിൽ എഴുന്നള്ളിയിരിക്കുന്നു... ഇതാ എന്റെ അപ്പന്റെ പക്കലോട്ട് ഞാൻ പുറപ്പെടുന്നു. ആ! എത്ര നാളായി ഞാൻ എന്റെ അപ്പന്റെ തിരുമുഖം കണ്ടിട്ട്.' 3

'ആ പ്രിയമുള്ള അപ്പാ! നീ എഴുന്നള്ളിയിരിക്കുന്ന ഈ കരുണയുടെ പുറകിൽ അടിയൻ മുട്ടുകുത്തിയിരിക്കുന്നു.'4

'ആ എന്റെ അനുഗ്രഹമുള്ള അപ്പാ, ഞാൻ എന്റെ കണ്ണുകളെ പൊക്കി നിന്റെ തിരുമുഖത്തിൽ സൂക്ഷിപ്പാൻ വശമാകുന്നില്ലല്ലോ.'5

'അയ്യോ എന്റെ അപ്പാ നിന്റെ തിരുമുഖം എത്രയും മധുരമുള്ളത്.'6

'എന്റെ അപ്പാ ഈ പേരുകൊണ്ടല്ലാതെ നിന്നെ എനിക്ക് വിളിപ്പാൻ എന്റെ ഹൃദയം സമ്മതിക്കുന്നില്ല. നീ എന്നെ ഇവണ്ണം കൽപിച്ചിരിക്കുന്നല്ലോ. ആയതിനാൽ മനോഗുണമുള്ള എന്റെ അപ്പാ...'7

ആത്മാനുതാപത്തിലെ ഈരടികളിലും ഇതേ ശൈലി ദർശിക്കാം!

'എൻ പിതാവ് നീയേ ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയേ മറെറാന്നു ഗുണം നാഥാ'8

ഈശ്വരസന്നിധിയിൽ ധ്യാന നിർല്ലീനനായി നിൽക്കുകയാണ് ചാവറയച്ചൻ. ആവർത്തിച്ചാവർത്തിച്ച് ദൈവത്തെ 'അപ്പാ' എന്നു വിളിക്കുവാൻ പോരുന്ന ആ ഹൃദ്യതയും ലാളിത്യവുമാണ് ചാവറയച്ചന്റെ ആദ്ധ്യാത്മിക ദർശനത്തിന്റെ പ്രത്യേകത.

ഭാരതം ഋഷികളുടെയും യോഗീശ്വരൻമാരുടെയും നാടാണ്. 'അസതോ മ സത്ഗമയ...' ഈ നാടിന്റെ അന്തരാത്മാവിന്റെ തേങ്ങലുകളാണീ ഉപനിഷത് സൂക്തം. ഈ പാരമ്പര്യത്തിലാണ് ചാവറയച്ചന്റെയും നില. പാലയ്ക്കൽ, പോരുക്കര തോമ്മാച്ചന്മാർ - രണ്ടുപേരും വനവാസം കാംക്ഷിച്ചവരാണ്. 'ഈ മലയാളത്തിൽ പട്ടക്കാർക്കുപോലും ഒരു താപസ ഭവനമില്ലായ്കയാൽ ഏററിയ നന്മകൾക്കു വീഴ്ചയായിരിക്കകൊണ്ടും പല പ്രകാരത്തിലും പട്ടക്കാർക്ക് എങ്ങനെയെങ്കിലുമൊരു ദർശന വീടുണ്ടാക്കണമെന്നുമുള്ള' ആഗ്രഹത്തിൽ പങ്കുപററി അതു യാഥാർത്ഥ്യവൽക്കരിച്ചതു ചാവറയച്ചനാണ്. നാളാഗമത്തിലെ 'ദർശനവീട്' എന്ന മുക്ത സങ്കൽപം ഋഷീശ്വരൻമാരുടെ തപോവനസമാനമാണ്.

## കർമ്മയോഗി

താപസഭവനത്തിൽ 'ദർശനം' നേടിയ ദൈവദാസൻ മനുഷ്യദാസനായും മാറാതെവയ്യ. ജപതപാദികളിലൂടെ ആർജ്ജിച്ച ആത്മചൈതന്യം കർമ്മരംഗത്ത് ബഹുമുഖമായി പ്രവഹിക്കുന്നതു കാണാം. ചുരുക്കത്തിൽ ഭക്തിയും കർമ്മവും സമഞ്ജസമായി മേളിപ്പിച്ച ധന്യാത്മാവാണ് കര്യാക്കോസച്ചൻ എന്നു പറയാം. 'അദ്ദേഹം സന്ന്യാസികളുടെ ഇടയിൽ ഒരു സമുദായ സേവകനും, സമുദായ സേവകരുടെയിടയിൽ ഒരു സന്ന്യാസവര്യനും, ഇരുകൂട്ടരുടെയുമിടയിൽ ഒരു ദൈവിക മഹാപുരുഷനുമായി ഉയർന്നു നില്ക്കുന്നു'.[9]

ചാവറയച്ചൻ പല തലങ്ങളിലും ഒരു വലിയ 'പയനിയർ' ആയിരുന്നെന്നു പറയണം. സി. എം. ഐ. , സി. എം. സി. സഭകളുടെ സ്ഥാപനം, മുദ്രാലയ പ്രേഷിതത്വം, വിദ്യാഭ്യാസ പ്രവർത്തനം, ആതുരാലയ പ്രേഷിതത്വം, തിരുകർമ്മ നവീകരണം തുടങ്ങിയ രംഗങ്ങളിലെല്ലാം അതു വ്യക്തമാണ്.

## സഭാ സ്ഥാപകൻ

ഇന്നത്തെ സി. എം. ഐ സഭയും സി എം. സി. സഭയും ചാവറയച്ചന്റെ സ്ഥാപക സിദ്ധി പങ്കുപററി വളർന്നവയാണ്.

1831 - ൽ മാന്നാനത്താരംഭിച്ച ആധ്യാത്മിക മുന്നേററത്തിൽ പോരുക്കര, പാലയ്ക്കൽ തോമാച്ചൻമാരോടൊപ്പം ചാവറയച്ചനും സഹകാരിയായിരുന്നു. തോമാച്ചന്മാരുടെ മരണശേഷം സ്ഥാപക സിദ്ധിയെ സമൂഹ സിദ്ധിയാക്കി മാററി, നിയത രൂപഭാവങ്ങളേകി ആദിസമൂഹത്തിനു നേതൃത്വം നൽകി വളർത്തിയതു കര്യാക്കോസ് ഏലിയാസച്ച

നമ്മെ". പിന്നീടു വന്ന തലമുറകൾ ആ ആദ്ധ്യാത്മിക ചലനത്തെ സജീവമാക്കി നിലനിറുത്തുകയും വളർത്തിയെടുക്കുകയും ചെയ്തു. ഇന്നു് ഭാരതത്തിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുമായി സേവനമനുഷ്ഠിക്കുന്ന 2000 - ത്തോളം അംഗങ്ങളുള്ള സി. എം. ഐ. സഭക്കു് ധന്യമായ ഒരു പൈതൃകവും ചരിത്രവുമുണ്ടു്. കേരളസഭയുടെ കഴിഞ്ഞ ഒന്നര നൂററാണ്ടു കാലത്തെ ചരിത്രം അമലോത്ഭവ മാതാവിന്റെ കർമ്മല സഭയുടെ (cmi) ചരിത്രവുമായി അവഗാഢം ബന്ധപ്പെട്ടു കിടക്കുന്നു.

സി. എം. ഐ. സഭ പോലെതന്നെ വളർന്നു പടർന്നു പന്തലിച്ചു നിൽക്കുന്ന സി. എം. സി. സഭയുടെ തുടക്കത്തിലും ചാവറയച്ചന്റെ കരവിരുതു കാണാം. അന്നു് സ്ത്രീകൾക്കു് സന്ന്യാസ ജീവിതം നയിക്കുവാൻ സാധ്യതകളില്ലായിരുന്നു. ആ കുറവു് പരിഹരിക്കാനാണു് ലെയോപ്പോൾഡച്ചനും ചാവറയച്ചനുംചേർന്നു് കൂനമ്മാവിലെ 'പനമ്പുമഠം' തുടങ്ങിയതു്. 1866 - ൽ മൂന്നംഗങ്ങളോടെ സമാരംഭിച്ച ആ എളിയ പ്രസ്ഥാനം ഇന്നു് വളർന്നു് ഭാരതത്തിലെ ഏററം വലിയ സന്ന്യാസിനീസമൂഹമായിരിക്കുന്നു. 4500 - ലധികം സഹോദരികൾ ഭാരതത്തിലും ലോകത്തിന്റെ നാനാദിക്കുകളിലും സേവനത്തിന്റെ മാലാഖാമാരായി രംഗത്തുണ്ടു്.

## മുദ്രാലയ പ്രേഷിതൻ

1844 - ൽ മാന്നാനത്തു് സി. എം. ഐ. സമൂഹത്തിന്റെ ആദ്യത്തെ അച്ചുകൂടം സ്ഥാപിതമായി. അതൊരു വലിയ കാൽവയ്പായിരുന്നു. അതു് യാഥാർത്ഥ്യമാക്കിത്തീർക്കാൻ ചാവറയച്ചൻ ഏറെറടുത്ത ക്ലേശങ്ങൾ വീരോചിതംതന്നെ. ഒന്നര നൂററാണ്ടു മുമ്പ് മരത്തിൽ അച്ചുവാർത്തു് അച്ചടി തുടങ്ങിയതു് എത്രയോ ദീർഘദൃഷ്ടിയോടെയാണെന്നു് ഇന്നു നമുക്കു മുഴുവനും മനസ്സിലാവില്ല. അത്യന്താധുനിക റോട്ടറി പ്രസ്സുകളും ഓഫ്സെററ് പ്രസ്സുകളും നിരന്തരം ഉരുളുകയും മണിക്കൂറിൽ ലക്ഷക്കണക്കിനു കോപ്പികളടിച്ചിറക്കുകയും ചെയ്യുന്ന ചുററുപാടിലാണു് നാമിന്നു ജീവിക്കുക. മാന്നാനത്തു് പൂജ്യമായി സൂക്ഷിച്ചിരിക്കുന്ന, ചാവറയച്ചന്റെ ആ തടി പ്രസ്സ് ഒരു മഹാപ്രസ്ഥാനത്തിന്റെ നാന്ദി കുറിക്കലായിരുന്നു. അതു നാം മറക്കാതിരിക്കുക. അതുകൊണ്ടാണു് അദ്ദേഹത്തിന്റെ വിലപ്പെട്ട സംഭാവനകളിലൊന്നായി തടിപ്രസ്സ് സ്ഥാപനം എണ്ണപ്പെടുന്നതു്.

## വിദ്യാഭ്യാസരംഗത്ത്

ചാവറയച്ചന്റെ ക്രാന്തദർശനത്തിന് മറെറാരുദാഹരണമാണ് വിദ്യാദാനരംഗത്ത് അദ്ദേഹം തുടങ്ങിവച്ച പ്രവർത്തനങ്ങൾ. വിദ്യയുടെ വെളിച്ചം കടന്നുവന്നാലേ സമൂഹം വളർച്ചയുടെ വഴി കാണൂ എന്നറിഞ്ഞുകൊണ്ടാണ് 1846 - ൽ അദ്ദേഹം മാന്നാനത്ത് സംസ്കൃത സ്കൂളിന് തുടക്കമിട്ടത്. പിന്നീട് ചാവറയച്ചൻ, വികാരി ജനറാളായിരുന്നപ്പോൾ എല്ലാ പള്ളികളോടുംചേർന്ന് പള്ളിക്കൂടങ്ങൾ സ്ഥാപിക്കണമെന്നു നിർദ്ദേശം നൽകുകയുണ്ടായി. അങ്ങനെ പള്ളിയേയും പള്ളിക്കൂടത്തേയും ബന്ധിച്ചുകൊണ്ടു പോകുവാൻ അദ്ദേഹം തുടങ്ങിവച്ച ശ്രമഫലമാണ് വിദ്യാഭ്യാസരംഗത്ത് കേരള കത്തോലിക്കർ ഇന്നു മുമ്പന്തിയിലാവാൻ കാരണം.

## സാമൂഹ്യക്ഷേമപ്രവർത്തകൻ

ചുററുപാടുള്ള ജനജീവിതവുമായി സമ്പർക്കമററ സന്ന്യാസമായിരുന്നില്ല ചാവറയച്ചന്റേത്. ഇന്ന് 'സോഷ്യൽ വർക്കി'നെക്കുറിച്ചും സാധുക്കളുടെ പക്ഷംചേരലിനെക്കുറിച്ചുമെല്ലാം സന്ന്യാസ സമൂഹങ്ങളിൽ ബോധവത്ക്കരണ പരിപാടികൾ ധാരാളമുണ്ട്. എന്നാൽ ജീവകാരുണ്യപ്രവർത്തനരംഗത്തും ചാവറയച്ചൻ ഒരു 'പയനിയർ' തന്നെ. നമ്മുടെ നാട്ടിൽ ആദ്യമായി ആതുരാലയത്തിന്റെ ആശയവുമായി രംഗത്തുവരുന്നത് അദ്ദേഹംതന്നെ. ലജ്ജകൂടാതെ മററുള്ളവരോടു ധർമ്മം ഇരന്നും ചെറുതായിട്ടെങ്കിലും ഒരു 'ഉപവിശാല' കുരിശുപള്ളിയുടെ സമീപത്തു സ്ഥാപിച്ച്, അതിൽ ആരുപോരുമില്ലാത്ത ഒന്നുരണ്ടു ദീനക്കാരെ എങ്കിലും താമസിപ്പിച്ചു ശുശ്രൂഷിക്കുവാൻ അദ്ദേഹം കൈനകരി ഇടവകക്കാർക്കു നിർദ്ദേശം കൊടുക്കുന്നുണ്ട്. 'നിങ്ങളുടെ കുരിശുപള്ളിയുടെ സമീപത്തായി ചെറുതായിട്ടെങ്കിലും ഒരു ബങ്കളാവുപോലെ ഇരുവശവും രണ്ടു മുറിയും—ഒരു സാളയുമായി—തൈതൽ ഇട്ട് മുളകൊണ്ടെങ്കിലും ഒരു കൂടുംവച്ച് ധർമ്മശാല അഥവാ ഉപവിശാല എന്ന പേരും വിളിച്ച്—ആരുപോരുമില്ലാത്തവരെയോ — കിളവൻമാരെയോ — വഴിപ്പിച്ചക്കാരായി ദീനം പിടിച്ചവരെയോ പാർപ്പിച്ച് രക്ഷിക്കത്തക്കവണ്ണം ഉണ്ടാക്കിയാൽ ദൈവം സഹായിച്ച് പിൽക്കാലങ്ങളിൽ ഇതു മലയാളത്തെ ഒന്നാമത്തെ ഉപവിശാല ആയിത്തീരുവാൻ ഇടവരും.'[10] സി. എം. ഐ., സി. എം. സി. സഭകളുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ പ്രചോദനം ചാവറയച്ചന്റെ ഈ ആദിദർശനത്തിൽനിന്നുയിർക്കൊള്ളുന്നു.

ചാവറയച്ചന്റെ സ്മരണാസ്മാരകങ്ങൾ വേറെയുമുണ്ട് ധാരാളം. പത്തൊൻപതാം നൂറ്റാണ്ടിലെ കേരളസഭാനൗകയെ ആകെ ഇളക്കിയ ശീശ്മകൾക്കെതിരേ വിശ്വാസദീപം കെട്ടണയാതെ ഉയർത്തിപ്പിടിക്കുവാൻ ധീരമായ നേതൃത്വം നൽകിയതു ചാവറയച്ചനാണ്. ആരാധനക്രമത്തിലും വൈദിക പരിശീലനരംഗത്തും കാതലായ പരിഷ്കാരങ്ങൾ അദ്ദേഹം വരുത്തി. നമ്മുടെ നാട്ടിൽ വളരെ പ്രചാരം സിദ്ധിച്ച നാൽപതുമണി ആരാധന തുടങ്ങിയതും ചാവറയച്ചനാണ്. കുടുംബജീവിതരംഗത്തു പുതുചൈതന്യം പ്രസരിപ്പിക്കുവാനും ആ തിരുക്കുടുംബ ഭക്തൻ ദത്തശ്രദ്ധനായിരുന്നു. അദ്ദേഹത്തിന്റെ 'നല്ല അപ്പന്റെ ചാവരുൾ'[11] ക്രൈസ്തവ കുടുംബജീവിതത്തിന് മാർഗനിർദ്ദേശമാണ് — കുടുംബചട്ടമാണ്. നമ്മുടെ കുടുംബങ്ങളെ തിരുക്കുടുംബങ്ങളാക്കാനുള്ള പ്രായോഗിക നിർദ്ദേശങ്ങളാണവ.

## ചാവറയിലെ സാഹിത്യകാരൻ

കൃത്യാന്തരബഹുലമായ ജീവിതത്തിനിടയിലും കുറെയധികം എഴുതിക്കൂട്ടുവാൻ ചാവറയച്ചനു കഴിഞ്ഞു. അദ്ദേഹത്തിന്റെ നാളാഗമങ്ങളും കത്തുകളും ആ കാലഘട്ടത്തിന്റെ ചരിത്രരേഖകൾകൂടിയാണ്.

ആത്മാനുതാപം, മരണവീട്ടിൽ പാടുന്നതിനുള്ള പാന, അനസ്താസ്യയുടെ രക്തസാക്ഷ്യം തുടങ്ങി ഏതാനും പദ്യകൃതികളുമുണ്ട് ചാവറകൃതികളുടെകൂടെ. ഇവയുടെ പേരിൽ അദ്ദേഹത്തിനു മഹാകവിപ്പട്ടമോ, സാഹിത്യാചാര്യ പദവിയോ കെട്ടിയേൽപിക്കേണ്ടതില്ല. അതേസമയം ചാവറകൃതികൾക്ക് അർഹമായ വില കൽപിക്കുവാനും നാം തയ്യാറാവണം. ആത്മാനുതാപത്തിലും മറ്റും വേണ്ടത്ര രൂപഭംഗി കണ്ടെത്താനാവില്ലായിരിക്കാം. പക്ഷെ, ഭാവ സൗന്ദര്യത്തിന്റെ — ജീവിത വിശുദ്ധിയുടെ — ആത്മസൗകുമാര്യത്തിന്റെ കവിതകളായിട്ടവയെ കാണേണ്ടതുണ്ട്. ശ്രീ. സി. പി. ശ്രീധരൻ പറയുംപോലെ ദേശാഭിമാനിയായ ചാവറയച്ചൻ നാടൻ സംസ്കാരത്തെ സ്വന്തം രക്തത്തിൽ അലിയിപ്പിച്ചുചേർത്ത് ക്രൈസ്തവചൈതന്യത്തെ ആ രക്തത്തിന്റെയും വിചാരധാരയുടെയും ഭാഷയിൽ നാടൻ രീതിയിൽ ആവിഷ്കരിക്കുവാൻ, പ്രകാശിപ്പിക്കുവാൻ ശ്രമിച്ചു എന്നതു് ഇന്നത്തെ കാലത്തെ സംബന്ധിച്ചിടത്തോളം വലിയൊരു നേട്ടം തന്നെ. ഒരു 'യോഗാത്മക കവി' യെന്നാണ് അദ്ദേഹം ചാവറയച്ചനെ നിരൂപിക്കുക. 'മലയാള സാഹിത്യം ബാഹ്യസൗന്ദര്യത്തിലും, രൂപഭംഗിയിലും മാത്രം ശ്രദ്ധ കേ

ന്ദ്രീകരിച്ചിരുന്ന ഒരു കാലത്ത് ആത്മസൗന്ദര്യത്തിലും ആത്മ വിശുദ്ധിയിലും മികച്ച കവിതകളെ മലയാള ജീനിയസിൽ പകർത്തിക്കൊണ്ട് രംഗപ്രവേശനം ചെയ്ത ഒരു യോഗാത്മക കവിയായിരുന്നു കരിയാക്കോസ് ഏലിയാസച്ചൻ. ജനങ്ങളെ ക്രിസ്തുമതത്തിലേക്ക കൊണ്ടുവരിക എന്നതിൽക്കവിഞ്ഞു് ക്രിസ്തുവിനെ ജനങ്ങളിലേക്ക കൊണ്ടുവരിക എന്നതായിരുന്നു ചാവറ കൃതികളുടെ ലക്ഷ്യം.'12

## കേരള സഭാദീപം

1871-ൽ കൂനമ്മാവിൽ എരിഞ്ഞടങ്ങിയ ദീപം 1986-ൽ കേരള സഭാദീപമായി, ഭാരത സഭാദീപമായി ഉദിച്ചുയർന്നു. മാന്നാനത്തെ ചാവറ കര്യാക്കോസ് ഏലിയാസച്ചനും, ഭരണങ്ങാനത്തെ അൽഫോൻസാമ്മയും ധന്യരാണ്.

അവരെ വാഴ്ത്തപ്പെട്ടവരായി വണങ്ങുവാൻ വരം ലഭിച്ച നമുക്കും ധന്യരാവുക *

---

അടിക്കുറിപ്പുകൾ

1. സുകുമാർ അഴീക്കോട്, ചാവറയച്ചൻ ഒരു യുഗകർത്താവ്, ചാവറ ചരമശതാബ്ദ്യാഘോഷസ്മാരകം. P. 53
2. മാർ മാത്യു കാവുകാട്ട്, ഉദ്ധരണി ഷെവ. കെ. സി. ചാക്കോയുടെ 'ബഹുമുഖ പ്രതിഭനായ ചാവറയച്ചൻ' എന്ന ലേഖനത്തിൽ നിന്നും cfr. കേരളദീപം, മാണിക്കത്താൻ, P. 16
3. ചാവറയച്ചന്റെ സമ്പൂർണകൃതികൾ, വാല്യം മൂന്ന്, P. 16
4. Ibid, p. 18
5. Ibid, p. 19
6. Ibid
7. Ibid p.17-18
8. ചാവറയച്ചന്റെ സമ്പൂർണകൃതികൾ, വാല്യം രണ്ട് p.10
9. മാത്യു ഉലകംതറ, ചാവറയച്ചന്റെ സേവന സന്ന്യാസം, കാമ്മൽ, ജനുവരി 1985, p. 9
10. ചാവറയച്ചന്റെ സമ്പൂർണകൃതികൾ, വാല്യം നാല് P. 162
11. Ibid, p. 137
12. സി. പി. ശ്രീധരൻ, ചാവറകൃതികൾ, ചാവറ ചരമശതാബ്ദ്യാഘോഷസ്മാരകം, p. 61

---

* കത്തോലിക്കാ കോൺഗ്രസ് പ്രസിദ്ധീകരിച്ച 'മാർപ്പാപ്പാ സന്ദർശന സ്മരണിക 1986'-ൽനിന്നാണ് ഈ ലേഖനം.

II

# ദൈവജനത്തിലൂടെ ദൈവാനുഭൂതി

ഡോ. ജെ. ബി. ചെത്തിമറ്റം C.M.I.

[ദൈവ മക്കളിൽ നിന്നു് ദൈവപിതാവിൻെറ പക്കലേക്കുയർന്നു് ആദ്ധ്യാത്മിക ചൈതന്യം പ്രസരിപ്പിച്ചു് ചാവറയച്ചൻ കടന്നുപോയി. വിടരുന്ന പൂവും ഉദിക്കുന്ന സൂര്യനും മരങ്ങളെ തലോടി കുളിർമ്മ നൽകുന്ന മാരുതനും മാന്നാനം കുന്നിൽ നിന്നു് ദൃശ്യമാകുന്ന സുന്ദരമായ പ്രകൃതിയുമെല്ലാം ദൈവാനുഭൂതിദായകങ്ങളായിട്ടാണു് അദ്ദേഹം കണ്ടതു്.]

വന്ദ്യനായ ദൈവദാസൻ ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ തുടങ്ങിയുള്ള സ്ഥാപക പിതാക്കന്മാർ കേരള സുറിയാനികർമ്മല കുടുംബത്തിനു് നൽകിയിട്ടുള്ള ആദ്ധ്യാത്മിക പൈതൃകത്തിൻെറ നാന്ദിയെന്താണു്? അതിൻെറ ഘടകങ്ങളെല്ലാം ഒന്നിച്ചിണക്കുന്ന മൗലികമായ ആഭിമുഖ്യമെന്താണു്? തങ്ങൾ സ്ഥാപിക്കുവാൻ പോകുന്ന സഭ ഡൊമിനിക്കൻ സഭയുടെ ആദർശമനുസരിച്ചു് ഉൽബോധന പ്രധാനമായിരിക്കണമോ, അതോ കർമ്മല സഭയുടെ ധ്യാനചൈതന്യം സ്വീകരിക്കണമോ എന്നു ചർച്ച ചെയ്തതിൽ കർമ്മല പാരമ്പര്യമാണു് അവർ തിരഞ്ഞെടുത്തതു്. എന്നാൽ തീർത്തും ധ്യാനപരമായ ജീവിതമല്ലായിരുന്നു അവരുടെ ലക്ഷ്യം. ധ്യാനിക്കുക, ധ്യാനിച്ചതു് മററുള്ളവരുമായി പങ്കുവയ്ക്കുക എന്നതാണല്ലോ കർമ്മലസഭയുടെ ആദർശം. ധ്യാനത്തിലൂടെ ആർജ്ജിച്ച ദൈവാനുഭൂതികൊണ്ടു് ബാഹ്യ പ്രവർത്തനത്തിനു് ആക്കം കൂട്ടുക; പ്രസ്തുത പ്രവർത്തനത്തിൽ നിന്നു തന്നെ കൂടുതൽ ആഴമായ ദൈവാനുഭൂതിക്കു് പ്രചോദനം പ്രാ

പിക്കുക; മലയോരങ്ങളിൽ രാത്രികാലം പ്രാർത്ഥനയിൽ കഴിക്കുകയും പകൽ മുഴുവൻ ഗ്രാമങ്ങളിലും പട്ടണങ്ങളിലും ജനതതിയെ പഠിപ്പിച്ചുകൊണ്ട് ചുററി നടക്കുകയും ചെയ്ത ക്രിസ്തുവിന്റെ ജീവിത ശൈലി അനുകരിക്കുക എന്ന ആദർശത്തോടെയാണ് ചാവറയച്ചനും മററും ജീവിച്ചത്.

ദൈവജനം തന്നെ ആയിരുന്നു ധ്യാനത്തിനും അപ്പസ്തോലിക പ്രവർത്തനത്തിനും ഒരുപോലെ അവർക്കു പ്രചോദനം നൽകിയത്. ''ഈ മലയാളത്തിൽ പട്ടക്കാർക്കുപോലും ഒരു ഭവനമില്ലാത്തതുകൊണ്ട് പല നന്മകളും നഷ്ടപ്പെടുന്നു'' എന്ന ചിന്തയാണ് സന്ന്യാസഭവനം സ്ഥാപിക്കുന്ന സംരംഭത്തിൽ ഏർപ്പെടാൻ പോരുക്കര തോമാച്ചനേയും പാലയ്ക്കൽ മല്പാനച്ചനേയും പ്രേരിപ്പിച്ചത്. ലോക ബഹളത്തിൽ നിന്ന് അകന്ന് ദൈവവുമായി ധ്യാന ചിന്തയിൽ ബന്ധപ്പെടുവാൻ പററിയ സ്ഥലമാണ് ആശ്രമത്തിനായി അവർ തേടിയതെങ്കിലും പ്രസ്തുത സ്ഥലം കരവഴിയും ജലമാർഗ്ഗമായും എളുപ്പത്തിൽ ജനങ്ങളുമായി ബന്ധപ്പെടുവാൻ പററിയതായിരിക്കണമെന്നും അവർക്കു നിർബ്ബന്ധമുണ്ടായിരുന്നു. അവർക്കു വേണ്ടി ഞാൻ സ്വയം വിശുദ്ധീകരിക്കുന്നു എന്നു പറഞ്ഞ ക്രിസ്തുവിന്റെ മാതൃകയനുസരിച്ച് ദൈവ ജനത്തിന്റെ പവിത്രീകരണത്തിനുവേണ്ടിയാണ് അവർ ദൈവാനുഭൂതിയെ തേടിയത്. സ്വന്തരക്ഷയും സ്വന്ത പുണ്യപൂർണ്ണതയുമെല്ലാം മററുള്ളവരുടെ പരിത്രാണത്തിൽ നിന്ന് വേർപെടുത്തിക്കൊണ്ടുള്ള പരിയത്നം ക്രൈസ്തവ വീക്ഷണമല്ല ക്രിസ്തുവിന്റെ ഏക ഗാത്രത്തിലാണ് ഏവരും വിശുദ്ധിയും പുണ്യപൂർണ്ണതയും പ്രാപിക്കേണ്ടത്.

ചാവറയച്ചന്റെ ''ദർശന വീടുപണിവക വർത്തമാന''ത്തിലും മററു വിവരണങ്ങളിലുമെല്ലാം തെളിഞ്ഞു നിൽക്കുന്നത് ദൈവജനത്തിലെ ഓരോ വ്യക്തിയോടുമുള്ള അദ്ദേഹത്തിന്റെ ബഹുമാനവും സ്നേഹവുമാണ്. മാർ മൗറേലിയൂസ് സ്ലബിലിനി, പാലയ്ക്കൽ മല്പാനച്ചൻ, പോരൂക്കര തോമാച്ചൻ, പാസ്സാറ ബെയ്ലോൺ പാദ്രി മുതലായ പ്രധാന വ്യക്തികളെ മാത്രമല്ല അദ്ദേഹത്തിന്റെ സംരംഭത്തിൽ ഒരു പാത്രം പച്ചവെള്ളം പോലും കൊടുത്തു സഹായിച്ച പലരേയും അദ്ദേഹം പേരെടുത്തു പറയുന്നുണ്ട്. അഞ്ഞൂററിക്കാരും, തൊപ്പാസന്മാരും, എഴുന്നൂററിപ്പുരുഷകളുമെല്ലാം അദ്ദേഹത്തിന് ഒരുപോലെ ബഹുമാന്യരാണ്. ആശ്രമത്തിനു സ്ഥലം കാണുന്നതിനായി സ്ഥാപക പിതാക്കന്മാരോടൊന്നിച്ച് ചുററി നടന്നവരുടെയും എല്ലാം പേരുകൾ അദ്ദേഹം എടുത്തു പറയുന്നുണ്ട്. ചെരികയപ്പുറത്തു മാത്തനും, കല്ലുങ്കൽ

ഇട്ടിയവിരാ മാപ്പിളയും, തയ്യിൽ തരകനും, കൊച്ചുപുരയ്ക്കൽ ഈപ്പൻ മാപ്പിളയും മറ്റും മാത്രമല്ല, പലപ്പോഴും സഹായത്തിനുണ്ടായിരുന്ന ഈഴവനായിരുന്ന കിട്ടനും വേലക്കാരെ അയച്ച് മാന്നാനം കുന്നിലെ കാടുവെട്ടി തെളിക്കുവാൻ സഹായിച്ച ഓജനാരുമേത്തരുമെല്ലാം വലിയ പ്രിയോരച്ചന്റെ നന്ദിതികഞ്ഞ അനുസ്മരണത്തിന് പാത്രങ്ങളാകുന്നുണ്ട്. ആളുകളോടൊത്ത് അവർക്കു വേണ്ടി അദ്ധ്വാനിച്ച് സങ്കോചമില്ലാതെ അവരുടെ സഹായവും സ്വീകരിച്ച്, ഒന്നിച്ചു പ്രവർത്തിക്കുന്നതിൽ നിന്നാണ് ധന്യനായ ദൈവദാസനും സഹപ്രവർത്തകരും ദൈവാനുഭൂതി ആർജ്ജിച്ചത്.

തീർത്തും പൗരസ്ത്യമായ ഒരാദ്ധ്യാത്മിക സമീപനമായിരുന്നു അവരുടേത്. ദൈവജനമാണ് ദൈവാനുഭൂതിയുടെ ഉറവിടം. ഉയർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ സാന്നിദ്ധ്യമാണ് ക്രൈസ്തവ ജനതയെ ദൈവത്തിന്റെ ജീവനുള്ള ആലയമാക്കുന്നത്. ക്രിസ്തുനാഥന്റെ യഥാർത്ഥ സാന്നിദ്ധ്യം കൂദാശ ചെയ്യപ്പെട്ട ഓരോ ഓസ്തിയിലും പൂർണ്ണമായിട്ടുള്ളതുപോലെ ക്രിസ്തുനാഥൻ ഓരോ ക്രൈസ്തവനിലും പരിപൂർണ്ണമായി വസിക്കുന്നുണ്ടെന്നുള്ള ബോധ്യമാണ്, പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിന്റെ ആത്മീയവീക്ഷണത്തിന്റെ ഒരു പ്രധാന ഘടകമെന്നു പറയാം. ദൈവം ക്രിസ്തുവിനെ എല്ലാ ജനങ്ങൾക്കുമായി വിതരണംചെയ്തു എന്ന അർത്ഥത്തിലാണ് ''ഞാൻ അവനെ അനേകം ജനതകൾക്കായി ഭാഗിച്ചു കൊടുക്കും'' എന്ന ഏശയ്യായുടെ വാക്യം (അ. 53, വാ. 12) സുറിയാനിപ്പിതാക്കന്മാർ വ്യാഖ്യാനിക്കുന്നത്. വി. അപ്രേമിന്റെ അഭിപ്രായത്തിൽ ക്രിസ്തുവിന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവരിൽ ക്രിസ്തു പരിപൂർണ്ണമായിട്ടുണ്ട്. അതുകൊണ്ട് സഭ വെറുമൊരു സ്ഥാപനമല്ല, ദൈവജനമാണ്. ദൈവജനമെന്നാൽ ദൈവം സ്നേഹിക്കുന്ന എല്ലാവരും; ദൈവം തന്റെ മക്കളെ ആരേയും ദ്വേഷിക്കുന്നില്ല. എല്ലാവരും അവിടത്തെ കുഞ്ഞുങ്ങളാണ്. എന്നുമാത്രമല്ല മനുഷ്യന് മനുഷ്യനിലൂടെമാത്രമെ ദൈവത്തെ കാണുവാൻ കഴിയുകയുള്ളു. കാണപ്പെടാത്ത ദൈവത്തെ, അവിടത്തെ കാണപ്പെടുന്ന പ്രതീകമായ മനുഷ്യനിലൂടെവേണം നാം ദർശിക്കുവാൻ. നമ്മുടെ ലോകം വെറും കല്ലും മരവും ചേർന്ന ഒരു ലോകമല്ല പ്രത്യുത മനുഷ്യനും മനുഷ്യനും തമ്മിൽ ചേർന്ന് പ്രകൃതിയുടെ എല്ലാ വിഭവങ്ങളിലൂടെയും പരസ്പരം സംഭാഷിച്ച് പരസ്പരം ഉത്തേജനം നൽകി ദൈവത്തിൻ പക്കലേക്ക് അടുക്കുന്നതിന് സഹായിക്കുന്ന

ലോകമാണ്. അതുകൊണ്ടാണ് പരിശുദ്ധാത്മപി ഭൂമിയിലേക്ക വഹിച്ചിരിക്കുന്ന സ്വർഗ്ഗീയപറുദീസയാണ് തിരുസ്സഭ എന്ന് പൗരസ്ത്യപിതാക്കൻമാർ പറയുന്നതു്. ഈ സഭയിൽ പാപികളുണ്ട്, ബലഹീനരുണ്ട്. എന്നാൽ അവരെല്ലാം ക്ഷതമേററ ദൈവമക്കളാണ്; അവരെ ദൈവമക്കളായിക്കണ്ടെങ്കിലെ അവരെ നമുക്കു സഹായിക്കാനാവൂ.

എന്നാൽ വെറും ലൗകികമൊ കേവലം സാംസ്ക്കാരികമൊ ആയ ഒരു സമീപനമല്ലായിരുന്നു ചാവറയച്ചനംമററും ജനങ്ങളോടു സ്വീകരിച്ചതു്. കുടുംബ ബന്ധങ്ങളുടെ ബന്ധുതയും മൈത്രിയുമെല്ലാം വിഗണിച്ചിട്ട് എല്ലാവരേയും ഒരു പോലെ ദൈവമക്കളായി കണ്ടുകൊണ്ട് പരിചരിക്കുന്ന ആദ്ധ്യാത്മികാഭിമുഖ്യത്തിനേ ദൈവാനുഭൂതിയിലേക്ക് നയിക്കാനാവൂ. മാന്നാനവും വാഴക്കളവും കൂനമ്മാവും എൽത്തുരുത്തുമുള്ള ആശ്രമങ്ങൾ ഓരോന്നും ചുററുപാടുമുള്ള ഇടവകകൾക്ക് ആത്മീയചൈതന്യം പകരുന്ന ശക്തികേന്ദ്രങ്ങളാകണമെന്നാണ് ദൈവദാസൻ ആഗ്രഹിച്ചതു്. വെറും സേവനകേന്ദ്രങ്ങളായിട്ടല്ല, പ്രത്യുത യഥാർത്ഥ ദൈവജനത്തിൻെറ മാതൃക ജീവിച്ചു കാണിച്ചുകൊണ്ട്, ഏവരും എളുപ്പത്തിൽ സമീപിച്ചു പ്രാർത്ഥനയുടെ അന്തരീക്ഷത്തിൽ സ്വന്ത ആത്മവീര്യം വീണ്ടെടുക്കുവാനുള്ള സങ്കേതങ്ങളായി പ്രവർത്തിച്ചുകൊണ്ട് ഉൽബോധനംകൊണ്ടും ഉത്തേജനംകൊണ്ടും ഏവരേയും പ്രേരിപ്പിക്കാൻ കഴിവുള്ള ദൈവികമനുഷ്യരുടെ സമൂഹങ്ങളായി കൊണ്ട് ആശ്രമങ്ങൾ സ്വന്തം ദൗത്യം നിർവ്വഹിക്കണമെന്നായിരുന്നു ഉദ്ദേശ്യം.

വിടരുന്ന പൂവും ഉദിക്കുന്ന സൂര്യനും മരങ്ങളെ തലോടികുളിർമ്മ നൽകുന്ന മാരുതനും മന്നാനം കുന്നിൽനിന്നു് ദൃശ്യമാകുന്ന സുന്ദരമായ പ്രകൃതിയുമെല്ലാം ദൈവാനുഭൂതിയിലേക്ക് നയിക്കുവാൻ പോരുന്നവയാണ്. എന്നാൽ അതിലെല്ലാം ഉപരിയായി ദൈവസന്നിധിയിലേക്ക് നമ്മെ നയിക്കേണ്ടവയാണ് തുടിക്കുന്ന ഹൃദയങ്ങൾ, കേഴുന്ന കണ്ണുകൾ, ഭാരങ്ങൾ പേറി ആശ്വാസത്തിനായി ഉന്നതത്തിലേക്കു കൈകളുയർത്തുന്ന മനുഷ്യർ. ദൈവമക്കളിൽനിന്ന് ദൈവപിതാവിൻെറ പക്കലേക്കുയർന്ന് ആദ്ധ്യാത്മിക ചൈതന്യം പ്രാപിച്ചെങ്കിലേ ദൈവരാജ്യം സ്ഥാപിക്കുന്നതിനുവേണ്ടി പ്രയത്നിക്കാനാവൂ.

CARMEL ...
ALWAYE
THAIKKATTU...

III

# കാലത്തിന്റെ ചുവരെഴുത്തുകൾക്കു പ്രത്യുത്തരിക്കുക

ഡോ. ജോസഫ് കാഞ്ഞിരമററം C. M. I.

[കാലം മാറി. കോലവും മാറണം. അന്ന് ചാവറയച്ചൻ ദീർഘവീക്ഷണത്തോടെ കാലത്തിന്റെ വെല്ലുവിളിയ്ക്ക് പ്രത്യുത്തരിച്ചു. ഇന്ന് നമ്മുടെ ഊഴമാണ്.]

നമ്മുടെ സ്ഥാപിതാക്കന്മാരുടെ, പ്രത്യേകിച്ചു വന്ദ്യനായ ചാവറയച്ചന്റെ സവിശേഷതകളിൽ ഏററം പ്രധാനപ്പെട്ട ഒന്നായിരുന്നു കാലത്തിന്റെ ചുവരെഴുത്തുകൾക്ക് പ്രത്യുത്തരിക്കാനുള്ള കഴിവ് – കാലത്തിന്റെ അടയാളങ്ങളെ കണ്ടു മനസ്സിലാക്കുവാനും അതനുസരിച്ചു പ്രവർത്തിക്കാനുമുള്ള സാമർത്ഥ്യം. അദ്ദേഹത്തിന്റെ ക്രാന്തദർശിത്വം മനുഷ്യ ജീവിതത്തിന്റെ ആദ്ധ്യാത്മിക മണ്ഡലത്തിൽമാത്രം ഒതുങ്ങിനിന്ന ഒന്നല്ല. സാംസ്കാരിക - സാമൂഹിക മണ്ഡലങ്ങളിലേക്ക് എത്തിനിന്ന ഒന്നാണ്. C. M. I., C. M. C., C. T. C. എന്നീ സന്ന്യാസ സമൂഹങ്ങൾ, മാന്നാനം സെമിനാരി, മാന്നാനത്തു സ്ഥാപിച്ച സംസ്കൃത സ്കൂൾ, അച്ചടിശാല, കൈനകരിയിലെ അഗതിമന്ദിരം, സീറോ–മലബാർ ലിററർജിയുടെ നവീകരണം–ഇവയെല്ലാം വന്ദ്യനായ ചാവറയച്ചന്റെ ദീർഘവീക്ഷണത്തിന്റെ, കാലത്തിന്റെ ആവശ്യങ്ങളെ മനസ്സിലാക്കി ധീരതയോടെ പ്രവർത്തിക്കാനുള്ള കഴിവിന്റെ ബഹിർസ്ഫുരണങ്ങളാണ്. ഇവയിൽ സന്ന്യാസ സമൂഹങ്ങളുടെയും, സെമിനാരിയുടെയും സ്ഥാപനത്തിൽ മററുള്ളവർ വഹിച്ച പങ്ക് ഇവിടെ വിസ്മരിക്കുന്നില്ല.

## സന്ന്യാസ സഭാസ്ഥാപകൻ

അജപാലകരെന്ന നിലയിൽ പാലയ്ക്കൽ തോമാച്ചനും പോരൂക്കര തോമാച്ചനും ചാവറയച്ചനും ആദ്യം കണ്ടു മനസ്സിലാക്കിയതു സുറിയാനിക്കത്തോലിക്കാ സമൂഹത്തിൽ വൈദികർക്കുപോലും ഒരു തപസ്സു ഭവനമില്ലാത്തതിന്റെ ദൂഷ്യഫലങ്ങളാണ്. ഒരു സന്ന്യാസസഭ ഇല്ലാത്തതുകൊണ്ട് 'ദൈവജനത്തിനുവേണ്ടി ചെയ്യാൻ സാധിക്കുന്ന അനേകം നന്മകൾ ചെയ്യാൻ സാധിക്കുന്നില്ലെ'ന്ന് അവർ ഗ്രഹിച്ചു. ഒരു സന്ന്യാസസഭ ഉണ്ടാവുക കേരളത്തിലെ ദൈവജനത്തിന്റെയും അവരെ നയിക്കുന്ന ഇടയരുടെയും ഒരത്യാവശ്യമായി അവർ കണ്ടു. അതിന്റെ ഫലമാണ് മനോഹരമായ മാന്നാനം കുന്നിൽ 1831 മേയ് 11 - നു് ബീജാവാപം ചെയ്തു്, ഇന്നു ഭാരതത്തിൽ, പ്രത്യേകിച്ചു കേരളത്തിൽ പടന്നു നില്ക്കുന്ന C. M. I. സഭ. C. M. I. സഭയെപ്പോലെതന്നെ വികസിച്ചു നില്ക്കുന്ന C. M. C. സഭയും കാലഘട്ടത്തിന്റെ ആവശ്യങ്ങളെ മനസ്സിലാക്കാനുള്ള ചാവറയച്ചന്റെ പാടവത്തിനു് ഒരുത്തമോദാഹരണമാണ്. സ്ത്രീകൾക്ക സന്ന്യാസജീവിതം നയിക്കാനും അതോടൊപ്പം കത്തോലിക്കാ പെൺകുട്ടികൾക്ക് ആദ്ധ്യാത്മികവും ഭൗതികവുമായ കാര്യങ്ങളിൽ പരിശീലനം നല്കാനും ഒരു മഠത്തിന്റെ സ്ഥാപനം പ്രയോജനപ്പെടുമെന്നു ഗ്രഹിച്ചതുകൊണ്ടാണു ബ. ലയോപ്പോൾഡച്ചനോടൊപ്പം C. M. C. - C. T. C. സന്ന്യാസ സഭകളുടെ സ്ഥാപനത്തിനു് അദ്ദേഹം കഠിനാദ്ധ്വാനം ചെയ്തതു്. ഒരു മഠം സ്ഥാപിക്കുന്ന കാര്യത്തെക്കുറിച്ചു ബ. ലയോപ്പോൾഡച്ചൻ ചിന്തിക്കുന്നതിനു വളരെ മുമ്പുതന്നെ ചാവറയച്ചൻ അതിനെക്കുറിച്ചു ചിന്തിക്കുകയും ആഗ്രഹിക്കുകയും ചെയ്തിരുന്നു എന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമാണ്. ''ഇതാ ഇപ്പോൾ ഏറിയ കാലം മുതലായി അപേക്ഷിച്ചു വന്നിരുന്നതും നടക്കാതെ കിടക്കുന്നതുമായ ഒരു കാര്യം ആയ കന്യാസ്ത്രീമഠം എന്നുള്ള കാര്യം ദൈവം ഈ കാലത്തിൽ നടത്തുവാൻ തിരുമനസ്സായിരിക്കുന്നു എന്നു തോന്നുന്നു'' ചാവറയച്ചന്റെ പ്രസ്താവം ഈ വസ്തുത വ്യക്തമാക്കുന്നു. ദൈവത്തിനു സമ്പൂർണ്ണാർപ്പണം ചെയ്തു ജീവിക്കാൻ ആഹ്വാനം ലഭിക്കുന്നവർക്ക് അതിനുള്ള സാദ്ധ്യത പ്രദാനം ചെയ്തുകൊണ്ടും ദൈവജനത്തെ ദൈവോന്മുഖരാക്കി അവിടുത്തെപ്പക്കലേക്കടുപ്പിക്കുന്നതിനുള്ള ശക്തിയുടെ ഉറവിടങ്ങളായും ഈ സഭകൾ വർത്തിച്ചു ; വർത്തിക്കുന്നു- സ്വന്തരക്ഷയും സ്വന്തപൂർണ്ണതയും മാത്രമായിരുന്നില്ല ഈ സഭകളുടെ സ്ഥാപകരുടെ ലക്ഷ്യം. അപരന്റെ രക്ഷയും പൂർണ്ണതയും തുല്യപ്രാധാന്യമുള്ളവയായിരുന്നു. പ്രാർത്ഥ

പ്രാർത്ഥനയിലൂടേയും ധ്യാനത്തിലൂടേയും പരിത്യാഗത്തിലൂടേയും ഉളവായ ദൈവാനുഭവം ഞായറാഴ്ച പ്രസംഗങ്ങളിലൂടേയും ധ്യാനപ്രസംഗങ്ങളിലൂടേയും പകർന്നുകൊടുത്തുകൊണ്ട് ദൈവജനത്തിന്റെ ആദ്ധ്യാത്മികാവശ്യങ്ങളെ തൃപ്തിപ്പെടുത്തി ; ആദ്ധ്യാത്മികമായ ഒരു നവജീവൻ നല്കി.

## വൈദിക പരിശീലകൻ

1833 - ൽ മാന്നാനത്തു സ്ഥാപിച്ച സെമിനാരി, നിലവിലിരുന്ന അജപാലക പരിശീലനത്തിന്റെ അപാകതകളെ ഇല്ലാതാക്കിക്കൊണ്ട്, പാലയ്ക്കലച്ചനും, പോരൂക്കരയച്ചനും, ചാവറയച്ചനും നടത്തിയ ഒരു പുതിയ കാൽവയ്പായിരുന്നു. സെമിനാരി സ്ഥാപനത്തിൽ മുൻകൈ എടുത്തതു സ്വാഭാവികമായും പള്ളിപ്പുറം സെമിനാരിയുടെ റെക്ടർ ആയിരുന്ന പാലയ്ക്കൽ തോമ്മാച്ചനാണ്. വിജ്ഞാനവും വിശുദ്ധിയുമില്ലാത്ത അജപാലകന്മാർ അജഗണങ്ങളെ നയിച്ചാലുണ്ടാകുന്ന വിപത്തുകളെക്കുറിച്ച് അവർ ബോധവാന്മാരായിരുന്നു സീറോ-മലബാർ സഭയ്ക്ക് ക്രമീകൃതമായ ഒരു സെമിനാരി ഉണ്ടാകുകയും അതുവഴി വിജ്ഞാനവും വിശുദ്ധിയുമുള്ള വൈദികർക്കു രൂപം കൊടുക്കുകയും ചെയ്തെങ്കിലേ കത്തോലിക്കാ സമൂഹത്തിന്റെ ആദ്ധ്യാത്മികാഭിവൃദ്ധി സാധിതമാകൂ എന്നവർക്കു തോന്നി. പാലയ്ക്കൽ, പോരൂക്കര തോമ്മാച്ചന്മാരുടെ മരണ:ശേഷം മാന്നാനം സെമിനാരിയെ പുരോഗതിയിലേക്കു നയിച്ചതു് വന്ദ്യനായ ചാവറയച്ചനാണ്. ഈ സെമിനാരി സീറോ-മലബാർ സഭയുടെ ആദ്യത്തെ പൊതുസെമിനാരി ആയിരുന്നുവെന്നതും ഇവിടുത്തെ പരിശീലനത്തിന്റെ വൈശിഷ്ട്യം കണ്ട് ഇടവക വൈദികർക്കായി ഇത്തരം വേറെ സെമിനാരികൾ സ്ഥാപിക്കാൻ വികാരി അപ്പസ്തോലിക്കാ ചാവറയച്ചനോട് ആവശ്യപ്പെട്ട എന്നതും ഇതിന്റെ സ്ഥാപകരുടെ മഹത്വം വർദ്ധിപ്പിക്കുന്നു. 1861–62 - ലെ റോക്കോസ് ശീശ്മക്കെതിരേ പോരാടാൻ ധീരനായ ചാവറയച്ചനെ സഹായിച്ചതു് മാന്നാനം സെമിനാരിയിൽ പരിശീലനം സിദ്ധിച്ച വൈദികരായിരുന്നു എന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്.

## ആരാധനക്രമ പരിഷ്കർത്താവ്

വൈദിക മേലദ്ധ്യക്ഷന്റെ അനുവാദത്തോടെ ചാവറയച്ചൻ നടപ്പാക്കിയ ആരാധനക്രമ നവീകരണങ്ങൾ ആ കാലഘട്ടത്തിന്റെ വൈദികരുടേയും അത്മായരുടേയും-- ആദ്ധ്യാത്മികാവശ്യങ്ങളെ നിറവേററാനുള്ള തീവ്രമായ ആഗ്രഹ

ത്തിൻെറ ഫലമായിരുന്നു. അടുക്കും ചിട്ടയുമില്ലാതിരുന്ന ആരാധനക്രമത്തിന് ഒരു രൂപവും ഭാവവും കൊടുത്തത് ചാവറയച്ചനാണ്. ചാവറയച്ചൻ സുറിയാനി ആരാധനക്രമത്തെ ലത്തീൻമയമാക്കി എന്നാരോപിക്കുന്നവരുണ്ട്. എന്നാൽ കാര്യത്തിൻെറ വിവിധ വശങ്ങൾ പരിശോധിക്കുമ്പോൾ അദ്ദേഹം ഈ ആരോപണം അർഹിക്കുന്നില്ലെന്നു കാണാം.

## വിദ്യാഭ്യാസ വിചക്ഷണൻ

മുകളിൽ സൂചിപ്പിച്ചതുപോലെ കാലത്തിൻെറ ചുവരെഴുത്തുകൾ വായിക്കാനും ദീർഘവീക്ഷണത്തോടെ പ്രവർത്തിക്കാനുമുള്ള ചാവറയച്ചൻെറ കഴിവ് ആദ്ധ്യാത്മികതലത്തിൽ ഒതുങ്ങി നിന്ന ഒന്നല്ല. മനുഷ്യജീവിതത്തിൻെറ മററു രണ്ടു പ്രധാന മണ്ഡലങ്ങളിലേയ്ക്കുകൂടെ എത്തിനിന്നു. വിദ്യാഭ്യാസമില്ലാത്ത, ബൗദ്ധിക വികാസം പ്രാപിക്കാത്ത ഒരു സമൂഹത്തിന് ആദ്ധ്യാത്മികമോ ഭൗതികമോ ആയ പുരോഗതി അസാദ്ധ്യമെന്നു മനസ്സിലാക്കിയിരുന്ന അദ്ദേഹം കത്തോലിക്കാ സമുദായത്തിൻെറ ആദ്ധ്യാത്മിക ബൗദ്ധികോന്നമനത്തിനായി സ്കൂളുകൾ സ്ഥാപിക്കാൻ ശ്രമിച്ചു. അതിൻെറ ഫലമായാണ് 1846-ൽ മാന്നാനത്ത് ആരംഭിച്ച സംസ്കൃത സ്കൂൾ. അദ്ദേഹത്തിൻെറ കാലത്തെ കത്തോലിക്കാ സമുദായം വിദ്യാഭ്യാസ മണ്ഡലത്തിൽ മററു പല സമുദായങ്ങളെക്കാൾ പിന്നിലായിരുന്നു. ഈ പിന്നോക്കാവസ്ഥയിൽ നിന്ന് തൻെറ സമുദായത്തെ ഉദ്ധരിക്കുവാനുള്ള അഭിലാഷവും അദ്ദേഹത്തിനുണ്ടായിരുന്നു എന്ന് വിചാരിക്കാവുന്നതാണ്.

വൈദികർക്കും ശെമ്മാശ്ശൻമാർക്കും പുറമെ സാധാരണ കുട്ടികളെക്കൂടെ ഉദ്ദേശിച്ചുള്ളതായിരുന്നു ഈ സ്ഥാപനം. കുട്ടികളെ ശരിയായി വിശ്വാസത്തിൽ വളർത്താനുള്ള ഒരു സുപ്രധാന ഉപാധിയായി അദ്ദേഹം വിദ്യാഭ്യാസത്തെ കണ്ടു. ചാവറയച്ചൻ വികാരിജനറാളായിരുന്ന കാലത്ത് എല്ലാ പള്ളികളോടും അനുബന്ധിച്ച് സ്കൂളുകൾ സ്ഥാപിക്കണമെന്ന് പള്ളിമുടക്കിൻ കീഴ് കല്പന പുറപ്പെടുവിച്ചതായി അദ്ദേഹത്തിൻെറ പല ജീവ ചരിത്രകാരൻമാരും പറയുന്നുണ്ടു. ഔദ്യോഗിക രേഖയനുസരിച്ച്, കല്പന വികാരി അപ്പസ്തോലിക്ക ആയിരുന്ന ബച്ചിനെല്ലിയുടേതായിരുന്നെങ്കിലും ചാവറയച്ചൻെറ ആശയവും സ്വാധീന ശക്തിയുമാണ് അതിൻെറ പിന്നിൽ പ്രവർത്തിച്ചതെന്ന് വളരെ ന്യായപൂർവ്വം കരുതാവുന്നതാണ്. സംസ്കൃത സ്കൂളിനു പുറമേ മാന്നാനത്തു ഹരി

ജനങ്ങളുടെ ആദ്ധ്യാത്മികവും ബൗദ്ധികവുമായ പുരോഗതി ഇവ ലക്ഷ്യമാക്കി രണ്ടു സ്കൂളുകൾ സ്ഥാപിച്ചു എന്നതും പ്രസ്താവ്യമാണ്. കേരളത്തിൽ കത്തോലിക്കാ വിദ്യാഭ്യാസത്തിന് ആരംഭം കുറിച്ചതിന്റെ ബഹുമതി വന്ദ്യനായ ചാവറയച്ചനുള്ളതാണ്.

## മുദ്രാലയ പ്രേഷിതൻ

മാന്നാനത്ത് 1844-ൽ ആരംഭിച്ച അച്ചടിശാല ചാവറയച്ചന്റെ വിദൂര വീക്ഷണത്തിന്റെയും, സഭയുടെയും സമുദായത്തിന്റെയും ആനുകാലിക ആവശ്യങ്ങളെ മനസ്സിലാക്കാനുള്ള ചാതുര്യത്തിന്റെയും, എന്തു ത്യാഗം സഹിച്ചും ലക്ഷ്യം നേടാനുള്ള അദ്ദേഹത്തിന്റെ ദൃഢനിശ്ചയത്തിന്റെയും മഹത്തായ സ്മാരകമാണ്. ഇക്കാലത്ത് പോരൂക്കരെയച്ചൻ ജീവിച്ചിരുന്നെങ്കിലും മുദ്രാലയ സ്ഥാപനത്തിൽ മുൻകൈ എടുത്തതായി കാണുന്നില്ല. സാമൂഹിക സമ്പർക്ക മാധ്യമങ്ങളെ സംബന്ധിച്ചുള്ള ആധുനിക സഭയുടെ കാഴ്ചപ്പാട് ഏകദേശം 150 വർഷങ്ങൾക്കു മുമ്പ് ചാവറയച്ചൻ കാണിച്ചു എന്നത് അദ്ദേഹത്തിന്റെ അന്യാദൃശ ദീർഘവീക്ഷണത്തിന്റെ ആഴത്തെയാണ് സൂചിപ്പിക്കുന്നത്. അച്ചടിശാലയ്ക്ക് മനുഷ്യന്റെ ആദ്ധ്യാത്മിക–സാംസ്കാരിക- സാമൂഹിക മണ്ഡലങ്ങളിൽ വരുത്താവുന്ന മാററങ്ങളേയും പുരോഗതിയെയും അദ്ദേഹം മനസ്സിലാക്കി. അതുകൊണ്ട് എല്ലാ പ്രതിബന്ധങ്ങളെയും തരണം ചെയ്ത് അദ്ദേഹം തന്റെ ലക്ഷ്യം നേടിയെടുത്തു. കേരള കത്തോലിക്കാ സമൂഹത്തിന്റെ ആദ്യത്തെ അച്ചടിശാല അങ്ങനെ രൂപംകൊണ്ടു. അതിൽ നിന്നും പുറത്തിറങ്ങിയിട്ടുള്ള വിവിധ വിജ്ഞാന ശാഖകളിലെ ഗ്രന്ഥങ്ങൾ കേരള കത്തോലിക്കാ സമൂഹത്തിന്മേൽ ചെലുത്തിയ സ്വാധീനം എന്തുമാത്രമെന്ന് നിർണ്ണയിക്കുക വിഷമമാണ്. അച്ചടിശാലയുടെ സ്ഥാപനത്തോടെ അദ്ദേഹം കേരളത്തിൽ മുദ്രാലയ പ്രേഷിതത്വത്തിന്റെ ആരംഭം കുറിക്കുകയായിരുന്നു. വൈദികരുടേയും അത്മായരുടെയും ഇടയിൽ ആദ്ധ്യാത്മിക വെളിച്ചം വീശാനുള്ള പ്രധാനപ്പെട്ട ഉപാധിയായിട്ടാണ് ചാവറയച്ചൻ മുദ്രാലയത്തെ കണ്ടത്. ചാവറയച്ചൻ കേരള സഭയ്ക്കു നല്കിയ ഏററം വലിയ സംഭാവനയായി പല ഗ്രന്ഥകാരൻമാർ കണക്കാക്കുന്നതും അച്ചടിശാലയുടെ സ്ഥാപനത്തെയാണ്.

## ജീവകാരുണ്യ പ്രവർത്തകൻ

ചാവറയച്ചൻ തുടങ്ങിവച്ച സാമൂഹിക പ്രവർത്തനവും വിപ്ലവാത്മകമായിരുന്നു. ആതുരാലയം എന്ന് കേട്ടുകേൾ

വിപോലും ഇല്ലാതിരുന്ന കേരളത്തിൽ ജാതിമതഭേദമില്ലാതെ അനാഥർക്കും പാവപ്പെട്ടവർക്കും വേണ്ടി തന്റെ ഇടവകക്കാരെക്കൊണ്ടുതന്നെ കൈനകരിയിൽ ഒരാതുരാലയം പണികഴിപ്പിച്ചതു് സമൂഹത്തിലെ അവശ വിഭാഗത്തോടുള്ള അദ്ദേഹത്തിന്റെ ക്രിസ്തീയ സ്നേഹത്തിന്റെയും നീതിബോധത്തിന്റെയും ഫലമായിരുന്നു. ഈ 'ഉപവിശാല'യുടെ സ്ഥാപനത്തോടെ കേരളത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക വന്ദ്യനായ ചാവറയച്ചൻ ആരംഭമിട്ടു. "...നിങ്ങളുടെ കരിശുപള്ളിയുടെ സമീപത്തായി ചെറുതായിട്ടെങ്കിലും ഒരു ബങ്കളാവുപോലെ; ഇരുവശവും രണ്ടുമുറിയും-ഒരു സാളയുമായി-തൈതൽ ഇട്ടു് മുളകൊണ്ടെങ്കിലും ഒരു കൂട്ടം വച്ചു് ധർമ്മശാല അഥവാ ഉപവിശാല എന്ന പേരും വിളിച്ചു്- ആരുപോരുമില്ലാത്തവരെയോ, കിളവന്മാരെയോ - വഴിപ്പിച്ചക്കാരായി ദീനം പിടിച്ചവരെയോ പാർപ്പിച്ചു രക്ഷിക്കത്തക്കവണ്ണം ഉണ്ടാക്കിയാൽ ദൈവം സഹായിച്ചു് - പിൽക്കാലങ്ങളിൽ ഇതു് മലയാളത്തെ ഒന്നാമത്തെ ഉപവിശാല ആയിത്തീരുവാൻ ഇടവരും" എന്നു് അദ്ദേഹം കണ്ടിരുന്നു.

മേല്പറഞ്ഞവയെല്ലാം കാലത്തിന്റെ ചുവരെഴുത്തുകൾക്ക പ്രത്യുത്തരിക്കാൻ ചാവറയച്ചനുണ്ടായിരുന്ന അനിതര സാധാരണമായ കഴിവിന്റെ ഫലങ്ങളാണു്. അദ്ദേഹം തുടങ്ങിവച്ച എല്ലാ പ്രസ്ഥാനങ്ങളും കാലത്തിനനുസരിച്ചു് വളന്നു വികസിച്ചു് ഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നു.

### സ്നേഹധനൻ

ധന്യനായ ചാവറയച്ചന്റെ നേട്ടങ്ങളെ മനസ്സിലാക്കുകയും അവയെക്കുറിച്ചു് അഭിമാനം കൊള്ളുകയും ചെയ്യുമ്പോൾ അവയെല്ലാം അദ്ദേഹത്തെ പ്രാപ്തനാക്കിയ ആന്തരിക ശക്തിയെക്കുറിച്ചുകൂടെ നാം ചിന്തിക്കേണ്ടതുണ്ടു്. വളരെ ലളിതമായി പറഞ്ഞാൽ, ദൈവത്തോടും മനുഷ്യനോടുമുള്ള അദ്ദേഹത്തിന്റെ ആഴമേറിയ സ്നേഹമായിരുന്നു ആ വലിയ ശക്തി. ശക്തമായ സ്നേഹം ഭാവനയെ സമ്പന്നമാക്കും. ഭാവന സമ്പന്നമാകുമ്പോൾ, വികസിക്കുമ്പോൾ, സ്നേഹിക്കുന്നവരുടെ ജീവിതത്തെ സമ്പന്നമാക്കാനുള്ള വഴികൾ ആരായും; കണ്ടെത്തും; ത്യാഗപൂർവ്വം അവ പ്രാവർത്തികമാക്കും. ചാവറയച്ചൻ ദൈവത്തെ തീവ്രമായി സ്നേഹിച്ചതുകൊണ്ടു് അവിടത്തെ മഹത്വം വർദ്ധിപ്പിക്കാനുള്ള വഴികൾ ആരാഞ്ഞു. ദൈവ മഹത്വം വർദ്ധിപ്പിക്കുക, സമകാലീനരായ ദൈവമക്കൾക്കുവേണ്ടി എന്തെങ്കിലും ചെയ്തുകൊണ്ടേ, അവരെ ദൈവത്തിൻ പക്കലേയ്ക്കു് അടുപ്പിച്ചുകൊണ്ടേ സാധിക്കൂ

എന്ന് അദ്ദേഹം മനസ്സിലാക്കി. ദൈവമക്കൾക്കു വേണ്ടി എന്തെങ്കിലും ചെയ്യുക എന്നു പറഞ്ഞാൽ അവരുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ആവശ്യങ്ങളെ മനസ്സിലാക്കി പ്രവർത്തിക്കുക എന്നാണ്. മററു വാക്കുകളിൽ പറഞ്ഞാൽ, കാലത്തിന്റെ ചുവരെഴുത്തുകളും അടയാളങ്ങളും കണ്ടറിഞ്ഞു് ദൈവജനത്തെ സേവിക്കുക. ചാവറയച്ചൻ ചെയ്തതു് ഇതാണ്. ദൈവത്തെ ആഴമായി സ്നേഹിച്ചപ്പോൾ അവിടത്തെ മക്കളെ, ജനത്തെ സ്നേഹിക്കാതിരിക്കാൻ കഴിഞ്ഞില്ല. അവിടത്തെ ജനത്തെ ആഴമായി സ്നേഹിച്ചപ്പോൾ അവരുടെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കുവേണ്ടി രാപകൽ പണിയെടുക്കാതിരിക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല.

## ചാവറയുടെ ധീരാനുഗാമികൾ

നമ്മുടെ സഭാ സ്ഥാപകരിൽ പ്രഥമഗണനീയനായ ചാവറയച്ചനെ വാഴ്ത്തപ്പെട്ടവൻ എന്നു് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെടുന്ന ആനന്ദകരമായ ആ നിമിഷവും കാത്തു് കഴിയുന്ന നമ്മിൽ കാലത്തിന്റെ അടയാളങ്ങളും ചുവരെഴുത്തുകളും മനസ്സിലാക്കുവാനും അതനുസരിച്ചു് പ്രവർത്തിക്കുവാനും ആവശ്യമായ ആന്തരിക ശക്തിയുടെ അടിസ്ഥാനമായ ദൈവസ്നേഹവും, മനുഷ്യസ്നേഹവും ഉണ്ടോ എന്നു് ആരായാം. ആ പുണ്യചരിതന്റെ കാലടികളെ പിന്തുടരുന്നതിൽ ഒരു പരിധിവരെയെങ്കിലും നാം പരാജയമടഞ്ഞിട്ടുണ്ടെന്നു് സമ്മതിക്കാതിരിക്കാൻ വയ്യ. കാലത്തിന്റെ ചുവരെഴുത്തുകൾ വായിക്കാനുള്ള കാഴ്ചയും തദനുസരണം പ്രവർത്തിക്കാനുള്ള കഴിവും പല മണ്ഡലങ്ങളിലും നമുക്കില്ലാതെ പോയി. ചുവരെഴുത്തുകൾ വായിക്കണമെങ്കിൽ ചുവരിലേക്കു് നോക്കണം. പക്ഷെ ചാവറയച്ചന്റെ കാലശേഷം നമ്മുടെ സഭകൾ സാവധാനം കാലത്തിന്റെ ചുവരുകളിലേക്കുള്ള നോട്ടം കുറച്ചു് കൊവേന്തകളുടേയും, മഠങ്ങളുടെയും ചുവരുകളിലേക്കു് നോക്കിയിരിക്കാൻ തുടങ്ങിയെന്നതാണ് പരമാർത്ഥം. നമ്മുടെ ദൃഷ്ടികൾ അല്പം പോലും പുറത്തുപോകാതിരിക്കാൻ ആശ്രമങ്ങൾക്കു ചുററും വൻമതിലുകളുയർത്തി.

ഏലിയ നിവ്യായുടെ ചൈതന്യം ഉയർത്തിപ്പിടിച്ചു് അദ്ദേഹത്തിന്റെ ജീവചൈതന്യമില്ലാത്ത കുറെ ഏലിയാശിഷ്യരും ശിഷ്യകളുമായി നമ്മൾ കഴിഞ്ഞുകൂടി. ഏലിയാ നിവ്യ ദൈവത്തോടുള്ള സ്നേഹത്താൽ എരിയുക മാത്രമല്ല ആവശ്യപ്പെട്ടപ്പോൾ ജനങ്ങളുടെ ഇടയിലേക്കു് ഇറങ്ങുകയും ചെയ്തിരുന്നു. നാമാകട്ടെ ദൈവത്തെ കൂടുതൽ സ്നേഹിക്കാൻ വേണ്ടി മനുഷ്യരോടുള്ള സമ്പർക്കം

കഴിവതും പരിമിതമാക്കി ; അവരുടെ ആവശ്യങ്ങളെ കാണാൻ കൂട്ടാക്കിയില്ല. ചാവറയച്ചനാകട്ടെ ദൈവത്തെ കൂടുതൽ സ്നേഹിക്കാൻവേണ്ടി മനുഷ്യരോടുള്ള സമ്പർക്കം വിപുലമാക്കി: അവരുടെ ആവശ്യങ്ങളിലേക്ക് അദ്ദേഹം കടന്നു ചെന്നു. രാഷ്ട്രീയ-സാമൂഹിക സാഹചര്യങ്ങളുടെ സമ്മർദ്ദംകൊണ്ടോ എന്തോ കുറെ കാലമായി കാലത്തിന്റെ ചുവരുകളിലേക്ക് അല്പമൊക്കെ നാം നോക്കാൻ തുടങ്ങിയെന്നുള്ളത് ചാരിതാർത്ഥ്യജനകം തന്നെ. എങ്കിലും ശരിക്ക് കണ്ണുതെളിച്ച് നോക്കുന്നുണ്ടോ എന്നത് ചിന്തനീയം. നമ്മുടെ വിവിധ അപ്പസ്തോലിക പ്രവർത്തനങ്ങളിൽ നാം കൊടുക്കുന്ന മുൻഗണന കാം ദൈവജനത്തിന്റെയും നമ്മുടെ കാലഘട്ടത്തിന്റെയും ആവശ്യങ്ങളെ മുൻനിറുത്തിയോ അതോ, നമ്മുടെ വ്യക്തിപരവും പ്രാദേശികവുമായ താല്പര്യങ്ങളെ മുൻനിറുത്തിയോ ? നമ്മുടെ സ്വാർത്ഥ ചിന്തകളും പ്രാദേശിക മനോഭാവങ്ങളും ലൗകിക ലക്ഷ്യങ്ങളുമൊക്കെ പരിവർജ്ജിച്ച്, കാലത്തിന്റെ അടയാളങ്ങളും ചുവരെഴുത്തുകളുമൊക്കെ വായിച്ചു മനസ്സിലാക്കി വന്ദ്യനായ ചാവറയച്ചനെപ്പോലെ അവയ്ക്ക് പ്രത്യുത്തരിക്കാൻ, ദൈവമഹത്വത്തിനും അവിടുത്തെ ജനത്തിന്റെ നന്മയ്ക്കും വേണ്ടി ത്യാഗപൂർവ്വം പ്രവർത്തിക്കാൻ നമുക്കു പരിശ്രമിക്കാം. അതിനുള്ള അനുഗ്രഹം നമ്മുടെ പിതാവ് നമുക്കു ലഭിച്ചു തരട്ടെ.

## IV

# ചാവറ: ദൈവത്തിന്റെ മനുഷ്യൻ

## ചാവറപ്പിതാവിന്റെ പ്രാർത്ഥനാനുഭവത്തിലേക്കൊരു എത്തിനോട്ടം

**ഫാ. ജോസ് ഫ്രാങ്ക്, C.M.I.**

[ദൈവത്തിന്റെ മനുഷ്യൻ–എല്ലാററിനുമുപരി അതായിരുന്നു ചാവറയച്ചൻ. ദൈവത്തെ 'ആബാ' – പിതാവേ – എന്നു വിളിക്കുവാൻ ഈശോ പഠിപ്പിച്ചു. പച്ച മലയാളത്തിൽ 'അപ്പാ' 'അപ്പാ' എന്നു് എത്ര ആവർത്തിച്ചാലും ചാവറയച്ചനു മതിവരില്ല].

### 1. പ്രാർത്ഥന ദൈവവുമായുള്ള സ്നേഹ സംഭാഷണം

പ്രാർത്ഥന എന്താണു് എന്നു പലരും നിർവചിക്കുന്നുണ്ടു്. പലരുടേയും നിർവചനങ്ങൾ നമ്മൾ പഠിച്ചിട്ടുണ്ടു്. നമ്മുടെ പിതാവു് പ്രാർത്ഥനയെപ്പററി എന്തു പറയുന്നു എന്നു നമ്മൾ ചിന്തിക്കാറില്ല. അതും പലപ്പോഴും കേട്ടിട്ടുതന്നെയുണ്ടാവില്ല. ധ്യാനസല്ലാപത്തിൽ ചാവറ പിതാവു് പ്രാർത്ഥനയെ ദൈവത്തോടുള്ള സംസാരമായിട്ടാണു് നിർവചിക്കുന്നതു്. ഈ സംസാരത്തിന്റെ കാതൽ സ്നേഹമാണു്. സ്നേഹിതനോടു് അടുത്തിരിക്കുന്നതുതന്നെ നിർവൃതിദായകമാണു്. പിതാവിന്റെ വാക്കുകൾതന്നെ നമുക്കു നോക്കാം:

''ധ്യാനം എന്നതു് ദൈവത്തോടുള്ള സംസാരമാകുന്നു. സ്നേഹത്താൽ ദൈവത്തോടു് ചേർന്നു് തന്നോടൊന്നിച്ചിരുന്നു്, സ്നേഹിതന്മാരോടു് ഒന്നിച്ചുള്ള സംഭാഷണം പോലെ ആത്മമണവാളനായ ഈശോയോടൊന്നിച്ചിരുന്നു് സംസാരിക്കുക

യത്രെ ഇതിൻെറ പ്രവൃത്തി........................ധ്യാനം ദൈവ ത്തോട് ഒന്നിച്ചിരുന്നുള്ള സംസാരമാകുന്നു എന്നു വരുമ്പോഴം ഒരു സ്നേഹിതനോടുള്ള സംസാരം പോലെ ആകുന്നു. എന്നാൽ സ്നേഹിതന്മാരു തമ്മിൽ ഒന്നിച്ചിരുന്നാൽ വേർതിരിയുന്നതുവ രെയും നാവ് അടങ്ങാതെ സംസാരിക്കും. ഇതു കണ്ടുവരുന്ന കാര്യം തന്നെ. ഇതിനിടയിൽ അവക്ക് സംസാരത്തിനു വകയില്ലാഞ്ഞിട്ട് മിണ്ടടങ്ങിയെന്നും വരികയില്ല. അപ്പോ ഴൊ സ്നേഹമുണ്ടെങ്കിൽ അയാളിനോട് സംസാരിപ്പാൻ വകയു ണ്ടാവും. ഈ സംസാരം ഒരുത്തൻ പഠിപ്പിക്കയും വേണ്ട. പേച്ചറിയാത്തവരും തമ്മിൽ സ്നേഹമുണ്ടായാൽ തമ്മിൽ പറയു കയും തിരിയുകയും ചെയ്യുന്നു............ഒന്നും ഉരിയാടിയില്ലെ ങ്കിലും സ്നേഹിതൻെറ ചേരെയിരിക്കുന്നതുതന്നെ തൃപ്തിയാക യും ചെയ്യും. എന്നു വരുമ്പോഴം ഞാനും ഈശോമ്ശിഹായെ പട്ടാങ്ങയായിട്ട് സ്നേഹിക്കുന്നുയെങ്കിൽ ഇനിക്ക് ധ്യാനത്തിൽ തന്നോട് സംസാരിപ്പാൻ വകയുണ്ടാവും. അല്ലെങ്കിൽ സംസാ രിപ്പാൻ പാടില്ലെങ്കിലും അരികെയിരിക്കുന്നതിനാൽ തൃപ്തി യായിരിക്കുമല്ലൊ. ആയതിനാൽ ഈ സ്നേഹം ഇനിക്കുണ്ടാക മെങ്കിൽ നിനക്കു ചൊല്ലിത്തരുവാനുള്ള ബുദ്ധിമുട്ടു കുറഞ്ഞി രിക്കും. അതെന്ത്യെ, വേഗം പഠിക്കും ഈ സംസാരം. ആയ തിനാൽ ഈ സ്നേഹം ഇനിക്ക് തരുവിക്കണം. അപ്പോഴം ധ്യാനവും പഠിക്കും.'' 1

## 2. ചാവറപ്പിതാവ് എങ്ങനെ പ്രാർത്ഥിച്ചിരുന്നു

ചാവറപ്പിതാവിനെ സംബന്ധിച്ചിടത്തോളം പ്രാർത്ഥന അപ്പനുമായുള്ള സംഭാഷണമാണ്. ദൈവത്തെ ''അപ്പാ'' എന്നുവിളിക്കാനാണ് ക്രിസ്തു നമ്മെ പഠിപ്പിച്ചതു്. ക്രൈസ്തവാ സ്ഥിതത്തിൻെറ അടിസ്ഥാനശില ദൈവവും നാമും തമ്മി ലുള്ള പിതൃപുത്ര ബന്ധമാണ്.

ദൈവത്തെ 'ആബാ' ഞങ്ങളുടെ പിതാവേ എന്നു വിളി ക്കുന്ന പുത്രസ്വീകാര്യത്തിൻെറ ആത്മാവിനെയാണ് നാം സ്വീകരിച്ചിരിക്കുന്നതു്. ചാവറപ്പിതാവിൻെറ പ്രാർത്ഥനയും ജീവിതവും ഈ പിതൃപുത്ര ബന്ധത്തിൻെറ അനുഭവവും ആ സ്വാദനവുമായിരുന്നു. നമുക്ക് അവിടുത്തെ പ്രാർത്ഥനയി ലേക്കും ജീവിതത്തിലേക്കും ഒന്നിറങ്ങിച്ചെല്ലാം.

### പ്രാർത്ഥന പിതാവുമായുള്ള സംഭാഷണം

ധ്യാനസല്ലാപത്തിൽ ചാവറ സംഭാഷിക്കുന്നതു് പിതാ വുമായിട്ടാണ്. 31 പ്രാവശ്യം ധ്യാനസല്ലാപത്തിൽതന്നെ ദൈവത്തെ 'അപ്പാ' എന്നു വിളിക്കുന്നു. ഈ അഭിസംബോധ

ഈരീതി തന്നെയാണ് ആത്മാനുതാപത്തിലും മററു പ്രാർത്ഥനകളിലും കാണുന്നത്. ധ്യാനസല്ലാപത്തിൽ മുഴുവൻ 'അപ്പാ' എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ''പിതാവ്'' എന്നു വിളിക്കുന്നതിലും ഹൃദ്യത ''അപ്പാ'' എന്നു വിളിക്കുന്നതിലാണല്ലോ. ക്രിസ്തു ദൈവത്തെ 'ആബാ' എന്നു വിളിച്ചതിന്റെ പിറകിലെ വികാരവും ഇതുതന്നെയായിരിക്കും. ചാവറ അപ്പനുമായി നടത്തുന്ന സംഭാഷണം നമ്മുടെ ധ്യാനത്തിന് വിഷയമാക്കാം. ചാവറ ധ്യാനം ആരംഭിക്കുന്നതുതന്നെ അപ്പന്റെ മുന്നിലാണ്.

''എന്റെ അപ്പന്റെ തിരുമുമ്പിൽ ഞാൻ വരുന്നു. ധ്യാനമുറിയിൽ ഇതാ എന്റെ മനോഗുണഅപ്പൻ ഈശോമിശിഹാ അനുഗ്രഹത്തിന്റെ സിംഹാസനത്തിൽ എഴുന്നുള്ളിയിരിക്കുന്നു. എന്റെ അപ്പന്റെ പക്കലേക്കു് ഞാൻ പുറപ്പെടട്ടെ.''[2]

''എന്റെ അപ്പാ നീയെഴുന്നള്ളിയിരിക്കുന്ന ഈ കസേരയുടെ പുറകിൽ അടിയൻ മുട്ടുകുത്തിയിരിക്കുന്നു.''[3]

''ഇതാ എന്റെ അപ്പന്റെ പക്കലേക്കു ഞാൻ പുറപ്പെടുന്നു.''[4]

'അപ്പാ' എന്ന പേരു് ചാവറയെ അത്ര ആഴമായി സ്വാധീനിച്ചു. അപ്പാ എന്നല്ലാതെ വേറൊരു രീതിയിൽ ദൈവത്തെ വിളിക്കാൻ ചാവറയുടെ ഹൃദയം സമ്മതിക്കുന്നില്ല. ധ്യാന സല്ലാപത്തിൽ ചാവറ പറയുന്നതു നോക്കു:

''എന്റെ അപ്പാ ഈ പേരുകൊണ്ടല്ലാതെ നിന്നെ എനിക്കു വിളിക്കുവാൻ എന്റെ ഹൃദയം സമ്മതിക്കുന്നില്ല. നീയും ഈവണ്ണം കല്പിച്ചിരിക്കുന്നല്ലൊ. ആയതിനാൽ മനോഗുണ അപ്പാ...[5]''

എന്റെ അപ്പൻ വലിയൊരു വ്യക്തിയാണ്. അപ്പൻ താമസിക്കുന്നതു മനോഹരമായ അരമനയിലാണ്.

''ആ! നീ നോക്കുക. നിന്റെ അപ്പന്റെ അരമനയും മററു മാളികകളും പൊക്കമുള്ള മതിലുകളും കാണുന്നില്ലെ. ഈ പുറത്തുള്ള അലങ്കാരങ്ങളും മഹിമകളും ഈവണ്ണമായിരിക്കുമ്പോൾ അകത്തുള്ള മഹിമ സന്തോഷങ്ങൾ എന്തായിരിക്കും''[6]

## ചാവറ – അധർമ്മക്കാരനു വേല ചെയ്ത മകൻ

ധ്യാനസല്ലാപത്തിൽ ധൂർത്തപുത്രൻെറ ഉപമയെ സ്വാംശീകരിച്ച് ധ്യാനിക്കുന്നതു വളരെ മനോഹരമായിരിക്കുന്നു. പിതാവു പറയുകയാണ് "എൻെറ അപ്പൻ എനിക്കു തന്ന സമ്പത്തെല്ലാം ധൂളിച്ചു കളഞ്ഞു് അധർമ്മക്കാരനു വേല ചെയ്തു. അവൻെറ പോർക്കുകളെ മേയിച്ചു നടന്നവനാണ് ഞാൻ. മാത്രമല്ല അപ്പൻ തന്ന നല്ല വസ്ത്രങ്ങളൊക്കെയും കളഞ്ഞു് നാണം മറപ്പാൻ കീല്ലത്തുണിയാണ് ധരിച്ചിരിക്കുന്നതു്. ഞാൻ വേഷത്തോടെ തന്നെ പുറപ്പെടുകയാണ്. ഇനി താമസിച്ചാൽ ഞാൻ ചത്തുപോകും. പക്ഷെ ഞാനെങ്ങനെ അപ്പൻെറ പക്കൽ ചെല്ലും? ആ മഹത്വത്തിൻെറ മുമ്പിൽ ഞാനെങ്ങനെ പ്രത്യക്ഷപ്പെടും. ഈ സാഹചര്യം ചാവറയെ ചഞ്ചലനാക്കുന്നു. പിതാവിൻെറ വാക്കുകൾ തന്നെ നമുക്കു കാണാം.

> ''ഇത്ര വലിയ മതിൽക്കു് പുറത്തു കിടന്നു ഞാൻ നിലവിളിച്ചാൽ ആരു് കേൾക്കും? ഈ വലിയ പൂട്ടും വാതിലും ആരു് തുറന്നു തരും? ഇങ്ങനെ വാച്ചവരും തുറന്നു് തന്നാൽ ഈ ഉപേക്ഷിക്കപ്പെട്ടവനായ നീ വന്നിരിക്കുന്നു എന്നു് ആരവിടെ അറിവിക്കും? ഇങ്ങനെ അറിവിച്ചാൽ കോപിച്ചു് തള്ളുന്നതല്ലാതെ എന്നെ നോക്കുമോ?... നിൻെറ ഭാഷയും കോലവും കാണുകയും നിൻെറ ദുർമ്മണം വീശുകയും ചെയ്യുമ്പോൾ ശുശ്രൂഷികൾക്കുടെയും അറച്ചു ഉപേക്ഷിപ്പാൻ യോഗ്യമായിരിക്കയിൽ ഈ മഹാ വലിപ്പത്തിൻെറ തിരുമുമ്പിൽ എങ്ങനെ നീ അടുത്തു പൊറുതി അപേക്ഷിക്കും.''[8]

## പാപിയെ തേടിവരുന്ന അനുഗ്രഹമുള്ള അപ്പൻ

അപ്പൻ മഹാ മഹത്വമുള്ളവനായാലും അപ്പൻെറ പേരു് സ്നേഹം എന്നാണ്. അപ്പൻ എത്രയും അനുഗ്രഹമുള്ളവനാണ്.

> ''എൻെറ അപ്പൻ എത്രയും അനുഗ്രഹമുള്ളവനും പട്ടാങ്ങയായ ഉപവിയും, താൻ സ്നേഹം എന്നത്രെ തൻെറ നാമവും ആകുന്നു. ഇതിനാലെ നാം ഭയപ്പെടുകയും വേണ്ടാ.''[9]

മാത്രമല്ല, ''അപ്പൻെറ മുമ്പിൽ എത്രയൊ വേലക്കാർ സംപൃത്തിയാൽ തെളിഞ്ഞു നടക്കുന്നു. അവരെ ഓക്കുമ്പോൾ നീ എന്തിനു ക്ലേശിക്കുന്നു.''[10] ഈ അപ്പൻ നിൻെറ നന്ദികേടുകളൊക്കെയും മറന്നു് നിൻെറ പുത്രസ്ഥാനത്തിൽ വെക്കുകയും ചെയ്യും[11]. മാത്രമല്ല, അപ്പൻ തൻെറ പക്കലേക്കു് തന്നെ ക്ഷണിക്കുന്നു:

''എൻെറ മകനെ വരിക. എന്തിന്ന് നിൻെറ പ്രിയമുള്ള അപ്പനായ എൻെറ പക്കൽ അടുത്തുവരാതിരിക്കുന്നു. എന്നെ വിട്ടുപോയ വിനാഴിക മുതൽ എൻെറ ഹൃദയം ക്ലേശിക്കുന്നു.''12

പാപികൾ തന്നെ സമീപിക്കുന്ന അവസരത്തിൽ അവരെ കൈക്കൊള്ളുമൊ എന്നു് സംശയം തോന്നാതിരിക്കാൻ അപ്പൻ രണ്ടു കൈകളും വിടർത്തി തഴുകുവാൻ ആസ്ഥമായിരിക്കയാണു്. മാത്രമല്ല

''പ്രിയത്താൽ മുത്തുവാനായി എപ്പോഴും തിരുമുഖം ചായിച്ചിരിക്കുന്നു''.13

മാത്രമല്ല ഞാൻ തെററു ചെയ്യുമ്പോൾ എൻെറ പിറകെ നടന്നു് എന്നെ ഉപദേശിക്കുന്ന സ്നേഹമാണ് അപ്പൻേറതു്.

''എൻെറ അധർമ്മത്തെ കണ്ടാറെയും താൻ എന്നെ ഉപേക്ഷിക്കാതെ എൻെറ പുറകെ നടന്നു കൊണ്ടു് മകനെ! നീ പോകുന്ന വഴിയിൽ നിന്നെ കൊല്ലുവാനായിട്ടു് ശത്രു അസ്ത്രവും മൂർച്ചയിട്ടുംകൊണ്ടിരിക്കുന്നു. എൻെറ സ്വരം കേൾക്കാതെ ഈ വഴിക്കു പോയാൽ നിശ്ചയമായിട്ടും നീ നശിക്കും.''14

മേലുദ്ധരിച്ച ഏതാനും ഉദ്ധരണികളിൽ നിന്നു് ചാവറ പിതാവു് ദൈവത്തിൻെറ പക്കൽ എത്ര സ്വാതന്ത്ര്യത്തോടെ സമീപിച്ചിരുന്നുവെന്നു് മനസ്സിലാക്കാം. ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടു്. ധ്യാനസല്ലാപത്തിൽ മാത്രമാണു് ചാവറ ദൈവത്തെ 'അപ്പാ' എന്നു് വിളിക്കുന്നതു്. ആത്മാനുതാപത്തിലും മററു പ്രാർത്ഥനകളിലും 'പിതാവെ' എന്നാണു് ഉപയോഗിക്കുന്നതു്. ചില ഉദാഹരണങ്ങൾ മാത്രം.

മമ പിതാവു് നിയെ ഭാഗ്യവുമെനിക്കു് നീ
മംഗലം നീയെന്നിയെ മറെറന്തു ഗുണം നാഥാ 15
വേഗത്തിൽ വന്നീടുക, നിന്നുടെ പിതാ ഞാനെ 16
അയ്യയ്യൊ സ്നേഹ പിതാ സൃഷ്ടി നാഥനെ, മമ 17
സ്നേഹമേറിടും നാഥാ പിതാവെ തവ തിരുമുടി
ശോഭിച്ചു വിളങ്ങുന്നു.... 18

രണ്ടച്ചന്മാരുടെ വെല എന്ന ധ്യാനക്കുറിപ്പിലും അധികമായി ഉപയോഗിക്കുന്ന പദം 'പിതാവെ' എന്നാണു്.

''എന്റെ പ്രിയം നിറഞ്ഞ അപ്പാ എല്ലാവരാലും ഞാൻ കൈവിടപ്പെട്ടാലും നീ എന്നെ മറക്കുകയില്ല. അയ്യോ ദുഷ്ടനായ ഞാൻ നിന്നെ മറന്നുകൊണ്ടു പോയി എങ്കിലും എന്റെ പ്രിയമുള്ള പിതാവെ നീയിതുവരേയും എന്നെ ഉപേക്ഷിക്കാതെ പാർത്തിരിക്കുന്നു.'' 19

''അപ്പഴൊ അനുഗ്രഹമുള്ള പിതാവെ ഇതാ മൃഗം പോലെ ഞാൻ നില്ക്കുന്നു.'' 20

അഭിസംബോധനയിലുള്ള ഈ വ്യത്യാസം ചാവറ പിതാവിന്റെ പ്രാർത്ഥനാനുഭവത്തിന്റെ ആഴത്തെയാണ് സൂചിപ്പിക്കുന്നതു്. ആത്മാനുതാപം ചാവറയുടെ സാഹിത്യകൃതിയും ധ്യാനസല്ലാപങ്ങൾ അദ്ദേഹത്തിന്റെ പ്രാർത്ഥനാ രീതിയുടെ പ്രതിഫലനവുമാണ്. ധ്യാനസല്ലാപത്തിൽ ഉടനീളം ''എന്റെ അപ്പാ' 'അപ്പാ' എന്നിങ്ങനെ വിളിക്കുന്നതിന്റെ അർത്ഥം പ്രാർത്ഥനയിൽ പിതൃപുത്രബന്ധത്തിന്റെ മാധുര്യം അത്ര ആഴമായി അനുഭവിച്ചിരുന്നു എന്നാണ്. തന്നെ ആഴമായി സ്നേഹിക്കുന്ന തന്റെ കാര്യങ്ങളിൽ തല്പരനായ അപ്പന്റെ മടിയിലിരിക്കുന്ന കുഞ്ഞു് അപ്പനെ നോക്കി 'അപ്പാ' എന്നു വിളിക്കുമ്പോഴുണ്ടാകുന്ന ആനന്ദവും സന്തോഷവും ചാവറ തന്റെ പ്രാർത്ഥനയിൽ അനുഭവിച്ചിരുന്നു എന്നർത്ഥം.

## ചാവറ – ഒരു ദൈവിക മനുഷ്യൻ

ദൈവത്തെ കണ്ടുമുട്ടുന്ന മനുഷ്യൻ യഥാർത്ഥത്തിൽ ദൈവിക മനുഷ്യനായിരിക്കണം. പ്രാർത്ഥന ചാവറ പിതാവിന്റെ ജീവിതത്തെ സമഗ്രമായി മാററി; അദ്ദേഹത്തെ ആ ദൈവത്തിന്റെ മനുഷ്യനാക്കി. പ്രാർത്ഥന ദൈവാസ്വാദനമാണല്ലോ. മനുഷ്യന്റെ ഹൃദയത്തിന്റെ യഥാർത്ഥ വിഷയമായ ദൈവത്തെ അനുഭവിക്കലും ആസ്വദിക്കലുമാണ് പ്രാർത്ഥന. ഒരു 'നിധി' കണ്ടെത്തിയ മനുഷ്യന്റെ അനുഭവമാണ് പ്രാർത്ഥന. ഈ 'നിധി' കണ്ടെത്തലിന്റെ സ്വാധീനം ജീവിതത്തിൽ മുഴവൻ തെളിഞ്ഞു നിൽക്കണം.

ക്രിസ്തുവിനെ അറിയലാണ് പ്രാർത്ഥന. വെറും ബൗദ്ധികമായ അറിവല്ല; ഹൃദയത്തിന്റെ അനുഭവത്തിലൂടെയുള്ള അറിവു്. മനുഷ്യൻ ദാഹത്തിന്റെ പര്യായമാണ്; ഈ ദാഹത്തിന്റെ പശ്ചാത്തലത്തിലുള്ള അറിവു്. യോഹന്നാൻ ഈ പശ്ചാത്തലത്തിലാണ് ക്രിസ്തു ജീവന്റെ ജലമാണ്, ജീവന്റെ അപ്പമാണ്; പ്രകാശമാണ് എന്നൊക്കെ പറയു

ന്നതു്". ഈ ജലം പാനം ചെയ്യലും, പ്രകാശം' കാണലുമാണ്" പ്രാർത്ഥന.

ചാവറ പിതാവിനെ സംബന്ധിച്ചിടത്തോളം പ്രാർത്ഥന ഹൃദയത്തിൻെറ വിഷയം കണ്ടെത്തലായിരുന്നു. ആത്മാനുതാപത്തിൽ പിതാവു് പാടുന്നതു നോക്കുക.

''മമ പിതാവു് നീയെ ഭാഗ്യമെനിക്കു നീ,
മംഗലം നീയെന്നിയെ മറെറന്തുഗുണം നാഥാ-
എന്നുടെ സ്നേഹം നീയെ ഭാഗ്യവുമെനിക്കു് നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു.
ശ്വാസവുമെനിക്കു് നീ യാവന പാനം നീയെ
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ. 21

പിതാവു് ഉപയോഗിക്കുന്ന വാക്കുകൾ നമ്മുടെ ശ്രദ്ധക്കു് പ്രത്യേകം വിഷയമാകേണ്ടതാണ്. ഈശോയാണ് യാവന, പാനം, മംഗലം, ശ്വാസം തുടങ്ങിയവ. എല്ലാം ഈശോയാണ്". കന്യാസ്ത്രീകൾക്കു് എഴുതുന്ന കത്തിൽ ഈശോയാണ്" നമ്മുടെ ആനന്ദം എന്നു് വ്യക്തമായി പറയുന്നു :

''ആ! ഈശൊയുടെ സ്നേഹത്തിൻ പറച്ചിൽ. എപ്പഴം തൻെറ കൺമുമ്പിൽ ഇരിപ്പിൻ, തൻെറ അരികെ നടപ്പിൻ. തന്നോടുകൂടി എപ്പോഴം സംസാരിപ്പിൻ. യാതൊരവസ്ഥവിന്മേൽ നിനക്കു് ഇഷ്ടമൊ ആഗ്രഹമൊ അധികസന്തോഷമൊ തോന്നുംപോൾ ഈ പ്രിയം നിറഞ്ഞ കർത്താവു് നിൻെറ നേരെ തിരിഞ്ഞു് പറയുന്നു : എന്നെ നോക്കുക, എന്നെക്കായിൽ അധികം നിന്നെ സന്തോഷപ്പെടുത്തുമൊ? ഇതു് ദുഃഖമൊ ക്ലേശമൊ? എംകിൽ നീ എന്തുകൊണ്ടു് ക്ലേശിക്കുന്നു. ഞാൻ നിന്നെ സന്തോഷിപ്പിക്കും. ഇതു പോരെയോ''. 22

ഈ ആനന്ദ നിർവൃതിയിലേക്കുള്ള പ്രയാണം ഏകാന്തതയിൽ ആരംഭിക്കുന്നു. ആത്മീയ മണവാളൻ പതുക്കെ പതുക്കെ ഹൃദയാനന്ദത്തിൻെറ ഉന്നതങ്ങളിലേക്കു് നയിക്കുന്നു.

''ഏകാന്തത്തിൽ സന്തോഷമാകുമ്പോൾ ആ ആത്മാവിനെ ഏകാന്തത്തിൽ വച്ചു കാൺമാനായിട്ടു് ഈശൊമിശിഹാ എഴുന്നള്ളി ആത്മാവിനൊടൊത്തു സംസാരിച്ചു തുടങ്ങും. തുടക്കത്തിൽ ആ പെച്ചും സംസാരവും നല്ലവണ്ണം തിരിയുകയില്ല. അപ്പോൾ അത്രെ ഈ മണവാളൻ വീഞ്ഞുമുറിയിൽ കേററി കുറെ പകന്നുകൊടുക്കും. തുടക്കം അല്പം ഇതിനെ – രസിക്കുമ്പോൾ മണവാളൻെറ പേച്ചു്

തിരിഞ്ഞു തുടങ്ങും. തിരിയുന്നു എന്നു മണവാളൻ കാണുമ്പോഴും പിന്നെ നല്ലവണ്ണം തിരിച്ചു പറയും – തൻെറ സ്നേഹം എത്ര വലുതെന്നും കാണിക്കും.'' 23

ദൈവത്തെ അനുഭവിക്കുന്ന മനുഷ്യനാണ് യഥാർത്ഥ 'ജ്ഞാനി'. സങ്കീർത്തകൻ പറയുന്നു:

''അങ്ങയുടെ വചനം ചുരുള നിവർത്തുമ്പോൾ
അതു സ്വർഗ്ഗീയമായ പ്രകാശം പരത്തുകയും
ശിശുക്കളെ വിജ്ഞാനിയാക്കുകയും ചെയ്യും'' (PS. 118/17)

യഥാർത്ഥത്തിൽ വചനത്തോടുള്ള അർപ്പണമാണ് പ്രാർത്ഥന. ആ അർപ്പണം വചന ശ്രവണത്തിലും ധ്യാനത്തിലും വചനത്തെ ജീവിതത്തിൽ പ്രാവർത്തികമാക്കലിലും അടങ്ങിയിരിക്കുന്നു. സങ്കീർത്തകൻെറ ഭാഷയിൽ പ്രാർത്ഥനയിൽ വചനം ചുരുള നിവർത്തും. അതു സ്വർഗ്ഗീയമായ പ്രകാശം പരത്തും. അങ്ങനെ മനുഷ്യനെ വിജ്ഞാനിയാക്കും. അങ്ങിനെ ചുരുള നിവർത്തപ്പെട്ടതുകൊണ്ടാണ് ചാവറ പറയുന്നതു് ദൈവമാണ് എൻെറ 'യാവന', 'പാനിയം', 'ശ്വാസം' എന്നൊക്കെ.

ആ ജ്ഞാനിയും പറയും ''കർത്താവാണ് എൻെറ ഓഹരിയും, എൻെറ പാനപാത്രവും. എൻെറ ഭാഗധേയം അവിടത്തെ കരങ്ങളിലാണ്''. (PS. 16). അത്യുന്നതമാണ് തൻെറ കോട്ട (PS 91). ഈ ബോധമുള്ള മനുഷ്യൻെറ ജീവിതത്തിലെ സകല സംഭവങ്ങളും ദൈവത്തിൽ നിന്നു വരുന്നതാണ്. ധ്യാനസല്ലാപത്തിൻെറ ആരംഭത്തിൽ ചാവറപിതാവു് പറയുന്നതു് നോക്കുക.

''ദൈവം ചെയ്യിച്ചതൊക്കെയും എൻെറ വശമൊ, ഇത്രടം നീ വന്നതു് എങ്ങനെ, വീട്ടിൽ നിന്നാരു് വിളിച്ചു? പട്ടത്തിനു് എങ്ങനെ കേറി, കോവേന്തയിൽ എങ്ങനെ കൂടി. സഭ എങ്ങനെ കിട്ടി. പ്രിയോരെന്നാരു വിളിച്ചു, ഇവിടെ എങ്ങനെ വന്നു? ഇതൊന്നിനു് നിന്നെ കൊള്ളാമോ? ഇല്ലയില്ല നിശ്ചയം. അപ്പഴൊ തിരുമനസ് നടക്കും നടത്തും''.24

തൻെറ ജീവിതം മുഴുവൻ ദൈവമാണ് നയിക്കുന്നതെന്ന പൂർണ്ണബോധ്യത്തിൽ നിന്നു് ഉരുത്തിരിയുന്ന വാക്കുകളാണിവ.

ഈ 'ജ്ഞാനിക്കു' ഉറപ്പുണ്ടു് താൻ ആകാശത്തിലെ പറവകളേക്കാളും വയലിലെ ശോശന്നകളേക്കാളും വിലപ്പെട്ടതാണ്. തൻെറ തലമുടിനാരുപോലും പിതാവു് എണ്ണി വ

പ്പിരിക്കുന്നു. ആകയാൽ ജീവിതത്തിലെ പ്രശ്നങ്ങൾ വരുമ്പോൾ അവൻ സുരക്ഷിതനാണ്.

> തന്റെ തൂവൽകൊണ്ട് 'ദൈവം നിന്നെ മറച്ചുകൊള്ളും
> ചിറകുകളുടെ കീഴിൽ നിന്നെ കാത്തുകൊള്ളും. (PS.91)

എന്ന സങ്കീർത്തകന്റെ സുരക്ഷിത ബോധം ഉണ്ട് ഈ വ്യക്തിക്ക്. മാന്നാനത്തു കെട്ടിടപ്പണിക്ക് കാശില്ലാതെ വന്ന അവസരത്തിൽ കുർബ്ബാനയുടെ മുമ്പിൽ ശാന്തമായി പ്രാർത്ഥിക്കുന്ന ചാവറയുടെ ചിത്രവും[25] 18 രൂപാകൊണ്ട് കൂനമ്മാവ് മഠം പണിയാൻ ആരംഭിച്ച ചാവറയുടെ ചിത്രവും[26] ഈ മനോഭാവമാണ് നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്.

## അങ്ങയുടെ തിരുമനസ്സ് നിറവേറട്ടെ

ഗദ്സേമൻ തോട്ടത്തിൽ കർത്താവ് പ്രാർത്ഥിച്ചതു ദൈവത്തിന്റെ ഇഷ്ടം തന്നിൽ നിറവേറട്ടെയെന്നാണ്; എന്റെ ഇഷ്ടമല്ല അങ്ങയുടെ ഇഷ്ടം നിറവേറട്ടെ. 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന മനോഹര പ്രാർത്ഥനയിലും അങ്ങനെതന്നെ പ്രാർത്ഥിക്കുവാനാണ് കർത്താവ് പഠിപ്പിച്ചതു്. 'അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെന്നതുപോലെ ഭൂമിയിലുമാകണം.'' ദൈവവുമായി ഒന്നിക്കുന്നവന്റെ മനോഭാവം ഇതായിരിക്കും: ദൈവത്തിന്റെ ഇഷ്ടം തന്നിൽ നിറവേറണം. കാരണം നമ്മെ സ്നേഹിക്കുന്ന ദൈവത്തിന് നമ്മെപ്പററിയുള്ള മനസ്സായിരിക്കും നമുക്കേററം നല്ലതു്. നേരം വെളുക്കെ ചാവറ പിതാവ് പ്രാർത്ഥിക്കുന്നതു നോക്കുക. ഈ മനോഭാവം ആഴത്തിൽ ഉൾക്കൊണ്ട പ്രാർത്ഥനയാണിതു്.

> ''വിരോധമായിട്ടുള്ള കാര്യങ്ങളിൽ നിന്റെ തിരുമന:സിനെ ഒപ്പിപ്പാനും എത്രയും മേൽപ്പെട്ടതും നെറിവുള്ളതും സ്നേഹിക്കപ്പെട്ടതുമായ തമ്പുരാന്റെ തിരുമന:സ് എല്ലാപ്പഴും സ്നേഹിക്കപ്പെട്ടതും പുകഴ്ത്തപ്പെട്ടതും ആയിരിക്കട്ടെ .എന്നു എപ്പഴും ചൊല്ലുവാൻ ഉറച്ചു നിശ്ചയിച്ചിരിക്കുന്നേൻ''[27]

പിതാവ് പറയുന്ന വാക്കുകൾ ശ്രദ്ധേയമാണ്. ദൈവതിരുമനസ്സിന് നമ്മുടെ മന:സിനെ 'ഒപ്പിക്കണം'. ഈ ആശയം ഇതിലും മനോഹരമായി ''രണ്ടച്ചന്മാരുടെ വെല എന്നതിന്മേൽ'' എന്ന ധ്യാനക്കുറിപ്പിൽ പറയുന്നുണ്ട്. ഇവിടെ ചാവറ ഒരു മൃഗത്തിന്റെ ഉപമയാണെടുക്കുന്നത്. ഇതാ ഞാൻ മൃഗം പോലെ നില്ക്കുന്നു. എന്നെ നിന്റെ ഇഷ്ടംപോലെ നടത്തിക്കണമെ എന്നു പ്രാർത്ഥിക്കുന്നു.

''അപ്പഴൊ അനുഗ്രഹമുള്ള പിതാവേ ഇതാ മൃഗം പോലെ ഞാൻ നില്ക്കുന്നു. നിന്റെ തിരുമനസു പോലെ എവിടേക്കു നടത്തണമൊ എന്തുചെയ്യണമൊ എങ്ങനെ ചെയ്യണമൊ കർത്താവേ നീ തന്നെ എന്നെക്കൊണ്ട് ചെയ്യിക്കണമെന്നും അപേക്ഷിക്കുന്നു. നിന്റെ തിരുമനസ്സിന്ന് എന്റെ മനസിനെ കീഴ്പ്പെടുത്തി ഏല്പിച്ചിരിക്കുന്നു. കർത്താവേ നിന്റെ തിരുമനസ്സ് എന്താണതുതന്നെ അടിയന്റെ ഭാഗ്യം.''28 ഈ ആശയംതന്നെ ധ്യാനസല്ലാപത്തിൽ ചാവറ പ്രാർത്ഥിക്കുന്നു. ''എന്റെ ഇഷ്ടമൊക്കെയും ഉപേക്ഷിച്ച് എന്നെ നിനക്കു മുഴുവൻ ഞാൻ കയ്യാളിക്കുന്നു.''29

## ദൈവത്തിന്റെ 'കണ്ണോട്' കൂടി ലോകത്തെ നോക്കുന്നു

ആത്മാനുതാപത്തിൽ ചാവറ പിതാവ് ഒരു ദ്രവ്യസ്ഥന്റെ കഥ വിവരിക്കുന്നുണ്ട്. വളരെ ആലങ്കാരികമായ വിവരണമാണത്.

ബുദ്ധിമാനിവൻ ബഹു ശക്തിമാൻ സമർത്ഥൻ
മബ്ധിയിൽ മണലുപോൽ വിത്തസമ്പത്തുണ്ട്
വാക്കുകൾ പറയുമ്പോൾ ചേർച്ചയായ്ത്തോന്നിടുന്നു.
പാക്കുവെററിലകളാൽ ചുവക്കും ചുണ്ടുകളും30

ഇങ്ങനെയുള്ള ഇവൻ

ഒരു നാളിൽ വടിയും കൈയിലേന്തി
വരുമാററും കണ്ടു സൂക്ഷിക്കും ബഹു ജനം
ഓഃഹോയിദേഹമേതന്നാശങ്ക തോന്നുന്നല്ലോ

ഇങ്ങനെയുള്ള സംഭവങ്ങൾ നമ്മുടെ ചുററും നടക്കുന്നതാണ്. അതൊന്നും നമുക്ക് 'മഹാ' കാഴ്ചകളല്ല. ചാവറ പിതാവിന് ഇതു 'മഹാ' കാഴ്ചയാണ്. കാരണം അദ്ദേഹത്തിന് അതിന് പ്രത്യേകമായൊരു കണ്ണുണ്ട്. അടുത്ത വരികളിൽ പിതാവ് പാടുകയാണ് ഇത്തരം 'മഹാ' കാഴ്ചകൾ കാണാനും അതിനാൽ നിന്നെ ആരാധിക്കാനും നീയെനിക്കു കണ്ണു തന്നു. പ്രാർത്ഥനയിൽ ലഭിക്കുന്ന ഉൾക്കാഴ്ചയാണത്.

ഇതുപോലെയുള്ള മഹാകാഴ്ചയെ സൂക്ഷിപ്പാനു-
മതിനാൽത്തന്നെ നിന്നെ സേവിച്ചാരാധിപ്പാനും
കണ്ണുകളെനിക്കു നീ തന്നല്ലോ സർവേശ്വരാ 31

മനുഷ്യന് ദൈവം നല്കുന്ന ഈ ഉൾക്കാഴ്ചയിലൂടെ ജീവിതത്തെ മുഴുവൻ പ്രാർത്ഥനയാക്കുകയാണ്. ജീവിതംതന്നെ പ്രാർത്ഥനയാകുന്നു. പ്രാർത്ഥനാമുറിയിലും, നിശ്ചിത സമയങ്ങളിലും ഒതുങ്ങിനിന്നതായിരുന്നില്ല ചാവറയുടെ പ്രാർത്ഥന. അതു ജീവിതത്തെയും ജീവിതാഭിമുഖ്യങ്ങളെയും സമഗ്രമായി സ്പർശിച്ചു.

ഫ്രാൻസീസ് അസ്സീസിയെപ്പോലെ പ്രകൃതിയിൽ നിന്ന് ദൈവത്തിന്റെ പക്കലേക്കുയരാൻ ചാവറയ്ക്കു സാധിച്ചിരുന്നു. ആത്മാനുതാപത്തിലെ ഏതാനും വരികൾ ഇതു വ്യക്തമാക്കുന്നു.

''ആകാശ ഗമനവു മാദിത്യ ചന്ദ്രന്മാരും
പ്രകാശഗ്രഹങ്ങളും നക്ഷത്ര കൂട്ടങ്ങളും
ഭൂമിയിൽ മുളച്ചുള്ള പുല്ലുപുഷ്പാദികളും
ഭൂതലം സമസ്തവും സൂക്ഷിച്ചുനോക്കിക്കൊണ്ട്
ഇതൊക്കെ സൃഷ്ടിച്ചതിനെന്തു കാരണമെന്നു
മതിനെക്കണ്ട് നിന്റെ മഹിമ ഗ്രഹിപ്പാനു
മിപ്പോലെയുള്ള ഭാഗ്യമിലോകെ വച്ചുവെങ്കി
ലപ്പരലോകെയുള്ള ഭാഗ്യങ്ങളെത്രചിത്രം
എന്നിതൊക്കെയും കണ്ടുഗ്രഹിപ്പാൻ കണ്ണുതന്നു''[32]

പ്രകൃതിയിലൂടെയും അനുദിന സംഭവങ്ങളിലൂടെയും ദൈവത്തിന്റെ പക്കലേക്കു നിരന്തരം ഉയരുന്ന ഒരു ദൈവിക മനുഷ്യന്റെ — ജ്ഞാനിയുടെ — ചിത്രമാണ് ഈ വരികളിൽ നാം കാണുന്നത്.

റൂഹാദക്കുദശയാൽ നിറഞ്ഞ മനുഷ്യൻ എന്നാണ് സമകാലീനർ ചാവറയെ വിളിച്ചിരുന്നത് ''തന്റെ സന്ന്യാസികളെ വിശേഷ പുണ്യമാതൃകയാലും ഉയിരുള്ള വിശ്വാസത്താലും, ധ്യാനത്തിന്റെയും സൽഭക്തിയുടെയും അരൂപിയാലും ഇടവിടാതുള്ള വേലകളെ ചെയ്തുകൊണ്ടും പഠിപ്പിച്ചുകൊണ്ട്''[33] നടന്നവനാണ് നമ്മുടെ പിതാവ്. പിതാവ് എങ്ങനെയാണ് ധ്യാനിച്ചിരുന്നത്, എങ്ങനെ ആ പ്രാർത്ഥന ജീവിതത്തെ സ്വാധീനിച്ചു എന്ന് അല്പമായി കാണുകയായിരുന്നു ഈ ലേഖനത്തിൽ. പിതാവിനെ അല്പമെങ്കിലും കൂടുതൽ മനസ്സിലാക്കാൻ ഈ ലേഖനംവഴി സാധിച്ചാൽ അതുതന്നെ വലിയ നേട്ടമായി ഞാൻ കരുതുന്നു.

## അടിക്കുറിപ്പുകൾ

1. സമ്പൂണ്ണകൃതികൾ, വാല്യം III P. 14, 15.
2. Ibid. P. 16
3. P. 18
4. Ibid. P. 16
5. Ibid. P. 17, 18
6. Ibid. P. 17
7. Ibid. P. 16
8. Ibid. P. 17
9. Ibid. P. 17
10. Ibid. P. 17
11. Ibid. P. 17
12. Ibid. P. 26
13. Ibid. P. 37
14. Ibid. P. 37
15, സമ്പൂണ്ണകൃതികൾ വാല്യം 2, ആത്മാനുതാപം II/140 P. 10
16. Ibid. VII/280 P, 55
17. Ibid. VII/836 P. 56
18. Ibid. VIII/68 P. 67
19. സമ്പൂണ്ണകൃതികൾ വാല്യം 3, രണ്ടച്ചന്മാരുടെ വെല P. 63
20. Ibid. P. 64
21. സമ്പൂണ്ണകൃതികൾ വാല്യം 2, II/144 P. 10
22. സമ്പൂർണ്ണകൃതികൾ വാല്യം 4 P. 114
23. Ibid. P. 114
24. സമ്പൂർണ്ണകൃതികൾ, വാല്യം 3 ധ്യാന സല്ലാപങ്ങൾ P. 13
25. Valerian Fr. മലങ്കരസഭയുടെ വീരസന്താനം P. 250
26. Ibid. P. 216
27. സമ്പൂർണ്ണകൃതികൾ വാല്യം 3, ഉഷർകാലജപം, P. 70
28. സമ്പൂർണ്ണകൃതികൾ വാല്യം 3,
    രണ്ടച്ചന്മാരുടെ വെല എന്നതിൻമേൽ P. 64
29. Idid. ധ്യാനസല്ലാപങ്ങൾ P. 21
30. Idid. Vol. 2 ആത്മാനുതാപം 11/324. P. 15
31. Idid. 11/340 P. 16
32. Idid. 11/292, 296 P. 14
33. Valerian P.233

## V

# ചാവറയച്ചന്റെ ദൈവാനുഭവം

**സെബാസ്ററ്യൻ മൊളോപ്പറമ്പിൽ**

[ഭാരതസംസ്കാര ശൈലിയിൽ ഒരു മുനിവര്യനായിരുന്നു ചാവറയച്ചൻ. യൗവ്വനത്തിന്റെ ചോരത്തിളപ്പോടെ തപസ്സുചെയ്യണമെന്ന തീവ്രാഭിലാഷവുമായി രംഗപ്രവേശം ചെയ്ത അദ്ദേഹം, ദൈവികാനുഭവത്തിന്റെ ഉള്ളറകളും കണ്ടെത്തിയ മിസ്റ്റിക് ആയിരുന്നു]

സർവ്വവും കീഴടക്കുവാനുള്ള അദമ്യമായ അഭിനിവേശവുമായി ഇരുകൈകളും ചുരുട്ടിപ്പിടിച്ച് സമൂഹത്തിലേയ്ക്കു പിറന്നുവീഴുന്ന ഓരോ പിഞ്ചുപൈതലും 'പിള്ളത്തൊട്ടിൽ മുതൽ ശ്മശാനംവരെ' ജീവിത യാഥാർത്ഥ്യങ്ങളുമായി സംഘട്ടനത്തിലേർപ്പെടുന്ന ഒരു ദൃശ്യമാണ് ഇന്നു ലോകത്തെങ്ങും കാണുവാൻ സാധിക്കുന്നത്. ഓരോ മനുഷ്യവ്യക്തിയും സമൂഹത്തിൽനിന്നാർജ്ജിച്ചെടുത്ത തനതായ വ്യക്തിത്വമനുസരിച്ച് വിഭിന്നമായ വിധത്തിലാണ് യാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെടുന്നതെന്നുമാത്രം. ചിലർ തങ്ങളുടെ മുമ്പിൽ നീണ്ടുനിവർന്നുകിടക്കുന്ന ജീവിത വൈതരണികളെ കണ്ടു ഭയന്ന് ജീവിതം അവസാനിപ്പിക്കുകയോ, അല്ലെങ്കിൽ "ജനിച്ചുപോയി" അതുകൊണ്ട് എങ്ങിനെയെങ്കിലും ജീവിച്ചുകളയാമെന്നു വിചാരിച്ച് മൃഗതുല്യരായി അധഃപതിക്കുകയോ, അതുമല്ലെങ്കിൽ അനന്ത സത്യത്തെ കണ്ടെത്തുക എന്ന ജീവിതശാസ്ത്രവുമായി ബാഹ്യമായ അറിവിന്റെ ഉന്നത ശ്രേണികളിലേയ്ക്കു ഉയരുകയോ ചെയ്യുവെന്ന് വന്നേക്കാം. മററു ചിലരാകട്ടെ, 'സർവ്വവും മിഥ്യ' എന്ന മായാലോകം കെട്ടിപ്പടുത്ത് ഭൂമുഖത്തുനിന്നു അപ്രത്യക്ഷമാവുകയോ, അല്ലെങ്കിൽ, "ജീവിതം ആസ്വദിക്കാൻ" എന്നുള്ള തത്വശാസ്ത്രവുമായി

സമൂഹത്തെ ഞെക്കിപ്പിഴിഞ്ഞു് കടന്നുപോകുകയോ ചെയ്തു വെന്നു വന്നേക്കാം. എന്നാൽ വേറെ ചിലരുണ്ടു്, ദൈവിക രഹസ്യങ്ങളുടെ ഉള്ളറകളിലേയ്ക്കു പ്രയാണം ചെയ്തു് അനന്ത സത്തയെ കരഗതമാക്കി, ആനന്ദ നിർവൃതിയിൽ ലയിച്ച് ഭൂമിയിൽ ദൈവിക സായൂജ്യം കണ്ടെത്തുന്നവർ. അവരാണ് യഥാർത്ഥ ദൈവിക മനുഷ്യർ. അവരിലാണു് സ്വർഗ്ഗവും ഭൂമിയും ആനന്ദം കണ്ടെത്തുന്നതു്. ഇതുപോലെ ദൈവത്തെ അറിഞ്ഞു്, അനുഭവിച്ചു ജീവിതം ധന്യമാക്കിത്തീർത്ത ഒരു മുനിവര്യനാണു് വന്ദ്യനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. നശ്വരമായ ഈ ലോകത്തിൽ അനശ്വര തയെ പുല്കി, മനുഷ്യമനസ്സുകളിൽ അനശ്വരനായി ഇന്നും ജീവിക്കുന്ന വന്ദ്യനായ ചാവറയച്ചൻ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഇതളുകളിൽ എന്നും വര്‍ണ്ണദീപ്തി പരത്തി ക്കൊണ്ടു പരിലസിക്കുന്ന ഒരു മോഹന സൂനമാണു്. അദ്ദേ ഹത്തെ അനുഗ്രഹീതനായി പ്രഖ്യാപിക്കുന്ന സുന്ദര സുദിനം ഭാരതമക്കൾ കാത്തിരിക്കുന്ന ഈ സുവര്‍ണ്ണാവസരത്തിൽ ചാവറയച്ചനിലെ ദൈവിക തേജസ്സിലേയ്ക്കു് – അദ്ദേഹ ത്തിന്റെ ആദ്ധ്യാത്മിക ശാസ്ത്രത്തിലേയ്ക്കു നമുക്കൊന്നു കടന്നു ചെല്ലാം.

മനുഷ്യമനസ്സിന്റെ അന്തഃപുരങ്ങളിൽ ഇടിയും കൊ ള്ളിയാനും പായിച്ചുകൊണ്ടു പല ക്രിസ്തീയ മിസ്റ്റിക്കുകളും ജീവിതത്തിന്റെ ചക്രവാളപ്പരപ്പുകളിൽ ഉദിച്ചുയരുകയും വളന്നു വിലസുകയും ചെയ്തിട്ടുള്ളതായി ലോകചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ടു്. പക്ഷെ അവരുടെ മിസ്റ്റിക് അനുഭവങ്ങൾ പലപ്പോഴും അവരോടൊന്നിച്ചു സംസ്കരിക്ക പ്പെടുകയും അഴിഞ്ഞു് നാമാവശേഷമാക്കപ്പെടുകയുമാണു ചെയ്തിട്ടുള്ളതു്. എന്നാൽ ദൈവികമേഖലയുടെ ഉത്തുംഗ സോപാനങ്ങളിലേയ്ക്കു് അടിവച്ചു കയറിപ്പോയ ചാവറയച്ച നോ, അമ്മത്രേസ്യായോ നാമാവശേഷമായ മിസ്റ്റിക് അനുഭ വങ്ങളുടെ വക്താക്കളല്ല. ദൈവം സ്നേഹത്തിന്റെ ഉത്ഭവ സ്ഥാനമാണു്. സ്നേഹവും വാത്സല്യവും മനുഷ്യമനസ്സുകളി ലേയ്ക്കു നിർലോഭം വാരിക്കോരി ചൊരിയുന്ന ആ നല്ല പിതാവിനെ ''എന്റെ പ്രിയ അപ്പാ'' എന്നു ഹൃദയത്തിൽ നിറഞ്ഞു തുളമ്പി നിന്ന സ്നേഹത്തിന്റേയും നന്ദിയുടേയും ഭക്തിപാരവശ്യത്തിന്റേയും പ്രതീകമായി ആത്മാർത്ഥമായി ഉരുവിടുവാൻ ആ ദൈവിക മനുഷ്യനു സാധിച്ചു.

ജീവചൈതന്യം തുടിക്കുന്ന ഈ സൃഷ്ടപ്രപഞ്ചത്തിലൂ ടെ, നാഥനെ തേടിയുള്ള ചാവറയച്ചന്റെ യാത്രയിൽ പല പ്രാപഞ്ചിക മേഖലകളിലും ചെന്നെത്താനും ദൈവാനുഭവം

ആകരാനും അദ്ദേഹം വെമ്പൽ കൊള്ളുന്നതായി കാണാം. ചാവറയച്ചന്റെ ദൈവാനുഭവത്തെ അഞ്ച് ഘട്ടങ്ങളായി നമുക്ക് തിരിക്കുവാൻ സാധിക്കും. ഇതിൽ അഞ്ചാമത്തെ ഘട്ടത്തിലാണ് ദൈവാനുഭവം അതിന്റെ പരിപൂർത്തിയിൽ ലഭിക്കുന്നത്. വന്ദ്യനായ ചാവറയച്ചനെ ദൈവികതയുടെ നിഗൂഢ രഹസ്യങ്ങളിലേയ്ക്കു പറിച്ചു നട്ട ആത്മീയ ശ്രോതസ്സുകളെന്തൊക്കെയായിരുന്നുവെന്നു നമുക്ക് ഒന്ന് പരിശോധിച്ചുനോക്കാം.

## ചാവറയച്ചൻ – ഒരു മുനിവര്യൻ (ഒന്നാം ഘട്ടം)

സാധാരണയായി മുനിയെന്നും, ഋഷിയെന്നും മഹർഷിയെന്നുമൊക്കെ കേൾക്കുമ്പോൾ ശുഭ്രവസ്ത്രമുടുത്ത്, ഭസ്മാദികൾ പൂശി, പത്മാസനത്തിലിരുന്ന്, ധ്യാനനിർലീനനായി തപസ്സുചെയ്യുന്ന ദൈവിക മനുഷ്യനാണ് നമ്മുടെ ശ്രദ്ധയിലേയ്ക്കു കടന്നു വരുക. വന്ദ്യനായ ചാവറയച്ചൻ അനന്തനും അപരിമേയനുമായ ദൈവത്തിന്റെ സവിധേയിരുന്ന്, ആദ്ധ്യാത്മികതയുടെ ദിവ്യസ്രോതസ്സിൽനിന്നും ആവോളം പാനം ചെയ്ത ഒരു മുനിവര്യനായിരുന്നു. മാതാപിതാക്കളും ഏകസഹോദരനും അകാലത്തിൽ മരണമടഞ്ഞപ്പോഴും സഹോദരപുത്രിയുടെ സംരക്ഷണമടക്കം കുടുംബകാര്യങ്ങളുടെ ചുമതല തന്റെമേൽ നിപതിച്ചപ്പോഴും, സെമിനാരിവിട്ട് വീട്ടിലെത്തുവാൻ എല്ലാ വശത്തുനിന്നും നിർബ്ബന്ധങ്ങളും അനുശാസനകളും ഉണ്ടായപ്പോഴും സ്രഷ്ടാവിന്റെ പാദാന്തികത്തിൽ തന്നെത്തന്നെ എടുത്തുവയ്ക്കുവാൻ ചാവറയച്ചനെ പ്രേരിപ്പിച്ച ദിവ്യശക്തിയും ഇതുതന്നെയാണ്.

ബാല്യത്തിന്റെ ചപലത നിറഞ്ഞ ഘട്ടങ്ങളിൽപോലും ചാവറയച്ചന്റെ ദൈവാനുഭവത്തിനു വേണ്ടിയുള്ള ദാഹം കൊടുമ്പിരിക്കൊള്ളുന്നതായി അദ്ദേഹംതന്നെ പിന്നീട് എഴുതിയിട്ടുള്ള കൃതികളിൽ സമ്യക്കായി പ്രതിപാദിച്ചിട്ടുണ്ട്. "ശിശുവായിരുന്നപ്പോൾ താൻ തന്റെ പ്രിയപ്പെട്ട മാതാവിന്റെ കാല്ക്കലിരുന്നു ഭക്ഷണ പദാർത്ഥങ്ങൾ രുചിച്ചറിഞ്ഞതോടൊപ്പം. സ്നേഹവാത്സല്യങ്ങൾ ചൊരിയുന്ന ദൈവത്തേയും സമാധാനം രുചിച്ചറിഞ്ഞതായും, ശാന്തത തളംകെട്ടി നില്ക്കുന്ന പാതിരാവിന്റെ നിശബ്ദതയിൽ തന്റെ പ്രിയ മാതാവ് മുട്ടുകുത്തി നമസ്കാരങ്ങൾ ചൊല്ലുമ്പോൾ ഉറങ്ങിക്കിടന്നിരുന്ന താനും, ഏതോ ഒരു ആത്മീയ പ്രേരണയാൽ മുട്ടിന്മേൽ വീണുപോയിട്ടുള്ളതായും" ആത്മാനുതാപത്തിന്റെ ആദ്യഭാഗങ്ങളിൽ അദ്ദേഹംതന്നെ വിവരിക്കുന്നുണ്ട്. 'പ്രപഞ്ചത്തെ മുഴുവൻ പാലിപ്പിക്കുന്ന ജഗദീശ്വരാ ഞങ്ങളെ രക്ഷിക്കണമെ; പാരി

തിന്റെ പുഷ്പമായ അങ്ങേ മുമ്പിൽ ഞങ്ങൾ കുമ്പിട്ട് ആത്മഗാനങ്ങൾ ആലപിക്കട്ടെ' എന്നിങ്ങനെയുള്ള പ്രാർത്ഥനകൾ മനനം ചെയ്ത്, സുഖസുഷുപ്തിയിൽ ലയിച്ചു പോകുന്ന ഒരു മുനികുമാരനെയാണ് കുഞ്ഞു ചാവറയിൽ നമുക്കു ദർശിക്കുവാൻ സാധിക്കുക. അങ്ങനെ ഏതു വിധത്തിലെങ്കിലും ദൈവത്തെ അനുഭവിക്കുക, ആസ്വദിക്കുക എന്നുള്ള തീവ്രാഭിലാഷമാണ് ചാവറയച്ചന്റെ ദൈവാനുഭവത്തിലേയ്ക്കുള്ള വാതിലെന്ന് നമുക്കു മനസ്സിലാക്കുവാൻ സാധിക്കും.

**അനുതാപം** (രണ്ടാം ഘട്ടം)

സത്യസൗന്ദര്യങ്ങളുടെ പൂർണ്ണിമയിലെത്താൻ, അനശ്വര ജീവന്റെ അനന്തസ്രോതസ്സിലലിയാൻ കച്ചകെട്ടി പുറപ്പെടുന്ന ആത്മാവ് സ്വന്തം അയോഗ്യതകളെക്കുറിച്ചു ബോധവാനായി വിലപിക്കുന്നതാണ് രണ്ടാം ഘട്ടം. ഇവിടെ. പ്രപഞ്ച സൃഷ്ടികളുടെ ഇടയിൽ ഇരിക്കുന്ന മനുഷ്യൻ സ്വന്തം അയോഗ്യതകളെക്കുറിച്ചോർത്തുകൊണ്ട് ഹൃദയം പിളക്കെ കേഴുകയാണ്, തന്റെ തെററുകൾ പൊറുക്കണമെ എന്ന്. പരിപാവനമായ ഒരു ഹൃദയത്തിന്റെ ഉടമയായിരുന്നിട്ടും താൻ ദൈവാനുഭവം നുകരാൻ അയോഗ്യനാണെന്നുള്ള ചിന്ത ആ താപസന്റെ ഹൃദയത്തിൽ നിറഞ്ഞു നില്ക്കുന്നതായി കാണാം. മനുഷ്യമനസ്സുകൾക്ക് എത്തിപ്പിടിക്കുവാൻ എളുപ്പമല്ലാത്ത ധാരാളമായ നന്മകൾക്കോ പുണ്യങ്ങൾക്കോ, സർവ്വേശ്വരനെ ധ്യാനിക്കുന്നതിനു തന്നെയോ തനിക്ക് യോഗ്യതയില്ലായെന്ന് അദ്ദേഹം വിളിച്ചോതുകയാണ്.

തന്റെ ആത്മമണവാളനായ ഈശോയോടൊന്നിച്ചിരുന്നു, സ്നേഹിതനോടെന്നപോലെ സംസാരിക്കുന്നതിനു്, പാപം ഒരു മാർഗ്ഗഭ്രംശിയാണെന്ന് അദ്ദേഹം ഏററുപറയുന്നു. 'പാപം ഉള്ള ഹൃദയത്തോടു ദൈവം ചേരുകയില്ലാത്തതിനാൽ പാപപ്പൊറുതി അപേക്ഷിക്കുന്നതാണ് കരണീയമായിട്ടുള്ളതെന്ന്'' ആത്മദൃഷ്ടിയാൽ ചാവറയച്ചൻ ദർശനം ചെയ്യുന്നു. അതിനാൽ ആദ്ധ്യാത്മിക സ്രോതസ്സുകളിലേക്ക് നടന്നടുക്കുവാൻ ആഗ്രഹിക്കുന്ന ഓരോ വ്യക്തിയും തങ്ങളുടെ അയോഗ്യതകളെക്കുറിച്ച് ഓർത്തുകൊണ്ട് ദുഃഖിച്ചുകരയുവാനാണ് ചാവറയച്ചൻ ആവശ്യപ്പെടുന്നതെന്ന് വ്യക്തമാണ്. അങ്ങനെ അനുതപിച്ച ഒരു ഹൃദയത്തോടെ തിരുസ്സന്നിധിയിൽ ഇരിക്കുമ്പോൾ മാത്രമേ ശരിയായി പ്രാർത്ഥിക്കുവാൻ സാധിക്കുകയുള്ളു.

''മാമ്മോദീസായിൽ ലഭിച്ച പ്രസാദവരം ഒരിക്കലും കളങ്കപ്പെടുത്തിയില്ല'' എന്നു മരണാവസരത്തിൽ പ്രഖ്യാപിച്ച ചാവറയച്ചനിൽ എന്തിനീ പാപബോധം? എന്തിനീ മന

സ്വരൂപം? നമുക്കിതു മനസ്സിലാകണമെങ്കിൽ ചാവറയച്ചന്റെ ഇതുപോലുള്ള നിഷ്കളങ്കതയും വിനീതഭാവവും വേണം. നിസ്സാര പാപങ്ങളും വിശുദ്ധരെ വേദനിപ്പിക്കുന്നു. തന്റെ അപൂർണ്ണതകളെക്കുറിച്ചും നഷ്ടപ്പെടുത്തുന്ന പുണ്യപ്രവൃത്തികളെക്കുറിച്ചുമുള്ള ബോധ്യമാണ് അവരിൽ മനഃദുഖം (Compunction of heart) ഉളവാക്കുക.

ചാവറയച്ചൻ സന്ന്യാസികൾക്കുള്ള കത്തിൽ (P. 94) പറയുന്നു: ''ഈ നടപ്പിനു പോയാൽ ഇരുപതു വർഷത്തിനകം കൊവേന്തകൾ ഉണ്ടാകയില്ല. കൊവേന്തകളുടെ ഉറപ്പ് ചുവരുകളുടെ കനമല്ല, അതിൽ പാർക്കുന്നവരുടെ എരിവും പുണ്യവുമായിരിക്കുന്നു''. സഭ സ്ഥാപിച്ചുടനെ സഭാസ്ഥാപകൻ ഇങ്ങനെ ഒരു പരാമർശം നടത്താൻ കാരണം, സഹസന്ന്യാസികളുടെ മന്ദത ആയിരിക്കയില്ല. നിസ്സാര കാര്യങ്ങൾകൂടി പുണ്യപരിപൂർത്തിയിൽ ചെയ്യുവാനാഗ്രഹിച്ച ഒരു വിശുദ്ധ മനസ്സാണ്.

''നിന്നുടെ പുത്രസ്ഥാനം നശിപ്പിച്ചതും ദുഃഖം
എന്നതില്പരം ദുഃഖം പിശാചിൻ ദാസനായി''

സർവ്വനന്മ സ്വരൂപനായ ദൈവത്തോടു തട്ടിച്ചു നോക്കുമ്പോൾ, താൻ നിസ്സാരനാണ് എന്ന ചിന്തയിൽ നിന്നാണ് ചാവറയച്ചന്റെ പാപ ബോധം, പശ്ചാത്താപം, വിനയം, ആത്മസമർപ്പണം ഇവയൊക്കെ ഉടലെടുത്തതു്. ഈ പാപബോധം അദ്ദേഹത്തെ നിരാശനാക്കുകയല്ല, ഉപരി ദൈവാശ്രയത്തിലേക്കു നയിക്കുകയാണ് ചെയ്തതു്.

''നിന്നുടെ തിരുകരം നീട്ടി നിൻ തിരു വാഴ്‌വു
തന്നീടേണമേ, മമപാപവും പോക്കിടേണം
പാർക്കണം അടിയൻമേൽ തീർക്കണം മമക്ലേശം
കാക്കണമെന്നെയും നീചേർക്കണം തിരുമുമ്പിൽ''

## മധ്യസ്ഥ പ്രാർത്ഥന (മൂന്നാംഘട്ടം)

ദൈവാനുഭവത്തിന്റെ അടുത്ത പടിയിലേയ്ക്ക് പ്രവേശിക്കുവാൻ വെമ്പുന്ന ആത്മാവ് സകല വിശുദ്ധരുടേയും നാമം വിളിച്ച് പ്രാർത്ഥിക്കുന്നതാണ് മൂന്നാം ഘട്ടം. ഇവിടെ താൻ അയോഗ്യനാണെങ്കിലും, തനിക്ക് ദൈവം നല്കിയ വിവിധങ്ങളായ ദാനങ്ങളെ അനുസ്മരിക്കുമ്പോൾ, ഈ അയോഗ്യതകൂടി താൻ അപേക്ഷിച്ചാൽ മാററിത്തരുമെന്ന ഉറച്ച വിശ്വാസം സൃഷ്ടിയായ മനുഷ്യനിൽ നാമ്പെടുക്കുന്നു. ആയതിനാൽ, ആദ്ധ്യാത്മിക വിജ്ഞാനത്തിന്റെ നിറകുടമായ വി. അമ്മത്രേസ്യായുടെ മാദ്ധ്യസ്ഥം, ആദ്ധ്യാത്മികശിശുത്വം കൈവരി

ച്ച ഒരു കൊച്ചു കുഞ്ഞിനെപോലെ ചാവറയച്ചൻ ചോദിക്കുകയാണ്. ''മാംസത്തള്ള''മാരേക്കാരം അധികമായി തന്നെ സ്നേഹിക്കുന്ന, ധ്യാനത്തിൻെറ ഗുരുനാഥ കൂടിയായ വി. അമ്മത്രേസ്യായോട്, എന്തു് ചോദിച്ചാലും അവയെല്ലാം തനിക്കായി ചോദിച്ചു വാങ്ങിത്തരുമെന്നു് ചാവറയച്ചൻ ഉറച്ചു വിശ്വസിക്കുന്നു. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ, ആദ്ധ്യാത്മിക ഗ്രന്ഥങ്ങളുടെ നെടുംതൂണായി വിളങ്ങുന്ന അമ്മത്രേസ്യായുടെ ആഭ്യന്തര ഹർമ്മ്യം (Interior Castle) എന്ന മിസ്റ്റിക് ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്ന ആദ്ധ്യാത്മികാനുഭവങ്ങൾ തൻെറ ഹൃദയത്തിലും കോരിനിറച്ച് തൻെറ ജീവിതത്തെ അനശ്വരമാക്കണമെന്നാണ് ചാവറയച്ചൻ താണുവീണ് അപേക്ഷിക്കുന്നതു്.

അപരിമേയനായ ദൈവത്തിൻെറ മുമ്പിൽ താൻ വെറുമൊരു പുഴുവാണ് എന്നു് ഏററു പറഞ്ഞുകൊണ്ട് സകല വിശുദ്ധാത്മാക്കളുടേയും നാമം വിളിച്ചു കേഴുന്ന ചാവറയച്ചനിൽ ദൈവാനുഭവത്തിനായുള്ള അദമ്യമായ അഭിനിവേശത്തിൻെറ മധ്യഭാഗങ്ങൾ നാം ദർശിക്കുന്നു. മനുഷ്യരുടെ സ്നേഹിതനും ഗുരുവുമായ ഈശോയുടെ മുറിയിൽ കടന്നു്, പ. മാതാവിൻേറയും യൗസേപ്പിതാവിൻേറയും മദ്ധ്യത്തിലിരിക്കുന്ന ദിവ്യഗുരുനാഥനോട്, മണ്ണിലൂടെ ഇഴഞ്ഞു നടക്കുന്ന ഒരു പുഴുവായ തനിക്കു് വേണ്ടി തൻെറ പ്രിയ അമ്മ (അമ്മ ത്രേസ്യ) മുട്ടിന്മേൽ നിന്നുകൊണ്ട് ദൈവാനുഭവം സിദ്ധിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുന്നതിലാണ് ദൈവാനുഭവത്തിൻെറ മൂന്നാംഘട്ടം പരിപൂർത്തിയെ പ്രാപിക്കുന്നതു്. ഈ വിധ ചിന്തകൾ മനസ്സിൽ നിറയുന്നതോടുകൂടി ആത്മാവു് ദൈവിക സായൂജ്യത്തിൻെറ മേഖലകളിലേക്കു് നടന്നടുക്കുകയായി.

## ആത്മാവു് അനശ്വരതയുടെ തീരങ്ങളിൽ (നാലാം ഘട്ടം)

അനശ്വരതയുടെ തീരങ്ങളിൽ ദാഹജലം തേടി നടക്കുന്ന ആത്മാവിനെയാണ് ദൈവാനുഭവത്തിൻെറ നാലാം ഘട്ടത്തിൽ ചാവറയച്ചൻ ദർശിക്കുന്നതു്. അനന്തവിശാലമായ കടൽത്തീരത്തു് മുത്തുച്ചിപ്പികൾ തേടിനടക്കുന്ന ഒരു ഗ്രാമീണ ബാലനായാണ് ചാവറയച്ചൻ തന്നെത്തന്നെ കാണുന്നതു്. ഈ ഘട്ടത്തിൽ ആത്മാവിനു് ചില ആദ്ധ്യാത്മിക അസ്വസ്ഥതകൾ അനുഭവപ്പെടുന്നു. ദിവ്യനാഥനായ ദൈവത്തിൻെറ തിരുമുഖം ദർശിക്കുവാൻ സാധിക്കുന്നില്ലല്ലൊ. അവിടത്തെ തിരുമുഖത്തിൽ തൻെറ കുഞ്ഞിക്കണ്ണുകളെ നിക്ഷേപിക്കുവാൻ സാധിക്കുന്നില്ലല്ലോ എന്നുള്ള ചിന്തകളാണ് വ്യക്തിയെ കൂടുതലായി അസ്വസ്ഥനാക്കുന്നതു്.

ഈ ഘട്ടത്തിലാണ് വിശാലവീക്ഷണത്തോടെ ദിവ്യ നാഥൻ ഭൂമിയിൽവെച്ച് അരുളിച്ചെയ്ത സ്നേഹപിതാവിൻെറ സുന്ദര ചാവറയച്ചനിൽ ജനിക്കുന്നത്. തൻെറ അസ്വസ്ഥത കളെല്ലാം മാറുന്നതിന് താനായിരിക്കുന്ന ധൂർത്തപുത്രൻ പിതാ വിൻെറ അടുക്കലേക്ക് നടന്നടുക്കണമെന്ന് ചാവറയച്ചന് ബോധ്യമാകുന്നു. പക്ഷെ, തൻെറ ഈ വേഷവിധാനങ്ങളും ചേഷ്ടകളും കണ്ടാൽ ദൈവഭവനത്തിലേക്കുള്ള വാതിൽ ആരാ ണ് തുറന്നു തരിക എന്ന ചിന്ത ആത്മാവിൽ ജന്മമെടുക്കുന്നു. ഈ വിഷമഘട്ടത്തിൽനിന്ന് സാവധാനം വിമുക്തി നേടുന്ന ആത്മാവ് തൻെറ ഹൃദയാന്തരാളത്തിൽ അനുഭൂതമാകുന്ന ദിവ്യ പ്രേരണയാൽ ഇപ്രകാരം മൊഴിയുന്നു. "ഇതാ നീ സൂക്ഷിച്ച് എഴുന്നേൽക്കുക, ഇതാ ഒരു ഇളക്കം കാണുന്നില്ലയോ! ഓ ഹൊഃ ഇതാ വാതിലുകളെ ധാരാളമായി തുറക്കുന്നു. അയ്യോ! ഞാൻ ഈ വേഷത്തിൽ എന്തു ചെയ്യേണ്ടു. ഇപ്പോഠം എൻെറ അപ്പൻ വന്ന് എന്നെ പിടിച്ചു തഴുകും. അയ്യോ! ഇതു വേണ്ട എന്നെ തൊടുവാൻ യോഗ്യമുള്ളവൻ അല്ലല്ലൊ ഞാൻ. ഇതിനാലെ അതിനാൽ ഞാൻ അവിടുത്തെ തൃപ്പാദത്തിങ്കൽ സാഷ്ടാംഗം വീഴട്ടെ."

ദൈവികാനുഭവങ്ങളുടെ പ്രഥമഭാഗം കരഗതമാക്കുന്ന ഒരു ആത്മാവിൻെറ ആന്തരിക വിലാപമാണ് മേലുദ്ധരിക്കപ്പെട്ട ഭാഗത്തു നിന്ന് ചാവറയച്ചനിൽ നമുക്കു ദർശിക്കുവാൻ കഴി യുക. തൻെറ കുറവുകളെക്കുറിച്ചുള്ള ആഴമായ ബോദ്ധ്യം സി ദ്ധിക്കുന്ന ആത്മാവിൽ അവിടുത്തെ മുഖത്തിൻെറ ആന്തരികഭം ഗിയെക്കുറിച്ചുള്ള ദാവീദ് ദീർഘദർശിയുടെ ഗാനങ്ങഠം അല യടിക്കുന്നു. അങ്ങനെ ബാഹ്യമായ രീതിയിൽ ദൈവികത യിലെ ആന്തരികതയെക്കുറിച്ച് ആത്മാവിന് ദർശനങ്ങഠം ലഭിക്കുന്നു. അങ്ങനെ ദൈവിക തേജസിൽ ഉന്മത്തമായി ആത്മാവ് ഇപ്രകാരം ഉദ്ഘോഷിക്കുന്നു. "അപ്പാ ഞാൻ എൻെറ കണ്ണ് പൊക്കട്ടെ. എൻെറ നന്ദിയില്ലാത്ത കണ്ണിനെ എന്നെ പാർത്തു വിളിക്കുന്ന മനോഗുണമുള്ള മുഖത്തോടുയർത്തട്ടെ. എൻെറ പോളകളേ നിങ്ങളെ ഉരുവാക്കിയ മണ്ണിലോട്ടു വീഴ വിൻ" അങ്ങനെ നാലാം ഘട്ടത്തിൻെറ അന്ത്യത്തോടുകൂടി മനുഷ്യാത്മാവ് ദൈവിക തേജസിൽ ലയിക്കുന്നു.

## അനുഭൂതികളുടെ ആഴക്കടലിൽ (അഞ്ചാം ഘട്ടം)

ഹൃദയങ്ങളറിയുന്ന ദൈവത്തോട് ഒട്ടിച്ചേർന്നു ആത്മനിർ വൃതിയിൽ ലയിച്ചിരിക്കുക—ആത്മനാഥനുമായി ഹൃദയം തുറ ന്നു സംഭാഷണത്തിലേർപ്പെട്ടിരിക്കുക_സ്വർഗ്ഗതുല്യമായ ആ

നിമിഷങ്ങളിൽ സ്രഷ്ടപ്രപഞ്ചത്തെ മറന്നു്, ദൈവാനുഭൂതിയിൽ മറഞ്ഞു്, അവർണ്ണനീയമായ ഒരു നിർവൃതിവിശേഷത്തിൽ അന്തർലീനനായിരിക്കുക–ഇതാണു് ചാവറയച്ചന്റെ ദൈവാനുഭവം. ദൈവവും മനുഷ്യനും ഒന്നുചേർന്ന മനുഷ്യൻ ദൈവത്തിൽ പൂർണ്ണമായി അലിഞ്ഞുചേരുന്ന ഈ ഘട്ടത്തിലാണു് ചാവറയച്ചന്റെ ദൈവാനുഭവം പരിപൂർത്തിയെ പ്രാപിക്കുന്നതു്. ഇവിടെയാണു് മനുഷ്യന്റെ അസ്വസ്ഥതകൾ അസ്തമിക്കുന്നതു്. ഇവിടെ വ്യക്തികൾ തമ്മിലുള്ള വൈരുദ്ധ്യങ്ങളില്ല. സ്ഥലകാല സമയങ്ങളെന്ന ചിന്തയില്ല. ഞാനും എന്റെ ദൈവവും എന്ന ചിന്ത പൂർണ്ണമായും മാറി ദൈവത്തിൽ മുഴുവനായി ലയിച്ചു ചേരുമ്പോഴുണ്ടാകുന്ന ഒരു അവസ്ഥ. ഇവിടെയാണു് ചാവറയച്ചന്റെ ദൈവാനുഭവം ഉന്നതിയിലെത്തുന്നതു്.

അങ്ങനെ ദൈവികതയിൽ മുഴുകുവാൻ വെമ്പുന്ന ആത്മാവിനെ ദൈവം ''എന്റെ മകനെ'' എന്നു് വിളിച്ചു് ആശ്ലേഷിക്കുകയും ദൈവാനുഭവത്തിലേക്കു നയിക്കുകയും ചെയ്യുന്നു. ആത്മാവു് തന്നെത്തന്നെ മറന്നു് പൂർണ്ണമായി ദൈവത്തിലേക്കു നീങ്ങുന്നു. ദൈവിക പ്രഭയിൽ ലയിക്കുന്നു. ഇവിടെയാണു് ചാവറയച്ചന്റെ ദൈവാനുഭവം അന്തിമമായി അഭയസ്ഥാനം കണ്ടെത്തുന്നതു്.

## ദൈവോന്മുഖതയും പരോന്മുഖതയും

ചാവറയച്ചന്റെ ദൈവാനുഭവം ഇവിടംകൊണ്ടവസാനിക്കുന്നില്ല. ഇതു് ചാവറയച്ചന്റെ ജീവിതത്തിൽ നിരന്തരമായ പരിശ്രമംകൊണ്ടു് കരഗതമാക്കിയെടുത്ത സിദ്ധികളുടെ ഒരു ഭാഗം മാത്രമാണു്. അതായതു് ചാവറയച്ചന്റെ ദൈവാനുഭവം അതിൽത്തന്നെ അന്ത്യം കണ്ടെത്തുന്നില്ല. അതു സഹജരിലേക്കു വ്യാപിക്കുകയാണു്. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ ദൈവോന്മുഖതയും പരോന്മുഖതയും സമഞ്ജസമായി സമ്മേളിപ്പിച്ചുകൊണ്ടുള്ള ഒരു ദൈവാനുഭവമാണു് ചാവറയച്ചന്റേതു്. സഹജരെ സ്രഷ്ടാവിൽ ആത്മനാ ദർശിച്ചുകൊണ്ടു് ചാവറയച്ചൻ നടപ്പിലാക്കിയ സാമൂഹിക പരിഷ്കാരങ്ങളും പ്രേഷിത പ്രവർത്തനങ്ങളും അദ്ദേഹം ദൈവത്തിൽനിന്നു് ആർജ്ജിച്ചെടുത്ത അനുഭൂതിയുടെ ബഹിർസ്ഫുരണങ്ങളായിരുന്നു.

ഭാരതമക്കളുടെ ദൈവോന്മുഖവും കർമ്മോന്മുഖവുമായ പ്രവർത്തനങ്ങൾവഴി സഭാതരുവിനെ പരിപോഷിപ്പിക്കുന്നതിനായി ഭാരതത്തിലെ ആദ്യത്തെ ഏതദ്ദേശീയ സന്ന്യാസസഭകൾക്ക് (സി. എം. ഐ., സി. എം. സി.) രൂപം നൽകിയതു്, ചാവറയച്ചന്റെ ദീർഘവീക്ഷണത്തിന്റെയും പരോന്മുഖതയുടെയും ഫലങ്ങളാണ്. അതുപോലെതന്നെ ഭാരതസഭയുടെ ഭാവി സുരക്ഷിതമാക്കാൻ ആശയവിനിമയം അത്യാവശ്യമാണെന്നു് കാണുകയാൽ അച്ചടി പ്രേഷിതത്വത്തിനു് ആരംഭം കുറിച്ചുകൊണ്ടു് സ്വന്തമായി ഒരു പ്രസ്സ് സ്ഥാപിക്കുകയും, ഗ്രാമങ്ങൾതോറും പള്ളികളും പള്ളിക്കൂടങ്ങളും നിർമ്മിച്ചുകൊണ്ടു് വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തതു് ചാവറയച്ചന്റെ പരോന്മുഖതയുടെ തെളിവാണ്. എല്ലാററിനും പുറമേ, തന്നാൽ കഴിയും വിധം സോദരരുടെ നന്മമാത്രം അന്വേഷിക്കുകയും, അവർക്കു വേണ്ടി തന്നെത്തന്നെ എടുത്തുവയ്ക്കുകയും അവരുടെ ആദ്ധ്യാത്മികാവശ്യങ്ങൾ ഏതു സമയത്തും നടത്തിക്കൊടുക്കുകയുംചെയ്ത ഒരു പുണ്യപുരുഷനായിരുന്നു ചാവറയച്ചൻ.

**ഉപസംഹാരം**

പത്തൊമ്പതാം നൂററാണ്ടിന്റെ പ്രാരംഭ ദശയിൽ കേരളക്കരയുടെ വിരിമാറിൽ പിറന്നുവീണ കുഞ്ഞു ചാവറ, ഭാരത സഭയുടെ എന്നല്ല ആഗോള സഭയുടെ ഉന്നമനത്തിനായി ആത്മാർപ്പണം ചെയ്ത ഒരു മുനിവര്യനാണെന്നു കാണാം. യൗവ്വനത്തിന്റെ ചോരത്തിളപ്പോടെ തപസ്സുചെയ്യണമെന്ന തീവ്രാഭിലാഷവുമായി രംഗപ്രവേശംചെയ്ത ചാവറയച്ചൻ തന്റെ വിശ്രമരഹിതമായ പരിശ്രമ ഫലമായി ദൈവികാനുഭവത്തിന്റെ ഉള്ളറകളിലേയ്ക്കു് മുന്നേറിയ ഒരു മിസ്റ്റിക് ആയിരുന്നു. അദ്ദേഹത്തിന്റെ മിസ്റ്റിക് അനുഭവങ്ങൾ എക്കാലവും മനുഷ്യ മനസ്സുകളിൽ നിറഞ്ഞുനിന്നു്, മറഞ്ഞു കിടക്കുന്ന അനശ്വരതയെ പുല്കുവാനുള്ള മനുഷ്യന്റെ തീവ്രാഭിലാഷങ്ങളെ തട്ടിയുണർത്തുമെന്നതിൽ തെല്ലും സംശയമില്ല.

VI

# ചാവറയച്ചന്റെ യേശുദർശനവും സ്പർശനവും

ഡോ. വിനീത് വടക്കേത്തല, C.M.I.

[ദർശനവും സ്പർശനവും മേളിച്ചാലേ ഈശ്വരാനുഭവം സമ്പന്നമാകൂ. സ്പർശനരഹിതമായ ദർശനം വെറും ശുഷ്ക്കമായ ചിന്താധാരയായി അധഃപതിക്കാൻ പാടുണ്ട്. ദർശനരഹിതമായ സ്പർശനം വെറും വൈകാരിക വേലിയേററമായിത്തീരാനും പാടുണ്ട്. ചാവറയച്ചന്റെ ക്രിസ്ത്വാനുഭവത്തിൽ ദർശന സ്പർശനങ്ങൾ വ്യതിരിക്ത പ്രക്രിയകളല്ല, ഒരേ അനുഭൂതിയിൽ അലിഞ്ഞു ചേർന്നിട്ടുള്ള സങ്കലിതാനുഭവങ്ങളാണ്]

''എന്നുടെ സ്നേഹം നീയെ ഭാഗ്യവും എനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!
ശ്വാസവുമെനിക്കു നീ യാവന പാനം നീയെ
ആശ്വാസം നിന്നിലല്ലാതെവിടെ എനിക്കയ്യോ''

(ആത്മാനുതാപം II ,144-147)

ചാവറയച്ചന്റെ യേശുദർശന സ്പർശന സമാഹാരമാണ് ഈ ഈരടികൾ. ''എനിക്ക് ജീവിക്കുന്നതു് ക്രിസ്തുവും മരിക്കുന്നതു് ലാഭവുമാണ്'' എന്ന പൗലോസ് ശ്ലീഹായുടെ വാക്യങ്ങളാണ് ഇവ നമ്മെ അനുസ്മരിപ്പിക്കുന്നതു്. ചാവറയുടെ ജീവിതം ക്രിസ്തുബന്ധമായിരുന്നു. ക്രിസ്തുവിൽ സ്നേഹവും ഭാഗ്യവും ദർശിച്ച്, ശ്വാസവും ആശ്വാസവും നിക്ഷേപിച്ച്, യാവനയും പാനീയവും ആസ്വദിച്ച് ജീവിതം മുന്നോട്ടു കൊണ്ടുപോയ ഒരു പുണ്യശ്ലോകനാണ് അദ്ദേഹം. അദ്ദേഹ

ത്തിന്റെ ജീവിതത്തിൽ ഈശ്വരാനുഭവത്തിന്റെ കാതലായ ദൈവദർശനവും സ്പർശനവും തിങ്ങിനിന്നിരുന്നു.

## അനുഭവം : ആദ്ധ്യാത്മികതയുടെ അസ്ഥിവാരം

ഈശ്വരാനുഭവമാണ് ആദ്ധ്യാത്മികതയുടെ അസ്ഥിവാ
രം. ഏതു് മതാത്മക ജീവിതത്തിലും നാം കാണുന്ന ഒരു
പ്രതിഭാസമാണിതു്. ആഴമേറിയ ആന്തരിക അനുഭവത്തിൽ
നിന്നേ ഈടുററ ആദ്ധ്യാത്മികത ഉടലെടുക്കുകയുള്ളു. അനുഭ
വം എന്നതു് പ്രസ്തുത പദം സൂചിപ്പിക്കുന്നതുപോലെ "കൂടെ
യുള്ള ഒരു ഭാവ വിശേഷമാണ്." ദൈവാരൂപിയുടെ പ്രവ
ർത്തനം മനുഷ്യന്റെ കൂടെയുള്ള ഒരു നിരന്തര ഭാവവിശേഷ
മായി മാറുമ്പോൾ മനുഷ്യൻ ഈശ്വരാനുഭവത്തിന് വിധേയ
നായി ഭവിക്കുന്നു. ചാവറയുടെ വ്യക്തി പ്രാഭവത്തിന്റെ
സവിശേഷത അടങ്ങിയിരിക്കുന്നതു് ആദ്ധ്യാത്മികതയുടെ
അടിത്തറയായ ഈ ഈശ്വരാനുഭവത്തിലാണ്. "പരിശുദ്ധാ
ത്മാവു് നിറഞ്ഞ ദിവ്യപുരുഷൻ" എന്ന അപരനാമത്താൽ
അദ്ദേഹം അറിയപ്പെട്ടതും ഈ കാരണത്താൽതന്നെ.

## ദർശനവും സ്പർശനവും :
## അനുഭവത്തിന്റെ രണ്ടു് ഉറവിടങ്ങൾ

ഈശ്വരാനുഭവം വേരുറച്ച് നിൽക്കുകയും വീറോടെ
വളരുകയും ചെയ്യണമെങ്കിൽ അതു് ആഴമുള്ള ദർശനത്താലും
ഹൃദ്യമായ സ്പർശനത്താലും സംരക്ഷിതമായിരിക്കണം. ധന്യ
മായിരിക്കണം. സ്പർശനരഹിതമായ ദർശനം വെറും ശുഷ്ക
കമായ ചിന്താധാരയായി അധ:പതിക്കാൻ പാടുണ്ട്. അ
പ്പോൾ അതു് വെറും തത്വശാസ്ത്രപഠനമായി പര്യവസാനി
ക്കും. ദൈവസാക്ഷാത്കാരത്തിൽ ചെന്നവസാനിക്കുന്ന ദർ
ശനമാണ് സാക്ഷാത്തായ മതാത്മക ദർശനം. ഇതിനു
ദൈവസ്പർശനം അത്യന്താപേക്ഷിതമാണ്. ദർശന രഹിത
മായ സ്പർശനമോ എന്നാൽ വെറും വൈകാരിക വേലിയേ
റമായിത്തീരാനും പാടുണ്ട്. വികാര തീവ്രതയല്ലല്ലോ ആ
ദ്ധ്യാത്മിക അനുഭൂതിയുടെ അളവുകോൽ. വികാരവും വിചാ
രവും സമഞ്ജസമായി സമ്മേളിച്ച് ദർശനത്തിന്റെ ശക്തി
യും സ്പർശനത്തിന്റെ ശാലീനതയും ഒന്നിച്ചനുഭവിക്കുന്ന
ആദ്ധ്യാത്മികതയാണ് കൂടുതൽ ശ്രേഷ്ഠം; കൂടുതൽ സമ്പൂർണ്ണം.
ചാവറയുടെ ആദ്ധ്യാത്മിക അനുഭവത്തിൽ ഈശ്വരാനുഭൂ
തിയുടെ ഈ ഇരു മുഖങ്ങളും നമുക്കു കാണുവാൻ കഴിയും.

ദൈവത്തിൽ അഗാധതയും അർത്ഥഗാംഭീര്യവും ഉണ്ട്. അളവില്ലാത്ത അഗാധതയുടെ അടിസ്ഥാനമായി പിതാവ് നിലകൊള്ളുന്നു. അപരിമേയ സത്തയുടെ അദൃശ്യഭാവമാണ് അവിടുന്ന്. പിതാവിൽ നിന്ന് ഉയിർകൊള്ളുന്ന അനന്ത വചനം എല്ലാ അർത്ഥങ്ങളുടേയും നിത്യസ്രോതസ്സാണ്. അഗാധതയും അർത്ഥഗാംഭീര്യവും ഒന്നായി സമ്മേളിപ്പിച്ചുകൊണ്ട് പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന പരിശുദ്ധാരൂപി നമ്മിൽ ആവസിക്കുമ്പോഴാണ് ഈശ്വരാനുഭൂതിയിലെ ദർശനവും സ്പർശനവും നാം ഒന്നായി കൈവരിക്കുന്നു. ദൈവസത്തയിലെ ആഴമേറിയ അഗാധത നമ്മുടെ ഈശ്വരാനുഭൂതിയിലെ ദർശനാതീതമായ രഹസ്യാത്മകതയിലേയ്ക്ക് വിരൽ ചൂണ്ടുന്നു. ദൈവസത്തയിലെ അർത്ഥഗാംഭീര്യമായ വചനം നമ്മുടെ അതേ ഈശ്വരാനുഭൂതിയിലെ സ്പർശനബലമായ ദർശനത്തിലേയ്ക്ക് നമ്മെ നയിക്കുന്നു. രഹസ്യാത്മകത സ്പർശനത്തിലൂടെയും അർത്ഥഗാംഭീര്യം ദർശനത്തിലൂടെയും നാം മനസ്സിലാക്കുന്നു. എന്നാൽ ഇവ രണ്ടും വ്യതിരിക്ത പ്രക്രിയകളല്ല. ഒരേ അനുഭൂതിയിൽ അലിഞ്ഞുചേർന്നിട്ടുള്ള സങ്കലിതാനുഭവങ്ങളാണ്. ചാവറയച്ചന്റെ ജീവിതത്തിലും ദർശനവും സ്പർശനവും രണ്ടായി നാം കാണുന്നില്ല. ആദ്യന്തം നിറഞ്ഞു നിൽക്കുന്നതു് ഹൃദയഹാരിയായ ഒരു ഈശ്വരാനുഭൂതിയാണ്. ആ ദിവ്യ അനുഭൂതിയിൽ ലയിച്ച് അതിന്റെ ദാതാവായ ദൈവത്തിന് സ്തോത്രഗീതം ആലപിക്കുന്നതാണ് അദ്ദേഹത്തിന്റെ ജീവിത സംഗ്രഹം.

''അനാദ്യഗുണനിധേ, സർവ്വേശാ, പരാപര !
അനന്ത ദയാനപിതാ, സർവ്വമംഗലദേവ !
അന്തമില്ലാത്ത നിന്റെ കരുണാബ്ധിയാലെന്നെ
അന്തരിച്ചീടാതുള്ള സൃഷ്ടിയായ് ചമച്ചല്ലൊ.''

(ആത്മാനുതാപം)

അദ്ദേഹത്തിന്റെ സാഹിത്യകൃതിയായ ആത്മാനുതാപത്തിൽ ആദ്യന്തം നിറഞ്ഞു നില്ക്കുന്ന ഒരു വികാരതിരയാണതു്. അനാദ്യനും അനന്തനുമായ ദൈവത്തിന്റെ കരുണാവിശേഷം കണ്ണീരിന്റെ താഴ്‌വരയായ ഈ ലോകത്തിൽ അനുഭവിച്ച ഭാഗ്യവാനായ വ്യക്തിയാണു താൻ. അതുകൊണ്ട് സുതവത്സലനായ ആ പിതാവിന് എന്നും ജയഗീതം പാടുകയാണു തന്റെ ജീവിത ലക്ഷ്യം.

## ചാവറയുടെ യേശുദർശനവും സ്പർശനവും

ഈശ്വരാനുഭൂതിയിൽ ലയിച്ചിട്ടുള്ള യതിവര്യൻമാർ ഈ
ലോകത്തിൽ പല സ്ഥലങ്ങളിലും പല കാലഘട്ടങ്ങളിലും
ജീവിച്ചിട്ടുണ്ട്. ആർഷഭാരതം സർവ്വസംഗ പരിത്യാഗിക
ളായ ഋഷിവര്യന്മാരുടെ അമ്മനാടാണ്. ഭാരതത്തിന്റെ
ആദ്ധ്യാത്മികതയിൽ ജനിച്ചു വളർന്ന് ആർഷഭാരതാനുഭൂതി
യിൽ ലയിച്ച ചാവറയച്ചനും ആ വന്ദ്യഗുരുഭൂതന്മാരുടെ കാല
ടിപ്പാടുകളാണ് പിൻതുടരാൻ ആഗ്രഹിച്ചത്; ക്രിസ്തീയ പ
രിവേഷത്തിലായിരുന്നു എന്നു മാത്രം. ഈദൃശ്യകാര്യസാ
ദ്ധ്യത്തിനായി അദ്ദേഹം ആദ്യം ഒരുമ്പെട്ടത് 'തപസ്സു ഭവന'
മായ ഒരു 'ദർശനവീട്' സ്ഥാപിക്കുന്നതിനായിരുന്നു.

''ഈ മലയാളത്തിൽ പട്ടക്കാറക്കെ എംകിലുമൊര ദർശന
വീടുണ്ടാക്കണമെന്നുള്ള ആഗ്രഹത്താൽ ആയതിനൊരു സഹാ
യമില്ലായ്കകൊണ്ടു ഖെദിച്ചുപെക്ഷിച്ചിരിക്കുമ്പോൾ...''
(നാളാഗമം, സമ്പൂർണ്ണകൃതികൾ വാല്യം ഒന്ന്: പുറം 1)

ദർശനവും തപസ്സും ഭാരതീയ ആദ്ധ്യാത്മികതയിൽ സ്ഥി
രപ്രതിഷ്ഠ ലഭിച്ചിട്ടുള്ള രണ്ടു സംഭവങ്ങളാണ്. അനന്തവും
അഗോചരവും അചിന്ത്യവും അക്ഷയവുമായ ദൈവസത്തയി
ലേയ്ക്കുള്ള ഉൾക്കാഴ്ചയാണു സാക്ഷാത്തായ ദർശനം. ഇതു സാ
ധിക്കണമെങ്കിൽ ലോകത്തിന്റെ മറിമായങ്ങളിൽനിന്നു
പിൻതിരിഞ്ഞ് ഉള്ളിന്റെ ഉള്ളിൽ വസിക്കുന്ന ദൈവസന്നി
ധിയിലേയ്ക്ക് ഉൾപ്രവേശിക്കണം. ഇതിനു തപസ്സ് അനിർ
വാര്യമാണ്. ഇര തേടി പുറത്തേയ്ക്കു പാഞ്ഞുകൊണ്ടിരിക്കു
ന്ന ഇന്ദ്രിയങ്ങളെ ധ്യാനപൂർവ്വം അവയുടെ വിഷയങ്ങളിൽ
നിന്നും വിരമിപ്പിച്ച്, സദാ പ്രവർത്തനോന്മുഖമായിരിക്കു
ന്ന മനുഷ്യമനസ്സിനെ മൗനത്തിലാഴ്ത്തി ഏകാഗ്രബുദ്ധിയോ
ടെ ദൈവത്തിൽ ലയിക്കുകയാണ് ധ്യാനാത്മകനായ സ
ന്ന്യാസിയുടെ ജീവിതലക്ഷ്യം. ബാഹ്യോന്മുഖങ്ങളായ ഇന്ദ്രി
യങ്ങളിലും ചിത്തവൃത്തിയുടെ ആസ്ഥാനമനസ്സിലും കൈവ
രേണ്ടു മൗനമാണു തപസ്സിന്റെ ആദ്യപടി. ഈ തപസ്സുകൂടാ
തെ ഈശ്വര ദർശനം സാദ്ധ്യമല്ലാത്തതിനാൽ തപസ്സുഭവന
മായ ഒരു 'ദർശനവീട്' ഉണ്ടാകണമെന്ന് ദൈവാനുഭൂതി
ക്കായി കൊതിച്ച ചാവറയച്ചൻ ആഗ്രഹിച്ചു. കാലത്തിന്റെ
തികവിൽ കരുണാനിധിയായ ദൈവത്തിന്റെ അനുഗ്രഹ
ത്താൽ അതു സാധിതമാകുകയും ചെയ്തു. അദ്ദേഹത്തിൽ തി
ങ്ങിനിന്നിരുന്ന ധ്യാനവാസനയും ദൈവകരുണയിലുള്ള അ
ക്ഷയ പ്രതീക്ഷയും 'ധ്യാനസല്ലാപങ്ങ'ളുടെ പ്രാരംഭത്തിൽ
അദ്ദേഹം പ്രഖ്യാപിക്കുന്നുണ്ട്.

ഉയരപ്പെട്ട പുണ്യത്തിനും വലിയ ധ്യാനത്തിനും എനിക്ക് യോഗ്യതയില്ല. അതെന്തെന്ന് മഹാ പാപി. ഇതിനാൽ ആത്മം അശുദ്ധമായി. തെളിവില്ലാതായി. വെടിപ്പ് അടക്കം ഈ പുണ്യങ്ങളില്ലായ്കയാൽ ധ്യാനാത്രുപി കിട്ടുവാനും പുണ്യസാംഗോപാംഗത്തിന്ന് യോഗ്യനല്ല എന്നു നിരൂപണം; അമ്മയുടെ വചനം പോലെ നിഗളം എന്ന് തിരിയുകയും ചെയ്യും. അതെന്ത്യേ, എന്നാൽ ദൈവം ചെയ്യിച്ചതൊക്കെയും എൻെറ വശമെ, ഇത്രടം നീ വന്നതു് എങ്ങനെ, വീട്ടിൽ നിന്നാരു വിളിച്ചു? പട്ടത്തിന്ന് എങ്ങനെ കേറി, കൊവേന്തയിൽ എങ്ങനെ കൂടി, സഭ എങ്ങനെ കിട്ടി. പ്രിയോരെന്നാരു വിളിച്ചു. ഇവിടെ എങ്ങനെ വന്നു. ഇതൊന്നിന്ന് നിന്നെ കൊള്ളാമൊ? ഇല്ലയില്ല നിശ്ചയം. അപ്പോഴൊ തിരുമനസ്സു നടക്കം. നടത്തും. ആയതിൻ വണ്ണം ഇത്രടം നിന്നെ വരുത്തിച്ച ആളിനോട്ട് നീ ചോദിച്ചാൽ നിനക്കും ഈ വരം കിട്ടും നിശ്ചയം.

(ധ്യാനസല്ലാപങ്ങൾ, (ചാവറയച്ചൻെറ സമ്പൂർണ്ണകൃതികൾ വാല്യം 3, പുറം 13)

ധ്യാനനിർലീനനാകാനുള്ള അടങ്ങാത്ത ആവേശവും ആത്മഹീനതയെക്കുറിച്ചുള്ള ആഴമേറിയ അവബോധവും ദീനദയാലുവായ ദൈവത്തിലുള്ള ഉറച്ച വിശ്വാസവും ചാവറയച്ചനിൽ തെളിഞ്ഞു കാണുന്ന ഗുണവിശേഷങ്ങളാണ്. ആദ്ധ്യാത്മിക അനുഭൂതിക്ക് അത്യന്താപേക്ഷിത സാധനയാണ ധ്യാനം. ധ്യാനത്തിലൂടെ മാത്രമെ ഉൾദർശനം സാധ്യമാകു; തപസ്സിലൂടെ മാത്രമെ വിജയപ്രദമായ ധ്യാനവും. ഇക്കാര്യങ്ങൾ ശരിയായി ധരിച്ച ചാവറയച്ചൻ അങ്ങനെ 'തപസ്സ ഭവന'മായ 'ദർശനവീട്ടിൽ' അഭയം ഗമിച്ചു.

ദർശന പദത്തിൻെറ താത്വിക പശ്ചാത്തലത്തിലല്ലായിരിക്കാം ഒരുപക്ഷേ ചാവറയച്ചൻ തൻെറ തപസ്സു ഭവനത്തിനു ദർശനവീട്ട് എന്നു പേരിട്ടതു്. എങ്കിലും കേരള കത്തോലിക്കരുടെയിടയിൽ ദർശനപട്ടക്കാർ, ദർശനസഭ എന്നീ പദങ്ങൾ സുപരിചിതങ്ങളായിരുന്നു. ഒരു പ്രത്യേക ലക്ഷ്യം മുന്നിൽ വച്ചുകൊണ്ടു നീങ്ങുന്ന വ്യക്തികൾ അഥവാ സമൂഹം എന്നീ അർത്ഥത്തിൽ ദർശനം എന്ന പദം ഉപയോഗിക്കപ്പെടുന്നു. ദൈവദർശനത്തിനായി മാററിവയ്ക്കപ്പെട്ടിട്ടുള്ള വ്യക്തികളാണിവർ. ചാവറയച്ചൻ നാടും വീടും വിട്ടു മാന്നാനം മല കയറിയതും. വനം വെട്ടി തെളിയിച്ച് തപസ്സു ഭവനം പണിതതും ഈ ലക്ഷ്യം മുന്നിൽ വച്ചുകൊണ്ടുതന്നെ. അനുഭൂ

തി നിറഞ്ഞ, സ്പർശന സമൃദ്ധമായ ഈശ്വരദർശനം ലഭിക്കുക, ഇതായിരുന്നു അവിടുത്തെ ജീവിതാന്ത്യം. ത്യാഗസമ്പന്ന മായ ആ താപസ ജീവിതം അതു നേടിയെടുക്കുകയും ചെയ്തു.

## ദർശന സ്പർശനങ്ങളുടെ അനുഭവ രീതി

ദേവദർശനത്തിനായി കച്ചകെട്ടിയിറങ്ങുന്ന ധീര സന്ന്യാസി ആദ്യമായി ചെയ്യുന്നത് ഈ ലോകത്തിനു് അതീതനായി ഉയരുകയാണ്. പാരിൽ പരിവ്രാജകനായി നടക്കുന്ന ഓരോ ഋഷിയും നമ്മോടു പറയുന്നത് ഈ ലോകത്തിൻെറ നശ്വരത യെക്കുറിച്ചാണ്. കണ്ണഞ്ചിക്കുന്ന വർണ്ണപ്പകിട്ടോടെ വിടർന്നു നിൽക്കുന്ന പുതുപുഷ്പം ഇന്നു് സമാകർഷകമെങ്കിലും നാളെ വാടിക്കൊഴിയുകയാണ്, പാഴ്കുഴിയിൽ തള്ളപ്പെടുകയാണ്. മായാലോകത്തിലെ മനോഹാരിതകളെല്ലാംതന്നെ ക്ഷണഭംഗുരങ്ങളാണ്. ദർശനത്തിൻെറ ആദ്യപടി ലോകത്തിൻെറ അസ്ഥിരതയെക്കുറിച്ചുള്ള അവബോധമാണ്. ക്ഷയോന്മുഖവും ക്ഷിപ്രജീവിയുമായ ലൗകിക സുഭഗതയെക്കുറിച്ച് ചാവറയച്ചൻ പാടുന്നതു് ഇപ്രകാരമാണ്.

> ഇന്നു് കാണുന്ന പച്ചപ്പുല്ലതു നാളെത്തന്നെ
> മന്ദിച്ചു വരളുന്നു വാടുന്നു സൂര്യോഷ്ണത്താൽ
> മെച്ചമായ് കണ്ടീടുന്ന പുഷ്പങ്ങൾ ബഹുവിധം
> ഇച്ഛയായതിനുള്ള ശോഭയും സുഗന്ധവും
> എത്രയും ക്ഷണംകൊണ്ടു് മാറിപ്പോയ് വീണിടുന്നു
> ചിത്രമായതിനൊള്ളൊരഴകുമൊക്കെ പോകും.
>
> (ആത്മാനുതാപം II. 311. 316)

ഏകദേശം നൂറു കൊല്ലത്തിനു ശേഷം കവിപുംഗവനായ കുമാരനാശാൻ ഇതേ ആശയം വീണ്ടും പാടുകയുണ്ടായി.

> കണ്ണേറു മടങ്ങുക, കരിഞ്ഞു അലിഞ്ഞു മാശു
> മണ്ണാകുമീ മലരു വിസ്മൃതമാകുമിപ്പോൾ.

ആശയവും അനുഭൂതിയും ഒന്നിച്ച് വാക്യത്തിൽ പകർത്തുന്നവനാണ് കവി. കവിത ശുഷ്കമായ തത്വശാസ്ത്രമല്ല, തത്വരഹിതമായ വികാരോജ്ജ്വലതയുമല്ല. വികാരവും വിചാരവും, സ്പർശനവും ദർശനവും സമ്മേളിക്കുമ്പോഴാണ് ചിരംജീവികളായ കവിതകൾ ഉദ്ഭവിക്കുന്നതു്. ലോകത്തിൻെറ നശ്വരതയെയും ദൈവാനുഭൂതിയുടെ അനശ്വരതയെയും വരച്ചുകാട്ടിയ രണ്ടു കവികളുടെ ഇണങ്ങിച്ചേരുന്ന ഈരടികളാണ് നാമിപ്പോൾ കണ്ടതു്. ക്ഷയോന്മുഖമായ ലോകം ദൈവമനുഷ്യനെ നിരാശയിൽ തള്ളിവിടുന്നില്ല. മറിച്ച്, ഒരു പുതിയ ദേവദർശനത്തിലേയ്ക്കു് അതവനെ കൂട്ടിക്കൊണ്ടു പോകുന്നു.

സത്യവും സനാതനവുമായ നിത്യസത്തയിലേയ്ക്ക് കണ്ണു നട്ടു കൊണ്ട് സദാ ജീവിക്കുവാൻ അതവന് ആവേശം പകരും. സ്വതസിദ്ധതയോടെ തൻെറ പ്രാണനാഥനായ ദൈവത്തിൻ പക്കലേയ്ക്ക് അവൻെറ ഹൃദയം ഉയരുന്നു. ലോക നൈമിഷി കതയെ മനസ്സിലാക്കിയ ചാവറയച്ചൻ തുടന്നു പാടുന്നത് ഇപ്രകാരമാണ്.

ഇതുപോലുള്ള മഹാ കാഴ്ചയെ സൂക്ഷിപ്പാനു-
മതിനാൽ തന്നെ നിന്നെ സ്ലോവിച്ചാരാധിപ്പാനും
കണ്ണുകളെനിക്കു നീ തന്നല്ലൊ സർവ്വേശ്വരാ
എണ്ണമില്ലാത്ത തിന്മയ്ക്കതു ഞാൻ കരുവാക്കി.

(ആത്മാനുതാപം II 337–340)

ഈശ്വരാനുഭൂതി ലോകത്തിൻെറ ശൂന്യാനുഭൂതിയിൽ കുടുങ്ങിക്കിടപ്പാൻ പാടില്ല. ലോകത്തിൻെറ ശൂന്യാത്മകത സർവ്വാതിരിക്തമായ മനോഭാവം മനുഷ്യനിൽ സൃഷ്ടിക്കുന്നതിനുള്ള ഒരു ഉപാധി മാത്രമാണ്. സത്യാന്വേഷിയായ മനുഷ്യൻ നിഷേധാത്മകമായ ഈ അനുഭവത്തിലൂടെ സർവ്വാതിരിക്തനായി ഉയന്ന് സർവ്വ നന്മകളുടെയും അധിനാഥനായ ദൈവത്തിലേക്ക് ചലിക്കുന്നു. തൻെറ ആയുസ്സും ശ്രേയസ്സും ദൈവത്തിൽ കാണുന്നു. ഉന്നതനായ അവിടുത്തെ സന്നിധിയിൽ ജീവിക്കുന്നതിൽ സംതൃപ്തിയടയുകയും ചെയ്യുന്നു.

ഉത്തമനായ നിന്നുടെ ചിത്തത്താൽ
ഉൽഭവം തന്നു മാനുഷ ജന്മത്തിൽ.
ഉന്നതനായ നിന്നുടെ സന്നിധേ
ഉന്നതേ കരേററുവാനും ചിത്തമായ്.

(ആത്മാനുതാപം 1:13-16)

ദേവസന്നിധിയിലുള്ള ഈ ആസ്വാദനമായിരുന്നു ചാവറയച്ചൻെറ ജീവിതശൈലി. അരികിലിരുന്ന് ആസ്വദിക്കുക ഇതാണ് അദ്ദേഹത്തിൻെറ ആദർശവാക്യം. ഉപനിഷത്തുകളുടെ നാട്ടിൽ ശിഷ്യഗണം ഗുരുഭൂതക്ക് അരികിലിരുന്ന് ദർശനം പഠിച്ചെടുത്തതുപോലെ കർത്താവിൻെറയരികിൽ ഉപാസനയിരുന്ന് ചാവറയച്ചനും ആദ്ധ്യാത്മിക ദശ്നത്തിലേക്ക് പ്രവേശിച്ചു സന്ന്യാസജീവിതത്തിൻെറ അന്തർധാരയായ ധ്യാനാത്മകതയെക്കുറിച്ച് അദ്ദേഹം എഴുതുന്നത് ഇപ്രകാരമാണ്.

ധ്യാനമെന്നതു് ദൈവത്തോടുള്ള സംസാരമാകുന്നു. സ്നേ
ഹത്താൽ ദൈവത്തോടു ചേർന്നു, തന്നോടൊന്നിച്ചിരുന്നു്,
സ്നേഹിതന്മാരോടൊന്നിച്ചുള്ള സംഭാഷണം എന്ന പോ
ലെ ആത്മമണവാളനായ ഈശോമിശിഹായോടൊന്നി
ച്ചിരുന്നു് സംസാരിക്കയത്രെ ഇതിന്റെ പ്രവൃത്തി.
[ധ്യാനസല്ലാപങ്ങൾ (സമ്പൂർണ്ണകൃതികൾ വാല്യം 3) പുറം14]

ഭാരതനാടിന്റെ ആദ്ധ്യാത്മികാനുഭൂതിയിൽ സ്ഥിര
പ്രതിഷ്ഠ നേടിയിട്ടുള്ള മറെറാരു അമൂല്യപദമാണു് ഭക്തി. ഈ
പദത്തിന്റെ അർത്ഥം 'യോജിച്ചിരിക്കുക', 'ഒന്നുചേർന്നിരി
ക്കുക' എന്നാണു്. ദൈവത്തോടു് ഒന്നുചേർന്നിരിക്കുന്നവനാ
ണു് ഭക്തൻ. നാരദൻ തന്റെ ഭക്തിസൂത്രത്തിൽ ഭക്തിയെ
നിർവചിക്കുന്നതു് ''ഭക്തി പരമപ്രേമരൂപം'' എന്നു പറഞ്ഞു
കൊണ്ടാണു്. ധ്യാനത്തെക്കുറിച്ചുള്ള ചാവറയച്ചന്റെ അവത
രണം ഭക്തിയുടെ ഒരു നിർവചനം തന്നെയാണു്. അവിഭക്ത
ഹൃദയത്തോടെ ആത്മമണവാളനായ ഈശോമിശിഹായെ
സദാ സ്നേഹിച്ചു് അവിടുത്തെ എവിടെയും സേവിച്ചു ജീവി
ച്ച ഒരു യേശുഭക്തനായിരുന്നു ചാവറയച്ചൻ. തപസ്സിലൂടെ
ഇന്ദ്രിയങ്ങളെ സംയമനം ചെയ്തു്, ചിത്തവൃത്തിനിരോധ
ത്തിലൂടെ യേശുവിൽ ശ്രദ്ധകേന്ദ്രീകരിച്ചു്, സദാ യേശുഭാവ
ഭാവിതനായി (യേശുഭാവത്താൽ രൂപീകരിക്കപ്പെട്ടവനായി)
ജീവിച്ച ഋഷിവര്യനാണു് നമ്മുടെ പിതാവായ ചാവറയ
ച്ചൻ. ക്രൈസ്തവ കാഴ്ചപ്പാടിലെ ക്രിസ്ത്വാനുഭൂതിയും ഭാരത
പാരമ്പര്യത്തിലെ ഭക്തിയും അദ്ദേഹത്തിൽ നന്നായി
ഇണങ്ങിച്ചേർന്നിരുന്നു. അദ്ദേഹത്തിന്റെ യേശുദർശനം ശുഷ്ക
മായ താത്വിക ദർശനമല്ലായിരുന്നു. ഭക്തിനിർഭരവും ദൈവ
സ്പർശിതവുമായ ഒരു ഹൃദയമായിരുന്നു ആ ദർശനത്തിന്റെ
ഉടമ. ധ്യാന സല്ലാപങ്ങളിലും ആത്മാനുതാപത്തിലും ഉട
നീളെ നാം കാണുന്നതു് ഈ ദർശന സ്പർശനങ്ങളുടെ സമ്പന്ന
മായ സമ്മേളനങ്ങളാണു്. ദൈവാനുഭൂതിയിലൂടെയുള്ള ചാവ
റയച്ചന്റെ പ്രയാണം മൂന്നു ഘട്ടങ്ങളിലൂടെ നമുക്കു വിശകല
നം ചെയ്യാം. അവ താഴെ പറയുന്നവയാണു് : അനുഭവ
പ്രയത്നം, അനുഭവ പ്രവാഹം, അനുഭവ പ്രഖ്യാപനം.

## അനുഭവ പ്രയത്നം

ഈശാനുഭവത്തിനുവേണ്ടിയുള്ള ഉൽക്കടമായ ആഗ്രഹ
മാണു് അദ്ദേഹത്തിന്റെ ജീവിതത്തെ സദാ നയിച്ചുകൊണ്ടി
രുന്നതു്. ഇതിനുവേണ്ടിയാണു് തപസ്സു ഭവനമായ ദശ്
നവീടു് ഉണ്ടാക്കിയതെന്നു് നാം കണ്ടുകഴിഞ്ഞു. പക്ഷേ,

നിരന്തരമായ പ്രയത്നം കൂടാതെ ഒരു വ്യക്തിയും ലക്ഷ്യത്തിൽ എത്തിച്ചേരുകയില്ല. ധ്യാന സാധനയിലൂടെ ദൈവദർശനം സാധിക്കുക എന്നത് അദ്ദേഹത്തിന്റെ ഉറച്ച തീരുമാനമായിരുന്നു. ആവിലായിലെ വി. ത്രേസ്യ ഉൾക്കോട്ട (Interior Castle)എന്ന വിശിഷ്ട ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ള ധ്യാനാനുഭൂതിയിലേക്ക് തന്നെ നയിക്കണമെന്നു ചാവറയച്ചൻ ഉള്ളിന്റെയുള്ളിൽനിന്നു പ്രാർത്ഥിക്കുന്നതായി നാം കാണുന്നുണ്ട്.

> എത്രയും വലിയ അയോഗ്യനെങ്കിലും ശ്രു. അമ്മത്രേസ്യയുടെ മകൻ ഞാനുമാകുവാൻ ദൈവം തിരുമനസ്സായി. കർമ്മലെ അമ്മ ചേർത്തു. അമ്മത്രേസ്യ തന്റെ മക്കളുടെ കൂട്ടത്തിൽ എന്നെയും ചേർത്തുവല്ലൊ. ഇതിനെക്കുറിച്ച് അമ്മയോട് മക്കൾ ചോദിച്ചാൽ പ്രിയമുള്ള തള്ള അവരുടെ കയ്യിൽ ഇല്ലാത്തതായാലും ചോദിച്ചാൽ കിട്ടുന്നതെങ്കിൽ മക്കൾക്കു വാങ്ങിച്ചുകൊടുക്കും എന്നു വരുമ്പോൾ മാംസ തള്ളമാരേക്കാൾ അധികമായിട്ട തന്റെ മക്കളെ സ്നേഹിക്കുന്ന ഈ അമ്മത്രേസ്യ താൻ എല്ലാവരെ അധികമായിട്ട് പഠിപ്പിച്ചിരിക്കയാൽ ധ്യാനത്തിന്റെ ഗുരുനാഥ എന്നുള്ള നാമവും ധരിച്ച്, ശേഷം പേരെ പഠിപ്പിപ്പാനായിട്ട് ഉൾക്കോട്ട എന്നു പേരു വിളിച്ച ഏഴ കോട്ടയായിട്ട് വിഭാഗിച്ച ഏഴ സ്ഥാന പദവികളായിട്ടും അതിൽ കരേറുവാനുള്ള വഴികളും എഴുതി ഉണ്ടാക്കിയിരിക്കുന്നു എന്നുള്ളതുതന്നെ ഇതു് തന്റെ മക്കളെ പഠിപ്പിപ്പാനായിരിക്കുന്നു എന്നതിനാൽ ഞാൻ ഒരു അധിക അപേക്ഷ ഈ അമ്മയോട് അപേക്ഷിക്കുന്നു ; ഈ എഴുതിയിരിക്കുന്ന പേച്ച് ഇനിക്കറിവാൻ വഹിയായ്കയാൽ ഒന്നിനെ ഈ പേച്ചിനെ പഠിപ്പിക്കണം. അല്ലെങ്കിൽ അതിനെ വായിക്കാതെ അതിനെ എന്റെ ഹൃദയത്തിൽ ചൊല്ലിതന്നു് പഠിപ്പിക്കണം.
>
> [ധ്യാനസല്ലാപങ്ങൾ (സമ്പൂർണ്ണ കൃതികൾ, വാല്യം 3) പുറം 13 - 14]

സാദ്ധ്യമായ ലക്ഷ്യത്തിലേക്ക് ചെന്നെത്തുവാൻ നിർദ്ദിഷ്ട സാധനകൾ സ്വീകരിച്ച് അനുഷ്ഠിക്കുന്ന ത്യാഗമതിയാണ് സാക്ഷാൽ സാധകൻ. ആവിലായിലെ വി. ത്രേസ്യ ആഭ്യന്തര ഹർമ്മ്യത്തിലൂടെ അവതരിപ്പിച്ചിട്ടുള്ള ധ്യാനരീതി സാധനയായി സ്വീകരിച്ച് ധ്യാനാത്മകതയുടെ ഉത്തുംഗ പദവിയിലേക്ക് എത്തിച്ചേരാൻ ചാവറയച്ചൻ ആഗ്രഹിച്ചു ;

അതിനായി പ്രയത്നിച്ചു. ഉള്ളിന്റെയുള്ളിൽ, ഹൃദയഗുഹയിൽ ദൈവത്തെ തേടുന്ന ഭാരത ദൈവാനുഭൂതിയുമായി അലിഞ്ഞുചേർന്നിട്ടുള്ള ഒരു ചിന്താസരണിയാണ് ഉൾക്കോട്ടയിലൂടെ അമ്മത്രേസ്യ അവതരിപ്പിക്കുന്നതു്. പഞ്ചകോശങ്ങളെ കടന്ന് ആറാം കോശമായ അറയിൽ നിത്യജ്യോതിയായ ദൈവസന്നിധി ദർശിക്കുന്ന ഇന്ത്യൻ സാധകന് ആറു കോട്ടകളെ കടന്ന് ഏഴാം കോട്ടയിൽ ജീവിക്കുന്ന യേശുവിനെ തേടുന്ന ഭക്തനോട് വളരെ സാമ്യമുണ്ട്. വീണ്ടും ക്രൈസ്തവവും ഭാരതീയവുമായ ഉൾക്കാഴ്ചകളുടെയും മതാനുഭൂതികളുടെയും സമാശ്ലേഷം നാമിവിടെ കാണുന്നു.

യേശുദർശനത്തിനുവേണ്ടിയുള്ള അഭിവാഞ്ഛ അദ്ദേഹത്തിന്റെ ജീവിതത്തിൽ തിളങ്ങി നിൽക്കുന്നതു് നമുക്കിനിയും കാണാം. ആത്മാനുതാപത്തിലെ മൂന്നാം അദ്ധ്യായം മുഴുവനുംതന്നെ യേശുദർശനത്തിനുവേണ്ടിയുള്ള പ്രാർത്ഥനയാണ്.

കാരുണ്യനാഥനാം ദൈവകുമാരന്റെ
യാരണ്യശോഭയെ കാണാകേണം
കാരുണ്യവാരിധിയായ താൻ, മാനുഷ
കാരണം പാപാദി നീക്കുവാനായ്
മാനുഷ നീച വേഷത്തെ ധരിച്ചൊരു
മാനുഷ ത്രാതാവെ കാണാകേണം.
മിത്രനെ വന്ദിപ്പിച്ചീടുന്ന ദീപ്തിയെ
ഗാത്രെ മറച്ചതും കാണാകേണം.
ഉന്നതനാം ദൈവം കന്നിമറിയത്തിൽ
വന്നു പിറന്നതും കാണാകേണം.

(ആത്മാനുതാപം III. 1-10)

ഇഷ്ടദേവതയായ യേശുവിന്റെ സന്നിധിയിലിരുന്ന് അവിടുത്തെ ജീവിതത്തിലെ ഓരോ രംഗവും ആത്മനാ ദർശിച്ച് ധ്യാനനിർവൃതിയടയുന്ന ഒരു ചാവറയച്ചനെയാണ് ഈ കവിതാ സമാഹാരത്തിൽ നാം ഉടനീളം കാണുന്നതു്. ''കണികാണേണം കൃഷ്ണാ കണി കാണേണം'' എന്നുള്ള നാടൻ പാട്ടിന്റെ ഈണത്തിലും മട്ടിലും, ലാളിത്യത്തിലും ഹൃദ്യതയിലും എഴുതിയിട്ടുള്ള ഈ കവിത കേരള നാടിന്റെ ഒരു അമൂല്യ നിധിയാണ്, പ്രത്യേകിച്ചും ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം. ''എന്തു നീ നിനച്ചിരിക്കുമോ അതായി നീ ഭവിക്കും'' എന്നുള്ള വേദവാക്യത്തെ നമ്മെ അനുസ്മരിപ്പിച്ചുകൊണ്ട് യേശുവിനെ സദാ മനസ്സിൽ നിനച്ച്, യേ

ശുവിൻെറ വിവിധ ജീവിതരംഗങ്ങാം സദാ അനുസ്മരിച്ച് മറെറാരു യേശുവായി ഭവിക്കുന്ന ചാവറയച്ചനെയാണ് നാമിവിടെ കാണുന്നതു്.

നാട്ടിൽ സ്ഥലം കിട്ടാതത്തൽപെട്ട് തൊഴ-
ക്കുട്ടിൽ പിറന്നതും കാണാകേണം.
മർത്ത്യരഹംകൃതി ദോഷം ദ്വേഷിപ്പാനായ്
കർത്താവിൻ താഴ്മയും കാണാകേണം.
ഇച്ഛയോടമ്മയെ കെട്ടിപ്പിടിച്ചൊരു
കൊച്ചു കരങ്ങളെ കാണാകേണം.
അന്നേരം ജീവൻനില ചാഞ്ചലാടുന്ന
ആനന്ദാതിക്യവും കാണാകേണം.

(ആത്മാനുതാപം 111 19-22, 33-36)

ചാവറയച്ചനെ സംബന്ധിച്ചിടത്തോളം യേശുദർശനം യേശുവിൻെറ ജീവിത ദർശനമായിരുന്നു. യേശുവിൻെറ ജീവിതമോ ഒരേ സമയം ആഘോഷിക്കാനായുള്ള സത്യവും അനുകരിക്കാനുള്ള മാതൃകയുമായിരുന്നു. ധ്യാനം ദർശനത്തിലേക്കും ദർശനം അനുകരണത്തിലേക്കും അനുകരണം സ്പർശിത ഭാവ വിശേഷത്തിലേക്കും അദ്ദേഹത്തെ നയിച്ചു. ദർശന സ്പർശന ധന്യമായ ഈ ഈശ്വരാനുഭവം അനുതാപ ധാരയിലൂടെ പ്രവഹിക്കുന്നതായിട്ടാണ് നാമിന്നു കാണുന്നതു്.

## അനുഭവ പ്രവാഹം

ദൈവസ്പർശനത്തിൻെറ ആന്തരിക ഫലം അനുതപ്ത ഹൃദയമാണ്. ആദ്യപാപത്താൽ ഋതഭംഗം വന്നു ഭവിച്ച ലോകത്തിൽ ജീവിക്കുന്ന നാമെല്ലാവരും പാപഫലത്തിൽ പങ്കുപററുന്നവരാണ്. ജഡിലബദ്ധമായ മനസ്സ് തപസ്സിലൂടെ പവിത്രീകരിക്കപ്പെടുന്നതിൻെറ തോതനുസരിച്ച് നമ്മിലെ കുററബോധം വളരുന്നു. പരിശുദ്ധാത്മാവിൻെറ സ്പർശനം അനുതാപധാരയായി നമ്മിൽ ഒഴുകിത്തുടങ്ങുന്നു. ചാവറയച്ചൻ എഴുതിയ ഏററവും വലിയ കവിതാ സമാഹാരത്തിനു് ''ആത്മാനുതാപം'' എന്നു് അദ്ദേഹം പേർ കൊടുത്തതു് ഇതുകൊണ്ടായിരിക്കാം. കർത്താവിൻെറ ചരിത്രമാണ് ഉടനീളം പ്രതിപാദിക്കുന്നതെങ്കിലും വചന സ്പർശിതമായ ആ ഹൃദയത്തിൽ നിന്നും പ്രവഹിക്കുന്ന അനുതാപധാര അനസ്യൂതമാണ്.

വെൺമയായ് നടപ്പാനായ് തന്നൊരു വെള്ളവസ്ത്രം
നന്മയും കളഞ്ഞയ്യൊ പാപി ഞാൻ മഹാമൂഢൻ
എന്നെ കാണുന്ന ജനമെന്നുടെ സുവൃത്തിയാൽ
നിന്നെ സേവിപ്പാൻ വഴി കാട്ടുവാൻ പന്തംതന്നു.
അയ്യയ്യോ മഹാദുഃഖമടിയൻ വളർന്നപ്പോഠം
നെയ്യുമില്ലഗ്നിയില്ലാ പുകയുന്നതും കണ്ടേൻ
ഇപ്പോലെയുള്ള മഹാദുർഭാഗ്യമാകുണ്ടായി
യൽപ്പൻ ഞാനറിയാതെ കെട്ടയ്യോ മമവെട്ടം
മററുള്ള ജനത്തേയും കാട്ടുവാനായി തന്ന
മാറേററും വെളിച്ചത്തെപ്പകർത്തി തമസ്സാക്കി
ഇങ്ങനെയടിയൻെറ പൈതൽ പ്രായത്തിൽ തന്നെ
മംഗലമൊക്കെ കളഞ്ഞയ്യയ്യൊ മഹാദുഃഖം.
എന്നുടെ രക്ഷാനാഥാ നിന്നുടെ പിറവിയിൽ
മിന്നുന്ന കണ്ണിൽ നിന്നു് ചിന്തിയ കൺനീരിനാൽ
പാപിയാം മമ പൈതൽ പ്രായത്തിൻ കുററങ്ങളെ
താപത്താൽ പൊറുതിയെ കേണു പ്രാത്ഥിക്കുന്നേൻ.

(ആത്മാനുതാപം II 349-364)

യോർദ്ദാനിൽ പാപം തീണ്ടാത്ത മനുഷ്യ പുത്രൻ പാപികഠംക്കായ് സ്നാനം സ്വീകരിച്ചതും പാപപങ്കിലമായ ഈ ലോക ജീവിതത്തിൽ നമുക്കെല്ലാവക്കും അനുതാപത്തിൻെറ ആവശ്യമുണ്ടെന്നു് കാണിക്കാൻ വേണ്ടിയായിരുന്നു. മാമ്മോദീസായിൽ തനിക്കു ലഭിച്ച വെള്ളവസ്ത്രത്തിൽ കളങ്കം വരുത്തിയിട്ടില്ലെന്നു് ജീവിതത്തിൻെറ അന്തിമവേളയിൽ ആത്മാത്ഥതയോടെ പറയാൻ കഴിഞ്ഞ ചാവറയച്ചനിൽ ഒഴുകുന്ന അനുതാപധാര ഉയർന്ന നീതിബോധത്തിൻെറയും വളന്ന പുണ്യപൂണ്ണതയുടെയും ലക്ഷണമാണു്. അഹന്തതയുടെ ഫണമുയർത്തി മനുഷ്യ നീതിക്കുള്ള മാനദണ്ഡം ഞാൻ ആണെന്നുള്ള ഭാവേന ഞെളിഞ്ഞു നടക്കുന്ന നിരവധി അഹം കേന്ദ്രീകൃത വ്യക്തികളിൽ നിന്നു് തികച്ചും വ്യത്യസ്തമായ ഒരു മനഃസ്ഥിതിയായിരുന്നു ചാവറയച്ചൻേറതു്. ലോകത്തിലുള്ള തെററുകഠംക്കും അപരൻ അനുഭവിക്കുന്ന വേദനക്കും തൻെറ കുററങ്ങളാണു് കാരണം എന്നു ചിന്തിക്കുവാൻ ആ വിനീത ഹൃദയത്തിനു സാധിച്ചു. ഉണ്ണിയേശുവിനു് പിറക്കുവാനായി യൂദയാ നാട്ടിൽ വേദനയോടെ സ്ഥലമന്വേഷിച്ചു നടക്കുന്ന മാതാവിനെ മനസ്സിൽ കണ്ടുകൊണ്ടു് അദ്ദേഹം വിലപിക്കുന്നതു് ഇപ്രകാരമാണു്.

നല്ലൊരു ജലം മേഘം തന്നിൽ നിന്നിങ്ങുവീണു്
വല്ല പങ്കമാം മണ്ണിൽ കലന്നൊന്നിക്കുമ്പോൾ
നിർമ്മലം വെളുത്തുള്ള വെള്ളത്തിൻ നിറം മാററി
അമ്മലച്ചെളിയായി കലർന്നിടുന്നു ദൃഢം.
എന്നതുപോലടിയൻെറ കൽമഷ ഹേതുവാലെ
നന്ദനൻ സർവ്വേശൻെറ മാതൃവെ തവ ഖേദം
അമരാപുരി നാഥൻ കരുണ നിമിത്തമായ്
നഗരമിതിൽ വന്നു് സ്വജനം ത്യജിച്ചല്ലോ.

(ആത്മാനുതാപം IV 153–160)

അലങ്കാര ഭംഗിയും അനുരൂപണ മേന്മയും നിറഞ്ഞു നിൽക്കുന്ന കാവ്യഭംഗിക്കു പുറമെ ഈ വരികളിൽ കാണുന്ന തപ്തഹൃദയവും താണ മനഃസ്ഥിതിയുമാണു് നമ്മുടെ ശ്രദ്ധയെ കൂടുതൽ ആകർഷിക്കേണ്ടതു്. ''വല്ലഭനായ ദൈവം വലിയ കാര്യങ്ങൾ എനിക്കായ് ചെയ്തു'' എന്നു പാടിയ പരിശുദ്ധ കന്യകാമറിയത്തിൻെറ വിനയമനോഭാവം തന്നെ നാം ഇവിടെ കാണുന്നു. അനുതാപക്കണ്ണീരിൽ കുതിർന്ന ഹൃദയത്തിൻെറയും എളിയ മനഃസ്ഥിതിയുടെയും ഉടമയായിരുന്നു വലിയ കാര്യങ്ങൾ സദാ നിർവ്വഹിച്ചുകൊണ്ടിരുന്ന ആ മഹത്‌വ്യക്തി. ആ വ്യക്തിപ്രാഭവത്തിൽ നിന്നു് അദ്ദേഹത്തിൻെറ അനുഭവം പ്രേഷിത പ്രവർത്തനങ്ങളിലൂടെ പ്രവഹിക്കുന്നതു നമുക്കു കാണാം.

## അനുഭവ പ്രഖ്യാപനം

മനുഷ്യമനസ്സിൽ സന്നിധികൊള്ളുന്ന ഈശ്വരാനുഭവം വെളിച്ചം വിതറുന്ന വൈഡൂര്യത്തിനു തുല്യമാണു്. അന്തഃസ്ഥിതമെങ്കിലും അതിൻെറ ശോഭ പുറത്തേയ്ക്കു് പ്രസരിച്ചുകൊണ്ടിരിക്കും. ഇങ്ങനെ അകമെ സംഭരിച്ച ആന്തരിക അനുഭൂതി പകരുന്നവനാണു് യഥാർത്ഥ മിഷനറി. ഇക്കാര്യം വ്യക്തമാക്കിക്കൊണ്ടു് യോഹന്നാൻ ശ്ലീഹാ തൻെറ ലേഖനത്തിൽ പറയുന്നതു് ഇപ്രകാരമാണു്.

> ആദിമുതലുള്ളതും ഞങ്ങൾ കേട്ടതും ഞങ്ങളുടെ കണ്ണുകൾ കൊണ്ടു് ഞങ്ങൾ നോക്കി കണ്ടതും ഞങ്ങളുടെ കൈകൾ കൊണ്ടു് ഞങ്ങൾ സ്പർശിച്ചതുമായ ജീവൻെറ വചനത്തെക്കുറിച്ചാണു് ഞങ്ങൾ പറയുന്നതു്. ജീവൻ പ്രത്യക്ഷമായി, ഞങ്ങൾ അതു കണ്ടു; അതിനു സാക്ഷ്യം വഹിക്കുന്നു. പിതാവിനോടുകൂടെ ഉണ്ടായിരുന്നതും ഞങ്ങൾക്കു് പ്രത്യക്ഷമാക്കിയതുമായ നിത്യജീവനെക്കുറിച്ചു് ഞങ്ങൾ നിങ്ങളോടു് പ്രഖ്യാപിക്കുന്നു. (1 യോഹ. 1:1-2)

ആകാരം പൂണ്ട അനന്ത വചനത്തെ 'കാണാകേണം' എന്നു് അനുദിനം പ്രാർത്ഥിച്ച ചാവറയച്ചൻ മാംസമുടുത്ത ആ നിത്യവചനത്തെ കണ്ടു. അനന്തപൂർണ്ണ ഹൃദയംകൊണ്ടു് അവിടു ത്തെ സ്പർശിച്ചു. അവിടുത്തെ അനുഗ്രഹപൂരംകൊണ്ടു് സ്പർശി തനായി ഭവിക്കുകയും ചെയ്തു. ആ ദർശന സ്പർശനസൗഭഗ ത്തിൽ നിന്നാണു് ചാവറയച്ചന്റെ പ്രേഷിതചൈതന്യം ഒഴു കിവരുന്നതു്. താൻ ദർശിച്ചതും സ്പർശിച്ചതും തന്റെ ജനത തിക്കു് പങ്കിട്ടുകൊടുക്കണമെന്നു് ചാവറയച്ചനു് അതിയായ മോഹമുണ്ടായിരുന്നു. തപസ്സുഭവനം സ്ഥാപിച്ചതുതന്നെ ഈ ഉദ്ദേശവുംകൂടി മുൻനിറുത്തിയായിരുന്നു. അനുഗാമികളുടെ അഭാവംകൊണ്ടു് ഈ സദുദ്യമം സാധിക്കാതെപോകരു തെന്നു് അദ്ദേഹത്തിനു നിർബ്ബന്ധവുമായിരുന്നു.

> കൂടെപ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ ആത്മരക്ഷക്കായ് സർവ്വേശ്വരൻ ഈ സഭയെ സ്ഥാപിക്കാൻ തിരുമനസ്സാ യിരിക്കയാൽ ആറു ചുരുക്കത്താൽ അവക്കുണ്ടാകേണ്ടുന്ന ഈ സഹായം നിറവേററുന്നില്ല. എന്നതുകൊണ്ടു് ഈ അപേക്ഷ നിങ്ങറം നമ്മുടെ പെരിയ ബഹു. പിതാവായ മെത്രാപ്പോലീത്താ അച്ചനോടു അപേക്ഷിച്ചു നിറവേററ ണം. ഇതായതു് ഒരു നൊവിസ്യാത്തും ഒരു മൂപ്പച്ചനും കൂടെ കല്പിച്ചു തരണമെന്നും ഇതു് എന്റെ ആഗ്രഹം.
>
> [കത്തുകറം (സമ്പൂർണ്ണകൃതികറം വാല്യം 4) പുറം 100]

പ്രശ്നം നിറഞ്ഞ അന്നത്തെ തിരുസ്സഭാ ക്രമീകരണങ്ങ ളും സ്ഥലകാല സാഹചര്യങ്ങറം നിർമ്മിച്ച പരിമിതികളും ചാവറയച്ചന്റെ പ്രേഷിത പ്രയത്നങ്ങറംക്കു് നിരന്തര തടസ്സം സൃഷ്ടിച്ചുകൊണ്ടിരുന്നു. എങ്കിലും ആഗ്രഹം കൈവിടാതെ അനുസരണത്തിന്റെ പാതയിലൂടെ ആത്മസംയമനത്തോടെ ആ ധീര യോഗി മുന്നോട്ടുപോയി. നല്ലവനായ ദൈവം ആ പിതൃഹൃദയത്തിലെ തീവ്ര ആഗ്രഹങ്ങളെ കനിഞ്ഞനുഗ്രഹിച്ചു. ഏറിയ കാലത്തിനുശേഷമെങ്കിലും നിരവധി നൊവിസ്യാത്തു കളും പ്രേഷിത ചൈതന്യം ഉറംക്കൊണ്ട സന്ന്യാസികളും കർമ്മ ലസഭയെ ധന്യധന്യമാക്കി.

കേരളത്തിൻെറ ആദ്ധ്യാത്മികത ചാവറയച്ചനു് വളരെ സമാകർഷകമായിരുന്നു. മണ്ണിൻെറ മണം പകരുന്ന അദ്ദേഹത്തിൻെറ ആദ്ധ്യാത്മിക കൃതികൾ ഇതിനു് മതിയായ തെളിവുകളാണു്. എങ്കിലും ഈ നാട്ടു് യേശുവിൻെറ പാദം പുൽകുന്നതു് കാണുവാൻ അദ്ദേഹം അതിയായി ആഗ്രഹിച്ചു.

കേസരി രാജൻ നീ നിന്നുടെ സ്വമതം
കേരളമൊക്കെയും കാണാകേണം
കൈതവം കൊണ്ടു് നിറഞ്ഞൊരീഭൂതലെ
കൈകാര്യം ദുഷ്ടപിശാചിനല്ലൊ
കൈകാലും ശേഷവും നൽകിയ നിൻ വേദം
കൈക്കൊണ്ടീടുന്നതും കാണാകേണം

(ആത്മാനുതാപം III അനുബന്ധം 25-30)

യാതൊരു കാര്യസാദ്ധ്യത്തിനായി യേശുനാഥൻ തൻെറ കൈകളും കാലുകളും ശരീരവും കരിശാകുന്ന യാഗസ്തംഭത്തിൽ ഹോമിച്ചുവോ അതു് സാധിതമായി കാണണമെന്നാണു് ചാവറ ഹൃദയത്തിലെ അടങ്ങാത്ത ആഗ്രഹം. അതിനു വേണ്ടി കൈതവം നിറഞ്ഞ, ദുഷ്ടത നിറഞ്ഞ ഈ ലോകം യേശുവിൻെറ വെളിച്ചത്തിലേക്കു വരണമെന്നു് അദ്ദേഹം കൊതിച്ചു. യേശുവിൻെറ സുവിശേഷത്തെ കേരളക്കരയിൽ അങ്ങോളമിങ്ങോളമെത്തിക്കാൻ അദ്ദേഹം പണിയെടുക്കുകയും ചെയ്തു.

അഗാധമായ ഉൾക്കാഴ്ചകളുടെയും അത്യുന്നതങ്ങളായ അഭിലാഷങ്ങളുടെയും വിളനിലമായിരുന്നു ചാവറയിലെ കർമ്മയോഗി. ജ്ഞാന കർമ്മ ഭക്തി മാർഗ്ഗങ്ങളെ നന്നായി ഒന്നിപ്പിച്ചുള്ള ഒരു ജീവിതശൈലി അദ്ദേഹം മെനഞ്ഞെടുത്തു. കർമ്മയോഗികളുടെയും ജ്ഞാനമതികളുടെയും ഭക്തദാസരുടെയും നാടായ ഈ നാട്ടിൽ ഈ ജീവിത ശൈലി തികച്ചും പ്രസക്തമാണു്. അതിനു് ആധാരമായി നിലകൊണ്ടതു് ഏകാന്ത പ്രേമത്തിൽ എരിയുന്ന അദ്ദേഹത്തിൻെറ പാവന ഹൃദയമായിരുന്നു. യേശുദർശനത്താലും സ്പർശനത്താലും അതു് സദാ സമ്പന്നമായിരുന്നു.

എത്രയും ചിത്രമാം നിൻ മുഖ പത്മത്തെ
ഏകാന്ത പ്രേമത്താൽ പാർക്കുന്നേഹം

(ആത്മാനുതാപം III അനുബന്ധം 55-56)

ചാവറയച്ചൻ കരുപ്പിടിപ്പിച്ച ജീവിത രീതിയുടെ ഊടും പാവു മായി നിലകൊള്ളുന്നതു് ഈ തിരുമുഖ ദർശനവും അതിൽ നിന്നുയരുന്ന പ്രേമവായ്പുമാണ്. ദർശനം അങ്ങനെ സ്പർശ നത്താൽ എരിയുകയും സ്പർശനം ദർശനത്താൽ വളരുകയും ചെയ്തു, ആ പുണ്യതാതനിൽ.

യേശുദർശനത്തിലും സ്പർശനത്തിലും മുഴുകിക്കഴിഞ്ഞി രുന്ന ചാവറയച്ചൻ ഈശോയുടെ അമ്മയായ മറിയത്തിൻെറ വലിയ ഭക്തനായിരുന്നു. ആത്മാനുതാപത്തിലെ നിരവധി കവിതകൾ പരംപൊരുളിനു് പവിത്രമായ ആകാരം നല്കിയ ആ ധന്യവതിയെക്കുറിച്ചുള്ള അനുസ്മരണകളും അവളോടുള്ള പ്രാർത്ഥനകളുമാണ്. അതിനൊരു ഉദാഹരണമാണ് താഴെ കൊടുക്കുന്ന ഈ ചെറു കവിത. അവിടെയും ചാവറയ്ക്കു് സഹ ജമായ അനുതപ്തഹൃദയത്തെയും അമ്മയിലുള്ള അചഞ്ചല വിശ്വാസത്തെയും നമുക്കു കാണാം.

ആദിത്യയാടയണിഞ്ഞു് മതിതന്നെ
പാദത്തിൻ കീഴിൽ മെതിക്കും നാഥേ,
പാപിയാം എന്നുടെ പാപത്തെ പോക്കി നിൻ–
പാദെ അടിയനെ ചേർത്തീടേണം

(ആത്മാനുതാപം III അനുബന്ധം 65–68)

കാലത്തിൻെറ തികവിൽ കൻമഷഹീനയായ ആ അമ്മ ആ പ്രാർത്ഥനയ്ക്കു് ഉത്തരമരുളി, ചാവറയച്ചനെ മാതൃമടിയിലേ ക്കാനയിച്ചു. തിരുസ്സഭയുടെ സിദ്ധന്മാരുടെ ഗണത്തിലേക്ക് അദ്ദേഹത്തെ ഉയർത്തുന്ന ഈ സുഭാവസരത്തിൽ ചാവറയച്ചൻ ആരചിച്ച ഈ ജീവിതശൈലി നമുക്കേവർക്കും ഉത്തേജനമരു ളട്ടെ.

## VII

# പരിശുദ്ധ സിംഹാസനത്തോടുള്ള വിധേയത്വവും വിശ്വസ്തതയും


സി. ബനിക്കാസിയ, C.M.C.

സി. എലിസബത്ത് വില്ല്യം, C.M.C.


[''ഞാൻ തിരുസഭയുടെ ഒരു പുത്രനാണ്'' എന്ന് ചാവറയച്ചൻ ജീവിതത്തിലൂടെ പ്രഘോഷിച്ചു. കാറ്റും കോളും നിറഞ്ഞ കാലങ്ങളിൽ കേരള സഭയെ അദ്ദേഹം ധീരമായി നയിച്ചു. സഭാതലവനായ മാപ്പാപ്പയോട് അഗാധമായ സ്നേഹാദരങ്ങളാണ് ചാവറയച്ചനുണ്ടായിരുന്നത്. ലെയോപ്പോൾഡ് മിഷനറിയുടെ ശൈലി കടമെടുത്തു പറഞ്ഞാൽ ''ചാവറയച്ചനിൽ വിശേഷമായിട്ട് വിളങ്ങിപ്രകാശിച്ചപുണ്യം ശുദ്ധപള്ളിയുടെമേലും ശുദ്ധമാർപ്പാപ്പയുടെമേലുമുള്ള എത്രയും എരിവുള്ള വിശ്വാസവും പ്രിയവുമായിരുന്നു'']

ആർഷ സംസ്കാരമനുസരിച്ച് ഒരു വ്യക്തി തന്റെ ജീവിതത്തിന് അടിത്തറയിടുന്നത് ബ്രഹ്മചര്യകാലഘട്ടത്തോടെയാണ്; അതായത്, വിദ്യാഭ്യാസകാലത്ത്. ഇതു സാധാരണയായി നടക്കുന്നത് ഗുരുകുലവാസകാലത്ത്, ഗുരുവിന്റെ എല്ലാ ഇംഗിതങ്ങളും നിർവ്വഹിച്ചുകൊടുത്ത് ഗുരുവിനെ സ്നേഹിച്ചു സേവിച്ചു ശുശ്രൂഷിച്ച് അനുസരിച്ചുകൊണ്ടാണ്. ഗുരുവിനെ മാത്രമല്ല, ഗുരു പത്നിയേയും സേവിക്കുക ശിഷ്യനു ഭൂഷണമായി കരുതിയിരുന്നു. ദൈവത്തിന്റെ മനുഷ്യൻ എന്ന് സമകാലീനർ വാഴ്ത്തിയിരുന്ന ചാവറ കുര്യാക്കോസച്ചനും യേശുവിനെ തന്റെ ഗുരുവായി

സ്വീകരിക്കുകയും യേശുവിന്റെ മനോഭാവം പൂർണ്ണമായും സ്വന്തമാക്കാൻ പരിശ്രമിക്കുയും ചെയ്തു. മാത്രമല്ല, അദ്ദേഹം ഗുരുപത്നിയായ സഭയേയും സ്നേഹിക്കുയും സേവിക്കുയും ചെയ്തുകൊണ്ട് യഥാർത്ഥ ക്രിസ്തുശിഷ്യന്റെ ലക്ഷണങ്ങൾ തന്നിൽ സാക്ഷാത്കരിച്ചു.

അധികാരികളിൽ, പ്രത്യേകിച്ച് തിരുസഭാധികാരികളിൽ ആഴമേറിയ വിശ്വാസം വഴി ദൈവഹിതം കണ്ടെത്തി അവരോട് ബഹുമാനാദരവുകൾ പ്രദർശിപ്പിക്കുയും വിധേയത്വം പ്രകടിപ്പിക്കുകയും ചെയ്തു അദ്ദേഹം. കേവലം വ്യക്തിപരം എന്നതിനേക്കാൾ ഈ വ്യക്തികളിൽ മറഞ്ഞിരിക്കുന്ന ദൈവത്തിന്റെ മുഖദർശനമാണ് ഇങ്ങനെയുള്ള ഒരു ''ചൊൽവിളിക്ക്'' അദ്ദേഹത്തെ പ്രേരിപ്പിച്ചതു് എന്നതിനു് അദ്ദേഹത്തിന്റെ ജീവിതവും ജീവിത സംഭവങ്ങളും സാക്ഷികളായി നിലകൊള്ളുന്നു. കേരളത്തിലേക്ക് ഓരോ പ്രാവശ്യവും അയച്ചിരുന്ന മെത്രാൻമാരെയും മിഷനറിമാരെയും ''ശുദ്ധ. മാർപ്പാപ്പ നമ്മുടെമേൽ കല്പിച്ചയച്ചിരിക്കുന്നവർ'' ആയതുകൊണ്ട് അവർ സഭയ്ക്കും സഭാവികസനത്തിനും വിലങ്ങുതടികളായിരുന്നാൽതന്നെയും, പറയേണ്ട കാര്യങ്ങൾ ധൈര്യത്തോടെ പറഞ്ഞശേഷം തന്റെ കടമ നിർവ്വഹിച്ചു- ഇനി ബാക്കിയുള്ള കാര്യങ്ങൾ ദൈവം നോക്കും എന്ന ചിന്താഗതിയോടെയാണ് അനുസരിച്ചിരുന്നതു്.

റോക്കോസ് ശിശ്മ കേരളസഭയെ ആകമാനം പിടിച്ചു കുലുക്കിയ സംഭവമായിരുന്നു. റോക്കോസ് മെത്രാൻ ഒരു കത്തോലിക്കനോ പാഷാണ്ഡനോ ആയിരുന്നില്ല. റോമൻ തിരുസിംഹാസനവുമായി ഐക്യത്തിലിരുന്ന കത്തോലിക്കനായ കൽദായ പാത്രിയർക്കിസ് അയച്ച കത്തോലിക്കാമെത്രാനായിരുന്നു. മലബാർ സഭയിൽ നിന്നുള്ള നിരവധി നിവേദനങ്ങളുടേയും അഭ്യർത്ഥനകളുടേയും പ്രതികരണമായിട്ടാണ് റോക്കോസ് മെത്രാനെ കൽദായ പാത്രിയർക്കിസ് ഇങ്ങോട്ടയച്ചതും. ഏതാണ്ടു നാഥനില്ലാക്കളരിപോലെയായിരുന്നു കത്തോലിക്കരായ മാർത്തോമ്മ ക്രിസ്ത്യാനികൾ. നൈയ്യാമികമായി കൊടുങ്ങല്ലൂർ രൂപയുതടെ അധീനതയിലായിരുന്നു അവർ. പക്ഷെ വളരെക്കാലമായി പ്രസ്തുത രൂപതയ്ക്കു മെത്രാന്മാരില്ലായിരുന്നു. വാസ്തവത്തിൽ മെത്രാനുണ്ടായിരുന്നതു് ലത്തീൻകാർക്കുവേണ്ടിയുള്ള വരാപ്പുഴ അപ്പസ്തോലിക വികാരിയാത്തിലായിരുന്നു. തിരുസിംഹാസനത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് അവരാണ് മലബാർ കത്തോലിക്കരു

ടെ ഭരണം നടത്തിപ്പോന്നതു്. അതുകൊണ്ടു് പുരാതന പാരമ്പര്യപ്രകാരമുള്ള സ്വന്ത അവകാശം അനുസരിച്ച് കൽദായ പാത്രിയർക്കീസ് മലബാർ കത്തോലിക്കർക്കായിത്തന്നെ ഒരു മെത്രാനെ അയച്ചു കൊടുത്തതു് വലിയൊരനുഗ്രഹമായി പലരും വിചാരിച്ചു. ലത്തീൻ ഭരണത്തിൽനിന്നു മോചനംനേടി സ്വതന്ത്രമായി വളരാൻ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു കഴിയുന്ന സുവർണ്ണാവസരമായി കരുതി. സാർവ്വത്രിക സഭയുടെ ഐക്യവും പ്രത്യേകസഭകളുടെ കൂട്ടായ്മയും സത്യ സഭാ വിശ്വാസത്തിൻെറ ആണിക്കല്ലായി കരുതിയ ചാവറ കുര്യാക്കോസ് ഏലിയാസച്ചനു് ആ വിധത്തിൽ ചിന്തിക്കാൻ കഴിഞ്ഞില്ല. തിരുസ്സഭാതലവനായ റോമാ മാർപ്പാപ്പയോടുള്ള ബഹുമാനവും അനുസരണവും അദ്ദേഹത്തിനു് വിശ്വാസത്തിൻെറ ആണിക്കല്ലായിരുന്നു.

പത്രോസാകുന്ന പാറയിന്മേലാണല്ലോ ക്രിസ്തു തൻെറ സഭയെ സ്ഥാപിച്ചതു്. സഭകളെ ഐക്യത്തിൽ പാലിക്കുന്നതിനുള്ള പരമാധികാരമാണു് അദ്ദേഹത്തിനു് ക്രിസ്തു നൽകിയതു്. പത്രോസിൻെറ പിൻഗാമിയായ റോമാമാർപ്പാപ്പ നിശ്ചയിച്ച ഭരണ സംവിധാനത്തിനെതിരായി പ്രവർത്തിക്കുന്നതു സഭയുടെ ഐക്യത്തെ ഭഞ്ജിക്കുമെന്നു ദൈവദാസനു ബോദ്ധ്യമുണ്ടായിരുന്നു. കടക്കച്ചിറ അന്തോനിയച്ചനെപ്പററി നാളാഗമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിൻെറ ഉദ്ദേശം വളരെ പവിത്രമാണു്. മററുള്ളവർ ആ തെററിൽ പെടാതിരിക്കുവാനും യഥാർത്ഥ സത്യം മനസിലാക്കുവാനും റോമായെ ബഹുമാനിക്കുവാനും കീഴ്‌വഴങ്ങുവാനും പ്രേരണനല്കുവാനുമായിട്ടാണു്. ''പലർക്കും ആത്മനാശം ഈ മുഖാന്തിരത്താൽ വന്നിരിക്കുന്നതും ഇപ്പോഠം വരുന്നതും ഇനിയും വരുവാൻ ഇടവരുന്നതുമാകയാൽ ആ നാശത്തിനിടവരായ്‌വാനും റോമാപള്ളി ഈ അനുഗ്രഹമുള്ളതും പ്രിയമുള്ളതുമായ നമ്മുടെ അമ്മയുടെ സങ്കേതത്തിൽ നിന്നും അകറ്റുന്നതുമായ ഈ വലിയ നാശം എൻെറ ജ്യേഷ്ഠ്ന്മാർക്കു് ഇനി എങ്കിലും വരായ്‌വാൻ ഈ സംഗതി അറിയിക്കണം എന്നുമത്രെ എൻെറ അഭിപ്രായം''. സത്യം സ്ഥാപിക്കുക എന്ന ജറമിയാ പ്രവാചകൻെറ ഉൽക്കടമായ ആഗ്രഹം തന്നെയാണു നമ്മുടെ പിതാവിലും നാം കാണുന്നതു്. ''അവിടുത്തെ സന്ദേശം എൻെറ ഉള്ളിൽ കടന്നു് എൻെറ അസ്ഥികളെ ദഹിപ്പിക്കുന്നതുപോലെ അനുഭവപ്പെടുന്നു. അതു് അടക്കിനിർത്താൻ ഞാൻ സർവ്വവിധേനയും പരിശ്രമിച്ചു. പക്ഷേ സാധിക്കുന്നില്ല.'' (ജറമിയ 20:9)

''ശുദ്ധ മാർപ്പാപ്പായുടെ കല്പനയോടും തിരുവെഴുത്തോടും കൂടി വരുന്നവരായിരുന്നാൽ നേരുള്ള വാതിലായ ഈ മലയാളത്തിലുള്ള പെ. ബ. വികാരി അപ്പസ്തോലിക്കമാരായ വരാപ്പുഴ മെത്രാപ്പോലീത്താച്ചൻെറ പക്കൽ എങ്കിലും കൊല്ലത്തു മെത്രാനച്ചൻെറ പക്കൽ എങ്കിലും ഈ തിരുവെഴുത്തു സാക്ഷിയോടുകൂടി കാണിച്ച് അനുവാദത്തോടുകൂടി മാത്രമേ നമ്മുടെ യാതൊരു പള്ളിയിൽ എങ്കിലും കരേറി......പാടുള്ളൂ. (വലേ. P. 145). വി. പൗലോസ് ശ്ലീഹാ ഗലാത്യക്ക് എഴുതിയ പ്രബോധനം ഇദ്ദേഹത്തെ കൂടുതൽ ശക്തിപ്പെത്തിയിരുന്നിരിക്കണം. ''ഞങ്ങളാരെങ്കിലുമോ സ്വർഗ്ഗത്തിൽനിന്ന് ഒരു ദൂതൻ തന്നെയോ ഞങ്ങൾ പ്രസംഗിച്ചിട്ടുള്ളതിനു വിരുദ്ധമായി മറെറാരു സുവിശേഷം പ്രസംഗിക്കുന്നുവെങ്കിൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ'' (ഗലാ. 1, 8).

റോക്കോസ് മെത്രാൻ വന്നിറങ്ങിയ വിവരം കാണിച്ച് തൊണ്ടനാട്ട് അന്തോനിക്കത്തനാർ പ്രിയോരച്ചനു കത്തെഴുതുകയുണ്ടായി. ആ ദിവസങ്ങൾ മാസത്തിൻെറ അവസാനം ചെയ്തുവരുന്ന ധ്യാനദിവസങ്ങളായിരുന്നു. ധ്യാനാവസരത്തിൽ, ഈ വന്ന മെത്രാൻ ശുദ്ധ മാർപ്പാപ്പായുടെ കല്പന കൂടാതെ വന്നിരിക്കുന്നുവെന്നും ഈ ആളിനു കീഴ്‌വഴങ്ങിയാൽ മഹറോനിൽ വീണുപോകുമെന്നും എല്ലാവരും കേൾക്കെ പരസ്യമായി ''ത്രോണോസിൽ ഇരിക്കുന്ന തൂങ്ങപ്പെട്ട രൂപം തൊട്ട് സത്യം ചെയ്തു ബോധിപ്പിക്കാം'' എന്നു വലിയ സ്വരത്തോടും ധൈര്യത്തോടും കൂടെ പ്രിയോരച്ചൻ ആ കൂട്ടത്തിൽ പറയുകയുണ്ടായി എന്നു നാളാഗമം സാക്ഷിക്കുന്നു. (P. 193)

പ്രിയോരച്ചൻെറ മാർപ്പാപ്പായോടുള്ള ബഹുമാനാദരവുകളെ അടുത്തറിഞ്ഞിരുന്ന ലെയോപ്പോൾഡ് മിഷനറിയുടെയും ബഞ്ഞീർദീനോസു മെത്രാപ്പോലീത്തായുടെയും സാക്ഷ്യങ്ങൾ നമുക്കുണ്ട്. ചാവറയച്ചൻെറ മരണശേഷം അധികം താമസിയാതെതന്നെ അദ്ദേഹത്തിൻെറ ''ആത്മാനുതാപം'' എന്ന കൃതി ലെയോപ്പോൾഡച്ചൻ തന്നെ മുൻകൈ എടുത്ത് അച്ചടിപ്പിച്ചു വിതരണം ചെയ്യുകയുണ്ടായി. പ്രസ്തുത ഗ്രന്ഥത്തിൻെറ മുഖവുരയായി ചാവറപ്പിതാവിൻെറ ജീവചരിത്ര സംഗ്രഹവും അദ്ദേഹം തന്നെ എഴുതിച്ചേർത്തിട്ടുണ്ട്. അതിൽ ധന്യനായ നമ്മുടെ പിതാവിൻെറ ജീവിത വിശുദ്ധിയെപ്പററി പ്രതിപാദിക്കുന്നതിപ്രകാരമാണ്. ''അയാളെ അറിഞ്ഞിരുന്നവരൊക്കെയും അയാളുടെ വിശേഷ എളിമയും താഴ്മയും ഏററിക്കപ്പെട്ട ഉപവിയും മേല്പട്ടക്കാരുടെ നേരെയുള്ള കീഴ്‌വഴക്കവും ചൊല്ലുവിളിയും എല്ലാവരും ബോധിച്ചിരിക്കയാൽ

അയാളുടെ നേരെ മഹാ ആചാരവും പ്രീയവുമായി അയാളുടെ വചനത്തിന്മേൽ മുഴുവനാക്കപ്പെട്ട വിശ്വാസവുമായിരുന്നു. എന്നാൽ അദ്ദേഹത്തിനുള്ള പുണ്യങ്ങളിന്മേൽ വിശേഷമായിട്ടു വിളങ്ങി പ്രകാശിച്ച പുണ്യം ശുദ്ധ പള്ളിയുടെമേലും ശുദ്ധ മാർപ്പാപ്പായുടെ മേലുള്ള എത്രയും എരിവുള്ള വിശ്വാസവും പ്രിയവുമായിരുന്നു.'' (ആത്മാ. ആമുഖം P. 11)

ദൈവദാസനെ സുറിയാനിക്കാരുടെ ഭരണത്തിനായി Coadjutor Bishop ആക്കുന്നതിനു് അപേക്ഷിച്ചുകൊണ്ടു ബെച്ചിനൊസു് മെത്രാപ്പോലീത്താ റോമിലേക്കു പ്രൊപ്പഗാന്താ തിരുസംഘത്തിൻെറ അധിപനായ കാർഡിനലിനു് 1861 ജൂൺ 15-ാം നു- അയച്ച കത്തിൽ ദൈവദാസൻെറ ജീവിത വിശുദ്ധിയും സൽഗുണങ്ങളും വിവരിക്കുന്നുണ്ടു്. ''സാക്ഷാത്തായ ക്രൈസ്തവ ചൈതന്യമുള്ളവനും സുകൃതസമ്പന്നനും വളരെ വിവേകമതിയും വേദപുസ്തകത്തിൽ അഗാധ പാണ്ഡിത്യമുള്ളവനും സുറിയാനിഭാഷാ വിശാരദനുമാണു് അദ്ദേഹം. ഇവിടെ മതഭിന്നതയുണ്ടാക്കിയവരും ബാഗ്ദാദിൽ നിന്നു വന്നു കയറിയ ആ ''കശ്ശേറാക്കാരനും'' സകല തന്ത്രവും എല്ലാ കൗശലവും പ്രയോഗിച്ചു നോക്കിയിട്ടും മിഷനറി വൈദികരോടും കത്തോലിക്കാ മതത്തോടും പരി. സിംഹാസനത്തോടുമുള്ള ഭക്തിയിലും വിശ്വസ്തതയിലും അചഞ്ചലമായി അദ്ദേഹം ഉറച്ചു നില്ക്കുകയാണു ചെയ്തതു്.''

ശത്രുക്കൾക്കുപോലും ഇദ്ദേഹത്തിൻെറ മാർപ്പാപ്പായോടുള്ള സ്നേഹവും വിശ്വസ്തതയും അറിയാമായിരുന്നു. അതു ചൂഷണം ചെയ്യുന്നതിനു കൊണ്ടുനാട്ടു് അന്തോണിക്കത്തനാർ ഒരു വിഫലശ്രമം നടത്തുന്നുണ്ടു്. 9-ാം പീയൂസ് പാപ്പായുടെ കത്തോടും അനുവാദത്തോടും കൂടിയാണു റോക്കോസ് മെത്രാൻ വന്നിരിക്കുന്നതു് എന്നു പറഞ്ഞാൽ ചാവറയച്ചൻ അദ്ദേഹത്തെ സ്വീകരിക്കും എന്നു ബോദ്ധ്യം തൊണ്ടനാട്ടച്ചനുണ്ടായിരുന്നു. അപ്രകാരം ഒരെഴുത്തു് എഴുതുന്നു. കുശാഗ്രബുദ്ധിയായ ചാവറയച്ചനാകട്ടെ ഇവരുടെ തന്ത്രം മനസ്സിലാക്കുകയും അവരുടെ കെണിയിൽ അകപ്പെടാതിരിക്കാൻ ശ്രദ്ധിക്കയും ചെയ്തു.

മാന്നാനത്തു് ആദ്യമായി സന്ന്യാസസഭ ആരംഭിച്ചപ്പോൾ അതിനു് തിരുസഭയിലെ മററു സഭകളെപ്പോലെ സ്ഥാനമുള്ളതാകുന്നതിനു് വൈദികമേലദ്ധ്യക്ഷന്മാരുടെ മുറപ്രകാരമുള്ള അംഗീകാരവും നിയമാനുസൃതമായ വ്രതാനുഷ്ഠാനവും ആവശ്യമായിരുന്നതുകൊണ്ടു്, ശുദ്ധ. പള്ളിയുടെ സ്ഥാനക്കാരായിരിക്കുന്ന മേല്പട്ടക്കാരാൽ ഉറപ്പിച്ചു് വാസ്ത

വപ്പെട്ടവെങ്കിൽ മാത്രമെ മുഴുവനായിട്ട തമ്പുരാനെ പ്രസാദിപ്പിക്കയുള്ള എന്നു് ബോദ്ധ്യമുണ്ടായിരുന്ന നമ്മുടെ പിതാവു്, പല പ്രകാരത്തിലും അതിനപേക്ഷിക്കയും വ്രതവാഗ്ദാനം നടത്തുകയും ചെയ്യുന്നു. (ചാവറ. ജീവചരിത്രം. ഫാ. വലേരിയൻ, P. 101)

അദ്ദേഹത്തിന്റെ അനുസരണം കേവലം അന്ധമായ ഒന്നല്ലായിരുന്നു. 50 നോമ്പും 25 നോമ്പും ദിവസങ്ങൾ മുഴുവനും ഉപവസിക്കുക, ഇവിടുത്തെ കാലാവസ്ഥയിൽ ദുഷ്കരമായി അനുഭവപ്പെട്ടതിനാൽ ശ്ലൂദ്ധ. സിംഹാസനത്തിൽനിന്നു് അതു ഇളവുചെയ്യു നല്ലണമെന്നു അദ്ദേഹം ബർണ്ണർദിനോസ് മെത്രാപ്പോലീത്തായെ അറിയിക്കുന്നു. ഒരു സുപ്രഭാതത്തിൽ അന്നത്തെ വൈദികമേലദ്ധ്യക്ഷനായിരുന്ന ഫ്രാൻസീസ് സേവ്യർ മെത്രാപ്പോലീത്താ ചില തെററിദ്ധാരണകൾക്കു വശംവദനായി, പള്ളിപ്പുറത്തേക്കു സ്ഥലം മാററിയപ്പോൾ അദ്ദേഹം അതനുസരിക്കുന്നു. തന്റെ മനോഭാവം ഇതായിരുന്നു: ചെന്നു സങ്കടം പറയുക, കൈക്കൊണ്ടില്ലെങ്കിൽ ചൊൽവിളി കേൾക്കുക. കൂടാതെ, ചരിത്രം സാക്ഷിക്കുന്നതുപോലെ മാന്നാനത്തെ സഭയെ ഒരു ഏതദ്ദേശീയ വ്യതിരിക്ത സഭയായി നയിക്കണമെന്നാഗ്രഹിച്ച സഭാസന്താനങ്ങൾക്കു് അതിനുള്ള സ്വാതന്ത്ര്യം ലഭിച്ചില്ല. ഇവരുടെ അറിവുകൂടാതെ 1860 – ൽ റോമിൽ കൂടിയ കമ്മലീത്താ നിഷ്പാദുക സഭയുടെ പൊതുസംഘം മാന്നാനത്തെ സഭയെ, പ്രസ്തുത സഭയുടെ 3 -ാം സഭയായി സ്വീകരിച്ചതു് വളരെ വേദനാജനകമായിരുന്നുവെങ്കിലും മെത്രാപ്പോലീത്തായോടു് ആദരവോടെയും അനുസരണത്തോടെയും വത്തിക്കയാണുണ്ടായതു്.

അനുസരണത്തെക്കുറിച്ച താൻ നിഷ്ഠയുള്ളവനായിരുന്നതുപോലെ തന്റെ സഭാംഗങ്ങളും ആയിരിക്കണമെന്നു് അദ്ദേഹത്തിനു നിർബ്ബന്ധമുണ്ടായിരുന്നു. മരിക്കുന്നതിനു മുമ്പു് തന്റെ സന്ന്യാസികൾക്കുവേണ്ടി എഴുതിയ മരണശാസനത്തിൽ പറയുന്നു "സന്ന്യാസിയുടെ ഏകമായ അടയാളം സ്വന്തം മനസ്സിനെ മുഴുവൻ ഉപേക്ഷിച്ച് കണ്ണും ചെവിയും ഇല്ലാത്ത ചൊൽവിളി അത്രെ." മൂന്നു പദവിയിലുള്ള അനുസരണത്തെപ്പററി അദ്ദേഹം പരാമർശിച്ചു കാണുന്നു. മേലുള്ള അധികാരികൾക്കും അപ്രകാരം കീഴ്ത്തലവന്മാർക്കും ഒടുക്കം തമ്മിൽത്തമ്മിലും.

പരിശുദ്ധ സിംഹാസനത്തിലേക്കയച്ച രണ്ടു കത്തുകൾ നമുക്കു ലഭ്യമാണ്. മാർപ്പാപ്പയോടുള്ള ബഹുമാനത്തെയും വിധേയത്വത്തെയും അങ്ങേയററം പ്രദ്യോതിപ്പിക്കുന്നവയാണവ. മാർപ്പാപ്പയെ അഭിസംബോധന ചെയ്തിരിക്കുന്നതു്, പത്രോസിന്റെ താക്കോൽ പിടിച്ചിരിക്കുന്നവനും നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല എന്നു പത്രോസിനോടു പറഞ്ഞു ധൈര്യപ്പെടുത്തിയവനുമായ നമ്മുടെ കർത്താവിന്റെ സഭയിലെ പരമാധികാരം കൈകാര്യം ചെയ്യുന്നവനുമായ പരിശുദ്ധ പിതാവു് എന്നാണ്. മാർപ്പാപ്പായുടെ മറുപടിക്കത്തിൽ അദ്ദേഹത്തെ എത്രമാത്രം ശ്ലാഘിക്കുന്നുവെന്നു പ്രസ്പഷ്ടമാക്കുന്നുണ്ടു്. ''ഈ മഹാകാര്യത്തിൽ ഭിന്നതയൊക്കെയും നിങ്ങളിൽ നിന്നകലുവാൻ ശ്ലീഹായിക്കടുത്ത ഈ തിരുസിംഹാസനത്തോടും മററു സകല പള്ളികളുടെയും മാതാവും ഗുരുനാഥയുമായ വലിയ റോമാ എന്ന ഈ പള്ളിയോടും നിങ്ങൾ ആലോചന ചോദിച്ചതിനാൽ നാം വളരെ സന്തുഷ്ടനായിത്തീർന്നിരിക്കുന്നു.'' (കത്തുകൾ P.8)

അതേ, യുഗാന്ത്യം വരെ നിലനില്ക്കുന്ന ഈ അധികാരം ചാവറയച്ചൻ പൂർണ്ണമായും അനുസരിക്കുകയും മാർപ്പാപ്പയ്ക്കു് വിശ്വസ്ഥനായി സഭയെ സേവിക്കയും ചെയ്തു. അദ്ദേഹത്തിന്റെ പിൻഗാമികളായ നമുക്കു് അദ്ദേഹത്തിൽ അന്യാദൃശ്യമായി വിളങ്ങിയിരുന്ന ഈ സുകൃതം അഭ്യസിക്കുവാൻ ആത്മാത്ഥമായ ഒരു ശ്രമം നടത്താം. ഇതായിരിക്കട്ടെ, നമ്മുടെ പിതാവിനെ വാഴ്ത്തപ്പെട്ടവനെന്നു വിളിക്കുന്ന ഈ ശുഭാവസരത്തിൽ നമുക്കു നല്കാവുന്ന ഏററം വലിയ സംഭാവന.

VIII

# ചാവറയച്ചനും മാർത്തോമ്മാ പൈതൃകവും

ജെ. ചിറയിൽ, C.M.I.

[നൂറു ശതമാനം ഭാരതീയനും കേരളീയനുമായിരുന്നു ചാവറയച്ചൻ. അതുപോലെ തന്നെ ഒരു സമ്പൂർണ്ണ മാർത്തോമ്മാ ക്രിസ്ത്യാനിയും. ചുരുക്കം ചില കോണുകളിൽ നിന്ന്, ഈ പരമാർത്ഥം ഇന്ന് ചോദ്യം ചെയ്യപ്പെടുന്നുണ്ട്. അദ്ദേഹം വിദേശ സഭയുടെ ഒരു ചട്ടുകമായിരുന്നുവെന്നും, ലത്തീനീകരണത്തിന്റെ വക്താവായിരുന്നെന്നും തദ്ദേശീയ സഭയെ ഒററിക്കൊടുത്തുവെന്നും മററുമാണ് അവരുടെ ആരോപണങ്ങൾ. ഈ ആരോപണങ്ങൾ കഴമ്പില്ലാത്തവയാണ്.]

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ തനിമയും വ്യക്തിത്വവും ഇന്ന് എമ്പാടും സംസാരവിഷയമാണ്. അങ്ങനെയൊന്ന് ഉണ്ടെന്നും ഇല്ലെന്നും വാദിക്കുന്നവർ രണ്ടു ചേരികളായിനിന്ന് വാദപ്രതിവാദം നടത്തുന്നു. ആ വിവാദത്തിലേക്ക് കടക്കാതെ, നാം സുവിദിതമായി ദർശിക്കുന്ന ഒരു പരമാർത്ഥമായി മാത്രം ഇതിനെ മനസ്സിലാക്കുകയാണ് നല്ലതെന്നു തോന്നുന്നു.

ക്രിസ്ത്യാനികളെല്ലാവരും ഒരേ വിശ്വാസരഹസ്യമാണ് സ്വീകരിക്കുന്നതെങ്കിലും അതു് മനസ്സിലാക്കുകയും ജീവിതത്തിലൂടെ അതിനു പ്രത്യുത്തരം നല്കുകയും ചെയ്യുന്നതു് ഓരോ ജനതയുടെയും സാംസ്കാരിക പശ്ചാത്തലത്തിലാണല്ലോ. ഈ പ്രത്യേക സാംസ്കാരിക പാരമ്പര്യത്തിനനുഗുണമായി അവർ

പ്രത്യുത്തരിക്കുമ്പോൾ കാഴ്ചപ്പാടുകൾക്കും ഊന്നുകൾക്കും വൈവിധ്യമുണ്ടാവുന്നു.

ഈ വ്യത്യസ്ത കാഴ്ചപ്പാടും അതിന് ഓരോ ജനതയും നൽകുന്ന പ്രത്യുത്തരവും പ്രത്യേകം പ്രത്യേകം ശീലിലും ശൈലിയിലും ആയതിനാൽ ആഗോള സഭയിൽത്തന്നെ പ്രാദേശിക സഭകൾക്ക് രൂപവും ഭാവവും ലഭിക്കുന്നു.

തോമാശ്ലീഹായിലൂടെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പൂർവപിതാക്കന്മാർക്കു ലഭിച്ചതും, തലമുറകളിലേക്കു കൈമാറിയതുമായ ഈ പ്രത്യേക വീക്ഷണം രണ്ടായിരം വർഷങ്ങളായി അവർ സ്വാംശീകരിച്ച് അവരുടെ ജീവിതത്തിന്റെയും മതാത്മകതയുടെയും ഭാഗമാക്കിത്തീർത്തു.

പല ഘടകങ്ങൾ സംയോജിച്ചുള്ള ഈ പൈതൃകമാണ് ഇന്ന് മാർത്തോമ്മാ ക്രിസ്ത്യാനികളെ അവരാക്കുന്നതും മററു സഹോദര സഭകളിൽ നിന്നും അവരെ വ്യവച്ഛേദിച്ചു കാണിക്കുന്നതും. തികച്ചും ഭാരതീയവും മാർത്തോമ്മായുടെ പൈതൃകം മുറുകെപ്പിടിക്കുന്നതുമായ കേരളീയ സഭയുടെ പ്രഫുല്ല പുഷ്പമാണ് വാഴ്ത്തപ്പെട്ട ചാവറയച്ചൻ.

ചുരുക്കം ചില കോണുകളിൽ നിന്നെങ്കിലും ഈ പരമാർത്ഥം ഇന്ന് ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹം വിദേശ സഭയുടെ ഒരു ചട്ടുകമായിരുന്നുവെന്നും, ലത്തീനീകരണത്തിന്റെ വക്താവായിരുന്നുവെന്നും തദ്ദേശീയ സഭയെ ഒററിക്കൊടുത്തുവെന്നും ഒക്കെയാണ് അവരുടെ ആരോപണങ്ങൾ.

കാര്യങ്ങളുടെ വിവിധ വശങ്ങൾ പരിശോധിച്ചാൽ, അദ്ദേഹത്തിന്റെ വ്യക്തിര...ത്തെ വിശ്ലേഷണം ചെയ്താൽ, ഈ ആരോപണങ്ങളൊന്നും ശരിയല്ലെന്ന് മാർത്തോമ്മാ സഭയുടെ ആചാര്യനും സുപ്രസിദ്ധ പണ്ഡിതനുമായ ഡോ. പ്ലാസിഡ് വ്യക്തമാക്കിയിട്ടുണ്ട്.

നൂറുശതമാനം ഭാരതീയനും കേരളീയനുമായിരുന്നു ചാവറയച്ചൻ. തന്റെ രാജ്യത്തെ സ്നേഹിക്കുകയും, ഭാരത സംസ്കാരത്തെ ഉയർത്തിപ്പിടിക്കുകയും ചെയ്ത ആ വലിയ മനുഷ്യസ്നേഹി തന്റെ രാജ്യത്തിനും ജനങ്ങൾക്കും രാജാവിനും മന്ത്രിമാർക്കും വേണ്ടി ആശീർവാദവും പ്രാർത്ഥനയും സഭാധ്യക്ഷനായ മാർപാപ്പയിൽ നിന്നും ഇരക്കുന്നതു കാണാം. (കത്തുകൾ 1:1, 1:2).

ഈ അടുത്തകാലത്തു് രാഷ്ട്രപതി വെങ്കിട്ടരാമൻ ഊന്നിപ്പറഞ്ഞ ആശയവും ഇതുതന്നെയാണു്. ഇന്ത്യൻ ക്രൈസ്തവികതയുടെ ചൈതന്യത്തിൻെറയും മലബാർ സഭയുടെ പ്രകാശമാനമായ മുഖത്തിൻെറയും പ്രതീകമായ ചാവറയച്ചനു് തദ്ദേശീയ സംസ്കാരവും പാരമ്പര്യവും ഉയർത്തിപ്പിടിച്ചുകൊണ്ടു് സമുദായത്തിനു് പുതുജീവൻ പകരാൻ കഴിഞ്ഞുവെന്നു് അദ്ദേഹം പറയുകയുണ്ടായി.

ഈ രാജ്യസ്നേഹി, തൻെറ രാജ്യത്തു് തോമാശ്ലീഹാ കൊണ്ടുവന്ന ക്രൈസ്തവ വിശ്വാസത്തേയും അതിൻെറ തനിമയേയും ആഴത്തിൽ മനസ്സിലാക്കുകയും അദ്ദേഹത്തിൻെറ അന്നത്തെ അറിവിൻെറ വെളിച്ചത്തിൽ അതിനെ അഭംഗുരം കാത്തു പാലിക്കുകയും വളർത്തുകയും ചെയ്ത ചാവറയച്ചനെപ്പോലൊരു സമ്പൂർണ്ണ മാർത്തോമാക്രിസ്ത്യാനിയെ നമ്മുടെ ചരിത്രത്തിൻെറ ഇന്നോളമുള്ള ഏടുകളിൽ കണ്ടെത്തുവാൻ സാധിച്ചിട്ടില്ലയെന്നതു് ഒരു പരമാർത്ഥം മാത്രമല്ലേ?

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മതാത്മകവും സഭാത്മകവുമായ തനിമയേയും വ്യക്തിത്വഘടകങ്ങളെയും മാർ പവ്വത്തിൽ വിശ്ലേഷണ വിധേയമാക്കുന്നുണ്ടു്. അദ്ദേഹത്തിൻെറ പണ്ഡിതോചിതവും സത്യസന്ധവുമായ വീക്ഷണത്തിൽ താഴെപ്പറയുന്ന ഘടകങ്ങളത്രേ മാർത്തോമ്മാ പൈതൃകവും സഭയുടെ തനിമയും മെനഞ്ഞെടുക്കുക.

(1) ക്രിസ്തുവിൻെറ പുനരുത്ഥാനത്തിനും രണ്ടാമത്തെ വരവിനുമുള്ള പ്രതീക്ഷയ്ക്കും നാം കൊടുക്കുന്ന ഊന്നു് (2) ദൈവത്തോടുള്ള നമ്മുടെ മക്കളെക്കുറിച്ചുള്ള ബന്ധം. (3) പാപത്തിൻെറയും രക്ഷയുടെയും ധ്രുവീകരണം. (4) രക്ഷണീയകർമ്മത്തിൽ പരിശുദ്ധാത്മാവിനുള്ള പ്രത്യേക സ്ഥാനം. (5) സഭാത്മകതയെക്കുറിച്ചുള്ള അവബോധം. (6) ദൈവവചനത്തിനുള്ള-ബൈബിളിനുള്ള പ്രാമുഖ്യം. (cfr. Ecclesial Identity of the Syro-Malabar Church.)

എല്ലാ സഭകളിലും വിശ്വാസത്തിൻെറ ഈ ഘടകങ്ങൾ കണ്ടെത്താൻ കഴിയും. പക്ഷേ, മാർത്തോമ്മായുടെ സഭയിൽ ഇവയെല്ലാം സമഞ്ജസമായി സമ്മേളിച്ചു് ഒരു പ്രത്യേക വ്യക്തിത്വത്തിനു് രൂപം നൽകിയിട്ടുണ്ടു്.

നാക്കും, മൂക്കും, കണ്ണും, കാതും എല്ലാ മനുഷ്യരിലും ഉണ്ടെങ്കിലും ഓരോ പ്രത്യേക വ്യക്തിയെയും അവനോ അവളോ ആക്കിത്തീർക്കുന്നതും, ഇതര വ്യക്തികളിൽ നിന്നും വ്യവച്ഛേദിച്ചു നിർത്തുന്നതും, ഇവയുടെ പ്രത്യേക സംയോജനമാ

ണല്ലോ. ഇതുപോലെ തന്നെയാണ് ഓരോ പ്രാദേശിക സഭയിലും, മേൽപ്പറഞ്ഞ ഘടകങ്ങൾ പ്രത്യേക രീതിയിൽ സംയോജിച്ച് ഓരോ സഭയ്ക്കും പ്രത്യേകതയും തനിമയും ലഭിക്കുന്നത്.

മേൽപ്പറഞ്ഞ വിധമുള്ള വിശ്വാസ സംവീക്ഷണ രീതിയിൽ നിന്നും സുതരാം നിർഗളിക്കുന്ന പ്രത്യുത്തരത്തിനും വ്യത്യസ്ഥമായ മാനങ്ങളും രൂപങ്ങളുമുണ്ട്. അത് അവരുടെ ജീവിതത്തിനുതന്നെ വർണ്ണപ്പകിട്ടു നല്കുകയും ജീവിതത്തിന്റെ ഭാഗം തന്നെയായിത്തീരുകയും ചെയ്യും.

വിശ്വാസത്തിന്റെ മൂലക്കല്ലായ ക്രിസ്തുവിന്റെ ഉത്ഥാനവും അങ്ങയുടെ ദ്വിതീയാഗമനത്തെക്കുറിച്ചുള്ള പ്രതീക്ഷയും ക്രിസ്ത്യൻ സമൂഹത്തെ ഒരു തീർത്ഥാടന സമൂഹമാക്കിത്തീർക്കുന്നു.

മനുഷ്യന്റെ അപരാധബോധവും ഈശ്വരന്റെ ഉദാത്തമായ വിശുദ്ധിയും ദർശിക്കുന്ന ക്രിസ്ത്യാനി അപരാധബോധത്തിനും, അനുതാപത്തിനും, ഉപവാസത്തിനും, പ്രായശ്ചിത്തത്തിനും അവന്റെ ജീവിതത്തിൽ ഊന്നു നൽകുന്നു.

അതുപോലെതന്നെ ദൈവാരാധനയിൽ–കാൽവരിയിലെ ദിവ്യയാഗമായ കർബാനയിൽ–കേന്ദ്രീകൃതമാണ് മാർത്തോമ്മാ ക്രിസ്ത്യാനിയുടെ ജീവിതം. ദൈവമാതാവിനോടുള്ള പ്രത്യേക ഭക്തിയും, വേദസാക്ഷികളോടുള്ള നമ്മുടെ പ്രത്യേകാദരവും നാം നൽകുന്ന പ്രത്യുത്തരത്തിന്റെ അവിഭാജ്യഘടകങ്ങളത്രേ.

ഈ വിശ്ലേഷണത്തിന്റെ പശ്ചാത്തലത്തിൽ ചാവറയച്ചന്റെ ജീവിതവും, തത്വചിന്തയും കൃതികളും പരിശോധിച്ചാൽ, മാർത്തോമ്മായുടെ സഭയുടെ ചൈതന്യത്തിന്റെ മൂർത്തീഭാവവും ഉദാത്തമാതൃകയുമാണ് അദ്ദേഹമെന്ന് നിസ്സംശയം മനസ്സിലാക്കാം.

ക്രിസ്തുവിന്റെ ഉത്ഥാനവും അവിടുത്തെ വരവിലുള്ള പ്രതീക്ഷയും ആ ജീവിതത്തിന്റെ ഏററം വലിയ പ്രേരണയായിരുന്നു. ഈ ചൈതന്യം അദ്ദേഹത്തിന്റെ എല്ലാ കൃതികളിലും, പ്രത്യേകിച്ച് ആത്മാനുതാപത്തിന്റെ ആറും, പത്തും ഖണ്ഡങ്ങളിൽ ഒളി ചിന്നുന്നു. അതേ ഗ്രന്ഥത്തിന്റെ മൂന്നാം ഖണ്ഡം മുഴുവനും ഒരു തീർത്ഥാടകന്റെ അന്തരാത്മാവിൽ ആളിക്കത്തുന്ന ദർശനാഭിവാഞ്ഛയുടെ അലയടിതന്നെയാണ്. അദ്ദേഹത്തിന്റെ കൃതികളിൽ പലയിടങ്ങളിലും ഈ തീർത്ഥാടന ചൈതന്യം ഒളിഞ്ഞും തെളിഞ്ഞും പ്രത്യക്ഷപ്പെടുന്നുണ്ട്.

ദൈവാത്മാവു നിറഞ്ഞ ചാവറയച്ചൻ ദൈവത്തെ 'അപ്പാ' എന്നാണ് സംബോധന ചെയ്തിരുന്നത്. ആ അപ്പന്റെ എളിയ മകനായി സ്വയം സങ്കല്പിച്ചുകൊണ്ട് ആ ധ്യാനസല്ലാപങ്ങളുടെ ഓരോ പേജുകളിലും പലേ പ്രാവശ്യം ഈ അപ്പനെ വിളിക്കുന്നതു് എത്ര ഹൃദയഹാരിയായി ചിത്രീകരിച്ചിരിക്കുന്നു.

ജ്ഞാനസ്നാനത്തിൽ ലഭിച്ച ആദ്യ വരപ്രസാദം ഒരിക്കലും കളങ്കപ്പെടുത്താത്ത ആ മഹായോഗി, അനുതാപത്തിന്റെ ആഴങ്ങളിലേക്ക് 'ആത്മാനുതാപത്തിലും', 'ധ്യാനസല്ലാപത്തിലും' ഇറങ്ങി നിന്നുകൊണ്ട്, ദയാവാരിധിയായ ദൈവത്തിന്റെ രക്ഷാകരകരങ്ങളിൽ സ്വയം സമർപ്പിച്ച് അങ്ങിൽ നിന്നും എല്ലാം പ്രതീക്ഷിക്കുന്ന വർണ്ണവൈവിധ്യമാർന്ന വിശിഷ്ടചിത്രങ്ങൾ വരച്ചുകാട്ടുന്നു. പാപബോധവും, ദൈവകരുണയും സമഞ്ജസമായി ആ ജീവിതത്തിൽ സംതുലനം തേടിയതിന്റെ ബഹിർസ്ഫുരണമാണ് ആ വിശിഷ്ട കൃതികൾ.

അദ്ദേഹത്തിന്റെ ജീവിതത്തിലും ചിന്തയിലും പരിശുദ്ധാത്മാവിനുള്ള സ്ഥാനം തെളിവായി നില്ക്കുന്നു. ത്രിയേക ദൈവത്തിലെ മൂന്നാളുകളെയും എടുത്തെടുത്തു പറഞ്ഞുകൊണ്ടാണ് അദ്ദേഹത്തിന്റെ സ്വയം പ്രേരിത പ്രാർത്ഥനകൾ ആരംഭിക്കുന്നതുതന്നെ. (ധ്യാനസല്ലാപം പേജ് 44-71)

എല്ലാ പ്രാർത്ഥനകളിലും പ്രത്യേകിച്ച ദൈവമാതാവിനോടുള്ള പ്രാർത്ഥനയിലും ആ അരൂപിയെ അദ്ദേഹം വിളിച്ച പ്രാർത്ഥിക്കുന്നു. 'കുരുടനായ എന്റെ കണ്ണുകൾ തുറന്നു തെളിയിക്കണമെന്നും, ഞങ്ങളുടെ തണുക്കപ്പെട്ട ഹൃദയത്തെ ഉഷ്ണിപ്പിക്കണമെന്നും' അദ്ദേഹം പരിശുദ്ധാത്മാവിനോട് എല്ലാ ദിവസവും പ്രാർത്ഥിച്ചിരുന്നു.

ചാവറയച്ചന്റെ 'കത്തുകളിൽ' എല്ലാംതന്നെ അദ്ദേഹത്തിന്റെ സഭാസ്നേഹം തെളിഞ്ഞു നില്ക്കുന്നതു കാണാം. സുറിയാനിക്കാരുടെയെല്ലാം വികാരി ജനറാളും അനഭിഷിക്തമെത്രാനുമായിരുന്ന അദ്ദേഹം റോക്കോസിനും മററും എതിരായി പടപൊരുതുവാൻ നേതൃത്വം നൽകിയതിൽ വലിയ സഭാസ്നേഹം മറെറങ്ങും ദൃശ്യമല്ലതന്നെ.

സഭാധ്യക്ഷനായ മാർപാപ്പയ്ക്കു കീഴ്‌വഴങ്ങിയും മററുള്ള വരെ അതിനു പ്രേരിപ്പിച്ചുകൊണ്ടും തൻെറ മാതാവായ കത്തോലിക്കാസഭയെ അദ്ദേഹം സ്നേഹിച്ചു. താൻ സ്ഥാപിച്ച മൂന്നു സഭകളെ – സി.എം.ഐ., സി.എം.സി., സി.ടി.സി. – സഭാശുശ്രൂഷയ്ക്കുള്ള കരുക്കളാക്കി അദ്ദേഹം മാററി.

ഏതദ്ദേശീയ മെത്രാനെ ലഭിക്കാൻ റോമിലേക്ക് അനേകം കത്തുകൾ അദ്ദേഹം എഴുതി. മാർപ്പാപ്പയ്ക്ക് അനുസരണം പറഞ്ഞൊത്തുകൊണ്ടു തന്നെ, നല്ലതായ ഈ ആക്ഷേപവും ആഗ്രഹവും പ്രകടിപ്പിക്കാനും ഭിന്നത ഒഴിവാക്കാനും അദ്ദേഹം ശ്രമിച്ചു. പാററായിൽ അവിരാ തരകനും നൂററി ഇരുപത്തി അഞ്ചു് അല്മായ പ്രമുഖരും ഒപ്പിട്ട് ഒൻപതാം പീയൂസ് മാർപ്പാപ്പായ്ക്കു് അയച്ച കത്തു (ജൂൺ 13-1876) ഇക്കാര്യം വിശദമായി ചിത്രീകരിച്ചിട്ടുണ്ടു്. ഇതേ കാര്യത്തിനുതന്നെ അദ്ദേഹത്തിൻെറ മക്കളിൽ ഏഴുപേർ 'ഏഴു വ്യാകുലങ്ങളായി' പില്ക്കാലത്തു മാറിയ ചരിത്രം എല്ലാവർക്കും അറിവുള്ളതാണല്ലോ. സഭയേയും, മാർത്തോമ്മാ സഭയേയും ചാവറയച്ചൻ എത്രമാത്രം സ്നേഹിച്ചിരുന്നുവെന്നതിൻെറ ഏതാനും ചില തെളിവുകളാണിവ.

ദൈവവചനവും, വചന പ്രഘോഷണവും തൻെറ ജീവിതത്തിൻെറയും തൻെറ സഭയുടെ ജീവിതത്തിൻെറയും പരമപ്രധാനമായ ധർമ്മമായി അദ്ദേഹം കരുതി. ധ്യാനപ്രസംഗങ്ങളുടെ അന്തർധാരതന്നെ ഈ വചനമായിരുന്നു.

ആരാധനക്രമ കാര്യങ്ങളിൽ അദ്ദേഹത്തിനു് അന്നുള്ള അറിവു വച്ചു രൂപം നൽകി. ഇന്നിൻെറ കണ്ണാടിയിലൂടെ നോക്കമ്പോൾ പരിമിതികൾ കണ്ടേക്കാം. ആരാധനക്രമ നവീകരണത്തെ ഉദ്ദേശിച്ച് ദിവ്യബലി, കാനോന നമസ്കാരം, മരിച്ചവർക്കവേണ്ടിയുള്ള ശുശ്രൂഷ, കർബാനക്രമം, തിരുക്കർമ്മ പഞ്ചാംഗം മുതലായവയ്ക്കു നിയതരൂപവും ഭാവവും നൽകി.

ഏതാണ്ടു നൂററമ്പതു സംവത്സരക്കാലം മാർത്തോമ്മാ ക്രിസ്ത്യാനികൾ ഉപയോഗിച്ചിരുന്ന ആരാധനക്രമം നിയതരൂപത്തിലാക്കിയതു് അദ്ദേഹമാണു്. വിശുദ്ധ കർബാനയെ കേന്ദ്രീകൃതമാക്കിയുള്ള ക്രൈസ്തവജീവിതത്തിൻെറ ഊടും പാവും നെയ്തെടുത്ത ആ കർമ്മയോഗിയാണല്ലോ, ഇന്നു് പ്രചാരത്തിലുള്ള നാല്പതുമണി ആരാധനയും കേരളത്തിനു കാഴ്ചവച്ചതു്. നല്ലതെല്ലാം സ്വീകരിക്കുകയെന്ന ഒരു മനസ്ഥിതിയുടെ ഉടമയായിരുന്നു അദ്ദേഹമെന്ന കാര്യം ഇവിടെ നാം വിസ്മരിക്കരുതു്.

തൻെറ അമ്മയായ പരിശുദ്ധ കന്യകാമറിയത്തോടുള്ള ഭക്തിയുടെ വിശ്വദർശനം അദ്ദേഹത്തിൻെറ ജീവിതത്തിലും കൃതികളിലും നമുക്ക കാണാം. ആത്മാനുതാപത്തിലും ധ്യാന സല്ലാപത്തിലും ഓരോ പേജിലും പലപ്രാവശ്യം ഈ അമ്മയെ അദ്ദേഹം അഭിസംബോധന ചെയ്യുന്നുണ്ട്.

അദ്ദേഹം സ്ഥാപിച്ച മൂന്നു സഭകളും ഈ അമ്മയുടെ നാമത്തിലാണ്. ഈ മൂന്നു സന്ന്യാസ സഭകളിലുംകൂടി ദൈവമാതൃഭക്തി കേരളത്തിൻെറ പ്രത്യേക ഭക്തിയാക്കി അദ്ദേഹം മാററി. വേദസാക്ഷികളോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിനും അന്നത്തെ കേരളസഭയുടെ പ്രത്യേക സാഹചര്യത്തിൽ സഭാതനയരെ വേദസാക്ഷിത്വത്തിനു പ്രേരിപ്പിക്കുന്നതിനും വേണ്ടിയത്രെ 'അനസ്താസിയായുടെ രക്തസാക്ഷിത്വ'ത്തെക്കുറിച്ചദ്ദേഹം ഖണ്ഡകാവ്യം വിരചിച്ചതു്.

ഇത്രയും പറഞ്ഞതു്, മാർത്തോമ്മായുടെ സഭയുടെ തനിമയും വ്യക്തിത്വവും എത്ര സവിശേഷമായി ചാവറയച്ചൻെറ ജീവിതത്തിലും കൃതികളിലും തിളങ്ങി നില്ക്കുന്നുവെന്നു കാണിക്കാൻ വേണ്ടിയത്രെ. തൻെറ സഭയുടെ പൈതൃകവും സംസ്ക്കാരവും പാരമ്പര്യവും ബോധപൂർവ്വം മുറുകെപ്പുണർന്ന ഏററം വലിയ ആചാര്യനായിരുന്നു ചാവറയച്ചൻ. ചരിത്രം കണ്ടിട്ടുള്ളതിൽവച്ച് ഏററം വലിയ മാർത്തോമ്മാ ക്രിസ്ത്യാനി.

# IX

# ചാവറയച്ചനും തിരുക്കുടുംബവും

ഡോ. തോമസ് കാടൻകാവിൽ, C.M.I.

[തിരുക്കുടുംബത്തിന്റെ ആഹാ കര്യാക്കോസ് ഏലിയാസ് — അങ്ങനെയാണ് ചാവറയച്ചൻ സ്വന്തം പേരെഴുതി ഒപ്പിടുക. ഇന്ന് മാന്നാനത്തു പൂജ്യമായി സൂക്ഷിച്ചിട്ടുള്ള തിരുക്കുടുംബ ചിത്രം അദ്ദേഹം പോകുന്നിടത്തെല്ലാം കൊണ്ടുപോകുമായിരുന്നു. ''തിരുക്കുടുംബ ഭക്തി എന്നും എന്റെ സംരക്ഷയായിരുന്നു. ആ കുടുംബം എന്നും എന്റെ ഭാവനയിൽ ഉണ്ടായിരുന്നു. അതു് എന്നെ കാരുണ്യപൂർവ്വം പരിപാലിച്ചിരുന്നു…'']

## 1. തറവാടിനോടുള്ള കറകളഞ്ഞ സ്നേഹം

കെട്ടുറപ്പുള്ള കുടുംബമാണല്ലോ ക്രൈസ്തവ വിശ്വാസത്തിന്റെ വളക്കൂറേറിയ വിളഭൂമി. കുടുംബത്തിലാണ് ഒരു കുഞ്ഞു് മനുഷ്യനേയും ദൈവത്തേയും സ്നേഹിക്കാനുള്ള തന്റെ കഴിവു് ആദ്യമായി പ്രയോഗിച്ചു നോക്കുന്നതു്. അപ്പൻ, അമ്മ, സഹോദരീ സഹോദരങ്ങൾ, മററു് അടുത്ത ബന്ധുക്കൾ, ഇടവകക്കാർ, നാട്ടുകാർ ഇങ്ങനെ ഒരു കുഞ്ഞിന്റെ സ്നേഹവലയം ക്രമേണ വലുതാകുന്നു. ഈ അടിസ്ഥാനവേരിൽ നിന്നും വളർന്നു പന്തലിക്കാത്ത ഒരു ജീവിതത്തിനു് ലോകത്തെ മുഴുവൻ ഉൾക്കൊള്ളുന്ന ഒരു വിശാല സ്നേഹത്തിലേയ്ക്കു് വികസിച്ചു വരുവാൻ സാദ്ധ്യമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. മഹാത്മാക്കളായി തീർന്നിട്ടുള്ളവർ അവരുടെ കുടുംബബന്ധത്തെ അത്യധികം സ്നേഹാദരവുകളോ

ടെ അനുസ്മരിക്കുന്നതു കാണാൻ കൗതുകമുണ്ട്. കൈനകരി ഇടവകക്കാർക്കു ചാവറയച്ചൻ എഴുതുന്നു:

> ഞാൻ മാംസസംബന്ധത്താൽ ചേന്നങ്കരി പള്ളി ഇടവകയിൽ ചാവറ കുര്യാക്കോസ് എന്ന ആളിന്റെ മകൻ ആകുന്നു. ഇപ്പോൾ ഈ തറവാട്ടിലും കാരണവന്മാരിലും എന്നെ ജനിപ്പിച്ചതിനാൽ, എന്റെ മാംസസംബന്ധക്കാരായ നിങ്ങൾക്ക് നീതിയാലേയും, ഉപവിയാലേയും ഉപകാരം ചെയ്യാൻ എനിക്കു കടമയുണ്ട്.
>
> (സമ്പൂർണ്ണ കൃതികൾ, Vol. 4. P. 152)

ഇടവകയും, തറവാടും, കാരണവന്മാരും എല്ലാം ഇളകിപ്പോകാത്ത കുററികളാണ് ചാവറയച്ചന്റെ മനസ്സിൽ. അവരെ സ്നേഹിക്കുകയും വിശേഷവിധമായി സേവിക്കുകയും ചെയ്യുവാൻ നീതിയാലും ഉപവിയാലും കടപ്പെട്ടിരിക്കുന്നുവെന്ന് അദ്ദേഹം അനുസ്മരിക്കുകയും ചെയ്യുന്നു. ഈ സ്നേഹത്തിന്റെ അടയാളമായി മരിക്കുന്നതിനു പതിനഞ്ചു മാസങ്ങൾക്കു മുമ്പ് (ഒക്ടോബർ, 1869) ഇടവകക്കാർക്ക് അഗതികളെ നന്മരണത്തിനു സഹായിക്കാൻ ഒരു ഉപവിശാല തുടങ്ങണമെന്ന് ഒരു ദസ്തമെന്തു് (മരണശാസനം) നൽകുന്നു. കുടുംബവുമായി ഇഴുകിച്ചേർന്ന് ജീവിതാവസാനംവരെ അതു പരിപാവനമായി സംരക്ഷിച്ചുപോന്ന ഒരു വിശുദ്ധനെയാണ് നാമിവിടെ കാണുന്നതു്.

## 2. വീടിനോടു വിട

ചാവറയച്ചൻ വീടിനേയും, വീട്ടുകാരേയും നാട്ടുകാരേയും സ്നേഹിച്ചതു് അവയോട് ഒട്ടിനിന്നുകൊണ്ടല്ല, അവയോടു വിട പറഞ്ഞുകൊണ്ടായിരുന്നു. അദ്ദേഹത്തിന് നാലു സഹോദരികളും, ഒരു സഹോദരനും ഉണ്ടായിരുന്നു. പത്തുവയസ്സുവരെ ആശാൻ കളരിയിൽ അവരൊരുമിച്ചു തമിഴും മലയാളവും പഠിച്ചു. പള്ളിപ്പുറം സെമിനാരിയുടെ ചുമതല വഹിച്ചിരുന്ന പാലയ്ക്കൽ തോമ്മാച്ചൻ കൈനകരിയിലുള്ള തന്റെ ബന്ധുക്കളെസന്ദർശിക്കാനെത്തിയപ്പോൾ കൊച്ചുകുര്യാക്കോസിനെ കാണുകയും കുട്ടിയുടെ സ്വഭാവഗുണത്തിൽ തൃപ്തിതോന്നി വൈദിക പഠനത്തിനായി കുട്ടിയെ തിരഞ്ഞെടുക്കുകയും ചെയ്തു. പള്ളിപ്പുറം സെമിനാരിയിലെ രണ്ടു വർഷത്തെ പരിശീലനത്തിനു ശേഷം ആദ്യപട്ടങ്ങൾ സ്വീകരിച്ചു. ഈ കാലഘട്ടം കൊച്ചുകുര്യാക്കോസിന്റെ ജീവിതത്തിൽ വളരെ

നിർണ്ണായകമായ ഒന്നായിരുന്നു. അക്കാലത്ത് അദ്ദേഹത്തിൻെറ അപ്പനും അമ്മയും മരിച്ചു. ജ്യേഷ്ഠസഹോദരനും മരിച്ചു. വീട്ടിൽ ജ്യേഷ്ഠൻെറ ഏക പുത്രി മാത്രം അവശേഷിച്ചു.

കുടുംബം അന്യംനിന്നു പോകാതിരിക്കുവാൻ തറവാടിൻെറ ഏക അവകാശിയായ കുര്യാക്കോസിനെ വീട്ടിലേക്കു തിരിച്ചുപോരുവാൻ ബന്ധുക്കൾ നിർബ്ബന്ധിച്ചു. പക്ഷേ, ബാലനായ ശമ്മാച്ചൻ ''ദൈവം എൻെറ ഓഹരി'' എന്നുള്ള ആദർശത്തിൽ ഉറച്ചുനിന്നുകൊണ്ട് കുടുംബകാര്യങ്ങൾ ഭംഗിയാക്കുവാൻ വേണ്ട മററു ക്രമീകരണങ്ങൾ ചെയ്തു. ഇങ്ങനെ ജീവിതത്തിൻെറ ആദ്യഘട്ടത്തിൽത്തന്നെ കുടുംബത്തെ ഉപേക്ഷിച്ചിരുന്നെങ്കിലും ''കുടുംബ''മെന്ന യാഥാർത്ഥ്യം അദ്ദേഹത്തിൻെറ സ്നേഹവലയത്തിൽ നിന്നും ഒട്ടും വിദൂരത്തിലായിരുന്നില്ല. എല്ലാ കുടുംബങ്ങളും അദ്ദേഹത്തിനു തിരുക്കുടുംബമായിരുന്നു. അദ്ദേഹം രണ്ടാം പേരായി സ്വീകരിച്ചിരുന്നതു് തിരുക്കുടുംബത്തെത്തന്നെയാണ്. ഒപ്പിടുന്നിടത്തെല്ലാം ''തിരുക്കുടുംബത്തിൻെറ ആഹാ കുര്യാക്കോസ് ഏലിയാസ്''' എന്നെഴുതിയിരുന്നു. അദ്ദേഹത്തിൻെറ പൂർണ്ണകായ ചിത്രങ്ങളിൽ മേശപ്പുറത്ത് തിരുക്കുടുംബത്തിൻെറ ഒരു ചിത്രം കാണാം. മരണത്തിൻെറ തലേ ദിവസമായ 1871 ജനുവരി 2-ാംനു- സന്ധ്യക്കു് സഭാംഗങ്ങൾക്കു നൽകുന്ന അന്ത്യോപദേശത്തിൽ തിരുക്കുടുംബത്തോടുള്ള അദ്ദേഹത്തിൻെറ അത്യധികമായ ഭക്തി തെളിവായി കാണാം.

> നിങ്ങൾ എന്തിനു ദുഃഖിക്കുന്നു ? ആരായിരുന്നാലും ഒരിക്കൽ മരിക്കണം. ഇപ്പോൾ എൻെറ സമയമായിരിക്കുന്നു. ദൈവകൃപയാൽ ഈ നാഴിക ഞാൻ നിരന്തരം കൺമുമ്പിൽകണ്ടു് അതിനുവേണ്ടി ഒരുങ്ങിക്കൊണ്ടിരുന്നു. എൻെറ മാതാപിതാക്കൾ തിരുക്കുടുംബത്തോടു് ഞാനെന്നും ഭക്തിയുള്ളവനായിരിക്കുവാൻ ശ്രദ്ധിച്ചിരുന്നു. അതു് എന്നും എൻെറ സംരക്ഷയായിരുന്നു. ആ കുടുംബം എന്നും എൻെറ ഭാവനയിൽ ഉണ്ടായിരുന്നു. അതു് എന്നെ കാരുണ്യപൂർവ്വം പരിപാലിച്ചിരുന്നു. ഞാൻ നിങ്ങളെ എല്ലാവരേയും എളിയ നമ്മുടെ ഈ സന്ന്യാസ സമൂഹത്തേയും ഈ തിരുക്കുടുംബത്തിനു പ്രതിഷ്ഠിക്കുന്നു.
> അതിൽ ആശ്രയിക്കുക.

തിരുക്കുടുംബം നിങ്ങളുടെ ഹൃദയങ്ങളിൽ ഭരണം നടത്തട്ടെ.

(ജീവചരിത്രം, കെ. സി. ചാക്കോ. p. 151-152)

ചെറുപ്പത്തിലെതന്നെ സ്വന്ത കുടുംബത്തോടു വിട പറഞ്ഞിറങ്ങിപ്പോരുന്നുണ്ടെങ്കിലും തിരുക്കുടുംബത്തോടുള്ള പ്രത്യേക ഭക്തി വഴി പ്രതീകാത്മകമായി ലോകത്തുള്ള ഓരോ കുടുംബത്തേയും സ്വന്തമായി കരുതി ആഴമായും ആത്മാർത്ഥമായും സ്നേഹിക്കുന്ന ഒരു ദൈവികതയാണ് നാം ചാവറയച്ചനിൽ കാണുന്നത്. മരണസമയത്ത് തൻെറ കർമ്മല സഭയിലെ സഹോദരികളോടും സഹോദരന്മാരോടും പറഞ്ഞേല്പിച്ച പോരുന്നതും തിരുക്കുടുംബത്തോടുള്ള ഈ ഭക്തിയാണ്.

തിരുക്കുടുംബത്തിലെ ഓരോരുത്തരോട് പ്രത്യേകമായും, തിരുക്കുടുംബത്തോടു പൊതുവേയും ഉള്ള ആദരവും സ്നേഹവും കര്യാക്കോസ് ഏലിയാസച്ചൻെറ ആത്മീയതയുടെ തന്നെ സാരസംഗ്രഹമാണെന്നു പറയാം. ചെറുപ്പം മുതലേ ഈ ഭക്തിയിൽ അദ്ദേഹം വളർന്നുവന്നതും, അതു ജീവിതത്തിൻെറ എല്ലാ നിമിഷവും പ്രായോഗികമാക്കുന്നതും, അവസാനം 'കുടുംബചട്ടം' എഴുതി എല്ലാ കുടുംബങ്ങളേയും തിരുക്കുടുംബങ്ങളാക്കാൻ അദ്ദേഹം തീവ്രമായി പരിശ്രമിക്കുന്നതും നമുക്കിവിടെ അല്പംകൂടെ വിശദമായി ചിന്താവിഷയമാക്കാം.

## 3. കുടുംബത്തിൽ നിന്നു കിട്ടിയ നിധി

ചാവറയച്ചൻെറ അന്ത്യവാക്കുകളിൽ ഒന്നാണിതു് :

''എൻെറ മാതാപിതാക്കൾ തിരുക്കുടുംബത്തോട് ഞാനെന്നും ഭക്തിയുള്ളവനായിരിക്കുവാൻ ശ്രദ്ധിച്ചിരുന്നു.''

തൻെറ അമ്മയെക്കുറിച്ച് ചാവറയച്ചൻ ആത്മാനുതാപത്തിൽ അനുസ്മരിക്കുന്നതിങ്ങനെയാണ് :

അന്നവാൾക്കു നീ നൽകിയ സ്നേഹത്താൽ
അമൃതപാനം തന്നു വളർത്തുമ്പോൾ
അതിനോടു കലർത്തി ജപങ്ങളും
അപ്പോൾത്തന്നെ ഗ്രഹിപ്പിച്ചു തന്നവൾ.

* * * * *

അന്നവളുടെ കാൽക്കലിരുന്നു ഞാൻ
മന്ദംമന്ദമറിഞ്ഞു ദൈവത്തേയും
ശുദ്ധനാമമാമീശോമറിയവും
ശുദ്ധനായ മാർ യൗസേപ്പിൻ നാമവും

(p. 2-3; 48-54, 69-70)

അമ്മ രാത്രി ജപങ്ങൾക്കായി എഴുന്നേൽക്കുമ്പോൾ കുഞ്ഞു കര്യാക്കോസ് എഴുന്നേററ് അല്പനേരം മുട്ടിന്മേൽ നിൽക്കും; പിന്നെ അമ്മയുടെ കാൽക്കലിരുന്നുറങ്ങും.

തിരുക്കുടുംബത്തോടുള്ള ഭക്തി ബാലനിൽ ചെറുപ്പത്തി ലേ അമ്മ ജനിപ്പിച്ചു. വെച്ചൂർ പള്ളിയിൽ കൊണ്ടുപോ യി കര്യാക്കോസിനെ അദ്ദേഹത്തിൻെറ അമ്മ മാതാവിനു് അടിമ വച്ചു. അമ്മ മരിക്കുന്നതുവരെ എല്ലാക്കൊല്ലവും അമ്മ യോടൊത്തു് അവിടെപോയി മാതാവിനെ വണങ്ങി, അടി മവച്ചതിൻെറ നേർച്ചപ്പണം കൊടുത്തിരുന്നു. അമ്മ ചൊല്ലി ക്കൊടുത്ത ഈ ജ്ഞാനവാക്യം അക്കാലത്തു് എന്നും ഓർമ്മ യിൽ ഉണ്ടായിരുന്നു.

നിന്നുടെ നാഥ മാതാവവൾക്കു ദാസൻ നീയെ
യെന്നിതു മനസ്സിലെപ്പോഴും സ്മരിക്കണം.

(p. 6, 23-24)

യൗസേപ്പു പിതാവിനേയും ഇതേ സ്നേഹവായ്പോടെ യാണ് ചാവറയച്ചൻ അനുസ്മരിക്കുന്നതു്.

നിന്നുടെ ദയാധിക്യത്താലെന്നെ
നിൻപുത്രൻെറ 'കൈത്താതനാം' മാർ ജൂസെ
തൻെറ നാമധേയത്തിൻെറ കോവിലാം
എൻെറ മേയ്‌വിൻ സ്ഥലത്തിങ്കൽ ചേർത്തു നീ

(p. 5, 132-35)

മാതാവിൻെറ ദാസനായി യൗസേപ്പുപിതാവിൻെറ ഭവന ത്തിൽ പിൽക്കാലത്തു് സന്ന്യാസസഭയ്ക്കു് രൂപം കൊടുത്ത പ്പോരം ചാവറയച്ചനു് കുടുംബത്തിൽ നിന്നും മുലപ്പാലോടു കൂടെ കിട്ടിയ തിരുക്കുടുംബത്തിലെ ഓരോരുത്തരോടുമുള്ള ഭക്തി അതിൻെറ പൂർണ്ണരൂപം പ്രാപിക്കുകയായിരുന്നു.

തിരുക്കുടുംബത്തിൻെറ കേന്ദ്രബിന്ദു യേശുവാണല്ലോ. ഉണ്ണിയേശുവിനെക്കുറിച്ചു് ചാവറയച്ചൻ പാടുന്നു :

ദ്യോവിൽ നിന്നു വന്ന ദേവനും മർത്ത്യനുമായ്
ദ്യോവിനാൽ (ദയയാൽ) സൃഷ്ടികൾക്കു
സ്നേഹാഗ്രജനുമായി

(p. 11, 171-172)

സൃഷ്ടികൾക്കു് സ്നേഹത്തിൽ അഗ്രജനായി നില്ക്കേണ്ടതു് യേശുവാണെന്ന ദർശനത്തിലാണു് ചാവറയച്ചൻെറ തിരുക്കു ടുംബ ഭക്തിയുടെ കാതൽ. മാതാവിനോടും യൗസേപ്പിതാവി നോടുമുള്ള ഭക്തി യേശുവിനെ സ്നേഹത്തിൽ അഗ്രജനായി കണ്ടെത്തുവാനാണു്. ഒരു ക്രൈസ്തവൻെറ, ഒരു സന്ന്യാസി യുടെ ക്രിസ്തുവിനോടുള്ള സ്നേഹം കറകളഞ്ഞതാകണമെങ്കിൽ,

മനുഷ്യനെ സ്നേഹിക്കുവാനുള്ള അവന്റെ കഴിവ് ഒരു നല്ല കുടുംബത്തിന്റെ പശ്ചാത്തലത്തിൽ നന്നായി ഉപയോഗപ്പെടുത്തണം. അതുകൊണ്ടുതന്നെയാണ് സ്നേഹ ഐക്യത്തിലിരിക്കുന്ന പരിശുദ്ധ ത്രിത്വത്തിന്റെ ഒരു പതിപ്പായിരിക്കണം ക്രിസ്തീയ കുടുംബങ്ങൾ എന്ന് ചാവറയച്ചൻ ആഗ്രഹിക്കുന്നത്. ഒരു കുടുംബത്തെ സ്നേഹത്തിൽ കെട്ടുറപ്പുള്ള ഒരു കൂട്ടായ്മയാക്കുവാൻ ചാവറയച്ചൻ മുന്നോട്ടുവയ്ക്കുന്ന പ്രായോഗിക നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് ഇനി നമുക്കു നോക്കാം.

## 4. കുടുംബചട്ടത്തിന്റെ അന്തർധാര

മരണത്തിന് ഏകദേശം മൂന്നുവർഷം മുമ്പ് (1868 ഫെബ്രുവരിയിൽ) ചാവറയച്ചൻ കൈനകരി ഇടവകക്കാർക്ക് എഴുതിയ കുടുംബചട്ടത്തിൽ കുടുംബത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ദൈവശാസ്ത്രം മുഴുവൻ പ്രകാശിപ്പിക്കുന്നുണ്ട്.

''ഒരു ക്രിസ്തീയ കുടുംബം ദൈവരാജ്യത്തിന്റെ തനിപകർപ്പാണ്'' എന്ന ആമുഖവുമായാണ് കത്ത് ആരംഭിക്കുന്നത്. ദൈവം ക്രിസ്തീയകുടുംബത്തെ തന്റെ ഭരണം സംസ്ഥാപിക്കപ്പെടേണ്ട രാജ്യമായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. ഇനി അത് സാക്ഷാത്ക്കരിക്കേണ്ടത് കുടുംബത്തിലുള്ള ഓരോ അംഗത്തിന്റേയും സഹകരണം വഴിയാണ്. എല്ലാ ശുശ്രൂഷികളും, വൈദികരും, സന്ന്യാസി സന്ന്യാസിനികളും തീവ്രമായി ആഗ്രഹിക്കേണ്ടതും, പരിചിന്തിക്കേണ്ടതും ഇതിനുവേണ്ടിത്തന്നെയാണ്. ഓരോ കുടുംബത്തേയും സ്വർഗ്ഗരാജ്യത്തിന്റെ ഭൂമിയിലെ പതിപ്പായി കാണുക; അവ അങ്ങനെ ആയിത്തീരാൻ പരിശ്രമിക്കുക. ഇതാണ് എല്ലാ ദൈവശുശ്രൂഷയുടേയും ഏററം പ്രായോഗികവശം. ദൈവജനത്തേയും, അവരുടെ കുടുംബങ്ങളേയും സ്നേഹിക്കാതെ ഒരർപ്പിതാത്മാവിന് സ്വന്ത വിശുദ്ധി പ്രാപിക്കുക സാദ്ധ്യമേയല്ല എന്ന ചിന്തയാണ് ചാവറയച്ചനെ നയിച്ചിരുന്ന ആത്മീയ ശക്തി. ഇത് തിരുക്കുടുംബത്തോടുള്ള ഭക്തിയുടെ പ്രായോഗിക പ്രകാശനമാണെന്നതിനു സംശയമില്ല.

കുടുംബത്തെ പിതാവു നിർവചിക്കുന്നതിങ്ങനെയാണ് :

രക്തബന്ധത്തിലും സ്നേഹത്തിലും പരസ്പരം ബന്ധപ്പെട്ടവർ, കാരണവന്മാരെ ബഹുമാനിച്ചും, അനുസരിച്ചും, ഓരോരുത്തരും അവരവരുടെ വിളിപ്പിനനുസരിച്ച് അവരവരുടെ നിത്യരക്ഷ പ്രാപിക്കത്തക്കവിധം ഒന്നിച്ചു ജീവിക്കുമ്പോൾ അതൊരു യഥാർത്ഥ കുടുംബമായി.

യഥാർത്ഥ കുടുംബം ചാവറയച്ചന്റെ ഒരു സ്വപ്നവിഷയമായിരുന്നു. സ്നേഹവും, ക്രമവും സമാധാനവുമുള്ള ഒരു കുടുംബത്തിലെ അംഗത്വവും, ജീവിതവുമാണ് കണ്ണീരിന്റെ ഈ താഴ്വരയിൽ ഒരുവനു കണ്ടെത്താവുന്ന ഏററവും വലിയ സമാശ്വാസം. ഇതൊന്നുമില്ലാത്തിടത്തു ജീവിക്കുക നരകവുമാണ്. തെററിദ്ധാരണയും, സ്നേഹക്കുറവും, വഴക്കും മൂലം കുടുംബം ശിഥിലമായിപ്പോകാതിരിക്കുവാൻ ദീർഘമായ പ്രാർത്ഥനയ്ക്കും ചിന്തയ്ക്കും ശേഷം കുടുംബങ്ങൾക്കുവേണ്ടി ചാവറയച്ചൻ 'കുടുംബചട്ടം' ഉണ്ടാക്കി. അതിലെ പല നിർദ്ദേശങ്ങളും ഇന്നു കേരളക്കരയിലെ ക്രിസ്തീയ കുടുംബങ്ങളിൽ അലംഘനീയമായ പാരമ്പര്യമായിത്തീർന്നിട്ടുണ്ടെന്നു പറയാം. അതിൽ ഏതാനും ചിലതു് ഇവിടെ ചൂണ്ടിക്കാണിക്കാം.

## 5. കുടുംബത്തെ സംബന്ധിച്ച ചാവറ സൂക്തങ്ങൾ

വഴക്കുള്ള താവാട് വേഗത്തിൽ നാശമായിപ്പോകും* ആദമെന്ന മഹാപിതാവ് നമുക്ക് അവകാശമായി വച്ചിരിക്കുന്നെ ഞെരുക്കങ്ങളും സങ്കടങ്ങളും പോരാതെ നിങ്ങൾ സ്വമനസ്സാ വീണ്ടും ഉണ്ടാക്കണമോ? * ഒരു താവാടിന്റെ ബഹുമാനവും, ഭാഗ്യവും യാതൊരു വഴക്കുമില്ലാതെ എല്ലാവരോടും സമാധാനമായിരിക്കുന്നതത്രേ* പകരംവീട്ടു ചെയ്യാൻ മൃഗങ്ങൾക്കുകൂടെയും ശക്തി ഉണ്ട്*

സർക്കാർ വഴക്കുകൾ കുടുംബങ്ങളെ നശിപ്പിക്കുന്നു*... സ്വന്ത ആത്മകാര്യങ്ങളെ ഉപേക്ഷിച്ചു കടമുള്ള ദിവസങ്ങളിൽ പള്ളിയിൽ പോകാതിരിക്കുന്നതു...ദുർമ്മര്യാദയാകുന്നു* എത്രയും ദ്രവ്യമുള്ള കുടുംബം കടമില്ലാത്ത കുടുംബമാകുന്നു* ദ്രവ്യമുള്ള ഭാവവും അവസ്ഥയും കാട്ടേണ്ട. ദ്രവ്യസ്ഥന്റെ ഭാവം കാണിക്കുന്നവർ വേഗത്തിൽ ഭിക്ഷ തെണ്ടി നടക്കും* ഓരോരോ അടിയന്തിരങ്ങൾ കഴിക്കുന്നതിൽ സ്വന്ത സ്വത്തിനും പ്രാപ്തിക്കും തക്കവണ്ണം ചട്ടമുള്ളതിൽ അധികം ആഘോഷവും ചിലവും ചെയ്യേണ്ട* ഒരു കുടുംബത്തിൽ, ഉപകാരവും സന്തോഷവും വരുത്തുന്നതു് ദ്രവ്യസ്ഥന്മാരായ ബന്ധുക്കളെല്ല; പിന്നയോ ക്രമവും ദൈവഭപെടിയുമുള്ള ബന്ധുക്കളത്രേ ആകുന്നു* നിന്റെ വീട്ടിൽ ക്രമമില്ലാത്ത വർത്തമാനങ്ങളും ക്രിസ്ത്യാനികൾക്കു ചേരാത്ത വചനങ്ങളും ശേഷംപേരുടെ അററകുററങ്ങളെ പാവാനും പിറുപിറുപ്പാനും ചട്ടമില്ലെന്നും,സംസാരത്തിനടുത്ത (ലോകം) വീടല്ലായെന്നും എല്ലാവരും അറിവാൻ തക്കതിൻവണ്ണം കാട്ടുക*

അദ്ധ്വാനശീലനായ ഒരു മനുഷ്യൻ കുറെ വസ്തുക്കൾകൊണ്ടുമാത്രം സമ്പൂർണ്ണനായി കഴിയുന്നു* നിന്റെ അന്തസ്സിനു തക്ക വണ്ണം വേലയെടുക്കുക. വേലയെടുക്കാതിരിക്കുന്നതു് ബഹുമാനമുള്ള ആളുകളുടെ മുറയല്ലാ; പിന്നെയോ വീടും കുടിയും സന്തതിയും ഇല്ലാത്തവരുടെ നടപ്പാകുന്നു* മടി സർവ്വ ദുർഗ്ഗുണങ്ങളുടേയും മാതാവാകുന്നു: പ്രത്യേകം മദ്യപാനത്തിന്റെ കാരണവുമാകുന്നു* മററൊരു വ്യാപാരം കൊണ്ടു കഴിപ്പാൻ പാടില്ലെങ്കിൽ കച്ചവടം ചെയ്യുന്നതിനു മുടക്കില്ല. എന്നാൽ മഹാ സൂക്ഷത്തോടും നീതിയോടുംകൂടെ ചെയ്യേണ്ടതാകുന്നു *

അന്യന്മാർക്കു് വല്ല ഉപകാരവും ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല* ഭിക്ഷക്കാർ വെറും കയ്യോടെ നിന്റെ വീട്ടിൽ നിന്നു പോകുവാൻ നീ അനുവദിക്കേണ്ട.* അധിക ധാരാളിത്വവും, ലുബ്ധും രണ്ടും തിന്മകളാകുന്നു. * നിങ്ങൾക്കു സ്നേഹിതന്മാർ അധികം വേണ്ട. തമ്പുരാനെ സ്നേഹിക്കാത്തവൻ സത്യമായും നിങ്ങളേയും സ്നേഹിക്കുകയില്ല* കട്ട വസ്തു ഒരു നാഴിക നേരത്തേയ്ക്കെങ്കിലും, നിന്റെ വീട്ടിൽ വെച്ചു സൂക്ഷിപ്പാൻ നീ സമ്മതിക്കേണ്ട* വേലക്കാൎക്കു് ന്യായമായുള്ള കൂലി കൊടുക്കാതിരിക്കയോ, താമസിപ്പിക്കുകയോ ചെയ്യരുതു്* പാവപ്പെട്ടവരെ നിന്ദിക്കേണ്ട; അവരെ ബുദ്ധിമുട്ടിക്കുകയും വേണ്ടാ; എന്തെന്നാൽ ദൈവം അവരുടെ കണ്ണുനീർ കണ്ടാൽ, നിശ്ചയമായും നിന്നോടു പകരം ചോദിക്കും *

ഒരു കുടുംബത്തിന്റെ പ്രധാന സമ്പത്തു ദൈവപേടിയും ഭക്തിയും തന്നെ. ദൂഷണങ്ങളും ദുർവാക്കുകളും കാർമേഘം പോലെ നല്ല കുടുംബത്തിന്റെ വെളിവിനെ ഇരുട്ടാക്കുകയും ചെയ്യും * കഴിയുന്നതായാൽ എല്ലാ ദിവസവും കുർബാന കാണുക. മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും പാപസങ്കീൎത്തനം ചെയ്തു വിശുദ്ധ കുർബാന ഉൾക്കൊള്ളുക* ദൈവമാതാവിന്റെയും, മാർ യൗസേപ്പിതാവിന്റെയും വണക്കമാസങ്ങളും പള്ളിയിൽ പോയി കഴിപ്പാൻ പാടില്ലെങ്കിൽ വീട്ടിൽ വച്ചെങ്കിലും നടത്തുക * ഇരിപ്പിലും, നടപ്പിലും, കിടപ്പിലും കളിയിലും വിരക്തി അഥവാ അടക്കമെന്ന പുണ്യം മഹാ സൂക്ഷത്തോടുകൂടെ അനുസരിക്കുക * ഭക്തിയെ വൎദ്ധിപ്പിക്കുന്ന ജ്ഞാനപുസ്തകങ്ങളും തത്വശാസ്ത്ര പുസ്തകങ്ങളും മക്കൾക്കു സമ്പാദിച്ചുവയ്ക്കേണ്ട നിക്ഷേപങ്ങളാകുന്നു * യജമാനന്മാൎക്കു തങ്ങളുടെ ശുശ്രൂഷികളുടെ വ്യാപാരം സൂക്ഷിപ്പാനും, അവരുടെ ആത്മകാര്യങ്ങളെ നടത്തിപ്പാനും കടമുണ്ടെന്നറിഞ്ഞു കൊള്ളണം *

ഉറങ്ങാൻ കൃത്യസമയത്തു കിടക്കുന്നതിനും രാവിലെ കൃത്യസമയത്തു് ഉണരുന്നതിനും ശ്രദ്ധിക്കുക; ആറുമണിക്കെങ്കിലും എല്ലാവരും എഴുന്നേററ് ഉടനെ ഉഷഃകാലജപം ചൊല്ലുക. പിന്നെ പാടുള്ള എല്ലാവരും കുർബാന കാണുക * വൈകിട്ട ത്രികാലജപം ചൊല്ലിക്കഴിഞ്ഞാലുടൻ കൂട്ടമായിട്ട പ്രാത്ഥന തുടങ്ങി അതു കഴിഞ്ഞശേഷം ഉടനെ അരമണിക്കൂർ ധ്യാനിക്കുക; ഇതു നല്ല പുസ്തകം വായിച്ചുകേട്ട് അതിന്മേൽ ചിന്തിച്ചുകൊണ്ടു കഴിക്കാം * ആത്മശോധനയും ശയനാരാധനയും കഴിച്ച് ഉറങ്ങുക *

കാരണവന്മാരെ...മക്കളെ, സർവ്വേശ്വരൻ തമ്പുരാൻ സൂക്ഷിപ്പാനായിട്ട നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന നിക്ഷേപമാകുന്നു * അവരെ ഈശോ മറിയം യൗസേപ്പിന്റെ (തിരുക്കുടുംബത്തിന്റെ) മാദ്ധ്യസ്ഥത്തിൽ ഏല്പിക്കുകയും അവക്കുവേണ്ടി കൂടെക്കൂടെ അപേക്ഷിക്കയും വേണം * ഭക്തിയോടുകൂടെ ഈശോ മറിയം യൗസേപ്പെന്ന നാമങ്ങളെ ചൊല്ലുവാൻ അവരെ പഠിപ്പിക്ക * കൊച്ചുകുഞ്ഞുങ്ങളെ ഉടുപ്പുകൂടാതെ വീട്ടിനകത്തു കൂടെയും നടത്തരുത് * കാരണവന്മാരുടെ നേരെയുള്ള വണക്കാചാരങ്ങളെക്കുറിച്ച് അച്ചനമ്മമാരുടെ മുറിയിൽ മക്കളെ കിടത്തരുത് * തിരിച്ചറിവുണ്ടായാൽ പൈതങ്ങളെ പള്ളിക്കൂടത്തിൽ അയയ്ക്കണം. അവർ പഠിക്കുന്നുണ്ടോയെന്നും, അവർ എങ്ങനെയുള്ള കൂട്ടുകൂടി നടക്കുന്നു എന്നും അന്വേഷിക്കണം. ഞായറാഴ്ചതോറും അവർ പഠിച്ചതിനെ പരിശോധിക്കണം * കുട്ടികളെ സംബന്ധക്കാരുടെ വീട്ടിൽ താമസിപ്പിക്കരുതു് * ഏഴു വയസ്സു തികയുമ്പോൾ കുമ്പസാരിപ്പാൻ അറിയേണ്ടതൊക്കെയും അവരെ പഠിപ്പിച്ചു കുമ്പസാരിപ്പിക്കണം *

മക്കളോടു അധിക കുടുപ്പവും അധിക അനുഗ്രവും രണ്ടും തിന്മയാകുന്നു * അധിക കോപവും ശിക്ഷയും ശരണക്കേടും, നാണമില്ലായ്മയും, ബുദ്ധിമുട്ടും അവക്കു വരുത്തും * അമ്മ കാണിച്ചുകൊടുത്തുകൊണ്ടു അപ്പനെ ബഹുമാനിപ്പാനും ആചരിപ്പാനും പഠിപ്പിക്കണം. അപ്പനും അതിൻവണ്ണം തന്നെ അമ്മയെ ബഹുമാനിപ്പാനും സ്നേഹിപ്പാനും പഠിപ്പിക്കണം * വൈകിട്ട കരിശുമണി അടിക്കുമ്പോൾ മക്കളെല്ലാവരും വീട്ടിൽ ഉണ്ടായിരിപ്പാനും, നമസ്ക്കാരം കഴിഞ്ഞാലുടൻ സ്തുതി ചൊല്ലി അപ്പന്റേയും അമ്മയുടേയും കൈ മുത്തുവാനും അവരെ ശീലിപ്പിക്കണം *

മക്കൾക്ക് അന്തസ്സു തെരഞ്ഞെടുക്കുന്ന പ്രായം വരുമ്പോൾ അവക്ക് ഇതിൽ പൂർണ്ണസ്വാതന്ത്ര്യം അനുവദിക്കണം. എന്തുകൊണ്ടെന്നാൽ അവരുടെ അന്തസ്സിനെ നിശ്ചയിക്കുന്നതു ദൈ

വത്തിൻെറയും, അതിനെ തിരഞ്ഞെടുക്കുന്നതു് അവരുടെയും കാര്യമാകുന്നു * വിവാഹത്തിനു് അവരുടെ സമ്മതം പ്രത്യേകമായിട്ടു് അറിയണം * കാരണവന്മാർ മരിക്കുന്നതിനു മുമ്പിൽ തന്നെ അവരെ മാററി കുടിമതിയായി (വേർതിരിച്ചു) പാർപ്പിക്ക * ബോധത്തിനു ബലക്ഷയം വരുന്നതിനു മുമ്പിൽ അവർക്കു വസ്തു ഭാഗം ചെയ്തുകൊടുക്ക *

കുടുംബത്തലവൻ ഈ ക്രമം സൂക്ഷ്മമായി കാക്കുന്നതിൽ ജാഗ്രതയുള്ളവനായിരിക്കണം. വിശേഷിച്ച്, ഞായറാഴ്ചതോറും, മാസം ഒന്നാം തീയതിതോറും വീട്ടിലുള്ള എല്ലാവരുടെയും മുമ്പാകെ ഈ കുടുംബക്രമം വായിക്കുകയും വേണം.

## 6. കുടുംബം നമ്മുടെ ഭക്തിയുടെ വിഷയം

ഒരു കുടുംബത്തിൽ അനുഷ്ഠിക്കപ്പെടേണ്ട നൂറുനൂറു ചട്ടങ്ങൾ അർത്ഥശങ്കയ്ക്കു് ഇടം വരാതെ ചാവറയച്ചൻ എഴുതുന്നു. ഒരു സന്ന്യാസ സമൂഹത്തിലെ അംഗമായി തീർന്നിരിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഈ ചട്ടങ്ങളിൽ ചിലതു് അക്ഷരാർത്ഥത്തിൽ അനുഷ്ഠേയങ്ങളായിരിക്കുകയില്ല. എങ്കിലും സ്ഥായിയായ ഒരാദർശവും സന്ദേശവും അതു നമുക്കു നല്കുന്നുണ്ടു്. സ്നേഹം കൊടുത്തും സ്വീകരിച്ചും, പരസ്പര ബഹുമാനത്തോടെ സഹകരിച്ചും ജീവിക്കുന്ന ഒരു കുടുംബമാണു്, ഒരുവനെ സംബന്ധിച്ചിടത്തോളം സമാധാനവും ദൈവൈക്യവും ഇഹത്തിലും പരത്തിലും പ്രാപിക്കുവാനുള്ള ഏററവും ശക്തമായ മാർഗ്ഗമെന്ന സന്ദേശമാണു്, ചാവറയച്ചൻെറ തിരുക്കുടുംബ ഭക്തിയും, ക്രിസ്തീയ കുടുംബങ്ങളുടെ സുസ്ഥിതിക്കായുള്ള പരിശ്രമവും നമുക്കു നൽകുന്നതു്.

തിരുക്കുടുംബത്തേയും, മനുഷ്യരുണ്ടാക്കുന്ന എല്ലാ കുടുംബങ്ങളേയും ആരാധനാ ഭാവത്തോടെ കാണുകയും, അവ പ്രതിനിധാനം ചെയ്യുന്ന മൂല്യങ്ങളെ പരിരക്ഷിക്കാൻ തീവ്രമായി പരിശ്രമിക്കുകയും ചെയ്യുന്നവരുടെ സന്ന്യാസജീവിതം ചാവറയച്ചൻ നയിച്ചതുപോലെ ധന്യമായ ഒന്നായിരിക്കും എന്നതിനു സംശയമില്ല.

## X

# കേരളം കണ്ട
# വലിയ മരിയ ഭക്തൻ*

**ഡോ. ജെ. എസ്. തേക്കുങ്കൽ, C. M. I.**

[''നമ്മുടെ കുടുംബങ്ങളിൽ ഇന്നു മരിയഭക്തി പച്ചപിടിച്ചു നില്ക്കുന്നുണ്ടെങ്കിൽ അതിന് ഒരു കാരണം, കഴിഞ്ഞ നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ചാവറയച്ചനും കൂട്ടുകാരും നൽകിയ പ്രചോദനമാണ്.'']

കൊച്ചുകേരളത്തിലെ ക്രൈസ്തവസമൂഹം ലോകത്തെമ്പാടുമുള്ള മരിയഭക്തരുടെ മുമ്പന്തിയിലാണ്. ആഗോളസഭയിലെ വലിയ മരിയഭക്തരായിട്ടാണ് ഐർലണ്ടുകാരും പോളണ്ടുകാരും അറിയപ്പെടുക. ഐർലണ്ടിനെ 'മാതാവിൻെറ സ്ത്രീധന'മായി (dowry of Mary) ഐറിഷ് ജനത കരുതുന്നു. ചെസ്റ്റഹോവയിലെ കറുത്തമാതാവിനെ (black Madonna of Czestochowa) ചുററിപ്പററിയാണു പോളീഷ് ജനതയുടെ മരിയ ഭക്തി പൂത്തുലഞ്ഞു നില്ക്കുക. അവരുടെ വിപത്ഘട്ടങ്ങളിലെല്ലാം അവർ ഓടിയെത്തുന്നതു് ഈ മാതൃസവിധത്തിലാണ്.

കേരള ക്രൈസ്തവ സമൂഹത്തെ ഐറിഷുകാരുടെയും പോളിഷുകാരുടെയും നിരയിൽ, ഒരുപക്ഷേ, അവരുടേയും മുൻനിരയിൽ, നിറുത്തണം, മരിയഭക്തിയുടെ കാര്യത്തിൽ. അതിനു വേണ്ടുവോളം പാരമ്പര്യവും സജീവ ഭക്താനുഷ്ഠാനങ്ങളുമൊക്കെ കൈമുതലായുള്ളവരാണു നാം. ഭാരതാപ്പസ്തോലൻ മാർ തോമ്മായിൽനിന്നു നമുക്കു ലഭിച്ച വിശ്വാസ പൈതൃകത്തിൻെറ ഭാഗമാണീ മരിയഭക്തിയും. ഇന്നും അതു ചൈതന്യവത്തായി നാം കാത്തുപോരുന്നു. നമ്മുടെ ക്രൈസ്തവജീവിതം

* 1987 മേയ് 13 ലെ സത്യദീപത്തിൻെറ മുഖലേഖനം

പച്ചകെടാതെ നിലനില്ക്കാൻ ഒരു കാരണവും ഇതുതന്നെ. മാതാവിന്റെ ബഹുമാനാർത്ഥമുള്ള എട്ടുനോമ്പ്, പതിനഞ്ചു നോമ്പ്, ബുധനാഴ്ച ആചരണം തുടങ്ങിയവ നമ്മുടെ പൗരസ്ത്യപാരമ്പര്യത്തിന്റെ പ്രത്യേകതകളാണ്. നമ്മെപോലെ ചിട്ടയോടെ കുടുംബജപമാല ചൊല്ലുന്ന പതിവു ഭൂമുഖത്തു മറെറാരിടത്തുമില്ലെന്നു തോന്നുന്നു. മെയ്മാസാചരണം ഇത്ര മാത്രം ഭക്ത്യാഡംബരപൂർവ്വം നടത്തുന്ന സമൂഹങ്ങളും മറെറങ്ങുമില്ല. ഉത്തരീയഭക്തി, മാതാവിന്റെ തിരുനാളാഘോഷങ്ങൾ തുടങ്ങിയവയെല്ലാം ഈ രംഗത്തു നമ്മുടെ സവിശേഷതയെ വെളിവാക്കുന്നവയാണ്.

## മരിയൻ വത്സരം

മരിയഭക്തരായ നമുക്കെല്ലാം സന്തോഷകരമായ വാർത്തയാണു വരാൻ പോകുന്ന മരിയൻ വത്സരം. ഇക്കഴിഞ്ഞ മാർച്ച് 25-ാം തീയതി പരിശുദ്ധപിതാവു ജോൺപോൾ രണ്ടാമൻ അതു സംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനം നടത്തിക്കഴിഞ്ഞു. 1987 ജൂൺ 7 പന്തക്കുസ്താദിനത്തിൽ മരിയൻ വത്സരം സമുദ്ഘാടനം ചെയ്യപ്പെടും. 1988 ആഗസ്റ്റ് 15 വരെ അതു നീളും. മരിയൻ വത്സരത്തിനു ഒരുങ്ങുവാൻ ആഹ്വാനം നൽകിക്കൊണ്ടു മാതാവിനെക്കുറിച്ചു പുതിയൊരു ചാക്രികലേഖനവും പരിശുദ്ധ പിതാവു പുറപ്പെടുവിച്ചിട്ടുണ്ട്. ''രക്ഷകന്റെ മാതാവ്'' എന്ന ഈ പ്രമാണരേഖ മരിയശാസ്ത്രത്തിന്റെ അത്യാധുനികഭാഷ്യമാണെന്നു പറയണം. രണ്ടാം വത്തിക്കാൻ കൗൺസിൽ മരിയഭക്തിക്കു നൽകിയ അതിസമ്പന്നമായ പരിപ്രേക്ഷ്യമാണു ജനതകളുടെ പ്രകാശം എട്ടാം അദ്ധ്യായം. അതേതുടർന്നു പോൾ ആറാമൻ പാപ്പ 'മരിയഭക്തി' എന്ന തിരുവെഴുത്തും പ്രസിദ്ധീകരിച്ചു (1974). ഈ രേഖകളുടെ ചുവടുപിടിച്ചും 'മാതൃത്വത്തിന്റെ മാദ്ധ്യസ്ഥ ശക്തിയിലൂന്നിക്കൊണ്ടുമാണ്' പുതിയ തിരുവെഴുത്തു രൂപകല്പന ചെയ്തിരിക്കുന്നതു്. മരിയസാന്നിധ്യം സഭയിലും ക്രൈസ്തവ ജീവിതത്തിലും സജീവമാക്കുക (No. 48), മിഴിവാർന്ന ക്രൈസ്തവ ജീവിത ശൈലിയുമായി മൂന്നാം സഹസ്രാബ്ദത്തിലേക്കു നടന്നടുക്കുവാൻ സഭയെ ഒരുക്കുക (No. 49) ഇവയൊക്കെയാണു മരിയവത്സര പ്രഖ്യാപനത്തിലൂടെ പരിശുദ്ധ പിതാവ് ഉന്നംവയ്ക്കുന്നതു്.

ഇരുപതാം നൂററാണ്ടിന്റെ അവസാനപാദത്തിലാണു നാം. ഇനി ഏതാണ്ടു അയ്യായിരം ദിവസങ്ങൾ കഴിഞ്ഞാൽ 21-ാം നൂററാണ്ടു പിറന്നുവീഴും. ആ പുതുയുഗപ്പിറവിയിലേക്കു സഭയെ കടത്തിക്കൊണ്ടുവരാൻ നാം ഇപ്പഴെ തയ്യാ

റെട്ടപ്പു തുടങ്ങണം. അതിനു നാന്ദി കുറിക്കലായിരിക്കും മരിയൻ വത്സരാചരണം. പരിശുദ്ധ പിതാവിൻെറ ആഹ്വാന മനുസരിച്ച നമ്മുടെ മരിയഭക്തിയെ നാം ഓജസ്സുററതാക്കുക. ഇവിടെ, കേരളംകണ്ട മരിയഭക്തൻെറ ജീവിതമാതൃകയും സാരോപദേശങ്ങളും നമുക്കു വഴികാട്ടും. നമ്മുടെ കുടുംബങ്ങളിൽ ഇന്നു മരിയഭക്തി പച്ചപിടിച്ചു നില്ക്കുന്നുണ്ടെങ്കിൽ അതിനു് ഒരു കാരണം കഴിഞ്ഞ നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ചാവറയച്ചനും കൂട്ടരും നല്കിയ പ്രചോദനമാണു്.

## ചാവറയച്ചൻെറ മരിയഭക്തി

വാഴ്ത്തപ്പെട്ട ചാവറയച്ചൻെറ ജീവിതം, മരിയമയമായിരുന്നെന്നു് ഒററവാക്യത്തിൽ പറയാം. മരിയോന്മുഖത്വം ആ ധന്യജീവിതത്തിനുടനീളം ചാരുത ചാർത്തി. പിഞ്ചുകുഞ്ഞായിരുന്നപ്പോൾത്തന്നെ സ്വന്തം അമ്മ മുലപ്പാലിനൊപ്പം ദൈവസ്നേഹത്തിൻെറയും മരിയഭക്തിയുടെയും ബാലപാഠങ്ങൾ കൊച്ചുകുര്യാക്കോസിനു കൊടുത്തു. അതിനെക്കുറിച്ചു് ആത്മാനുതാപം എന്ന കൃതിയിൽ അദ്ദേഹം നൽകുന്ന ഹൃദയഹാരിയായ വിവരണം നോക്കുക:

''പൈതൽ പ്രായത്തിൽ തീററിവളർത്തുവാൻ
അയ്യംകൂടാതെ തന്നു മാതാവിനെ''
''അന്നവളുടെ കാൽക്കലിരുന്നു ഞാൻ
മന്ദംമന്ദമറിഞ്ഞു ദൈവത്തേയും
എന്നവൾ പാതിരാനേരത്തും
മന്ദംനീക്കിയുണർന്നെഴുന്നേററിട്ടു്,
മുട്ടുകുത്തി നമസ്കാരംചെയ്യുമ്പോൾ
ഒട്ടുനേരം ഞാൻ മുട്ടിന്മേൽ ചാഞ്ഞിടും
രാജപം ദേവമാതാവിൻ പ്രാർത്ഥന
രാജരാജനാമീശോ തൻനാമങ്ങൾ
...........................
മന്ദമായതു കേട്ടിരുന്നുകൊണ്ടോ–
സുന്ദരിയുടെ പാദേയുറങ്ങി ഞാൻ.
അക്കാലം നാവിളക്കുവാൻ നേരത്തു
പൊക്കിക്കാട്ടിപ്പറയിക്കും ദൈവത്തിൻ
ശുദ്ധനാമമീശോ മറിയവും
ശുദ്ധനായ യൗസേപ്പിൻ നാമവും''

(ആത്മാനുതാപം p. 2-3)

ചാവറയച്ചനെ വലിയ തിരുക്കുടുംബഭക്തനും മരിയഭക്തനുമാക്കിത്തീർത്തതിൽ അദ്ദേഹത്തിൻെറ അമ്മ വഹിച്ച പങ്കു് വളരെ വലുതാണു്. അദ്ദേഹത്തെ ധന്യനായി പ്ര

ഖ്യാപിച്ചുകൊണ്ടു വിശുദ്ധരുടെ നാമകരണത്തിനുള്ള തിരുസംഘം പുറപ്പെടുവിച്ച ഡിക്രിയിൽ ഇക്കാര്യം എടുത്തു പറയുന്നുണ്ട്:

''കേവലം ശിശുവായിരുന്നപ്പോൾത്തന്നെ വെച്ചൂരുള്ള തീർത്ഥകേന്ദ്രത്തിൽ അമ്മ അദ്ദേഹത്തെ ദൈവമാതാവിനു സമർപ്പിച്ചു. കൊല്ലംതോറും അമ്മയും മകനും അതേ ദേവാലയത്തിൽ വന്നു് ആ പ്രതിഷ്ഠ നവീകരിക്കുകയും പതിവായിരുന്നു. അമ്മ നിർവ്വഹിച്ച ഈ സമർപ്പണവും അമ്മയിൽ നിന്നു ക്രൈസ്തവജീവിതരഹസ്യങ്ങളെപ്പററി ഏദിസ്ഥമാക്കിയ പുണ്യപാഠങ്ങളും അദ്ദേഹത്തിന്റെ ജീവിതത്തെ വളരെയധികം സ്വാധീനിച്ചു.'' (Acta Apostolicae Sedis, 1984 September, p. 813). തങ്ങളുടെ പിഞ്ചോമനകളെ ദൈവമാതൃഭക്തിയിൽ വളർത്തുവാൻ നമ്മുടെ ക്രൈസ്തവ മാതാക്കൾക്കെല്ലാം ഈ മഹനീയമാതൃക പ്രചോദനമാകട്ടെ!

ചാവറയച്ചന്റെ മാതൃഭക്തിയെക്കുറിച്ച് അദ്ദേഹത്തിന്റെ ആത്മ പിതാവും ചരിത്രകാരനുമായ ലെയോപ്പോൾഡ് മിഷനറി നൽകുന്ന സാക്ഷ്യം ശ്രദ്ധേയമാണ്:

''പരിശുദ്ധ ദൈവമാതാവിന്റെ നേരെ മകനടുത്ത പ്രിയവും സ്നേഹവുമായി കൂടെക്കൂടെ തന്റെ സ്തുതികളെ പറകയും കാണുന്നവരുടെ ഹൃദയത്തിൽ ഈ വിശേഷപ്പെട്ട ഭക്തിയെ പതിപ്പാൻ പ്രയാസപ്പെടുകയും ചെയ്തിരുന്നു.'' (Cfr. Positio on the Beatification and Canonisation of the Servant of God Cyriac Elias Chavara, p. LVIII) പോരൂക്കര പ്രിയോരച്ചന്റെ വാക്കുകളും ഇവിടെ സ്മരണീയമാണ്.

''റോമ്മായിൽ പരിശുദ്ധ ദേവമാതാവിന്റെ അമലോത്ഭവം ഉറപ്പിച്ചതറിഞ്ഞു വളരെ സന്തോഷിക്കയും അതിന്റെ ഉപകാരസ്മരണയായി ആഘോഷമായ പാട്ടുകുർബ്ബാനയും ലാക്ആലാഹയും പാടുന്നതിനു പ്രിയോരച്ചൻ എല്ലാ കൊവേന്തകളിലും അറിയിക്കുകയും ആ വിധം നടത്തുകയും ചെയ്തു. ആ ആണ്ടിൽ അമലോത്ഭവത്തിരുന്നാൾ പ്രത്യേകമായ ആഡംബരങ്ങളോടുകൂടി നടത്തിയെന്നു മാത്രമല്ല, തലേദിവസത്തെ ആഘോഷമായ 'വെസ്പേർസ്' പ്രധാന കാർമ്മികനായിട്ടു നടത്തിയതും പ്രിയോരച്ചൻതന്നെയാണ്. തിരുനാൾ ദിവസത്തിൽ അമലോത്ഭവത്തെക്കുറിച്ചു ദീർഘമായ പ്രസംഗം ചെയ്തതും പൂജ്യനായ ഈ പിതാവുതന്നെ'' (Cf. ഫാ. വലേരിയൻ, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, p. 279).

ചുരുക്കത്തിൽ ദൈവമാതൃഭക്തി സ്ഫുലിംഗങ്ങൾ ജനഹൃദയങ്ങളിൽ പ്രസരിപ്പിച്ചു കടന്നുപോയ ധന്യാത്മാവായി

ചാവറയച്ചനെ നാം കണ്ടെത്തുന്നു. മാതൃസന്നിധിയിലഭയം ഗമിച്ചാൽ എന്തും സാധ്യമാണെന്ന ബോധ്യവുമദ്ദേഹത്തിനു ണ്ടായിരുന്നു. ഉത്തരം കിട്ടാത്ത നൂലാമാല പിടിച്ച ഏതു പ്രശ്നവുമാകട്ടെ, മലപോലെ വരുന്ന അവയെ മാതാവു പൂപോ ലെയാക്കുമെന്നതാണ് അദ്ദേഹത്തിന്റെ അനുഭവം. ''1867 മീനം 1-ാം തീയതി : സർവ്വേശ്വരൻ ഇന്ന് ഏററിയ അനുഗ്ര ഹം ചെയ്തു. എനിക്കും എന്റെ ആത്മ ഗുരു പെ. ബ. ദെല ഗാദായ മൂപ്പച്ചനും എത്രയും വലിയ ഒരു ദുഃഖം വന്നാറെ നമ്മുടെ കന്യാസ്ത്രീകളെക്കൊണ്ടു 3 രാജകന്നീ, 3 എത്രയും ദയ യുള്ള മാതാവേ എന്ന ജപവും അപേക്ഷിപ്പിച്ചു. ഉടൻ ഈ ഉണ്ടായ മലപോലെ വന്ന കാര്യം, മാതാവു പൂപോലെയാ ക്കുകയും ചെയ്തു.'' (ആദ്ധ്യാത്മികകൃതികൾ p. 47)

## എല്ലാം മാതാവുവഴി

ചാവറയച്ചന്റെ ജീവിതത്തിലെ സുപ്രധാന സംഭവ ങ്ങളും അദ്ദേഹത്തിന്റെ നേട്ടങ്ങളുമെല്ലാം മാതാവിനോടു ബന്ധപ്പെട്ടാണിരിക്കുന്നത്. ഇതു് യാദൃച്ഛികമല്ലതന്നെ. അദ്ദേഹം സ്ഥാപിച്ച സഭകൾ രണ്ടും — സി. എം. ഐ. സഭയും സി. എം. സി. സഭയും — മാതാവിന്റെ ധന്യ നാമത്തിലുള്ളവയാണ്. എല്ലാ വർഷവും സെപ്ററംബർ എട്ടാം തീയതി മാതാവിന്റെ പിറവിത്തിരുന്നാൾ ദിവസം അദ്ദേഹം വെച്ചൂർ പള്ളിയിൽ പോവുകയും മാതാവിനെ ക്കുറിച്ചു പ്രസംഗിക്കയും പതിവായിരുന്നു. 1855 ഡിസം ബർ 3 -ാംതീയതി മാതാവിന്റെ അമലോത്ഭവത്തിരുന്നാൾ ദിവസമാണു ചാവറയച്ചനും അദ്ദേഹത്തോടൊപ്പം മററു പത്തു പിതാക്കന്മാരും ആദ്യ വ്രതമനുഷ്ഠിക്കുന്നതു്. നമ്മുടെ അമ്മ കാർമ്മൽ ദേവമാതാവിന്റെയും പിതാവായ ശ്രു. മാർ യൗസേപ്പിന്റെയും വിവാഹത്തിരുന്നാൾ സമാപിച്ച 1866 മകരത്തിലാണു കൂനമ്മാവിലെ ആദ്യ പനമ്പുമഠത്തിനു വേല തുടങ്ങിയതു്. (നാളാഗമം p. 235) പുതിയ മഠത്തിനു കല്ലിട്ടപ്പോൾ അതിൽ മൂന്നു കാശുരൂപങ്ങൾ നിക്ഷേപിക്കു ന്നുണ്ടു്. അതിലൊന്നു മാതാവിന്റേതായിരുന്നു. (നാളാഗ മം, p. 134) കന്യാസ്ത്രീകളുടെ ആദ്യ ജോലി കൊന്ത കെട്ട ലായിരുന്നു. അവക്കു നിയമാവലി നൽകുന്നതു ജൂലൈ 16 കർമ്മലമാതാവിന്റെ തിരുനാൾ ദിവസത്തിലാണു്. വീണ്ടും, മാന്നാനത്തെ അമലോത്ഭവ ദാസസംഘത്തിന്റെ ദിനച ര്യയിൽ ''മൂന്നുനേരമായിട്ടു 153 മണി'' ജപം, വെന്തിങ്ങ ഭക്തി തുടങ്ങിയവ ഉൾക്കൊള്ളിച്ചിരുന്നതായി കാണാം. (നാളാഗമം p. 34)

ഇങ്ങനെ ചാവറയച്ചൻെറയും അദ്ദേഹം ആദ്ധ്യാത്മിക നേതൃത്വം നല്കിയ സമൂഹങ്ങളുടെയും ജീവിതത്തിൽ മരിയ ഭക്തി പുഷ്കലമായി നിന്നിരുന്നു. ''ദേവമാതാവിനു് എത്രയും ഇഷ്ടപ്പെട്ട കർമ്മലീത്താസഭക്കാരായി വിളിക്കപ്പെട്ടതു്''' സർവ്വേശ്വരൻെറ വിശേഷ കൃപയാലാണെന്നു് അദ്ദേഹം വിശ്വസിച്ചു. (കത്തുകൾ p. 99)

## ചാവറകൃതികളിൽ തെളിയുന്ന മരിയഭക്തി

ചാവറയച്ചൻെറ രചനകൾ നാലു വാല്യങ്ങളായി സമാഹരിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ടു്. അവ ഒന്നോടിച്ചു വായിച്ചാൽമതി മാതൃഭക്തിരസം തുളുമ്പിനില്ക്കുന്ന ഭാഗങ്ങൾ എത്രവേണമെങ്കിലും കണ്ടെത്താനാവും.

'നാളാഗമ'ത്തിൻെറ ഏടുകളിൽ ഒരു കാലഘട്ടത്തിൻെറ ചരിത്രംതന്നെ ഒളിഞ്ഞുകിടപ്പുണ്ടു്. മാതാവിൻെറ മാദ്ധ്യസ്ഥതയിൽ നടന്ന പല വിശേഷാനുഗ്രഹങ്ങളുടെ വിവരണവും ഇതിൽ കാണാം. ഉദാഹരണത്തിനു് അപകടത്തിൽപ്പെട്ട കണിച്ചായ് ഇട്ടൂപ്പിൻെറ ഭാഗ്യമരണം 'നമ്മുടെ അമ്മയുടെ വിശേഷകൃപയും മനോഗുണവും' മൂലമാണെന്നു് ചാവറയച്ചൻ കരുതുന്നു. (p. 142) അതുപോലെതന്നെ മാളയിലെ ഒരു കൊങ്ങിണിസ്ത്രീ വളരെയേറെ പ്രാതികൂല്യങ്ങളെ മറികടന്നു ക്രിസ്തുമതം സ്വീകരിച്ചതിൻെറ പിന്നിൽ 'അതിശയമായ ദൈവമാതാവിൻെറ വിശേഷപ്രത്യക്ഷം' ചാവറയച്ചൻ കാണുന്നു. (നാളാഗമം p. 150)

## മരിയ ഭക്തൻ

ചാവറയുടെ ആദ്ധ്യാത്മിക കൃതികളിലും കത്തുകളിലും മരിയ ഭക്തിയുടെ അനുരണനങ്ങൾ സുലഭമാണു്. ധ്യാനസല്ലാപങ്ങളിലും മററും മാതാവിലൂടെ ഈശോയിലേക്കു നീങ്ങുന്ന ചാവറയച്ചനെ നമുക്കു കാണാനാവും. മാതാവിനെ കൂട്ടുപിടിച്ചു് അദ്ദേഹം ഈശോയോടു വാദിക്കുവാനും തയ്യാറാണു്. ''ഞങ്ങൾ ചെയ്ത പാപം കഠിനമായ പാപം ആയിരിക്കകൊണ്ടു കൃപ കിട്ടുവാൻ യോഗ്യമല്ല. എങ്കിലും നിന്നോടു പറയുന്നതാരു്. അതായതു് നിൻെറ പ്രിയപ്പെട്ട മാതാവായ മറിയത്തിൻെറ തിരുഹൃദയം നിന്നോടപേക്ഷിക്കുന്നു. അവരുടെ തിരുച്ചുണ്ടുകൾ നിന്നോടു പറയുന്നു. അവരുടെ തിരുക്കണ്ണുകൾ നിന്നെ തൃക്കൺപാക്കുന്നു. ആ, എൻെറ ഈശോയെ ഇത്ര കോപമായിരിക്കാൻ നിനക്കു വഹിയാ. ഇതിൻ വണ്ണമുള്ള മാതാവു് അപേക്ഷിക്കുന്നതെല്ലാം കൊടുക്കാതെ ഇരിപ്പാൻ പാടില്ല. ആയതുകൊണ്ടു് എൻെറ ഈശോയെ, ഞങ്ങൾക്കു മാതാവും സങ്കേതവുമായ പരിശുദ്ധ

മറിയത്തിന്റെ തിരുമുഖത്തെക്കുറിച്ച് ഞങ്ങളുടെമേൽ അനുഗ്രഹമായിരിക്കണമെ'' (ആദ്ധ്യാത്മികകൃതികൾ p. 46)

മുൻപറഞ്ഞ കൃതികളെ അപേക്ഷിച്ച് മരിയഭക്തി രസം തുളുമ്പി നില്ക്കുന്നത് 'ആത്മാനുതാപത്തി'ലാണ്. അനുതാപാർദ്ര ഹൃദയത്തോടെ യേശുചരിതത്തിലാണ്ടിറങ്ങിയ ചാവറയുടെ കവിഭാവനയിൽ വാർന്നുവീണ വിശുദ്ധിയുടെ കാവ്യമാണ് ആത്മാനുതാപം. യേശുചരിത്രമാണിതിലെ ഇതിവൃത്തം. ഒപ്പം മരിയചരിത്രവും.

ബാലനായ കുര്യാക്കോസിനെ വെച്ചൂർ ദേവാലയത്തിൽ മാതാവിന് അടിമവെച്ച കാര്യം നേരത്തെ സൂചിപ്പിച്ചല്ലോ. ആ രംഗം ആത്മാനുതാപത്തിൽ ചിത്രീകരിക്കുന്നുണ്ട്. ശിശുവിനെ മാതൃസ്വരൂപത്തിൻമുമ്പിൽ കിടത്തി അമ്മ പ്രാർത്ഥിക്കുന്നു.; പുരോഹിതൻ അമ്മയ്ക്കു പൂവും നീരും കൊടുക്കുന്നു. ഒപ്പം കുഞ്ഞിക്കൈ പിടിച്ച് അമ്മയുടെ കരങ്ങളിൽ വച്ചുകൊടുത്തിട്ടു പറഞ്ഞു:

''......മാതൃദാസനായിവനെ നീ
സൂക്ഷിച്ചു വളർത്തുക പാലിച്ചു ഭരിക്ക നീ
സാക്ഷാൽ നിൻസുതനല്ല, മാതാവിൻ ദാസൻ ദൃഢം.''
(ആത്മാനുതാപം 11/16)

ആ അമ്മ അതനുസരിച്ചുതന്നെ തന്റെ മോനെ വളർത്തി. അവർ മരിക്കുംവരെ വർഷംതോറും മകനുവേണ്ടി 'അടിമപ്പണം' കൊടുത്തു പോന്നിരുന്നു (ആത്മാനുതാപം p. 6). മകന്റെ മനസ്സിലവർ പതിച്ചുകൊടുത്ത ജ്ഞാന വാക്യമിതാണ്:

''നിന്നുടെ നാഥ മാതാവവരാംകൾ ദാസൻ നീയെ-
യെന്നിതു മനസ്സതിലെപ്പോഴും സ്മരിക്കണം''
(ആത്മാനുതാപം p. 6)

## ദൈവത്തിന്റെ അമ്മ, എന്റെ അമ്മ

ദൈവത്തെ 'ആബാ' എന്നു വിളിക്കുവാൻ ഈശോ പഠിപ്പിച്ചു. ശുദ്ധമലയാളത്തിൽ 'അപ്പാ, അപ്പാ' എന്ന് അവിടുത്തെ എത്ര വിളിച്ചാലും ചാവറയച്ചനു മതിവരില്ല. ധ്യാനസല്ലാപങ്ങൾ അതിനു തെളിവാണ്. മാതാവിനെക്കുറിച്ചും താദൃശ്യമാണ് അദ്ദേഹത്തിന്റെ സമീപനം. പുത്രസഹജമായ സ്നേഹത്തോടെ 'അമ്മ'യെന്ന സംജ്ഞയാണ് അദ്ദേഹം പ്രസംഗങ്ങളിലും കൃതികളിലും ധാരാളമായി പ്രയോഗിച്ചിരിക്കുന്നതു്. ദൈവത്തിന്റെ അമ്മ എന്റെയും അമ്മ – അതാണു ചാവറയച്ചന്റെ മാതൃദർശനം. കേരളം കണ്ട ഈ വലിയ മരിയഭക്തൻ ഇന്ന് അൾത്താരയിലെ മഹത്വത്തിനു വിളിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ മരിയ ഭക്തിയെ ചൈതന്യ ധന്യമാക്കാൻ അദ്ദേഹത്തിന്റെ മാതൃക നമുക്കു പ്രചോദനമേകട്ടെ. ✲

# ഭാഗം രണ്ട്

# I

# ഒരു വിശുദ്ധൻ ജനിക്കുന്നു

## ലെയോപ്പോൾദ് മിഷനറിയുടെ സാക്ഷ്യം

[ചാവറ കര്യാക്കോസ് ഏലിയാസിൻെറ ആത്മപിതാവായിരുന്ന (1864 - 1871) ലെയോപ്പോൾഡ് ബെക്കാറോ, ഒ. സി. ഡി., ചാവറയച്ചൻെറ മരണദിവസം എഴുതിയ ഡയറിക്കുറിപ്പിൽനിന്ന്]

ഇന്ന് 1871 ജാനുവരി 3-ാം തീയതി രാവിലെ 7.15 - ന് ഒന്നാമത്തെ പ്രിയോരായ തിരുക്കുടുംബത്തിൻെറ കര്യാക്കോസ് ഏലിയാസ് അതിധന്യമായൊരു ജീവിതത്തിനുശേഷം മരണമടഞ്ഞു. മാമ്മോദീസായിൽ ലഭിച്ച പരിശുദ്ധി ഒരിക്കലും നഷ്ടമായിട്ടില്ലെന്ന് മരണത്തിനു തൊട്ടുമുമ്പ് പ്രഖ്യാപിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. സുകൃതാഭ്യസനത്തിൽ, പ്രത്യേകിച്ച് ഹൃദയലാളിത്യം, സജീവ വിശ്വാസം, ആർദ്രമായ അനുസരണം, ദിവ്യകാരുണ്യ ഭക്തി, മാതാവിനോടും വി. യൗസേപ്പിനോടുമുള്ള ഭക്തി എന്നിവയിൽ അദ്ദേഹം മുന്നിട്ടു നിന്നിരുന്നു. മലബാറിലെ ക്രൈസ്തവരുടെ നന്മയ്ക്കുവേണ്ടി കടുത്ത പ്രതിസന്ധികളിലൂടെയാണ് അദ്ദേഹം കടന്നുപോയതു്, പ്രത്യേകിച്ച് റോക്കോസ് ശീശ്മയുടെ കാലത്തു്. അന്ന് സുറിയാനിക്കാരുടെ വികാരി ജനറാളായി നിയമിതനായപ്പോഴും പരിശുദ്ധ സിംഹാസനത്തോടു് അനിതര സാധാരണമായ ഭക്തിയാണു് അദ്ദേഹം പ്രകടമാക്കിയതു്. രാവും പകലും അദ്ദേഹം പണിപ്പെട്ടു, ശീശ്മ പടർന്നുപിടിക്കാതെ തടഞ്ഞു.

നാല്പതോളം പള്ളികളെ ശീശ്മയിൽനിന്നും രക്ഷിക്കുകയും ചെയ്തു. ഇക്കാരണത്താലാണ്, പരിശുദ്ധ പിതാവ് ഒൻപതാം പീയൂസ് പാപ്പ വലിയ സംതൃപ്തി പ്രകടിപ്പിച്ച് ചാവറയച്ചനു കത്തെഴുതിയത്. അദ്ദേഹം മലബാറിലെ കർമ്മലീത്താ മൂന്നാം സഭയുടെ സ്ഥാപകനും ആദ്യ പ്രിയോരുമായിരുന്നു. പല പ്രതിസന്ധികളേയും തരണം ചെയ്ത് കന്യാസ്ത്രീകൾക്കുവേണ്ടി മഠവും അദ്ദേഹം സ്ഥാപിച്ചു. അദ്ദേഹത്തെ അഭിഗമ്യനാക്കിത്തീർത്ത സുകൃതങ്ങളും, അദ്ദേഹത്തിൻെറ വിജ്ഞാനവും, സുറിയാനി ഭാഷാപാണ്ഡിത്യവുമെല്ലാം, മലബാറിലെ സുറിയാനിക്കാരുടെ ഇടയിൽ അദ്ദേഹത്തിനു് വലിയ സ്വാധീനശക്തി നേടിക്കൊടുത്തു. മലബാറിലെ വികാരി അപ്പസ്തോലിക്കമാർ അദ്ദേഹത്തെ വളരെയധികം സ്നേഹിച്ചിരുന്നു. മലബാറിലെ ജനങ്ങൾക്ക്, മററു മതാനുയായികളും നെസ്തോറിയരുമുൾപ്പെടെ എല്ലാവർക്കും, അദ്ദേഹത്തോട് സ്നേഹാദരവുണ്ടായിരുന്നു. അന്ത്യനാളുകളിലെ രോഗം ഏതാണ്ട് രണ്ടു വർഷക്കാലത്തോളം, ദൈവേഷ്ടത്തിനു പൂർണ്ണവിധേയത്വത്തോടെ – അല്ല സന്തോഷപൂർവ്വം എന്നു പറയണം – അദ്ദേഹം സഹിച്ചു. ഈ ലോകവസ്തുക്കളോടുള്ള അമിത താല്പര്യങ്ങളിൽ നിന്നെല്ലാം പ്രതിനിവർത്തിച്ചവനായിരുന്നു അദ്ദേഹം. അന്ത്യനാളുകളിൽ അതു് വളരെയേറെ വ്യക്തവുമായിരുന്നു. അന്ത്യകൂദാശകളെല്ലാം അസാധാരണ ഭക്തിചൈതന്യത്തോടെ സ്വീകരിച്ച്, സ്വർഗ്ഗീയ സന്തോഷത്തിൽ, അദ്ദേഹത്തെ അറിയുന്നവരുടെയെല്ലാം, (പ്രത്യേകിച്ച്, എന്നെ ഞാനറിയുംപോലെ അദ്ദേഹത്തെ അടുത്തറിഞ്ഞ എൻെറയും) കണ്ണുനീരിൻെറ നടുവിൽ 65-ാമത്തെ വയസ്സിൽ അന്ത്യശ്വാസം വലിക്കുയും കൂനമ്മാവിൽ വി. ഫിലോമിനായുടെ ദേവാലയത്തിൽ സംസ്കരിക്കപ്പെടുകയും ചെയ്തു.

ഓ, പരിശുദ്ധവും മനോഹരവുമായ ആത്മാവേ! എനിക്കുവേണ്ടി അപേക്ഷിക്കണമേ.

## II

# ധന്യൻ ചാവറയച്ചൻ

## വിശുദ്ധരുടെ നാമകരണത്തിനുള്ള തിരുസംഘത്തിൻെറ ഡിക്രി*

[''ദൈവദാസൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ദൈവികപുണ്യങ്ങളായ വിശ്വാസത്തിലും ശരണത്തിലും, ദൈവത്തോടും, അയൽക്കാരനോടുമുള്ള സ്നേഹത്തിലും, സാന്മാർഗ്ഗിക പുണ്യങ്ങളായ വിവേകം, നീതി, ആത്മ നിയന്ത്രണം, ആത്മധൈര്യം എന്നിവയിലും ഇവയോടു ബന്ധപ്പെട്ട സുകൃതങ്ങളിലും വീരോചിതമായ രീതിയിൽ വ്യാപരിച്ചിരുന്നതായി യഥാർത്ഥത്തിൽ സ്പഷ്ടമായി കാണുന്നു.'']

അമലോത്ഭവ മാതാവിൻെറ കർമ്മലീത്താ സന്യാസിമാരുടെയും വി. ത്രേസ്യയുടെ കർമ്മലീത്താ സന്യാസിനിമാരുടെയും സഭകളുടെ സഹസ്ഥാപകനായ ദൈവദാസൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻെറ നാമകരണ സംബന്ധമായ ഡിക്രി.

---

* 1984 സെപ്റ്റംബർ മാസത്തിലെ Acta Apostolicae Sedis 810—815 പേജകുളിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഡിക്രിയുടെ പരിഭാഷയാണ് താഴെ കൊടുത്തിരിക്കുന്നത്. ധന്യനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻെറ സുകൃതജീവിതത്തെപ്പററിയുള്ള ദീർഘമായ നടപടിക്രമങ്ങളുടെ ഒരു ചെറുവിവരണമാണ് ഈ ഡിക്രി. പിതാവിൻെറ സംക്ഷിപ്ത ജീവചരിത്രത്തിനു പുറമേ, അദ്ദേഹത്തിൻെറ ആന്തരികചൈതന്യം, വിശ്വാസ പ്രബുദ്ധത, അവയുടെ ബാഹ്യധാരകൾ എന്നിവയെപ്പററി പരാമർശിക്കുന്ന ഭാഗങ്ങൾ പ്രത്യേകം ശ്രദ്ധേയമത്രെ. ബ. സീലാസച്ചനാണ് ഈ പരിഭാഷ തയ്യാറാക്കിയത്—എഡിററർ.

''ദൈവിക പുണ്യങ്ങളായ വിശ്വാസം, ശരണം, ദൈവത്തോടും സഹോദരങ്ങളോടുമുള്ള സ്നേഹം എന്നിവയിലും സാന്മാർഗ്ഗികപുണ്യങ്ങളായ വിവേകം, നീതി, ആത്മശക്തി, ആത്മനിയന്ത്രണം എന്നിവയിലും ഇവയോടു ചേർന്നുള്ള മററു സുകൃതങ്ങളിലും വീരോചിതമായ നിലയിൽ പ്രായോഗികതലത്തിൽ അദ്ദേഹം ശോഭിച്ചിരുന്നുവോ?''

## വിശുദ്ധിയുടെ അന്തർ രഹസ്യം

''ആരെങ്കിലും എന്നെ സ്നേഹിച്ചാൽ, അവൻ എൻെറ വാക്ക പാലിച്ചു ജീവിക്കണം. അപ്പോഠം എൻെറ പിതാവ് അവനെ സ്നേഹിക്കും; ഞങ്ങഠം അവൻെറ പക്കൽ വരും; അവനിൽ ഞങ്ങഠം വാസമുറപ്പിക്കും''. (യോഹ. 14:23) ദൈവദാസൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ നയിച്ച ജീവിതത്തിൻെറ ആഴം—അദ്ദേഹത്തിൻെറ ആന്തരിക ചൈതന്യം-സമ്യക്കായി പ്രകാശിപ്പിക്കുവാൻ നമ്മുടെ കർത്താവിൻെറ ഈ വാക്യത്തേക്കാഠം മെച്ചപ്പെട്ട മറെറാന്നു കണ്ടുപിടിക്കുക അസാദ്ധ്യമാണ്. അദ്ദേഹത്തിൽ കുടികൊണ്ടിരുന്ന ദൈവം ഒരത്ഥത്തിൽ ബാഹ്യമായി സ്വയം വെളിപ്പെടുത്തുകയായിരുന്നു. തൽഫലമായി ''ദൈവത്തിൻെറ മനുഷ്യനായും'', ''ദൈവകൃപ നിറഞ്ഞവനായും'', മററും അദ്ദേഹത്തെ പരസ്യമായി വിശേഷിപ്പിക്കുവാൻ മററുള്ളവക്ക കഴിഞ്ഞു.

## ബാല്യകാലം

ദൈവദാസനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ഇന്നത്തെ ചങ്ങനാശ്ശേരി അതിരൂപതയിൽപ്പെട്ട കൈനകരിയിൽ 1805 ഫെബ്രുവരി 10-ാംനു- ജനിച്ചു. പതിവനുസരിച്ച് എട്ടാം ദിവസം ചേന്നങ്കരി ഇടവകപ്പള്ളിയിൽ വച്ച് മാമ്മോദീസാ സ്വീകരിച്ചു. കുര്യാക്കോസ് എന്ന പേരാണ് ശിശുവിനു നൽകപ്പെട്ടതു്.

അതിഭക്തയായ അമ്മ തോപ്പിൽ മറിയത്തിൻെറ പാദത്തിങ്കലിരുന്നാണ് പ്രാഥമിക വിദ്യാഭ്യാസം അവൻ നടത്തിയതു്. അവർ പ്രാർത്ഥനകളും, ക്രിസ്തീയ വിശ്വാസ രഹസ്യങ്ങളും അവനെ പഠിപ്പിച്ചു. സുകൃതമാർഗ്ഗത്തിൽ കൈപിടിച്ചു നടത്തുകയും ചെയ്തു. സ്ഥലത്തെ പള്ളിക്കൂടത്തിൽ വിദ്യാഭ്യാസം പൂത്തിയാക്കിയശേഷം 11-ാം വയസ്സിൽ ദിവ്യാഹ്വാനഫലമായി വൈദിക സേവനംവഴി ദൈവശുശ്രൂഷക്കായി തന്നെത്തന്നെ സമർപ്പിക്കാൻ സ്വയം തീരുമാനമെടുത്തു. കുടുംബാന്തരീക്ഷം വിട്ടു് ദൈവത്തിനർപ്പിതമായ ജീവിതം നയിക്കാൻ ഇടവകയിലെ വൈദിക മന്ദിരത്തിൽ വികാരിയച്ചനോടു

കൂടിയുള്ള കുറെനാളത്തെ താമസം ഏറെക്കുറെ സഹായകമായി. അങ്ങനെ 1818-ൽ പള്ളിപ്പുറം സെമിനാരിയിൽ അദ്ദേഹം വൈദികവിദ്യാത്ഥിയായി ചേൎന്നു. വൈദികപരിശീലനം പൂത്തിയാക്കിയ അദ്ദേഹം 1829 നവമ്പർ 29-ാംനു- വരാപ്പുഴയിലെ അന്നത്തെ താല്ക്കാലിക വികാരി അപ്പസ്തോലിക്കാ മൗറേലിയസ് സ്റ്റബിലീനി മെത്രാനച്ചനിൽ നിന്നു വൈദികപട്ടം സ്വീകരിച്ചു.

## സഭാസ്ഥാപന ശ്രമം

ഏതാണ്ട് ഈ ഘട്ടത്തിൽ ദൈവദാസൻ ഡീക്കൻ പട്ടം സ്വീകരിച്ചിരുന്ന സമയത്താണ് സീറോ മലബാർ റീത്തുകാരായ രണ്ടു വൈദികർ, കേരളത്തിലെ വൈദികക്കുവേണ്ടിയെങ്കിലും സന്ന്യാസജീവിതം ആരംഭിക്കുന്നതിനുള്ള സാദ്ധ്യതയെപ്പററിയും മാർഗ്ഗങ്ങളെപ്പററിയും ഒരുമിച്ചുകൂടി ആലോചനകറം നടത്തിയിരുന്നതു്. പള്ളിപ്പുറം സെമിനാരി റെക്ടർ പാലയ്ക്കൽ തോമ്മാച്ചനും, വികാരി അപ്പസ്തോലിക്കായുടെ സെക്രട്ടറി പോരൂക്കര തോമ്മാച്ചനുമായിരുന്നു പാണ്ഡിത്യത്തിനും, അജപാലന ചൈതന്യത്തിനും കേളികേട്ട ആ രണ്ടു വൈദികസത്തമർ. ഏകാന്തതയിലും പ്രാത്ഥനയിലും ജീവിതം നയിച്ചുകൊണ്ട് തിരുസ്സഭയുടെ അജപാലക കാര്യങ്ങളിൽ വൈദികക്ക് വ്യാപൃതരാകാൻ സൗകര്യമുണ്ടാകേണ്ടിയിരുന്നു. ഈദൃശ ജീവിതം നയിക്കുവാൻ പ്രതിജ്ഞാബദ്ധനായിരുന്നു അന്നു ഡീക്കനായിരുന്ന ദൈവദാസനും.

പുരോഹിതപട്ടം സ്വീകരിച്ചു കഴിഞ്ഞുടനെ പള്ളിപ്പുറം സെമിനാരിയിൽ അതിൻെറ നടത്തിപ്പിനായി റെക്ടറെ സഹായിക്കാൻ അദ്ദേഹം നിയോഗിക്കപ്പെട്ടു. സന്ന്യാസജീവിതം ശരിയാംവണ്ണം നയിക്കുവാൻ പററിയ ആദ്യസന്ന്യാസഭവനത്തിനു് പ്രത്യേകം തിരഞ്ഞെടുത്ത മാന്നാനത്തേയ്ക്കു് അധികം കഴിയും മുമ്പേ അദ്ദേഹം താമസം മാററി. അങ്ങനെ 1831 മേയ് 11-ാംനു- വികാരി അപ്പസ്തോലിക്കാ, പാലയ്ക്കൽ തോമ്മാച്ചൻ, ദൈവദാസൻ, ജനങ്ങളുടെയും വൈദികരുടെയും സമൂഹം എന്നിവരുടെ സാന്നിദ്ധ്യത്തിൽ പോരൂക്കര തോമ്മാച്ചൻ സന്ന്യാസഭവനത്തിനു തറക്കല്ലിട്ടു.

സന്ന്യാസജീവിതം ശരിയാംവിധം ക്രമപ്പെടുത്തുന്നതിനു മുമ്പുതന്നെ സ്ഥാപകപിതാക്കന്മാരായ പാലയ്ക്കൽ തോമ്മാച്ചൻ 1841-ലും പോരൂക്കര തോമ്മാച്ചൻ 1846-ലും മരണം പ്രാപിച്ചു. അതിനാൽ പുതിയ സന്ന്യാസ സമൂഹത്തിൻെറ ഉത്തരവാദിത്വം മുഴുവൻ കുര്യാക്കോസച്ചൻെറ ചുമലിൽ

വന്നു പതിച്ചു. പുതിയ സമൂഹത്തിൽ ഇതര വൈദികരും, വളരെ യുവാക്കന്മാരും അംഗങ്ങളായി വന്നുചേർന്നു. അതിനാൽ പൊതുജീവിതക്രമത്തിൽ അധിഷ്ഠിതമായ ഏതാണ്ടൊരു സന്ന്യാസ ജീവിതശൈലിക്ക് ദൈവദാസൻ രൂപം കൊടുത്തു നടത്തിവന്നു. ദൈവദാസനും മാന്നാനത്തുണ്ടായിരുന്ന സഹപ്രവത്തരുരും കേരളസഭയുടെ പുരോഗതിക്കായി വളരെയധികം പ്രയത്നിച്ചിട്ടുണ്ട്. ദൈവവചന പ്രസംഗം, പള്ളികൾ തോറുമുള്ള ധ്യാനങ്ങൾ, വൈദികരുടെ ശരിയായ പരിശീലനമുദ്ദേശിച്ചുള്ള സെമിനാരി എന്നിവ വഴിയാണ് ഇതു സാധിച്ചത്.

## തിരുസഭയുടെ അംഗീകാരം

1855 - ലാണ് കര്യാക്കോസച്ചനും കൂട്ടരും മാന്നാനത്തു നയിച്ചിരുന്ന സന്ന്യാസചര്യക്ക് തിരുസഭാ തലത്തിലുള്ള ഔദ്യോഗികാംഗീകാരം ലഭിച്ചത്. 1855 ഡിസംബർ 8-ാംനു വികാരി അപ്പസ്തോലിക്കായുടെ പ്രതിനിധി മർസലിൻ ബെരാർഡി ഒ. സി. ഡി. എന്ന മിഷനറി വൈദികൻെറ മുമ്പാകെ ദൈവദാസൻ സന്ന്യാസവ്രതസമർപ്പണം നടത്തി. തിരുക്കുടുംബത്തിൻെറ കര്യാക്കോസ് ഏലിയാ എന്ന പുതിയ പേരും സ്വീകരിച്ചു. പുതിയ സഭയുടെ ശ്രേഷ്ഠനായി ദൈവദാസൻ നിയമിക്കപ്പെട്ടു. 1871-ൽ മരണം പ്രാപിക്കുന്നതുവരെ അദ്ദേഹം സഭയെ ഭരിച്ചു നടത്തുകയും ചെയ്തു.

സമീപപ്രദേശങ്ങളിലുള്ള വൈദികരുടേയും വിശ്വാസികളുടേയും അപേക്ഷയനുസരിച്ചു ദൈവദാസൻ പുതിയ സന്ന്യാസാശ്രമങ്ങൾ സ്ഥാപിച്ചു. അങ്ങനെ 1857-ൽ കൂനമ്മാവിലും 1858-ൽ എൽത്തുരുത്തിലും, വാഴക്കുളത്തും, 1862-ൽ പുളിങ്കുന്നിലും, 1866-ൽ അമ്പഴക്കാട്ടും, 1870-ൽ മുത്തോലിയിലും ആശ്രമങ്ങൾ സ്ഥാപിതമായി.

1866-ൽ ഫാ. ലിയോപ്പോൾഡ് ബെക്കാറോ ഒ.സി.ഡി. മിഷനറിയോടൊരുമിച്ചു കൂനമ്മാവിൽ സ്ത്രീകൾക്കുവേണ്ടി സന്ന്യാസജീവിതം അദ്ദേഹം ആരംഭിച്ചു. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനും, മതപരമായ പരിശീലനത്തിനും വേണ്ടിയാണു പ്രധാനമായും ഈ സഭ തുടങ്ങിയത്.

## ഇതര പ്രവർത്തനങ്ങൾ

1861-ൽ തോമാ റോക്കോസ് എന്ന കൽദായ മെത്രാൻ അനധികൃതമായി കേരളത്തിൽ വന്നു. തൽഫലമായി സീറോ

മലബാർ സഭയിൽ ഒരു കോളിളക്കം തന്നെയുണ്ടായി. വളരെ വൈദികരും, വിശ്വാസികളും, ഇടവകകളും മുഴുവനായിപ്പോലും തിരുസിംഹാസനത്തിൻെറ കല്പനയ്ക്കു വിരുദ്ധമായി, കലാപകാരിയായ മെത്രാന്റെ കീഴ്പ്പെട്ടു പോയി. ഈ വിഷമസന്ധിയിൽ വിപുലമായ അധികാരങ്ങളോടുകൂടി സീറോ മലബാർ സഭയുടെ വികാരി ജനറാളായി ദൈവദാസൻ അവരോധിതനായി. ശീശ്മയുടെ പുരോഗമനം തടയുവാനും വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ കീഴിൽ സുറിയാനി സഭയെ ശരിയാംവിധം വീണ്ടും കൊണ്ടുവരുവാനുമായി അദ്ദേഹം ഭഗീരഥപ്രയത്നം തന്നെ ചെയ്തു. തിരുക്കർമ്മാചരണത്തിൽ ഭക്തിയും ക്രമവും ഉളവാക്കുവാൻ അദ്ദേഹം ക്രമീകരണങ്ങൾ ചെയ്തു വേണ്ട പരിഷ്ക്കാരങ്ങൾ നടപ്പിലാക്കി. ആത്മീയ പ്രബോധനങ്ങളും, ജ്ഞാനധ്യാനങ്ങളും വൈദികവിദ്യാർത്ഥികളുടെ പരിശീലനവും വഴി അദ്ദേഹം വൈദികരിലേക്കും, വിശ്വാസികളിലേക്കും പുതിയൊരു ചൈതന്യം പ്രസരിപ്പിക്കുകയും ചെയ്തു.

മിക്കവാറും ജീവിതകാലം മുഴുവൻ ഇത്രയധികം കർത്തവ്യങ്ങളിൽ വ്യാപൃതനായിരുന്നെങ്കിലും കേരള സഭാതനയരുടെ പൊതുനന്മയ്ക്കായി അദ്ദേഹം ആത്മീയ പ്രബോധനങ്ങളടങ്ങിയ ഏതാനും ഗ്രന്ഥങ്ങൾ രചിക്കാനുള്ള സമയവും സൗകര്യവും കണ്ടെത്തിയെന്നതു് എടുത്തു പറയേണ്ട വസ്തുതയാണ്.

## ജീവിതാന്ത്യം

പല മാസങ്ങൾ ദീർഘിച്ച തൻെറ അന്ത്യരോഗത്തിൻെറ വിഷമതകൾ ദൈവദാസൻ ക്ഷമാപൂർവ്വം ആശ്ലേഷിക്കുകയുണ്ടായി. അങ്ങനെ തിരുസഭയുടെ കൂദാശകൾ സ്വീകരിച്ചുകൊണ്ടു തൻെറ ആത്മീയ സന്താനങ്ങളുടെ പ്രാർത്ഥനകളുടെ മദ്ധ്യേ 1871 ജനുവരി 3-ാം നു- കർത്താവിൽ മരണം പ്രാപിച്ചു തിരുസഭാധികാരികളോട് അന്യൂനമായ വിധേയത്വം പുലർത്തണമെന്നും സുകൃതങ്ങൾ അനുസ്യൂതം അഭ്യസിക്കണമെന്നും അദ്ദേഹം ആത്മീയ സന്താനങ്ങളെ അന്ത്യോപദേശത്തിൽ ആഹ്വാനം ചെയ്തു. മരണത്തിനു പിറേറ ദിവസം കൂനമ്മാവിലെ വി. ഫിലോമിനായുടെ ദേവാലയത്തിൽ മൃതദേഹം സംസ്കരിക്കപ്പെട്ടു. 1889-ൽ അദ്ദേഹത്തിൻെറ പൂജ്യാവശിഷ്ടങ്ങൾ മാന്നാനത്തു വി. യൗസേപ്പിൻെറ ദേവാലയത്തിൽ കൊണ്ടുപോയി വീണ്ടും സംസ്കരിക്കയുണ്ടായി.

## വിശ്വാസ പ്രബുദ്ധത

സജീവമായ വിശ്വാസമാണ് തൻെറ ജീവിതം മുഴുവനേയും ഉത്തേജിപ്പിച്ചിരുന്നതെന്ന് അദ്ദേഹത്തിൻെറ ജീവിതം പരിശോധിക്കുന്ന ആർക്കും സ്പഷ്ടമായി കാണാം. മാമ്മോദീസാ വഴി കൈവന്ന വിശ്വാസം പുണ്യചരിതയായ അമ്മയുടെ സംരക്ഷണയിൽ പുഷ്ടി പ്രാപിച്ചു. വർഷങ്ങൾ മുന്നോട്ടു പോകുന്തോറും വിസ്മയനീയമായ രീതിയിൽ അതു് അദ്ദേഹത്തിൻെറ ജീവിതത്തിലും പ്രവർത്തനത്തിലും പ്രകടമായി കാണാമായിരുന്നു.

കേവലം ശിശുവായിരുന്നപ്പോൾതന്നെ (വെച്ചൂരുള്ള) തീർത്ഥകേന്ദ്രത്തിൽ അമ്മ അദ്ദേഹത്തെ ദൈവമാതാവിനു സമർപ്പിച്ചു. കൊല്ലംതോറും അമ്മയും മകനും അതേ ദേവാലയത്തിൽ വന്ന് ആ പ്രതിഷ്ഠ നവീകരിക്കുകയും പതിവായിരുന്നു. അമ്മ നിർവ്വഹിച്ച ഈ സമർപ്പണവും അമ്മയിൽനിന്നു ക്രൈസ്തവ ജീവിത രഹസ്യങ്ങളെപ്പററി ഏദിസ്ഥമാക്കിയ പുണ്യപാഠങ്ങളും അദ്ദേഹത്തിൻെറ ജീവിതത്തെ വളരെയധികം സ്വാധീനിച്ചു. അതിൻെറ ഫലമായിട്ടാണ് വിശ്വാസത്തിൽ അധിഷ്ഠിതമായ ജീവിതം നയിക്കാൻ അദ്ദേഹത്തിനു പില്ക്കാലത്തു കഴിഞ്ഞതു്.

തൻേറയും മററെല്ലാ സൃഷ്ടികളുടേയും കർത്താവായ ദൈവത്തെ വിശ്വാസത്തിൻെറ ദൃഷ്ടിയിലൂടെ നോക്കിക്കാണുന്നതിനും എല്ലാററിനേയും അവയുടെ ലക്ഷ്യത്തിലേയ്ക്കു സുഗമമായി നയിക്കുന്ന അവിടത്തെ ആരാധിക്കുന്നതിനും ദൈവദാസനു സാധിച്ചു. അതിനാൽ തൻേറയും മററുള്ളവരുടേയും ജീവിത സാഹചര്യങ്ങളിലെല്ലാം പ്രവർത്തിക്കുന്ന ദൈവകരം അദ്ദേഹത്തിനു കാണാമായിരുന്നു. സന്ന്യാസിനിമാക്ക് അദ്ദേഹം ഇങ്ങനെ എഴുതി: "സ്വന്തം വിശപ്പ് വാക്കുകളിലൂടെ പ്രകാശിപ്പിക്കാൻ കഴിവില്ലാത്ത കുഞ്ഞിനെ യഥാസമയം ഉറക്കത്തിൽ നിന്നുണർത്തി മുലപ്പാൽ കൊടുക്കുന്ന അമ്മയെപ്പോലെയാണ് ദൈവം". അങ്ങനെ എവിടെയും എപ്പോഴും ദൈവത്തിൻെറ സാന്നിദ്ധ്യം അദ്ദേഹം പുലർത്തിപ്പോന്നു. അപ്രകാരം ചെയ്യാൻ തൻെറ കീഴുള്ളവരേയും ഉപദേശിക്കുകയും ചെയ്തിരുന്നു

## പ്രാർത്ഥനാപരത

ഈദൃശ വിശ്വാസത്തിൽ നിന്നു് ഉത്തേജനം പ്രാപിച്ച അദ്ദേഹം പ്രാർത്ഥനയും ദൈവികകാര്യങ്ങളെപ്പററിയുള്ള അനുധ്യാനവും വഴി ദൈവത്തോടു സൗഹൃദം പുലർത്തുവാൻ തീവ്രമായി ആഗ്രഹിച്ചിരുന്നു. അദ്ദേഹം നിർവ്വചിച്ചിരിക്കുന്നതുപോലെ "ഒരു സ്നേഹിതനോടെന്നപോലെ" ദൈവത്തോടു ചെയ്യുന്ന സംഭാഷണമാണു് പ്രാർത്ഥന. തന്നോടു സംസാരിക്കുവാൻ ദൈവം മനുഷ്യനു കൽപ്പിച്ചു നൽകിയ മഹത്തായ ഒരു ആനുകൂല്യമായിട്ടാണ് അദ്ദേഹം പ്രാർത്ഥനയെ വീക്ഷിച്ചിരുന്നതു്.

തിരുസഭാ മാതാവിനോടു് ഭക്തിസ്നേഹാദരങ്ങൾ പാലിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതും ഇതേ വിശ്വാസം തന്നെയാണു്. അതിനാൽ അദ്ദേഹത്തിൻെറ ജീവചരിത്രകാരനായ മിഷനറി ഇങ്ങനെ എഴുതിയിരിക്കുന്നു: "സഭയുടെ സത്യവെളിച്ചം ലോകമെങ്ങും വ്യാപിച്ചു കാണാൻ അദ്ദേഹം അത്യധികം അഭിലഷിച്ചിരുന്നു. സഭാമക്കളെപ്പററി കേൾക്കുമ്പോൾ അദ്ദേഹം ദുഃഖിച്ചു കരയുമായിരുന്നു. സഭ വിജയം പ്രാപിക്കുവാൻ തീവ്രമായി ആഗ്രഹിക്കുകയും ചെയ്യുമായിരുന്നു."

## തിരുസഭയുടെ പുത്രൻ

പ്രാദേശിക സഭയിൽ അദ്ദേഹത്തിനു സഭാമാതാവിനെ കാണാൻ കഴിഞ്ഞു. അതിനാൽ റോമാമാർപ്പാപ്പയോടുള്ള വിശ്വസ്തതയിലും ഐക്യത്തിലും അതിനെ പാലിച്ചു സംരക്ഷിക്കുവാൻ തൻെറ ജീവിതം മുഴുവൻ അദ്ദേഹം വ്യയം ചെയ്തു. അതിനായി അദ്ദേഹം ചെയ്ത പ്രയത്നങ്ങൾ ഇവിടെ എടുത്തു പറയട്ടെ. ദൈവവചനം പ്രസംഗിച്ചതുവഴി വിശ്വാസികളേയും വൈദികരേയും ചൈതന്യം മുററിയ ആദ്ധ്യാത്മിക ജീവിതത്തിലേക്കു നയിച്ചു. മതപഠനശാലകളും ഭാവി വൈദികരുടെ പരിശീലനകാര്യത്തിൽ അനന്യതം ശ്രദ്ധപതിക്കുന്ന സെമിനാരികളും സ്ഥാപിച്ചു. വിശ്വാസികളുടെ ഇടയിൽ കത്തോലിക്കാ സിദ്ധാന്തങ്ങൾ വേരൂന്നുന്നതിനായി ഒരു പ്രസ്സിനു രൂപം കൊടുത്തു. ലിററർജി സംബന്ധിച്ച ഗ്രന്ഥങ്ങൾ പരിഷ്ക്കരിക്കുകയും ലിററർജിയുടെ പരികർമ്മം ഭക്തിപുരസ്സരം നിർവ്വഹിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ നടപ്പിൽ വരുത്തുകയും ചെയ്തു. നിരാലംബരും മരണാസന്നരുമായവരുടെ പരിരക്ഷയ്ക്കായി

വൃദ്ധമന്ദിരം സ്ഥാപിച്ചു. ആശ്രമങ്ങളോടനുബന്ധിച്ച് ക്രിസ്തീയ വിശ്വാസത്തിൽ നവക്രിസ്ത്യാനികളെ ശരിയാം വണ്ണം തഴക്കുന്നതിനായി വിശ്വാസാത്ഥിമന്ദിരങ്ങാംക്ക രൂപം കൊടുത്തു. ഫരിദ്മസ്സ് കാരണമാകാവുന്ന സർവ്വസാദ്ധ്യതകളും സഭയിൽനിന്ന് ഒഴിവാക്കുവാൻ ജീവൻപോലും അപകടത്തിൽ പെടുത്തുകയും ലഭിക്കാമായിരുന്ന ഭൗതിക നേട്ടങ്ങാം സംത്യജിക്കുകയും ചെയ്തിട്ടുണ്ട്. തിരുസഭാധികാരികളോട് പ്രദർശിപ്പിക്കേണ്ട ദൈവിക വിശ്വാസത്തിലും ഉപവിയിലും അധിഷ്ഠിതമായ യഥാത്ഥ അനുസരണത്തിലേയ്ക്കു വാക്കും പ്രവൃത്തികളും വഴി എല്ലാവരേയും നയിച്ചിട്ടുണ്ട്. അങ്ങനെ തിരുസഭയ്ക്കുവേണ്ടി അദ്ദേഹം സ്വയം വ്യയം ചെയ്തുവെന്നു പറയാം.

## രൂപതാ നടപടികാം

അദ്ദേഹത്തിൻെറ വിശുദ്ധ ജീവിതത്തിൻെറ കീത്തി ജീവിതകാലത്തുതന്നെ വ്യാപിച്ചിരുന്നു. അതു മരണശേഷം വളരെയധികം വദ്ധിച്ചു; ഇപ്പോഴും അതു വികസിച്ചുകൊണ്ടേയിരിക്കുന്നു. അദ്ദേഹത്തിൻെറ മാദ്ധ്യസ്ഥം വഴി നിരവധി അനുഗ്രഹങ്ങളും നന്മകളും ലഭിച്ചുകൊണ്ടിരിക്കുന്നതായി വിശ്വസിക്കപ്പെടുന്നു. തന്മൂലം അദ്ദേഹത്തിൻെറ ഭൗതികാവശിഷ്ടങ്ങാം സൂക്ഷിച്ചിരിക്കുന്ന ചങ്ങനാശ്ശേരി അതിരൂപതയിൽ സാമാന്യമായ പ്രാരംഭ നടപടികാംക്കുള്ള അതിരൂപതാ കച്ചേരി സ്ഥാപിതമായി. ദൈവദാസൻ 1871 - ൽ മരണം പ്രാപിച്ചതുകൊണ്ട് 1930 ഫെബ്രു. 6-ാം തീയതിയിലെ 11-ാം പീയൂസിൻെറ "കാലം വളരെ കഴിഞ്ഞെങ്കിൽ" എന്നാരംഭിക്കുന്ന ഡിക്രിയും 1939 ജനുവരി 4-ാം തീയതിയിലെ റീത്തുകളുടെ തിരുസംഘത്തിൻെറ പ്രത്യേക നിബന്ധനകളുമനുസരിച്ച് ചരിത്രഗവേഷണപരമായ നടപടിക്രമമാണ് ഇക്കാരത്തിൽ സ്വീകരിക്കേണ്ടിവന്നത്.

ഇതിൻെറ വെളിച്ചത്തിൽ ഒരു പ്രത്യേക കമ്മീഷനെ നിയമിച്ചുകൊണ്ടു ചരിത്രപരമായ രേഖകളെല്ലാം സമാഹരിച്ചു. സാമാന്യമായ പ്രാരംഭ നടപടികാം നടത്തിക്കഴിഞ്ഞ് എല്ലാ പ്രമാണ രേഖകളും, നടത്തിയ നടപടിയുടെ ഫലങ്ങളും 1970-ൽ ഈ തിരു സംഘത്തിലേക്കു അയച്ചുതന്നു.

## തിരുസംഘത്തിൻെറ പരിശോധനകാം

ദൈവദാസൻെറ ഗ്രന്ഥങ്ങളും എഴുത്തുകളുമെല്ലാം വേണ്ട വിധം പരിശോധിച്ചശേഷം നടപടികാം മുന്നോട്ടുകൊണ്ടു പോകാൻ തടസ്സമില്ലെന്നു 1973 ഒക്ടോബർ 12-ാംനു ഈ തിരുസംഘം പ്രഖ്യാപനം ചെയ്തു. തിരുസംഘത്തിൻെറ ചരിത്ര വിഭാഗത്തിൻെറ പ്രത്യേക മേൽനോട്ടത്തിൽ നിജ സ്ഥിതി (Positio) തയ്യാറാക്കി 1978_ൽ ചരിത്രപടുക്കളായ ആലോചനക്കാക്കു സമർപ്പിച്ചു. അവരതു 1978 ഫെബ്രു വരി 8_ാംനു വിലയിരുത്തി സ്തുത്യർഹമെന്നു അഭിപ്രായ പ്പെട്ടു. അവസാനമായി വിശുദ്ധരുടെ നാമകരണ നടപടി കാംക്കുള്ള ഈ തിരുസംഘത്തിൻെറ സാമാന്യ സമ്മേളന ത്തിൽ, പോസ്റ്റുലേററർ, അമലോത്ഭവ മാതാവിൻെറ കമ്മ ലീത്ത സഭാംഗമായ വി. യൗസേപ്പിൻെറ ബ. പ്ലാസിഡ ച്ചൻെറ അപേക്ഷയനുസരിച്ചു നാമകരണ നടപടിക്കുള്ള പ്രത്യേക ചർച്ച് നടത്തി. തീരുമാനം അനുകൂലമായിരുന്ന തിനാൽ 1980 മാർച്ച് 15-ാംനു ദൈവദാസൻെറ നാമകര ണകാര്യം അപ്പസ്തോലിക സിംഹാസന സമക്ഷം ശുപാർശ ചെയ്യപ്പെട്ടു.

അവസാനമായി വിശുദ്ധരുടെ നാമകരണ നടപടി കാംക്കുള്ള തിരുസംഘം ദൈവദാസൻെറ വിവിധ സുകൃത ങ്ങാം വിലയിരുത്തുന്നതിനുള്ള നടപടികാം സ്വീകരിച്ചു. ആദ്യമായിത്തന്നെ 1983 നവംബർ 23-ാംനു വൈദികാ ദ്ധ്യക്ഷന്മാരുടേയും, ആലോചനക്കാരായ വൈദികരുടേയും പ്രത്യേക സമ്മേളനത്തിലും പിന്നീടു 1984 മാർച്ച് 27-ാം തീയതിയിലെ കർദ്ദിനാളന്മാരുടെ സാമാന്യ സമ്മേളനത്തി ലും വിഷയം കൈകാര്യം ചെയ്തു. ഈ നാമകരണ നടപടി ക്കുള്ള പ്രത്യേക ശുപാർശകൻ അത്യുന്നത കർദ്ദിനാാം ലദിസ്ലാവോസ് റൂബിനാണു ഈ സമ്മേളനത്തിൽ പ്രശ്നം അവതരിപ്പിച്ചതു. ''ദൈവിക പുണ്യങ്ങളും സാന്മാർഗ്ഗിക പുണ്യങ്ങളും അവയോടു ബന്ധപ്പെട്ട മററു സുകൃതങ്ങളും ദൈവദാസനിൽ സ്പഷ്ടമായി കാണുവാൻ കഴിയുമോ''? രണ്ടു സമ്മേളനങ്ങളിലും വോട്ടുകളും തീരുമാനങ്ങളും അനുകൂ ലമായിരുന്നു.

മുകളിൽ പറഞ്ഞ കാര്യങ്ങളെപ്പററിയുള്ള സമഗ്രമായ റിപ്പോർട്ടു താഴെ ഒപ്പു വച്ചിരിക്കുന്ന കർദ്ദിനാാം പ്രീഫെക്ട് ജോൺപോാം രണ്ടാമൻ മാർപ്പാപ്പായ്ക്കു സമർപ്പിച്ചു. അതിൻെറ ഫലമായി ദൈവദാസൻെറ വീരോചിതമായ സുകൃതങ്ങളെ

പ്പററിയുള്ള ഡിക്രി തയ്യാറാക്കവാൻ അദ്ദേഹം കല്പിച്ചനുവദിച്ചു.

## പരിശുദ്ധ പിതാവിൻെറ പ്രഖ്യാപനം

അവസാനമായി 1984 ഏപ്രിൽ 7-ാം തീയതി താഴെ ഒപ്പിട്ടിരിക്കുന്ന കർദ്ദിനാൾ പ്രീഫെക്ടിൻേറയും നാമകരണ നടപടിയുടെ പ്രത്യേക ഉപദർശകനായ കർദ്ദിനാൾ ലദിസ്ലാവോസ് റൂബിൻേറയും തിരുസംഘ സെക്രട്ടറിയായ എൻേറയും വേണ്ടപ്പെട്ട മററെല്ലാവരുടേയും യോഗം വിളിച്ചുകൂട്ടി അവരുടെ സാന്നിദ്ധ്യത്തിൽ പരിശുദ്ധ പിതാവ് താഴെ കാണുന്ന പ്രഖ്യാപനം ആഘോഷപൂർവ്വം നടത്തി. ''ദൈവദാസൻ ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ ദൈവിക പുണ്യങ്ങളായ വിശ്വാസത്തിലും, ശരണത്തിലും ദൈവത്തോടും, അയല്ക്കാരനോടുമുള്ള സ്നേഹത്തിലും, സാന്മാർഗ്ഗിക പുണ്യങ്ങളായ വിവേകം, നീതി, ആത്മനിയന്ത്രണം, ആത്മധൈര്യം എന്നിവയിലും ഇവയോടു ബന്ധപ്പെട്ട സുകൃതങ്ങളിലും വീരോചിതമായ രീതിയിൽ വ്യാപരിച്ചിരുന്നതായി യഥാർത്ഥത്തിൽ സ്പഷ്ടമായി കാണുന്നു.''

ഈ ഡിക്രി ഔദ്യോഗികമായി പ്രസിദ്ധീകരിക്കുന്നതിനും, വിശുദ്ധരുടെ നാമകരണത്തിനായുള്ള തിരുസംഘത്തിൻെറ ഔദ്യോഗിക രേഖകളിൽ ഉൾപ്പെടുത്തുന്നതിനും പരിശുദ്ധ പിതാവ് കല്പിക്കുകയുണ്ടായി.

രക്ഷാകർമ്മത്തിൻെറ ജൂബിലി വർഷമായ 1984 ഏപ്രിൽ 7-ാം തീയതി റോമായിൽനിന്നു നൽകപ്പെട്ടതു്.

(ഒപ്പ്)
കർദ്ദിനാൾ പീററർ പലസ്സീനി (പ്രീഫെക്ട്)

\+ (ഒപ്പ്)
മുദ്ര + ട്രാജൻ ക്രീസ്സൻ,
സ്രിവാസ്ററിൻെറ ടിററലർ ആർച്ചു ബിഷപ്പ്
സെക്രട്ടറി.

III

# വാഴ്ത്തപ്പെട്ട ചാവറയച്ചൻ

## നാമകരണ ഡിക്രി

[ചാവറ കര്യാക്കോസ് ഏലിയാസിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചുകൊണ്ട് പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ പുറപ്പെടുവിച്ച ഔദ്യോഗിക ഡിക്രിയുടെ പൂർണ്ണരൂപം]

## ജോൺ പോൾ രണ്ടാമൻ

### നിത്യസ്മരണയ്ക്ക്

''എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും; അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ പക്കൽ വന്ന് അവനോടുകൂടി വസിക്കുകയും ചെയ്യും'' (യോഹ. 14 : 23)

കർത്താവിന്റെ ഈ വചനങ്ങൾ പ്രസാദവരമുള്ള ഏതു ക്രിസ്തുശിഷ്യനിലും സാർത്ഥകമാണെങ്കിൽ, വന്ദ്യനായ ചാവറ കര്യാക്കോസ് ഏലിയാസച്ചനിൽ ഈ ദൈവികസാന്നിദ്ധ്യം ബാഹ്യലോകത്തിന് ദൃശ്യമാകത്തക്ക രീതിയിൽ വളരെ പ്രകടമായിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ ഒരു ദൈവിക മനുഷ്യനായി അഥവാ പരിശുദ്ധാത്മാവിനാൽ നിറഞ്ഞവനായി മനുഷ്യർ കാണുകയും അപ്രകാരം പരസ്യമായി അംഗീകരിക്കുകയും ചെയ്തിരുന്നു.

ഇന്നത്തെ ചങ്ങനാശ്ശേരി അതിരൂപതയിൽപ്പെട്ട കൈനകരിയിൽ 1805 ഫെബ്രുവരി 10-ാം തീയതി അദ്ദേഹം ഭൂജാതനായി. സ്വന്തമിടവകയായ ചേന്നങ്കരിപ്പള്ളിയിൽ,

സാധാരണ നടപ്പനുസരിച്ച് എട്ടാം ദിവസം മാമ്മോദീസാ നൽകുകയും കര്യാക്കോസ് എന്ന പേരിടുകയും ചെയ്തു. പ്രാഥമിക വിദ്യാഭ്യാസം ജന്മസ്ഥലത്ത് നടത്തിയതിനു ശേഷം 1818-ൽ, പാലയ്ക്കൽ തോമ്മാ മല്പാനച്ചന്റെ നിയന്ത്രണത്തിലുള്ള പള്ളിപ്പുറം സെമിനാരിയിൽ പ്രവേശിച്ചു. സെമിനാരി പഠനം പൂർത്തിയാക്കി, 1829 നവംബർ 29-ാം തീയതി വൈദികപട്ടം സ്വീകരിച്ചു. പാലയ്ക്കൽ തോമ്മാച്ചനോടും പോരൂക്കര തോമ്മാച്ചനോടും സഹകരിച്ച് പുരുഷന്മാർക്ക വേണ്ടിയുള്ള സന്ന്യാസ സഭയ്ക്ക് 1831 മെയ് 11-ാം തീയതി അടിസ്ഥാനമിട്ടു. വികാരി അപ്പസ്റ്റോലിക്കായുടെ അംഗീകാരത്തോടുകൂടി 1855 ഡിസംബർ 8-ാം തീയതി സന്ന്യാസവ്രതങ്ങൾ ദൈവത്തിനു സമർപ്പിക്കുകയും തിരുക്കുടുംബത്തിന്റെ കര്യാക്കോസ് ഏലിയാസ് എന്ന നാമം സ്വീകരിക്കുകയും ചെയ്തു. പുതുതായി രൂപംകൊണ്ട സഭയുടെ ശ്രേഷ്ഠനായി നിയമിതനായ അദ്ദേഹം ആജീവനാന്തം ആ ജോലി നിർവ്വഹിച്ചു. പ്രാദേശിക സഭയെ ക്രിസ്തുവിന്റെ പൂർണ്ണതയിലേയ്ക്കു വളർത്തുന്നതിനുവേണ്ടി തന്റെ സന്ന്യാസ വൈദിക ജീവിതം മുഴുവനായി അദ്ദേഹം ഉഴിഞ്ഞുവെച്ചു. വൈദിക പരിശീലനത്തിനായി സെമിനാരികൾ സ്ഥാപിച്ചു; വികാരിയാത്തിലെ ആദ്ധ്യാത്മിക നവീകരണത്തിനായി അത്മായർക്കും വൈദികർക്കും വേണ്ടി ഇടവകകൾതോറും വാർഷിക ധ്യാനം നടപ്പാക്കി; സാർവ്വത്രിക സഭൈക്യത്തിൽ നിന്നു് മലബാർ സഭയെ വേർപ്പെടുത്തുന്ന ഭീഷണിയായി ഉയർന്ന റോക്കോസ് ശീശ്മക്കെതിരെ അന്നു് സീറോ മലബാർ സഭയുടെ വികാരി ജനറാളായി നിയമിതനായ അദ്ദേഹം സർവ്വകഴിവുകളും ഉപയോഗിച്ചു പോരാടി, മലബാർ സഭയെ ശീശ്മയിൽ നിന്നു രക്ഷിച്ചു.

— യുവജനങ്ങളുടെ വിദ്യാഭ്യാസത്തിനായി ഇടവകകൾ തോറും വിദ്യാലയങ്ങൾ സ്ഥാപിച്ചു;

— പുതുതായി ക്രൈസ്തവ വിശ്വാസം സ്വീകരിച്ചവരുടെ മതപഠനത്തിനായി വേദപാഠശാലകൾ തുറന്നു;

— അനാഥർക്കും മരണാസന്നർക്കും വേണ്ടി അഭയകേന്ദ്രങ്ങൾ സജ്ജീകരിച്ചു;

— സീറോ മലബാർ സഭയുടെ തിരുക്കർമ്മപ്പുസ്തകങ്ങൾ നവീകരിച്ചുകൊണ്ടു് ആരാധനാ ജീവിതത്തിനു് കൂടുതൽ ഭക്തിയും സജീവതയും പകർന്നു;

— അച്ചടിശാല സ്ഥാപിച്ചുകൊണ്ട് മതപരവും ആദ്ധ്യാത്മികവുമായ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു;

— ഇവയെല്ലാററിനും പുറമേ പുണ്യപുരുഷനായ കർമ്മെലീത്താമിഷനറി, ലെയോപ്പോൾഡ് ബെക്കാറോയുടെ സഹകരണത്തോടുകൂടി പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ മുൻനിർത്തിക്കൊണ്ട് സ്ത്രീകൾക്കുവേണ്ടിയുള്ള ഒരു സന്ന്യാസസഭയും 1866-ൽ അദ്ദേഹം സ്ഥാപിച്ചു.

1870 അവസാനത്തോടുകൂടി രോഗബാധിതനായ അദ്ദേഹം രോഗത്തിൻെറ വേദനകളും അസ്വാസ്ഥ്യങ്ങളും മാതൃകാപരമായ ക്ഷമയോടും അതിലേറെ ക്രിസ്റ്റീയ സന്തോഷത്തോടും കൂടി സഹിച്ച് 1871 ജനുവരി 3-ാം തീയതി കൂനമ്മാവ് ആശ്രമത്തിൽ വച്ച് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. കൂനമ്മാവ് ആശ്രമത്തോടനുബന്ധിച്ചുള്ള വി. ഫിലോമിനായുടെ ദേവാലയത്തിൽ മദ്ബഹായുടെ സമീപം അടുത്ത ദിവസം അദ്ദേഹത്തെ സംസ്കരിച്ചു. 1889-ൽ പൂജ്യാവശിഷ്ടങ്ങൾ അവിടെ നിന്ന് മാററി മാന്നാനം ആശ്രമത്തോടനുബന്ധിച്ചുള്ള വി. യൗസേപ്പിതാവിൻെറ ദേവാലയത്തിൽ സ്ഥാപിച്ചു.

പ്രവർത്തനബഹുലമായ അദ്ദേഹത്തിൻെറ ജീവിതത്തിലേക്ക് കണ്ണോടിക്കുന്ന ഏവർക്കും ബോദ്ധ്യമാകും: തീവ്രമായി താൻ സഭയെ സ്നേഹിച്ചിരുന്നെന്ന്; നാനാതരത്തിലുള്ള അപ്പസ്തോലിക പ്രവർത്തനങ്ങൾക്കിടയിലും പ്രാർത്ഥനയും ധ്യാനവും വഴി ദൈവൈക്യം പൂർണ്ണമായി പാലിച്ചിരുന്നെന്ന്; ദൈവത്തേയും അത്ഭുതകരമായ തൻെറ പരിപാലനയേയും വിശ്വാസ നേത്രങ്ങൾ കൊണ്ട് ദർശിച്ച് അദ്ദേഹം ജീവിച്ചിരുന്നുവെന്ന്; സ്വർഗ്ഗത്തിൽ നിത്യമായി ദൈവൈക്യത്തിൽ എത്തിച്ചേരുന്നതിന്ന് തീവ്രമായി ആഗ്രഹിച്ച് ദൈവത്തിൽ പൂർണ്ണമായും പ്രത്യാശ സമർപ്പിച്ചുകൊണ്ട് നീങ്ങിയിരുന്നുവെന്ന്.

ജീവിതകാലത്തുതന്നെ അദ്ദേഹത്തിൽ വിളങ്ങിയിരുന്ന ഈ പുണ്യകീർത്തി മരണശേഷം വിശ്വാസികളുടെ ഇടയിൽ കൂടുതൽ വ്യാപിച്ചു. അവരുടെ ആവശ്യങ്ങളിൽ അ

വരദ്ദേഹത്തിൻെറ മാദ്ധ്യസ്ഥത തേടുകയും അത്ഭുതകരമായി തൻെറ മാദ്ധ്യസ്ഥ സഹായം അവർക്ക് ലഭിക്കുകയും ചെയ്തു. ഇങ്ങനെ തൻെറ പരലോകപ്രാപ്തി സംഭവിച്ചിട്ട് ഏതാണ്ട് തൊണ്ണൂറുവർഷങ്ങൾക്കുശേഷം റീത്തുകളുടെ തിരുസംഘത്തിൻെറ അംഗീകാരത്തോടുകൂടി ചങ്ങനാശ്ശേരി അതിരൂപതാകച്ചേരിയിൽ, 1958-ൽ നാമകരണനടപടികൾ ആരംഭിച്ചു. നാമകരണനടപടികൾ പൂർത്തിയാക്കി, 1970-ൽ സർവ്വരേഖകളും നാമകരണത്തിനുവേണ്ടിയുള്ള തിരുസംഘത്തിലേക്ക് അയച്ചുകൊടുത്തു. 1973- ഒക്ടോബർ 13-ാം തീയതി ദൈവദാസൻെറ കൃതികളെ സംബന്ധിക്കുന്ന ഡിക്രി തിരുസംഘം പുറപ്പെടുവിച്ചു. പൂർണ്ണമായ പഠനത്തിനും ഗവേഷണത്തിനും ശേഷം 1980 മാർച്ച് 15-ാം തീയതി നമ്മുടെ അംഗീകാരത്തോടുകൂടി ദൈവദാസൻെറ നാമകരണനടപടികൾ തിരുസംഘം ഔദ്യോഗികമായി റോമൻ കൂരിയായിൽ ഉദ്ഘാടനം ചെയ്തു. തുടന്ന് ദൈവദാസൻെറ സുകൃതങ്ങളെക്കുറിച്ച് തിരുസംഘം പഠിച്ചു. വിശ്വാസം, ശരണം, ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹം എന്നീ ദൈവികപുണ്യങ്ങളും, വിവേകം, നീതി, അടക്കം, ആത്മധൈര്യം എന്നീ തലപ്പെട്ട പുണ്യങ്ങളും അവയോട് ബന്ധപ്പെട്ട മററു പുണ്യങ്ങളും വീരോചിതമായി അദ്ദേഹം അഭ്യസിച്ചിരുന്നുവെന്നു തിരുസംഘത്തിനു ബോദ്ധ്യമാവുകയും ഇക്കാര്യം നാം പ്രഖ്യാപിക്കുകയും ചെയ്തു.

ജോസഫ് പെണ്ണാപറമ്പിൽ എന്ന ആറു വയസ്സുകാരൻ കുട്ടിക്ക് ലഭിച്ച അത്ഭുതരോഗശാന്തി—ജന്മനാ മടങ്ങിയിരുന്ന ഇരു പാദങ്ങളും ദൈവദാസൻെറ മാദ്ധ്യസ്ഥതയാൽ അത്ഭുതകരമായി നിവർന്നു എന്നതു്—പൂർണ്ണമായ പഠനത്തിനുശേഷം ബോദ്ധ്യമായതോടെ 1985 മെയ് 9-ാം തീയതി നാം അതു പ്രഖ്യാപിച്ചു. അങ്ങനെ വന്ദ്യനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനേയും വന്ദ്യയായ അൽഫോൻസാ മുട്ടത്തുപാടത്തേയും നമ്മുടെ ഭാരത സന്ദർശനാവസരത്തിൽ 1986 ഫെബ്രുവരി 8-ാം തീയതി വാഴ്ത്തപ്പെട്ടവരായി ഉയർത്തണമെന്ന് നാം തീരുമാനിച്ചു. അനേകം വൈദികമേലദ്ധ്യക്ഷന്മാരുടേയും വൈദികരുടേയും വിവിധ

സഭകളിൽപ്പെട്ട സന്ന്യാസിനീസന്ന്യാസികളുടേയും ലക്ഷക്കണക്കിന് വിശ്വാസികളുടേയും സാന്നിദ്ധ്യത്തിൽ കോട്ടയത്ത് പ്രത്യേകം സജ്ജീകരിച്ചൊരുക്കിയ തുറന്ന മൈതാനത്തിൽ വച്ച് നടത്തിയ തിരുക്കർമ്മങ്ങളുടെയിടയിൽ നാം പ്രഖ്യാപിച്ചു:

നമ്മുടെ സഹോദരന്മാർ ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത പവ്വത്തിൽ മാർ ജോസഫ്, പാലാ രൂപതയുടെ മെത്രാൻ പള്ളിക്കാപ്പറമ്പിൽ മാർ ജോസഫ്, മററു പല സഹോദര മെത്രാന്മാർ, അനേകം വിശ്വാസികൾ എന്നിവർ പ്രകടിപ്പിച്ചിട്ടുള്ള ആഗ്രഹമനുസരിച്ചും, വിശുദ്ധരുടെ നാമകരണത്തിനുള്ള റീത്തുകളുടെ തിരുസംഘത്തിൻെറ അഭിപ്രായം അംഗീകരിച്ചും ധന്യരായ ചാവറ കര്യാക്കോസ് ഏലിയാസച്ചനേയും മുട്ടത്തുപാടത്ത് സിസ്റ്റർ അൽഫോൻസായേയും ഈ നിമിഷം മുതൽ വാഴ്ത്തപ്പെട്ടവർ എന്ന് വിളിക്കാമെന്നും അവരുടെ തിരുനാളുകൾ, അവരുടെ സ്വർഗ്ഗീയ ജന്മനാളുകളിൽ, ചാവറ കര്യാക്കോസ് ഏലിയാസിൻേറതു ജനുവരി മൂന്നാം തീയതിയും, സിസ്റ്റർ അൽഫോൻസായുടേതു് ജൂലൈ ഇരുപത്തെട്ടാം തീയതിയും പ്രതിവർഷം നിയമാനുസൃതമായും അതതു സ്ഥലങ്ങളിലും സമാഘോഷിക്കാമെന്നും നമ്മുടെ അപ്പസ്തോലികാധികാരം ഉപയോഗിച്ച് നാം പ്രഖ്യാപിക്കുന്നു.

പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ.

നാം ഈ ഡിക്രിവഴി പ്രസിദ്ധീകരിക്കുന്നതു് ഇപ്പോഴും എന്നേക്കും പ്രാബല്യത്തിലിരിക്കട്ടെ. ഇതിനെതിരായി വരുന്നവയൊന്നും പ്രാബല്യമുണ്ടാകില്ല. നമ്മുടെ ഭരണത്തിൻെറ എട്ടാം വഷം 1986 ഫെബ്രുവരി 8-ാം തീയതി കോട്ടയത്തുനിന്നു് നൽകുന്നതു്.

വിവർത്തനം : ഫാ. ഐസക്ക് അരിക്കാപ്പള്ളി.

IV

# A Heroic Son and a Heroic Daughter of the Church in India

**Pope John Paul II**

**(Homily During Beatification, 8-2-1986)**

*"I thank you Father, Lord of heaven and earth, that you have hidden these things from the wise and understanding and have revealed them to the little ones." (Mt. 11, 25)*

**Dear Brothers and Sisters,**

1. These are the words of Jesus of Nazareth, and he rejoiced in the Holy Spirit when he uttered them. How full of meaning they are for us today!

" I thank you, Father, Lord of heaven and earth, that you have hidden these things from the wise and understanding and revealed them to the little ones." (Mt. 11:25)

What things has the Lord hidden? What mysteries has he revealed? Truly the deepest ones, the mysteries of his own divine life, those known here on earth only by him, only by Christ himself. For he says: "All things have been delivered to me by my Father, and no one knows the Son except the Father, and no one knows the Father except the Son and any one to whom the Son chooses to reveal him." (Mt. 11:27)

And behold, the Son does reveal these things. At the same time he reveals the Father. The Father is revealed through ths Son. And to whom does the Son reveal these things? He reveals them to those whom he chooses: "for such was your gracious will", Jesus tells the Father. He reveals these things to the little ones.

2. Today, in this Sacred Liturgy, we wish to unite ourselves in a special way with Christ the Lord. Together with him we wish to bless the father, for the particular love which he has shown to a son and a daughter of the Church in India. We praise the Father for his countless blessings during the two thousand years that the Church has existed on Indian soil. With Christ we glorify the Father for the love that he has shown to the little ones of Kerala and all India.

The Church throughout the world rejoices with the Church in India as Father Kuriakose Elias Chavara and Sister Alphonsa of the Immaculate Conception are raised to the ranks of the Blessed in the great Communion of Saints. This man and this woman, both membeıs of the Syro Malabar Church here in Kerala, advanced to great heights of holiness through their wholehearted co-operation with the grace of God. Each possessed an ardent love of God, yet each followed a distinct spiritual path.

3. Father Kuriakose Elias Chavara was born here in Kerala, and for nearly all of his sixty-five years of earthly life he laboured generously for the renewal and enrichment of the Christian life. His deep love for Christ filled him with apostolic zeal and made him especially careful to promote the unity of the Church. With great generosity he collaborated with others, especially brother priests and religious, in the work of salvation.

In co-operation with Fathers Thomas Palackal and Thomas Porukara, Father Kuriakose founded an Indian Religious Congregation for men, now known as the Carmelites of Mary Immaculate. Later, with the help of an Italian missionary, Father Leopold Beccaro, he started an Indian Religious

Congregation for women, the Congregation of the Mother of Carmel. These Congregations grew and flourished and religious vocations became better understood and appreciated. Through the common efforts of the members of new religious families, his hopes and works were multiplied many times over.

Father Kuriakose's life, and the lives of these newReligious, were dedicated to the service of the Syro Malabar Church. Under his leadership or inspiration, a good number of apostolic initiatives were undertaken : the establishment of seminaries for the education and formation of the clergy, the introduction of annual retreates, a publishing house for Catholic works, a house to care for the destitute and dying, schools for general education and programmes for the training of catechumens. He contributed to the Syro Malabar liturgy and spread devotion to the Holy Eucharist and the Holy Famliy. In particular, he dedicated himself to encouraging and counselling Christian families, convinced as he was of the fundamental role of the family in the life of society and the Church.

But no apostolic cause was dearer to the heart of this great man of faith thanthat of the unity and harmony within the Church. It was as if he had always before his mind the prayer of Jesus, on the night before his Sacrifice on the Cross : "That they may all be one; even as you, Father, are in me and I in you, that they also may be in us" (Jn 17:21). Today the Church solemnly recalls with love and gratitude all his efforts to resist threats of disunity and to encourage the clergy and faithful to unity with the See of Peter and the universal Church. His success in this, as in all his many undertakings, was undoubtedly due to the intense charity and prayer which characterized his daily life, his close communion with Christ on earth.

4. Sister Alphonsa of the Immaculate Conception, born a century after Father Kuriakose Elias, would gladly have

served the Lord with similar apostolic projects. And indeed, she possessed a personal devotion to Father Kuriakose from early in her religious life. But the path to holiness for Sister Alphonsa was clearly a different one. It was the way of the Cross, the way of sickness and suffering.

Already at a very young age, Sister Alphonsa desired to serve the Lord as a religious, but it was not without enduring trails that she was finally able to pursue this goal. When it became possible, she joined the Franciscan Clarist Congregation. Throughout her life, which was a brief thirty-six years, she continually gave thanks to God for the joy and privilege of her religious vocation, for the grace of her vows of chastity, poverty and obedience.

From early in her life, Sister Alphonsa experienced great suffering. With the passing of the years the heavenly Father gave her an ever fuller share in the passion of his beloved son. We recall how she experienced, not only physical pain of great intensity, but also the spiritual suffering of being misunderstood and misjudged by others. But she constantly accepted all her suffering with serenity and trust in God being firmly convinced that they would purify her motives help her overcome all selfishness, and unite her more closely with her beloved divine Spouse. She wrote to her spiritual director : "Dear Father, as my good Lord Jesus loves me so very much, I sincerely desire to remain on this sick bed and suffer not only this, but anything else besides, even to the end of the world. I feel now that God has intended my life to be an oblation, a sacrifice of suffering" (20 November 1944). She came to love suffering because she loves the suffering Christ. She learned to love the cross throgh her love of the crucified Lord.

Sister Alphonsa knew that by her sufferings she shared in the Church's apostolate; she found joy in them by offering them all to Christ. In this way, she seemed to have made her own the words of Saint Paul: "I rejoice in my suffering for

your sake, and in my flesh I complete what is lacking in Christ's afflictions for the sake of his body, that is, the Church'' (Col. 1:24). She was endowed by God with an affectionate and happy disposition, with the ability to take delight in ordinary and simple things. The weight of human suffering, even the mis-understanding or jealousy of others, could not extinguish the joy of the Lord which filled her heart. In a letter written shortly before she died, at a time of intense physical and mental suffering, she said: ''I have given myself up completely to Jesus. Let him please himself in his dealings with me. My only desire in this world is to suffer for love of God and to rejoice in doing it''. (February 1946)

5. Both father Kuriakose and Sister Alphonsa bear witness to the beauty and greatness of the religious vocation. And I would like to take this occasion to direct my thoughts particularly to the men and women Religious who are present here and to all the Religious in India.

Every one who has been baptized into Christ has discovered a ''pearl of great value'' and a ''treasure'' worth all that one has in life. (cf.Mt. 13:44-45). For all the baptized share in the very life of the Blessed Trinity and are called to be ''light'' and ''salt'' for the world (cf. Mt. 5:13-16). But within the great family of the Church, God our Father calls some of you to follow Christ still more closely and to dedicate your lives with a special consecration through the profession of chastity, poverty and obedience. You, the Religious of the Church, bear public witness to the Gospel and to the primacy of the love of God. By a permanent commitment and lifelong fidelity to your vows, you seek to grow in union with Christ and to contribute in a unique way to the life and mission of the Church. And what a vital contribution is yours!

In a rich variety of forms, you live to the full your evangelical consecration. Some of you have heard the Lord's personal call to the contemplative life where, though hidden from the world, you offer your lives and prayers for the sake of all humanity. Others have been called to an active apostolic life, where you serve in teaching, health care, parochial work, retreats, works of charity and many forms of pastoral activity.

No matter how you serve, dear Brothers and Sisters in Christ, never doubt the value of your consecrated life. Whether your service resembles the great apostolic endeavours of Father Kuriakose, or takese the form of hidden suffering like Sister Alphonsa, whatever it may be, it is importent in the life of the Church. Remember the words of Saint Paul, in today's second reading, "We know that in everything God works for good" (Rom 8:28) Even when you feel discouraged or weighed down by personal failures or sin, trust even more in the love of God for you. Turn to him for mercy, forgiveness and love. For as Saint Paul says in the same reading: "the Lord helps us in our weakness" (Rom 8:26). It is in him that we find our strength, our courage and our joy.

Without the vital contribution of men and women Religious, the Charity of the Church would be lessened, her fruitfulness would be diminished. Thus, I pray that the beatification of these two exemplary Religious of India will give you renewed zeal for your precious vocation. In your own love for Christ may you be inspired by their fervour. And like them, may you keep the simplicity of the "Little ones" of the Gospel. Be pure of heart and filled with compassion. Be always eager to please the Lord. For it is to the little ones that the mysteries of God are revealed (cf. Mt. 11:25).

6. And now, I wish to greet all who have come to Kottayam for this celebration. I greet my brother bishops and all the clergy and faithful who have come from the other Dioceses of Kerala. With respect and esteem I thank all the other

fellow Christians as well as our Hindu and Muslim brethren and the followers of other religions who honour me today by being here. I am grateful for the presence of the civil authorities and I invoke upon all the people the blessings of joy and peace.

Truly extra-ordinary is this day in the history of the Church and of Christianity on Indian soil. It is important, too, in the history of the pastoral ministry of the Bishop of Rome, the Successor of Saint Peter. It is the first time that he has had the joy of raising to the glory of the altars a son and a daughter of the Church in India, in their native land.

Therefore we sing together with the Psalmist in today's Liturgy. Together We give thanks :

"It is good to give thanks to the Lord
to make music to your name, O most High;
Your deeds, O Lord, have made me glad;
for the work of your hands I shout with joy.

O Lord, how great are your works." (Ps 91 (92): 1,4-5) Truly great are the works of God! And the greatest work of God on earth is man. The glory of God is man fully alive with the life of God. The glory of God is the holiness of each person and of the whole Church.

Holiness is the work of divine grace. When we proclaim it solemnly in the midst of the People of God in this land, we give glory to the most High. In the words of Saint Augustine we praise God, saying : "In crowning merits, you are crowning your own gifts".

7. Truly extra-ordinary is this day : The Prophet Isaiah says: "As the heavens are higher than the earth, so are my ways higher than your ways and my thoughts than your thoughts" (Is. 55:9).

Today it is given to us to penetrate more deeply into these divine thoughts. It is given to us to know better the divine ways.

And behold, what ways : what ways :

The Apostle writes: For those whom he foreknew he also predestined to be conformed to the image of his Son, in order that he might be the first-born among many brethren. And those whom he predestined he also called; and those whom he called he also justified; and those whom he justified he also glorified'' (Rom 8:29-30).

These are the divine thoughts.

These are the divine ways.

Today it is given to us to see how these thoughts are accomplished in Blessed Kuriakose Elias and Blessed Sister Alphonsa. Today we see how these ways of God lead through their hearts, through their earthly pilgrimages, to the glory of the altars.

8. ''Father, it is true''. Jesus says, ''you have graciously willed it so'' (Mt. 11:26)

And he continues : ''Come to me, all who labour and are heavy laden, and I will give you rest. Take my yoke upon you, and learn from me; for I am gentle and lowly in heart, and you will find rest for your souls. For my yoke is easy, and my burden is light'' (Mt. 11:28-30).

Jesus speaks in this way. And he speaks to everyone. We are called to holiness. We are all called to communion with him, with his heart with his Cross, with his glory.

Jesus speaks in this way. And together with Jesus so do Blessed Kuriakose and Blessed Alphonsa. Their hearts are united with the Heart of the Divine Redeemer and are filled with love for all the sons and daughters of your blessed land. Amen.

# V

# Father Chavara represents Indian Christianity at its Best

**His Excellency R. Venkataraman**
*President of India*

*[His Excellency the President R. Venkataraman's address at Father Kuriakose Elias Chavara Stamp Release Function, Trivandrum, December 20, 1987]*

I deem it an honour to participate in this function which commemorates the great pioneer in social reforms, Father Kuriakose Elias Chavara. I must congratulate the Department of Posts for having decided to issue a stamp in memory of this great soul.

It is well over a hundred years since Father Chavara left us. And yet he is a living inspiration for thousands and thousands of persons. He is gratefully remembered as a profound scholar, an educationist, a builder of institutions for the underprivileged, the illiterate, the destitute and the needy.

Few people have been able to combine the contemplation of God with the service of man as naturally and creatively as Father Chavara did. There was in fact no dichotomy in his mind between the world of faith and the world of action. Father Chavara represented both. A mystic, he could also be an engine of activity. Capable

of withdrawing into his innermost being, Father Chavara was at the same time a motive force for the establishment of a social oder in which every one could live in dignity and faith. It is only appropriate that His Holiness the Pope declared Father Chavara 'Blessed' during the Papal visit to India in 1986.

Father Chavara lived at a time - the nineteenth century - when our society was passing through a period of intense depression and gloom. An alien power which ruled us bothered little about the living conditions of the people. The roots of our culture and tradition had been shaken by an insidious propaganda which sought to highlight our weaknesses and undermine our strength. The result was that a great sense of inferiority and despondency came over our people. Father Chavara was one of those precious persons who knew how to link India's past with her future destiny. He turned to the Vedas and sacred texts, studied Sanskrit and Tamil and brought our ancient wisdom in direct touch with all that he imbibed through Christian theology. He wanted to share his knowledge with the people. He therefore recorded for posterity his experiences over forty years in the chronicles which is an authentic history of Kerala from 1829-1870. He also wrote the biographies of Fr. Thomas Palackal and Fr. Porookara. These latter form a worthy supplement to the history of Kerala in the latter 18th and early 19th centuries. He also wrote for the common people documents unsurpassed in their sincerity and practical wisdom.

Education was an activity close to his heart. Religious and general education were for him two sides of the same coin. Father Chavara regarded education as a means of uplifting the poor. Drawing inspiration from the lives of Father Thomas Palackal and Father Thomas Porookara he ensured that all parishes maintained schools as auxiliary

to them. Going further, Father Chavara threatened to close down those parishes which failed to comply with his instructions regarding the maintaining of schools. It is remarkable that his schools were open to members of all communities who sought admission, including Harijans. It was indeed a revolutionary act at that time.

Father Chavara's vision anticipated modern developments in yet another field : the role of women. As early as 1864 Father Chavara laid the foundation for the Indian Congregation for Women, thereby accelerating the great change that has come about in the status of women. Father Chavara thus represented a major manifestation of the Indian Renaissance which was to raise our underprivileged, alleviate distress and infuse our people with a sense of pride in themselves. It was Father Chavara's unique privilege to do so through the great medium of Christianity. The first President of India, Dr. Rajendra Prasad has observed on the antiquity and significance of Christianity in India as follows : -

"......Remember, St Thomas came to India when many countries in Europe had not yet become Christian and so those Indians who trace their Christianity to him have a longer history and higher ancestry than that Christians of many of the European countries. And it is really a matter of pride to us that it so happened."

Father Chavara represented the spirit of Indian Christianity at its best and the Malabar Church at its most resplendant.

It has rightly been said St. Peter's founding of the Roman Church and St. Thomas' founding of the Malabar Church are equally distinguished in terms of chronology and their pioneering character. St. Thomas set foot in Cranganore in 52 A. D. From then on until the present times, when Mother Teresa's example has shone on our

soil, Christianity has become a part and parcel of the Indian ethos.

South India offered hospitality to Christianity from the earliest decades of the Christian era. The consolidation of the Syrian Christian Church in Malabar by Mar Thoma and Mar John in the fifteenth century; of the Latin Catholic church by St. Francis Xavier in the sixteenth century; of the famous Madurai Mission of Jesuits by Fr. Robert de Nobili in the seventeenth century; the Protestant Mission in Tranquebar under Danish inspiration in the 18th century; the London Mission Society in Travancore in the 19th century and a host of other mission and brethren churches in the following decades, bear this out.

But the establishment of these missions all over India by itself would not have held significance were it not for the fact that the initiators of these activities also started schools and colleges under the aegis of these mission. The educational initiatives of Father Chavara take their place in this distinguished tradition.

This development led, in course of time, to the building up of powerful intellectual aspirations. Historians have traced the origins of some of our powerful reformist movements such as the Brahmo Samaj and Arya Samaj to the example and influence of Christian missionary enterprise.

Christian missions worked among the adivasis, the aboriginals and among the Harijans in a practical implementation of the Christian ethic of service. Few people have exemplified this dimension of Indian Christianity as memorably as Father Chavara.

The Christian community in India though small, has always been in the forefront of all national activities. Eminent men of this community have adorned many public offices and private institutions. They have always been in the vanguard of social equality and social reform.

Friends, as you are all aware, India has given unto itself a Constitution which, before mentioning the political freedoms-liberty, equality and fraternity-introduced the concept of'Justice', social, economic and political. Justice was to be paramount. The Constitution also brought into operation the unique Directive Principles of State Policy which, though not justifiable, were to be "fundamental in the governance of the country." In pursuance thereof the country embarked upon an era of planned development.

But if Constitutions and Plans are to work, there has to be harmony among the people. The national movement tapped our underlying unity and gave political shape to our ancient genius for blending and synthesizing, despite diversity. The partition of India in 1947 has essentially to be viewed as a one- time departure from this process : the debris of a departing empire. But we have witnessed these tendencies and others continue to threaten the unity and integrity of the nation and stability of its political edifice.

Whenever external challenges have threatened us, such as in 1962, 1965 and 1971, Indian unity has blazoned. But without such a stimuli we should be able to stand and pull our weight together in the war we are waging against poverty. The time now calls for the adoption of shared goals, broad political convictions and attitudes that address themselves to the task of raising the socio- economic levels of our people. In this task, the distinguished Christian community which can trace its origins from the times of St. Thomas and De Nobili, through the work of Blessed Souls such as Father Chavara right upto present times will doubtless play an important role.

I conclude with an expression of tnanks to the organisers for the opportunity afforded to me to participate in this pleasant function. May the faithful of all faiths derive inspiration from the Stamp that is released today of the Blessed Soul Father Chavara.

VI

# Bl. Chavara A Man of Deep Vision

**His Excellency P. Ramachandran**

*Governor of Kerala*

I consider it a privilege to associate myself with the national commemoration of the late Fr. Kuriakose Elias Chavara. It is a happy thought that the first public function of Dr. Venkataraman in Kerala after assuming the august office of the President of India should be the present one where a unique honour is being conferred on a saint among men who was blessed and is a blessing. We thank our beloved Rashtrapathi and extend to him a welcome to Kerala.

Fr. Chavara is the pride not only of Kerala, but of entire mankind. It is rare indeed where so many sterling virtues have blended so perfectly in one individual. Fr. Chavara was born a mortal, but the good he did over a span of six and a half decades cast him in the mould of immortal of humanity. Yesterday, today and forever to the last syllable of recorded time this God-realised soul will remain among mankind's most cherished possessions.

Fr. Chavara's life is an inspiring and edifying saga. From the day he was ordained as a priest of the Catholic church, the father dedicated himself wholly to God and worked piously for the social, cultural and educational uplift of his fellow beings. Unlike lesser mortals he did not seek pomp and fame or worldly riches or acclaim.

Fr. Chavara was a man of deep vision who thought and acted far ahead of his times. He had a sure grasp of spiritual varities as well as social realities. There is the wooden printing press preserved at Mannanam as eloquent witness to the Father's pioneering efforts to educate the people through the printed word. His awakened social conscience

would stop nothing short of communicating enlightenment and comprehension to others. This is the true stamp of those who belong to the blessed community.

The house of charity was started at Kainakary by Fr. Chavara in 1869 as an institution to receive sick, poor and destitute people. It was the first of its kind in India. The Carmelites of Mary Immaculate and the sisters of the Congregation of the Mother of Carmel are two other organisations inspired by the Father. The members of these two organisations are doing their founder proud by the dedicated social and educational work they are carrying out in various parts of the country.

There are today several colleges and schools, technical institutes, homes for the aged, the blind, the deaf and the physically handicapped, and hospitals and clinics which owe their origin to the Father's vision and zeal for educational and social uplift of the community. If the test of true faith is the extent to which it transforms the individual and the social order, we must say that Fr. Chavara and generations of the dedicated band of missionaries he animated have stood this test with eminent success.

Religion as Fr. Chavara exemplifies it, is the fulfilment of life. Those who are devoid of religion, those who have missed the comforts and consolation of religion are incomplete human beings. The aim of a truly religious being is to serve God by serving mankind. He aims at completeness by enlarging the object of sympathy and compassion. This is the eternal truth which has been affirmed by all our seers and saints through the ages. Fr. Chavara also reaffirmed this verity by his selfless service to the lowly and the lost.

The Catholic Church has honoured Fr. Chavara by enlisting him among the part of the holy men of the Church. It is a fitting gesture on the part of the Postal Department to honour the Father by issuing a commemorative stamp. I would like to utilise this opportunity to congratulate the postal authorities. The presence of the Rashtrapathi here to release the stamp is yet another token of recognition of the saintliness and greatness of this son of Kerala. May I also pay my own tributes to this great servant of the Lord who endeavoured throughout his life to fulfil the real mission of the Church.

# ലേഖന കർത്താക്കളെ പരിചയപ്പെടുക



## ഡോ. ജെ. ബി. ചെത്തിമററം

ഇന്ത്യയിലെ അറിയപ്പെടുന്ന ദൈവശാസ്ത്രജ്ഞന്മാരിലൊരാൾ. റോമിലെ ഗ്രിഗോറിയൻ സർവ്വകലാശാല, അമേരിക്കയിലെ ഫോർഡാം സർവ്വകലാശാല എന്നിവിടങ്ങളിൽനിന്നു് ഡോക്ടർ ബിരുദങ്ങൾ നേടിയിട്ടുണ്ടു്. തത്വശാസ്ത്ര – ദൈവശാസ്ത്ര സംബന്ധിയായ ഒട്ടേറെ ലേഖനങ്ങളും ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ടു്. Consciousness and Reality, Patterns of Thought, Dialogue in Indian Tradition, Unique and Universal, Images of Man, Philosophy in Song Poems, Glimpses of Reality, ദൈവാസ്തിത്വവും ആധുനിക ശാസ്ത്രവും തുടങ്ങിയവയാണു് പ്രധാനപ്പെട്ട രചനകൾ.

ബാംഗ്ളൂർ ധർമ്മാരാം കോളേജ് പ്രൊഫസർ, റെക്ടർ, തിരുവനന്തപുരം സി.എം.ഐ സെൻറ് ജോസഫ് പ്രവിശ്യയുടെ പ്രൊവിൻഷ്യൽ തുടങ്ങിയ രംഗങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ടു്. ഇപ്പോൾ ധർമ്മാരാം വിദ്യാക്ഷേത്രത്തിലെ Professor Emeritus, ഫോർഡാം സർവ്വകലാശാല (U. S. A.) യിലെ തത്വശാസ്ത്രാദ്ധ്യാപകൻ എന്നീ നിലകളിൽ ജോലി ചെയ്യുന്നു.



**ഡോ. ജോസഫ് കാഞ്ഞിരമററം**

റോമിലെ ലാററൻ സർവ്വകലാശാലയിൽ ബിരുദാനന്തര പഠനം പൂർത്തിയാക്കി ഡോക്ടറേററ് ബിരുദം സമ്പാദിച്ചു. വാഴ്ത്തപ്പെട്ട ചാവറയച്ചൻെറ അജപാലന ദർശനത്തെക്കുറിച്ചാണ് ഗവേഷണ പഠനം നടത്തിയത്. The Pastoral Vision of Kuriakose Elias Chavara എന്ന പേരിൽ പ്രസ്തുത പഠനം ധർമ്മാരാം പബ്ളിക്കേഷൻസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ധ്യാപകൻ, ആദ്ധ്യാത്മിക നിയന്താവ് തുടങ്ങിയ തലങ്ങളിൽ ജോലിചെയ്തിട്ടുണ്ട്. ഇപ്പോഠ ബാംഗ്ളൂർ ധർമ്മാരാം വിദ്യാക്ഷേത്രത്തിൽ പ്രൊഫസറാണ്.



**ഫാ. ജോസ് ഫ്രാങ്ക്**

ബാംഗ്ളൂർ ധർമ്മാരാം കോളേജിൽ വൈദിക പഠനം പൂർത്തിയാക്കി. റോമിലെ അഞ്ചേലിക്കം (Angelicum) സർവ്വകലാശാലയിൽ നിന്ന് സ്ത്രീരിച്ചാൽ തിയോളജിയിൽ ഉന്നത ബിരുദം നേടി. ആശ്രമ ശ്രേഷ്ഠൻ (തലോർ) വൈദിക വിദ്യാർത്ഥികളുടെ മാസ്റ്റർ (ധർമ്മാരാം) സെൻറ് തോമസ് ഇടവക വികാരി (ബാംഗ്ളൂർ) K.E.S.S ഡയറക്ടർ & സെക്രട്ടറി (മണ്ണുത്തി) തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ പശ്ചിമ ജർമ്മനിയിൽ കൊളോൺ രൂപതയിൽ മലയാളി കത്തോലിക്കരുടെ ചാപ്ളയിൻ ആയി സേവനമനുഷ്ഠിക്കുന്നു.



## സെബാസ്റ്റ്യൻ മുല്ലപറമ്പിൽ

ബാഗ്ളൂർ ധർമ്മാരാം വിദ്യാക്ഷേത്രത്തിൽ തത്വശാസ്ത്ര പഠനം പൂർത്തിയാക്കി. B. Ph ബിരുദം സമ്പാദിച്ചു. തത്വശാസ്ത്ര പഠനകാലത്തെഴുതിയതാണ് 'ചാവറയച്ചന്റെ ദൈവാനുഭവം' എന്ന ലേഖനം. സി.എം.ഐ. സഭാംഗമായ ഇദ്ദേഹം ഇപ്പോൾ കോഴിക്കോട് ദേവഗിരി. കോളേജിൽ ബി.എ. മൂന്നാം വർഷ വിദ്യാർത്ഥിയാണ്. ഇക്കണോമിക്സ് ഐച്ഛികമായി പഠിക്കുന്നു.



**ഡോ. വിനീത് വടക്കേത്തല**

റോമിലെ ഗ്രിഗോറിയൻ സർവ്വകലാശാലയിൽനിന്നു് തത്വശാസ്ത്രത്തിലും പ്രസിദ്ധമായ ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ നിന്നു് മതതാരതമ്യപഠനത്തിലും ഡോക്ടർ ബിരുദം നേടിയിട്ടുണ്ടു്. പല പുസ്തകങ്ങളും ധാരാളം ലേഖനങ്ങളും രചിച്ചിട്ടുണ്ടു്. Discovery of Being, Call to Integration, An Introduction to Metaphysics, Justice and Reconciliation : A living but sad story of a Church in Fetters, മൗന നിസ്വനം തുടങ്ങിയവ അതിൽപ്പെടും. Journal of Dharma(Bangalore)യുടെ ചീഫ്എഡിററായിരുന്നു വിനീതച്ചൻ. ധർമ്മാരാം പൊന്തിഫിക്കൽ ഇൻസ്റ്റിററ്യൂട്ടു്, ദർശന (വർദ്ധാ), അഷ്ടാ (മദ്ധ്യപ്രദേശ്) തുടങ്ങിയ സ്ഥാപനങ്ങളിൽ അദ്ദേഹം അദ്ധ്യാപകനായിരുന്നു. ഇപ്പോൾ ധർമ്മാരാം വിദ്യാക്ഷേത്രത്തിന്റെ പ്രസിഡണ്ടുപദവിയലങ്കരിക്കുന്നു.



## സി. എലിസബത്ത്‌ വില്യം C.M.C.

സി. എം. സി. സഭയുടെ അമല (കാഞ്ഞിരപ്പിള്ളി) പ്രവിശ്യാംഗമാണ്. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ നിന്ന് രസതന്ത്രത്തിൽ ബിരുദമെടുത്തു. മൈസൂർ സർവ്വകലാശാലയിൽ നിന്ന് ബിരുദാനന്തരബിരുദം നേടി. മദ്രാസ്സിലെ ലെയോളാ കോളേജിൽ നിന്ന് M. Phil ബിരുദവും കരസ്ഥമാക്കി. ഒറീസ്സയിലെ ബാലസ്സോർ മിഷനിലും, ഭോപ്പാലിലും അദ്ധ്യാപികയായിരുന്നു. വിവിധ പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങൾ എഴുതുന്നു. ഇപ്പോൾ തേവര സേക്രട്ട് ഹാർട്ട് കോളേജിൽ രസതന്ത്ര വിഭാഗത്തിൽ ലക്ചററായി സേവനമനുഷ്ഠിക്കുന്നു.



## സി. ബനിക്കാസിയ C.M.C.

അമേരിക്കൻ ഐക്യനാടുകളിലെ ബാൾട്ടിമോർ കോളേജിൽ നിന്നു് ഗണിതശാസ്ത്രം ഐച്ഛികമായി ബിരുദം നേടി. തുടർന്നു് വാഷിംഗ്ടണിലെ ജോർജ്ജ് ററൗൺ യൂണിവേഴ്സിററിയിൽ നിന്നു് ബിരുദാനന്തര ബിരുദം സമ്പാദിച്ചു. ചങ്ങനാശ്ശേരി അസ്സംപ്ഷൻ കോളേജ് പ്രൊഫസ്സർ, ഹോസ്റ്റൽ വാർഡൻ, AICUF ഡയറക്ടർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ടു്. സി. എം. സി. ഹോളിക്വീൻസ് പ്രവിശ്യയുടെ (ചങ്ങനാശ്ശേരി) അസിസ്റ്റൻറ് പ്രൊവിൻഷ്യലായിരുന്നു, രണ്ടുതവണ. 1986 മുതൽ സി. എം. സി. സഭയുടെ ജനറൽ കൗൺസിലറാണു്. മിഷൻ, സമ്പർക്കമാധ്യമങ്ങൾ എന്നീ വകുപ്പുകളുടെ ചുമതല വഹിക്കുന്ന സിസ്റ്റർ സഭയുടെ നാളാഗമങ്ങൾ, ലെയോപ്പോൾഡ് മിഷനറിയുടെ കത്തുകൾ തുടങ്ങിയവ പ്രസിദ്ധീകരിക്കുന്ന ശ്രമത്തിലാണു്.



**ഡോ. തോമസ് കാടൻകാവിൽ**

തത്വശാസ്ത്രത്തിൽ രണ്ടു ഡോക്ടർ ബിരുദങ്ങൾ നേടിയിട്ടുണ്ട്. ഒന്ന് റോമിലെ ഗ്രിഗോറിയൻ സർവ്വകലാശാലയിൽ നിന്ന്. രണ്ട്, ന്യൂയോർക്ക് ഫോർഡാം സർവ്വകലാശാലയിൽ നിന്ന്. ധാരാളം ലേഖനങ്ങളുടെയും ഏതാനും ഗ്രന്ഥങ്ങളുടെയും കർത്താവാണ്. The Philosophy of the Absolute, The Quest for the Real, ശിഷ്യത്വം ക്രിസ്തുവിൻെറ പണിപ്പുരയിൽ തുടങ്ങിയവയാണ് പ്രധാന ഗ്രന്ഥങ്ങൾ. ധർമ്മാരാം പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് തത്വശാസ്ത്രവിഭാഗം മേധാവിയായും, വദ്ധായിലെ ദർശനയിൽ അദ്ധ്യാപകനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1985 മുതൽ 1988 വരെ ധർമ്മാരാം വിദ്യാക്ഷേത്രത്തിൻെറ പ്രസിഡണ്ടായിരുന്നു. ഇപ്പോൾ അവിടെ തത്വശാസ്ത്രവിഭാഗം ഡീനും, Journal of Dharma യുടെ ചീഫ് എഡിറററുമാണ്.